5 ദൈവശാസ്ത്രദർശനം

# തീക്ഷ്ണതയുള്ള ദൈവം

230

(ആവർത്തനപ്പുസ്തകം)

ഡോ. എം. എം. തോമസ്

# തീക്ഷ്ണതയുള്ള ദൈവം

(ആവര്‍ത്തനപ്പുസ്തകം ആധാരമാക്കി ഒരു ദൈവശാസ്ത്ര വിചിന്തനം)

8566

ഡോ. എം. എം. തോമസ്

PC Library & Research Center

ക്രൈസ്തവ സാഹിത്യസമിതി
തിരുവല്ലം

**The Christian Literature Society**

Post Box 501, Park Town, Madras-3

Branch: Thiruvalla

THEEKSHNATHAULLA DAIVAM (ZEALOUS GOD)

MALAYALAM: Theological Exposition.

By

Dr. M. M. THOMAS

230

Copy right: Author

First Impression: May 1979

Copies: 1000

Printed in India at

Black Bear Graphic Industries, Mallapp ally, Kerala.

Price Rs. 5-00

*To*

*THE MEMORY OF*

**KOCHUSAR**

# പ്രസ്താവന

ദൈവശാസ്ത്രദർശനഗ്രന്ഥാവലിയിൽ എൻെറ അഞ്ചാമത്തെ പുസ്തകമാണിതു്. മോശെയുടെ ന്യായപ്രമാണത്തിൻെറ ഒരു പ്രധാന രൂപം ഉൾക്കൊള്ളുന്ന ആവത്തനപ്പുസ്തകം ആധാരമാക്കിയുള്ള എൻെറ ദൈവശാസ്ത്ര വിചാരങ്ങളാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്. ദൈവവിശ്വാസവും മനുഷ്യസാഹോദര്യവും തമ്മിലുള്ള അവിഭാജ്യബന്ധവും ലോകചരിത്രത്തിൻെറ ധാർമ്മിക വ്യാഖ്യാനവും ശക്തിയുക്തം പ്രഖ്യാപിക്കുന്ന പഴയനിയമ ഗ്രന്ഥമാണു് ആവർത്തനപ്പുസ്തകം. അതിലെ ആശയങ്ങൾ സ്വാംശീകരിച്ചുകൊണ്ടും പുനർനിർവ്വചിച്ചുകൊണ്ടുമാണു് യേശുക്രിസ്തുവിൻെറ പുതിയനിയമം നിലകൊള്ളുന്നതു്. അതുകൊണ്ടു് ക്രൈസ്തവസഭയുടെ ആത്മീയ സാമൂഹ്യ ധർമ്മങ്ങൾ ഗ്രഹിക്കുന്നതിനു ഈ ഗ്രന്ഥം സഹായകരമായിരിക്കുമെന്നാശിക്കുന്നു. മതേതര രാഷ്ട്രതത്വം അംഗീകരിക്കയും വിവിധ മതങ്ങളും പ്രത്യയശാസ്ത്രങ്ങളും സഹവർത്തിക്കയും ചെയ്യുന്ന ആധുനിക ഭാരതജനാധിപത്യത്തിൽ ആവത്തനനിയമങ്ങളുടെ സാംഗത്യം വ്യക്തമാക്കാൻ ഞാൻ ഉദ്യമിച്ചിട്ടുണ്ടു്.

ഞാൻ പെരുമ്പാവൂർ ആശ്രമം സ്കൂളിൽ ജോലിനോക്കിയ കാലത്തു് (1935–7) അവിടെ ആശ്രമം പ്രൈമറിസ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കൊച്ചുസാർ (പി. വറുഗീസ്) എൻെറ ആത്മസുഹൃത്തായിരുന്നു. 1938–ൽ കൊച്ചുസാറിൻെറ അകാലമരണം എന്നെ അതി

ദുഃഖിതനാക്കി. അദ്ദേഹത്തിൻെറ പാവനസ്മരണയ്ക്കു് ഈ പ്രസിദ്ധീകരണം ഞാൻ സമർപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിൻെറ കൈയെഴുത്തുപ്രതി വായിച്ചു ഭാഷതിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത റവ. ജോൺസാറിനോടും C. L. S. ലെ ടി. എം. ഫിലിപ്പച്ചനോടും എൻെറ കൃതജ്ഞത രേഖപ്പെടുത്തുന്നു.

തിരുവല്ലാ
16_2_1979.

എം. എം. തോമസ്

# ഉള്ളടക്കം

പ്രസ്താവന പേജ്

ഒന്നാം ഭാഗം: ആമുഖോപന്യാസങ്ങൾ

1. രചനചരിത്ര പശ്ചാത്തലം
2. മനുഷ്യത്വത്തോട്ട നീതി
3. മതതീക്ഷ്ണതയും മതസഹിഷ്ണുതയും
4. ചരിത്രത്തിൻെറ ധാർമ്മിക വ്യാഖ്യാനം

രണ്ടാം ഭാഗം: വേദവാക്യചർച്ചകൾ

1. യിസ്രായേൽ—ദൈവം തെരഞ്ഞെടുത്ത ജനം
2. ഒന്നാമത്തെ മഹത്തായ കല്പന
3. ന്യായപ്രമാണ ചട്ടങ്ങളും വിധികളും
   i. മതാചാരനിയമങ്ങൾ
   ii. ഭരണാധിപരുടെ ധർമ്മം
   iii. ക്രിമിനൽ കുററനിയമങ്ങൾ
   iv. യുദ്ധനിയമങ്ങൾ
   v. സാമൂഹ്യനിയമങ്ങൾ
   vi. സ്തോത്ര ശുശ്രൂഷകൾ
4. ഉടമ്പടി പൂർത്തീകരിക്കുന്നു
5. ദൈവകൃപയും മനുഷ്യരുടെ തെരഞ്ഞെടുപ്പും
6. സമാപനം

# ഒന്നാം ഭാഗം

# 1. രചന ചരിത്രപശ്ചാത്തലം

'മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ' എന്നറിയപ്പെടുന്ന വേദഗ്രന്ഥസഞ്ചയത്തിൽ അവസാനത്തേതാണ് ആവർത്തനപ്പുസ്തകം. യെഹൂദമതാനുസാരികൾ പ്രസ്തുത ഗ്രന്ഥത്തിനു 'വചനങ്ങൾ' (ആവ. 1.1) എന്നത്രെ നാമകരണം ചെയ്തിരിക്കുന്നതു്. ദൈവവെളിപ്പാടു് പ്രഖ്യാപിക്കുന്ന മോശെയുടെ വചനങ്ങൾ എന്നർത്ഥം. ആ പുസ്തകത്തിന്റെ ഗ്രേക്കു് തർജ്ജമയിൽ 'ഈ ന്യായപ്രമാണത്തിന്റെ ഒരു പകർപ്പു്' (ആവ. 17.18) എന്നഭാഗം 'ഡ്യൂട്ടേറോണമി' അഥവാ 'രണ്ടാം ന്യായപ്രമാണം' എന്നു തെററായി പരിഭാഷപ്പെടുത്തിയതിൽക്കൂടിയാണു് മലയാളത്തിൽ 'ആവർത്തനപ്പുസ്തകം' എന്നു അതിനു് പേർ വരുവാൻ കാരണം. മോശെയിൽക്കൂടി ദൈവം സീനായ് (ഹോറേബ്) പർവ്വതത്തിൽവച്ചു് യിസ്രായേലിനു നൽകിയ ദിവ്യവെളിപ്പാടു് (പുറ. 19.24) ഓരോ തലമുറയും ആനുകാലിക ജീവിതത്തോടു ബന്ധിച്ചു് ആവർത്തിക്കയും അംഗീകരിക്കുകയും ചെയ്യണമെന്ന ഉപദേശം ഈ ഗ്രന്ഥത്തിന്റെ കാതലായതുകൊണ്ടു് ആവർത്തനപ്പുസ്തകം എന്ന പേരു് അന്വർത്ഥമാണു്.

യിസ്രായേൽ ജനത യോർദ്ദാൻ കടന്നു വാഗ്ദത്തനാടായ കനാൻദേശത്തു പ്രവേശിക്കുന്നതിനു മുമ്പു് മോവാബിൽവച്ചു മോശെ പറഞ്ഞ അവസാന 'വാക്കുക'ളായിട്ടാണു് പുസ്തകം അവതരിപ്പിച്ചിരിക്കുന്നതു്. മോശെയുടെ മൂന്നു പ്രഭാഷണങ്ങളാണു് ഇതിലെ പ്രധാന ഉള്ളടക്കം. മോശെയെക്കുറിച്ചു യിസ്രായേലിൽ നിലവിലിരുന്ന പാരമ്പര്യമാണു് അടിസ്ഥാനം. ദൈവനീതിയും അതിനു യിസ്രായേൽജനത നൽകേണ്ട പ്രത്യുത്തരവുമാണു് പ്രതിപാദ്യം. അനുബന്ധങ്ങളായി 'മോശെയുടെ' രണ്ടു ഗീതങ്ങളും മരണവൃത്താന്തവും ചേർത്തിട്ടുണ്ടു്.

കനാൻദേശത്തു പ്രവേശിച്ച യിസ്രായേൽ വംശജരുടെ ചരിത്രത്തിലെ പ്രധാന ഘട്ടങ്ങളിൽ മോശെയിസം (മോശെമതം) ആധാരമായി മതനവീകരണങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് ഈ ഗ്രന്ഥത്തിൻെറ പശ്ചാത്തലമെന്നത്രെ പണ്ഡിതാഭിപ്രായം.

യിസ്രായേൽ മക്കൾ ബി. സി. എട്ടാം ശതകത്തിൽ വടക്ക് യിസ്രായേൽ, തെക്ക് യെഹൂദ്യ എന്ന രണ്ടു രാഷ്ട്രങ്ങളായി കാനാൻ ദേശത്തു ജീവിച്ചു. ബി. സി. 721 ൽ അശ്ശൂർ ശമര്യപിടിച്ച്, 'യിസ്രായേൽ' രാജ്യം കീഴടക്കി അശ്ശൂർ സാമ്രാജ്യത്തോടു ചേർത്തു. 'യെഹൂദാ' കുറെനാൾ കൂടെ പിടിച്ചുനിന്നു. ഹിസ്കീയാവ്, മനശ്ശെ, ആമോൻ, യോശീയാവ് എന്നിവരായിരുന്നു ഏഴാം ശതകത്തിൽ 'യെഹൂദ്യ' ഭരിച്ച രാജാക്കന്മാർ (2 രാജാ. 18.23). ഹിസ്കീയാവ് യിസ്രായേൽ ജനതയുടെ വിഗ്രഹാരാധനയ്ക്കെതിരായി ഒരു നവീകരണം നടപ്പാക്കിയ രേഖയുണ്ട്. 'അവൻ പൂജാഗിരികളെ നീക്കി, വിഗ്രഹ സ്തംഭങ്ങളെ തകർത്തു്, അശേരാ പ്രതിഷ്ഠയെ വെട്ടിമുറിച്ചു, മോശെ ഉണ്ടാക്കിയ താമ്രസർപ്പത്തെയും ഉടച്ചു കളഞ്ഞു' (2 രാജാ. 18.8_4). ഹിസ്കീയാവിനു പിന്നാലെ രാജാവായ മനശ്ശെ ജനത്തെ ബാൽ പ്രതിഷ്ഠകളിലേക്കു തിരിച്ചുവിട്ടു. (2 രാജാ. 21;3, 20_21). അനന്തരം യോശീയാവിൻെറ വാഴ്ചക്കാലത്ത് പൂർവ്വാധികം ശക്തമായ ഒരു നവീകരണ പ്രസ്ഥാനം ഉടലെടുത്തു. അതിനാധാരം 621 ൽ ദേവാലയത്തിൽ അററകുററപ്പണിക്കാക്ക് കണ്ടുകിട്ടിയ ഒരു 'ന്യായപ്രമാണപ്പുസ്തക'മായിരുന്നു. അതു മഹാപുരോഹിതനായ ഹില്ക്കീയാവ് രാജാവിൻെറ പക്കൽ എത്തിച്ചു. 'ഹില്ക്കീയപുരോഹിതൻ എൻെറ കയ്യിൽ ഒരു പുസ്തകം തന്നു എന്ന് രായസക്കാരനായ ശാഫാൻ രാജാവിനോടു ബോധിപ്പിച്ചു. ശാഫാൻ അതു രാജസന്നിധിയിൽ വായിച്ചുകേൾപ്പിച്ചു (22.10). രാജാവ് സകല ജനത്തെയും ദേവാലയത്തിൽ ഒരുമിച്ചുകൂട്ടി, 'യഹോവയുടെ ആലയത്തിൽവച്ചു കണ്ടു കിട്ടിയ നിയമ പുസ്തകത്തിലെ വാക്യങ്ങളെയെല്ലാം

അവർ കോംക്കെ വായിച്ചു' (23.2). അതനുസരിച്ചു ജീവിക്കുമെന്നു രാജാവു് 'യഹോവയുടെ മുമ്പാകെ ഒരു നിയമം ചെയ്തു, ജനമൊക്കെയും ഈ നിയമത്തിൽ യോജിച്ചു'(23.3). യോശിയാവിൻെറ കാലത്തു് ഉടലെടുത്ത ഈ നവീകരണ പ്രസ്ഥാനത്തിനു ഹേതുവായി ഭവിച്ചതും ദേവാലയത്തിൽ കണ്ടുകിട്ടിയതുമായ ഗ്രന്ഥം നമ്മുടെ ആവൎത്തനപ്പുസ്തകത്തിലെ ചില അദ്ധ്യായങ്ങാം ആയിരിക്കാമെന്നത്രെ അനുമാനം.

അതു ആരു രചിച്ചു, എങ്ങനെ അതു ദേവാലയത്തിൽ വന്നുചേൎന്നു, അതു യാദൃശ്ചികമായി കണ്ടുപിടിക്കത്തക്കവണ്ണം ആരെങ്കിലും കരുതിക്കൂട്ടി പ്രവൎത്തിച്ചോ എന്നും മററുമുള്ള ചോദ്യങ്ങാംക്കു വ്യത്യസ്ത മറുപടികളാണു് പണ്ഡിതലോകം നൽകുന്നതു്.

ഗ്രന്ഥത്തിൻെറ കാതലായ ഭാഗങ്ങാം ഉത്തരപ്രദേശമായ 'യിസ്രായേൽ' രാജ്യത്തു രചിക്കപ്പെട്ടുവെന്നും, ശമര്യ അശ്ശൂർ പിടിക്കുകയും ഉത്തരരാജ്യം നിപതിക്കുകയും ചെയ്തപ്പോാം അവിടെനിന്നു ചിലർ 'യെഹൂദ്യ' യിലേക്കു കൊണ്ടുപോന്നു എന്നും ഒരു പക്ഷം. 'യിസ്രായേൽ' രാജ്യത്തിൻെറ വീഴ്ച ദൈവശാസ്ത്രപരമായി വ്യാഖ്യാനിച്ച ഒരു കൂട്ടർ 'യെഹൂദ്യ'യിൽ തന്നെ ആവിർഭവിച്ചു. അവർ ഹിസ്കീയാവിൻെറ നവീകരണത്തിനു മുഖാന്തരമായി ഭവിച്ചു. മനശ്ശെയും ആമോനും പ്രസ്തുത നവീകരണം ഇല്ലാതാക്കിയപ്പോാം അക്കൂട്ടർ ഒളിവിൽ പോയി ഒരു പുതിയ നവീകരണ പ്രസ്ഥാനത്തിനു കരുക്കാം ശേഖരിച്ചു. അവരുടെ ഇടയിലാണു് പിൽക്കാലത്തു ദേവാലയത്തിൽ കണ്ടുപിടിക്കപ്പെട്ട ന്യായപ്രമാണപ്പുസ്തകം ഉളവായതു്—എന്നിങ്ങനെ വേറൊരു പക്ഷം. ഏതായാലും ദേവാലയത്തിൽനിന്നു ലഭ്യമായ ഗ്രന്ഥത്തിനു അവസാന രൂപം കൊടുത്തതു് 'യെഹൂദ'യിൽ മനശ്ശെയുടെ കാലത്തായിരിക്കാമെന്നു ഇരുപക്ഷങ്ങളും ഊഹിക്കുന്നു.

ആവൎത്തനപ്പുസ്തകത്തിനു മതപാഠപുസ്തകത്തിൻെറ സ്വഭാവമുണ്ടു്. പല ഭാഗങ്ങളിൽ ആരാധനാമദ്ധ്യേ നല്കുന്ന വചനശുശ്രൂഷയുടെ രൂപവും കാണാം. അതുകൊണ്ടു് യിസ്രായേൽ ജനതയുടെ ആത്മീയ പരിപോഷണത്തിൽ ഏൎപ്പെട്ടിരുന്ന പുരോഹിതന്മാർ, പ്രവാചകന്മാർ, ധൎമ്മശാസ്ത്രജ്ഞർ എന്നീ മൂന്നു കൂട്ടരിലാരെങ്കിലുമായിരിക്കും ഗ്രന്ഥകൎത്താക്കൾ. പ്രവാചകന്മാരുടെ നീതിബോധത്തിൻെറ സ്വാധീനം ധാരാളം ഗ്രന്ഥത്തിലുണ്ടു്, എന്നാൽ പ്രവാചകന്മാരെയും പ്രവചനങ്ങളെയും സസൂക്ഷ്മം വിവേചിക്കണമെന്ന നിൎദ്ദേശവും കാണാം. ലേവ്യർ പുരോഹിതന്മാരും മതാദ്ധ്യാപകരുമായിരുന്നതിനാൽ അവരാണു് രചയിതാക്കൾ എന്ന അഭിപ്രായം ശക്തമാണു്; എന്നാൽ പ്രാദേശിക ആരാധനാകേന്ദ്രങ്ങൾ ഇല്ലാതെയാക്കി ആരാധന ദേവാലയത്തിൽ കേന്ദ്രീകരിക്കുന്ന നവീകരണംമൂലം ലേവ്യൎക്കാണു് ദോഷം സംഭവിച്ചതു്; അതുകൊണ്ടു് അവർ പ്രസ്തുത നവീകരണത്തിനു അടിസ്ഥാനമിടുമോ എന്നു സംശയം. ആവൎത്തനപ്പുസ്തകത്തിലെ രാഷ്ട്രീയ ഉടമ്പടി രൂപം, ഇയ്യോബു്, സദൃശവാക്യങ്ങൾ തുടങ്ങിയ ഗ്രന്ഥങ്ങളിലെ ചിന്താഗതിക്കു തുല്യമായ മാനവീകത എന്നിവ രാജ്യസ്ഥാനം കേന്ദ്രമാക്കി ജീവിച്ച രാഷ്ട്രതന്ത്രജ്ഞരുടെയും ധൎമ്മശാസ്ത്രജ്ഞരുടെയും കൈ രചനയിലുണ്ടായിരുന്നു എന്ന അനുമാനം ബലപ്പെടുത്തുന്നു; എന്നാൽ അവൎക്കു ദൈവശാസ്ത്രത്തിൽ ഇത്രമാത്രം നൈപുണ്യം ഉണ്ടായിരിക്കുമോ എന്നാണു് സംശയം.

ഗ്രന്ഥരചന നടത്തിയതു് ആരായിരുന്നാലും B.C. 7-ാം നൂററാണ്ടിൽ ഹിസ്ക്കിയാവിൻെറയും യോശിയാവിൻെറയും വാഴ്ചകളുടെ ഇടയ്ക്കാണു് ഗ്രന്ഥത്തിൻെറ ആദിനക്കൽ രൂപപ്പെട്ടതു്. അതിലേക്കു രചിതാക്കൾ ആശ്രയിച്ചതു് യിസ്രായേലിൻെറ പ്രയാണചരിത്രം, സീനായിൽ ദൈവവും യിസ്രായേലും തമ്മിൽ ഉണ്ടായ ഉടമ്പടി എന്നിവയുടെ യാഹ്വിസ്റ്റ് ഏലോഹിസ്റ്റ്

(JE) എന്ന സങ്കലിത രേഖകളെയാണ് (പുറ. 18–24, 32–34). ലേവ്യ–സംഖ്യാ പുസ്തകങ്ങളിൽ പൗരോഹിത്യ (P) രേഖ വിവരിക്കുന്ന പല ചരിത്രസംഭവങ്ങളും ആവർത്തന രചനകർത്താവു സംക്ഷിപ്തമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും അതു പൗരോഹിത്യരേഖയെ ആശ്രയിച്ചാണെന്നു പറഞ്ഞുകൂടാ.

യോശീയാവിൻെറ കാലത്തു ദേവാലയത്തിൽ അററകുററപ്പണിക്കാർ കണ്ടെടുത്ത നിയമപ്പുസ്തകം ഇന്നത്തെ നമ്മുടെ ആവർത്തനപ്പുസ്തകമല്ല, അതിൻെറ ചില ഭാഗങ്ങളാണെന്നു മുമ്പു പ്രസ്താവിച്ചല്ലോ. അതിൽ 12–24, 28 എന്നീ അദ്ധ്യായങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും ഉണ്ടായിരുന്നിരിക്കണം. അതിൻെറ മുഖവുരയാണ 4.44 മുതൽ 11.32 വരെ. പിൽക്കാലത്തു ചേർക്കപ്പെട്ട ഭേദഗതികളുണ്ടെങ്കിലും 4.44–30.20 ആവർത്തനപ്പുസ്തകത്തിൻെറ ആദ്യപതിപ്പായി പരിഗണിക്കാം.

1.1–4.43 വേറൊരു മുഖവുരയാണ്. അതു് ആവർത്തനം, യോശുവാ, ന്യായാധിപന്മാർ, 1,2 ശമുവേൽ, 1,2 രാജാക്കന്മാർ എന്നീ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന യിസ്രായേൽ ചരിത്രത്തിൻെറ ആമുഖമാണെന്ന അഭിപ്രായത്തിനു് പണ്ഡിതരുടെ ഇടയിൽ പൊതുസമ്മതം ലഭിച്ചിരിക്കുന്നു. പ്രസ്തുത ചരിത്രത്തിൻെറ രചന ആവർത്തനപ്പുസ്തകത്തിൻെറ മാനദണ്ഡം വച്ചുകൊണ്ടാണ് നടത്തിയിരിക്കുന്നതു്. ആവർത്തനപ്പുസ്തകത്തിൻെറ ശൈലിയുമാണ് ചരിത്രകാരൻ ഉപയോഗിക്കുന്നതു്. 598 ൽ ബാബേൽ രാജാവായ നെബുക്കദ്നേസർ യെരുശലേം നശിപ്പിച്ച 'യെഹൂദ' ജനത്തെ പ്രവാസത്തിലേക്കു കൊണ്ടുപോകയും 561 ൽ പുതിയ ഒരു ബാബേൽ രാജാവു് 'യഹൂദ്യ' രാജാവായ യെഹോയാഖീമിനെ കാരാഗൃഹത്തിൽ നിന്നു വിടുവിച്ചു രാജധാനിയിൽ പാർപ്പിക്കയും ചെയ്തതാണ് ഈ ചരിത്രത്തിൻെറ അവസാനഭാഗം (2 രാജാ. 25). അതുകൊണ്ടു് ആവർത്തനപ്പുസ്തകം ഉൾപ്പെടെയുള്ള 'ആവ

ത്തന ചരിത്ര' ത്തിന്ന അവസാന രൂപം ഉണ്ടായതു് ബാബേൽ പ്രവാസകാലത്തു്, 560_നും 540_നും മദ്ധ്യത്തിലായിരിക്കണമെന്നത്രെ അനുമാനം.

പ്രവാസകാലം കഴിഞ്ഞു തിരികെ യെരുശലേമിൽ വന്നശേഷം പുരോഹിതവൃന്ദം JE, D രേഖകരം അവരുടെ രേഖകളോട് (P) കൂട്ടിച്ചേർത്തപ്പോഴായിരിക്കണം ആവർത്തപ്പുസ്തകം D യുടെ ചരിത്രത്തിൻെറ മുഖവുര എന്ന നിലയിൽ നിന്ന അടർത്തിയെടുത്തു് ആദ്യത്തെ പഞ്ചഗ്രന്ഥങ്ങളുടെ അവസാനഗ്രന്ഥമാക്കി സ്ഥാനം മാററിയതു്.

ആവർത്തനപ്പുസ്തകത്തിൻെറ രചനാചരിത്രം ഏതാണ്ടിപ്രകാരം സംഗ്രഹിക്കാം. മോശെയുടെ പാരമ്പര്യങ്ങളാണു് ആവർത്തനപ്പുസ്തകത്തിൻെറ കേന്ദ്രം. അതു് മോശെയുടെ കാലംമുതൽ വാക്കാൽ തലമുറ തലമുറകളായി കൈമാറപ്പെട്ടിരുന്നു. എന്നാൽ 'മോശെയിസ'ത്തിൻെറ വളർച്ചയ്ക്കു കാലാകാലങ്ങളിൽ ആനുകാലിക പ്രശ്നങ്ങളോടു് ബന്ധിച്ചു്, യഹോവാവിശ്വാസം പുനരുദ്ധരിച്ച ദൈവശാസ്ത്രജ്ഞരും, ധർമ്മശാസ്ത്രജ്ഞരും പ്രത്യേകിച്ചു് പ്രവാചകന്മാരും പുരോഹിതരും ജ്ഞാനികളും വമ്പിച്ച സംഭാവനകരം ചെയ്തു. മോശെമതത്തിൻെറ പുനഃസ്ഥാപനത്തിനും, അതനുസരിച്ച നവീകരണപ്രസ്ഥാനങ്ങരംക്കും മുഖാന്തരമായി ഭവിച്ചതിൽ ഏററം പ്രധാന സ്ഥാനമാണു് ആവർത്തനപ്പുസ്തകത്തിനുള്ളതു്. അതിനുതന്നെ വളർച്ചയുടെ ഒരു ചരിത്രമുണ്ടു്. ശമര്യയുടെ അധഃപതനത്തെക്കുറിച്ചുള്ള ദൈവശാസ്ത്ര വ്യാഖ്യാനത്തോടെയാണു് 7_ാം നൂററാണ്ടിൽ അതിൻെറ രചന തുടങ്ങുന്നതു്. 6_ാം നൂററാണ്ടിൽ പ്രവാസകാലത്തു അതിനു ഒരു നിശ്ചിതരൂപമുണ്ടായി. അതു് യിസ്രായേൽ ചരിത്രത്തിൻെറ ആമുഖവും മുഖ്യപ്രമാണവുമായി ഭവിച്ചു. പ്രവാസം കഴിഞ്ഞ യെരുശലേമിലെ പുരോഹിത വൃന്ദത്തിൻെറ പ്രസാധകത്വത്തിൽ ആവർത്തനപ്പുസ്തകം 'മോശെയുടെ ന്യായപ്രമാണം' (ടോറാ) എന്നറിയപ്പെടുന്ന പഞ്ചഗ്രന്ഥ സഞ്ചയത്തിൻെറ ഭാഗമായിത്തീർന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രന്ഥത്തെ താഴെക്കാണും പ്രകാരം വിഭജിക്കാം.

1) മോശെയുടെ ഒന്നാമത്തെ പ്രസംഗം.

1.1—4.43. ആവർത്തനംമുതൽ 2 രാജാക്കന്മാർ വരെയുള്ള യിസ്രായേൽ ചരിത്രത്തിൻെറ മുഖവുര. മരുഭൂമിയിൽ കൂടി യിസ്രായേലിൻെറ പ്രയാണം ചുരുക്കമായി രേഖപ്പെടുത്തിയിരിക്കുന്നു. 1–3 അദ്ധ്യായങ്ങൾ JE സങ്കലിതരേഖയെ ആശ്രയിച്ച് 'ആവർത്തനചരിത്രകാരൻ' രചിച്ചു.

2) മോശെയുടെ രണ്ടാമത്തെ പ്രസംഗം.

4.44—11.32. ആദി ആവർത്തനപ്പുസ്തകത്തിൻെറ മുഖവുര. ആദ്ധ്യാത്മ ഉപദേശങ്ങളുടെ ഒരു സമാഹാരം. ഇതിൽ എകവചനത്തിലുള്ള ഭാഗങ്ങൾ മൂലഗ്രന്ഥമാണെന്നും ബഹുവചനത്തിലുള്ളതു് 'ആവർത്തനചരത്രികാര'ൻെറ ഭേദഗതികളാണെന്നും അനുമാനമുണ്ടു്. പുറ: 32–34 പരിഷ്ക്കരിച്ചതാണു്. 9.7–10.11.

12–26 നീതി നിയമങ്ങൾ, യോശീയാവിൻെറ കാലത്തുണ്ടായ നവീകരണപ്രസ്ഥാനത്തിനു ആധാരമായിരുന്നതു്.

27–28.1. അനുഗ്രഹങ്ങളും ശാപങ്ങളും (പലവക കൂട്ടിച്ചേർത്തതു്)

3) മോശെയുടെ മൂന്നാമത്തെ പ്രസംഗം

29.2–30.20. യിസ്രായേൽ ജനത അഭിമുഖീകരിക്കുന്ന തെരെഞ്ഞെടുപ്പു്. അനുതാപത്തിൽകൂടി പുതിയ ഭാവിയുടെ പ്രത്യാശ.

4) അനുബന്ധങ്ങൾ.

31–34. രണ്ടു ഗീതങ്ങളും മോശെയുടെ മരണവൃത്താന്തവും.

അടിമത്തത്തിൽനിന്നു വിമോചിപ്പിച്ച് ശിക്ഷണം നല്കി മനുഷ്യരാശിയിൽ ദൈവോദ്ദേശ്യം നിർവ്വഹിക്കുന്നതിനുവേണ്ടി യിസ്രായേൽ ജനതയെ തെരഞ്ഞെടുത്തു സ്വന്ത ജനമാക്കുന്ന ദൈവം; ദൈവത്തോടുള്ള ബന്ധത്തിലും സാമൂഹ്യജീവിതത്തിലും, മനുഷ്യേതര സഹജീവികളോടുള്ള സമീപനത്തിലും പ്രകാശിക്കേണ്ട നീതി—ഇവയാണ് ആവർത്തനപ്പുസ്തകത്തിലെ പ്രധാന പ്രതിപാദന വിഷയങ്ങൾ. അവ യിസ്രായേലിന്റെ മതബോധം രൂപീകരിച്ച 'മോശെയുടെ ന്യായപ്രമാണ'ത്തിന്റെ മൗലിക ഘടകങ്ങൾ അത്രെ. മോശെമതം അഥവാ മോശെയിസം എന്നോ മറേറാ ഈ മതബോധത്തിനു നാമകരണം ചെയ്യാം. യിസ്രായേൽ ജനതയുടെ മതബോധത്തെ മാത്രമല്ല അതു സ്വാധീനിച്ചിട്ടുള്ളത്. അവരിൽക്കൂടി ക്രിസ്തുമതം, ഇസ്ലാംമതം എന്നീ മതങ്ങളുടെയും മതസമൂഹങ്ങളുടെയും ദൈവശാസ്ത്രത്തിലും ധർമ്മശാസ്ത്രത്തിലും 'മോശെയുടെ ന്യായപ്രമാണം' മികച്ച സംഭാവനകൾ നല്കി. പ്രസ്തുത മതങ്ങളോടനുബന്ധമായി വളർന്നു വികസിച്ച സംസ്കാരങ്ങളുടെ ധാർമ്മികബോധത്തിന്റെയും നിയമസംഹിതകളുടെയും അടിസ്ഥാനമിട്ടതും അതുതന്നെ. അതുമൂലം മാനവരാശിയുടെ മുഴുവന്റെയും ധാർമ്മികബോധത്തിൽ മോശെമതം സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിശേഷിച്ചും പാശ്ചാത്യ സംസ്കാരചരിത്രത്തിൽക്കൂടി.

യിസ്രായേൽ വംശജരുടെ ന്യായപ്രമാണത്തിന്റെ വിശദനിയമാവലികൾ മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന ആദ്യത്തെ അഞ്ചുഗ്രന്ഥങ്ങളിലെ മൂന്നു രേഖകളിലുണ്ട്. അവ കാലക്രമമനുസരിച്ച പ്രസ്താവിച്ചാൽ 'പുറപ്പാട്' (യാഹവിസ്റ്റ്—ഏലോഹിസ്റ്റ് സങ്കലിത രേഖ—JE), 'ആവർത്തനം' (ആവർത്തനചരിത്രരേഖ—D), 'ലേവ്യ, സംഖ്യാ (പൗരോഹിത്യരേഖ - P') എന്നിവയാണ്. കനാൻ ദേശത്തു അവർ പ്രവേശിക്കുന്നതിനുമുമ്പ് മോശെയിൽക്കൂടി യഹോവാ യിസ്രായേൽ ജനത്തിനു നൽകിയ കല്പനകളായിട്ടാണ് ഇവയെല്ലാം പഞ്ചഗ്ര

ന്ഥങ്ങളിൽ അവതരിപ്പിക്കുന്നതു്. എന്നാൽ കനാൻ ദേശത്തു യിസ്റായേൽ ജനതയുടെ മതസമൂഹ ജീവിതത്തിനു നേതൃത്വം നൽകിയ ന്യായാധിപരും, പ്രവാചകരും, രാജാക്കന്മാരും, രാഷ്ട്രീയനായകരും പുരോഹിതരും എല്ലാം മോശെയോടൊപ്പം ഈ 'ന്യായപ്രമാണ'ത്തിന്റെ രൂപീകരണത്തിൽ പങ്കാളികളാണു്. യെഹൂദ ജാതിയുടെ ചരിത്രത്തിൽ ക്രമേണ വളച്ച്പ്രാപിച്ച നിയമസംഹിതകളാണിവ. അതുകൊണ്ടു് ഈ ഗ്രന്ഥത്തിൽ 'മോശെ' എന്ന നാമത്തിനു യിസ്റായേൽ ജനത്തെ മിസ്റയീമിൽ നിന്നു വിടുവിച്ചു് മരുഭൂമിയിൽ കൂടി നടത്തി യഹോവയുടെ നിയമം ജനത്തിനു നൽകിയ നായകൻ എന്നുമാത്രമല്ല മോശെയുടെ പാരമ്പര്യത്തിൽ കെട്ടിപ്പണിത പുരോഹിതന്മാർ, ധർമ്മശാസ്ത്രജ്ഞർ, ഓരോ കാലത്തു മോശെയുടെ പാരമ്പര്യം മുൻനിർത്തി മതാചാരങ്ങളും സാമൂഹ്യജീവിതവും നവീകരിച്ച പ്രവാചകന്മാർ ദൈവശാസ്ത്രജ്ഞന്മാർ എന്നിങ്ങനെ പല അർത്ഥങ്ങളും കൊടുക്കാവുന്നതാണു്. കേന്ദ്രബിന്ദു മോശെയായതുകൊണ്ടു് 'മോശെയുടെ ന്യായപ്രമാണം' എന്ന പ്രയോഗം അന്വർത്ഥമത്രെ.

പഞ്ചഗ്രന്ഥങ്ങളിലെ നിയമാവലികൾ എല്ലാം ചേർത്തു പരിശോധിച്ചാൽ യിസ്റായേൽ വംശജരുടെ ആത്മീയതയുടെ സ്വഭാവവും അതിൽ ഉരുത്തിരിയുന്ന മതചട്ടങ്ങളുടെയും സാമൂഹ്യനിയമങ്ങളുടെയും രൂപവും ഗ്രഹിക്കാൻ നമുക്കു സാധിക്കും.

# 2. മനുഷ്യത്വത്തോടു നീതി

## 1. ന്യായപ്രമാണ നിയമങ്ങൾ

"കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം' (ലേവ്യ 19.18). ലേവ്യ പുസ്തകത്തിൽ നിന്നെടുത്തിയെടുത്ത ഈ ദൈവിക കല്പനയാണ് മനുഷ്യ ബന്ധങ്ങളെ ബാധിക്കുന്ന ന്യായപ്രമാണ നിയമങ്ങളുടെ എല്ലാം രത്നച്ചുരുക്കമായി യേശുക്രിസ്തു പ്രഖ്യാപിച്ചതു് (മത്താ. 22.39, മർക്കോ. 12.31). പ്രസ്തുത പ്രമാണത്തിൻെറ കാതൽ മനുഷ്യത്വത്തോടാദരവു് അടിസ്ഥാനമാക്കിയിരിക്കുന്ന സാഹോദര്യ മനോഭാവമാണ്.

ഈ മാനവികത സാമൂഹ്യ ജീവിതത്തിൽ പ്രകടമാകുന്നതു പല രൂപങ്ങളിലത്രെ. യിസ്രായേൽ ജനം അവരുടെ കൂട്ടായ ജീവിതത്തിൻെറ ആരോഗ്യകരമായ വികാസത്തിനുവേണ്ടി വർജ്ജിക്കണമെന്നു നിർദ്ദേശിക്കുന്ന ദോഷകരമായ പെരുമാററങ്ങൾ ഏവയെന്നു ക്രോഡീകരിച്ചതാണ് ഒന്നാമത്തേതു്. ജനം നിർബ്ബന്ധമായി പാലിക്കത്തക്കവണ്ണം നീതിപ്രമാണങ്ങൾക്കു് ഭരണാധികാരികൾ നൽകിയ വ്യവസ്ഥാപിത നിയമരൂപമാണ് രണ്ടാമത്തേതു്. പൊതുജനം ദോഷകരമായി കരുതിയ പെരുമാററച്ചട്ടങ്ങൾക്കും ഭരണക്രമത്തിൽ വ്യവസ്ഥചെയ്ത നിയമങ്ങൾക്കും അതീതമായി, അവയെ വിമർശിച്ചുകൊണ്ടുതന്നെ, നീതിധർമ്മത്തിൻെറ ഉന്നതാദർശങ്ങളിലേക്കും ആന്തരിക ഭാവങ്ങളിലേക്കും ജനത്തെ നയിച്ച പ്രവചനങ്ങളാണ് മൂന്നാമത്തേതു്. ഇവയെല്ലാം കൂടിച്ചേർന്നതാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന 'മോശെയുടെ ന്യായപ്രമാണം'. 'കല്പനകളും ചട്ടങ്ങളും വിധികളും' എന്ന പദപ്രയോഗം ഈ സങ്കലനമായിരിക്കണം സൂചിപ്പിക്കുന്നതു്.

## ഐഹാത്ഥപ്രമാണങ്ങൾ

'പത്തു കല്പനകൾ', മനുഷ്യർ അന്യോന്യം സഹോദരർ എന്ന നിലയ്ക്കു് പരസ്പരപെരുമാററത്തിൽ ഒഴിവാക്കണമെന്നു നിർദ്ദേശിക്കുന്ന അഞ്ചു ചട്ടങ്ങൾ പ്രഖ്യാപിക്കുന്നു. 'കൊല ചെയ്യരുതു്; വ്യഭിചാരം ചെയ്യരുതു്; മോഷ്ടിക്കരുതു്; കൂട്ടുകാരൻെറ നേരെ കള്ള സാക്ഷ്യം പറയരുതു്; ... കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുതു്'' (പുറ 20.13_17; ആവ 5.17_21). ഇവയിൽ അഞ്ചാമത്തേതിൽ വിലക്കിയിരിക്കുന്നതു് 'മോഹ'മാണു്. മററു നാലുംപോലെ ബാഹ്യപെരുമാററം മാത്രമല്ല ബോധത്തെക്കൂടെയത്രെ ഇവിടെ നിയന്ത്രിക്കുന്നതു്. മററു രണ്ടു കല്പനകൾ ചെയ്യരുതാത്തതു വിലക്കുകയല്ല, ചെയ്യേണ്ടതു് നിർദ്ദേശിക്കയാണു്. 'ശബ്ബത്തുനാൾ ശുദ്ധീകരിച്ചു ആചരിക്ക' (ആവ. 5.12; പുറ. 20.8). 'നിൻെറ അപ്പനെയും അമ്മയെയും ബഹുമാനിക്ക' (ആവ. 5.16, പുറ. 20.12). ശബ്ബത്തിൻെറ സാമൂഹ്യ അത്ഥമാണു് ആവത്തനപ്പുസ്തകം കൊടുക്കുന്നതു്. മിസ്രയീമിൽവച്ചു് അടിമത്തത്തിൻ കീഴിൽ യിസ്രായേൽമക്കളുടെ മനുഷ്യത്വത്തോടാദരവു് ഒട്ടും കാട്ടാതെ അവർ വിശ്രമം കൂടാതെ അദ്ധ്വാനിക്കുന്നതിനു നിർബ്ബന്ധിക്കപ്പെട്ടു. മനുഷ്യത്വത്തോടാദരവു് സമൂഹത്തിനുണ്ടെങ്കിൽ അങ്ങനെ ചെയ്തുകൂടാ. ''നിൻെറ വേലക്കാരനും വേലക്കാരത്തിയും നിന്നെപ്പോലെ സ്വസ്ഥമായിരിക്കേണ്ടതിന്നുതന്നെയും നീ മിസ്റയീം ദേശത്തു അടിമയായിരുന്നു എന്നും അവിടെനിന്നു നിൻെറ ദൈവമായ യഹോവ നിന്നെ... പുറപ്പെടുവിച്ചു എന്നും ഓക്ക; അതുകൊണ്ടു ശബ്ബത്തുനാൾ ആചരിപ്പാൻ നിൻെറ ദൈവമായ യഹോവ നിന്നോടു കല്പിച്ചു' (5.14–15). അതേ സാമൂഹ്യ ആശയം, പുറപ്പാടുപുസ്തകത്തിൽ പത്തുകല്പനകളോടനുബന്ധിച്ചല്ലെങ്കിലും, പുറ. 23.12_ൽ ഉണ്ടു്. 'ഏഴാം ദിവസം... നിൻെറ ദാസിയുടെ പുത്രനും പരദേശിയും ആശ്വസിപ്പാനുംവേണ്ടി നീ സ്വസ്ഥമായിരിക്കേണം.'

## അവശജന വിഭാഗങ്ങൾ

മിസ്റയീമിൽ യിസ്റായേൽജനം അനുഭവിച്ച മനുഷ്യത്വഹീനതയോർത്തു അതിനു തികച്ചും വിപരീതമായി അവർ അവരുടെ ഇടയിലെ അവശജനവിഭാഗങ്ങളോടു പെരുമാറണമെന്ന കല്പന ന്യായപ്രമാണത്തിൽ പല ഭാഗങ്ങളിലും ആവർത്തിക്കുന്നു. പ്രത്യേകമായി അടിമ, വിധവ, അനാഥൻ, പരദേശി എന്നിവരോടു ന്യായവും കരുണയും മുൻനിർത്തി പ്രവർത്തിക്കാൻ മോശെ ഉൽബോധിപ്പിക്കുന്നു.

യിസ്രായേൽമക്കളിലൊരുവനെ തട്ടിക്കൊണ്ടുപോയി ഹേമംചെയ്തു സ്വന്തം അടിമയാക്കി വേല ചെയ്യിക്കയോ അടിമയായി മററാർക്കെങ്കിലും വില്ക്കയോ ചെയ്യുന്നതു് ന്യായപ്രമാണം വിലക്കുന്നു. 'ആരെയെങ്കിലും തന്റെ സഹോദരന്മാരായ യിസ്രായേൽമക്കളിലൊരുത്തനെ മോഷ്ടിച്ചു അവനോടു് കാഠിന്യം പ്രവർത്തിക്കയോ അവനെ വിലയ്ക്കുവില്ക്കയോ ചെയ്യുന്നതു് കണ്ടാൽ മോഷ്ടാവു് മരണശിക്ഷ അനുഭവിക്കേണം' (ആവ. 24.7; പുറ. 21.16). കായഹേമം കൂടാതെ അടിമത്തം സ്വീകരിക്കാൻ നിർബ്ബന്ധിതരായവർ യിസ്രായേൽ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു. അതുകൊണ്ടു് യജമാന–അടിമബന്ധം സംബന്ധിച്ച നിയമങ്ങൾ ന്യായപ്രമാണം അനുശാസിക്കുന്നു. അടിമയുടെ ശിക്ഷയ്ക്കു അതിരുണ്ടു്. അതു കവിഞ്ഞാൽ അതിനു യജമാനനുള്ള ശിക്ഷ അടിമയ്ക്കു സ്വാതന്ത്ര്യം നൽകുകയാണു്. 'ഒരുത്തൻ തന്റെ ദാസന്റെയോ ദാസിയുടെയോ കണ്ണു കളഞ്ഞാൽ അവന്റെ കണ്ണിനുപകരം അവനെ സ്വതന്ത്രനായി വിട്ടേക്കണം. അവൻ തന്റെ ദാസന്റെയോ ദാസിയുടെയോ പല്ലു് അടിച്ചു തകർത്താൽ അവൻ പല്ലിനുപകരം അവനെ സ്വതന്ത്രനായി വിട്ടേക്കണം' (പുറ. 21.26–27). സാധാരണ ഗതിയിൽതന്നെ അടിമകൾക്കു് സ്വാതന്ത്ര്യം നൽകാൻ അനുശാസിക്കുന്ന നിയമം ശ്രദ്ധേയമാണു്. ആറു

സംവത്സരം അടിമയായി വേലചെയ്ത എബ്രായദാസനെ, 'ഏഴാം സംവത്സരത്തിൽ നീ സ്വതന്ത്രനായി വിട്ടയക്കേണം. അവനെ സ്വതന്ത്രനായി വിട്ടയയ്ക്കുമ്പോൾ അവനെ വെറുങ്കയ്യായി അയയ്ക്കരുതു്. നിൻെറ ആട്ടിൻകൂട്ടത്തിൽ നിന്നും കളത്തിൽനിന്നും മുന്തിരിച്ചക്കിൽനിന്നും അവനു ഔദാര്യമായി ദാനം ചെയ്യേണം. അവനെ സ്വതന്ത്രനായി വിട്ടയയ്ക്കുമ്പോൾ നിനക്കു വ്യസനം തോന്നരുതു്' (ആവ. 15.12–14, 18). പുറപ്പാടുപുസ്തകത്തിലെ നിയമങ്ങളിൽനിന്നു വ്യത്യസ്തമായി ആവർത്തനപ്പുസ്തകത്തിൽ അടിമസ്ത്രീയുടെ വിമോചനവും ന്യായപ്രമാണം പ്രത്യേകം അനുശാസിക്കുന്നു. 'നിൻെറ സഹോദരനായ ഒരു എബ്രായ പുരുഷനോ, എബ്രായ സ്ത്രീയോ' (15;12) അടിമയായാൽ ഏഴാം വർഷം സ്വാതന്ത്ര്യം നൽകണം. പുറപ്പാടുപുസ്തകത്തിൽ ഈ വ്യവസ്ഥ പുരുഷനായ എബ്രായ ദാസനും അവനോടുകൂടെവന്ന ഭാര്യയ്ക്കും മാത്രമെ ബാധകമായിരുന്നുള്ളു. കൂടാതെ അടിമയായ പുരുഷനു് യജമാനനാണു് ഭാര്യയെ നൽകിയതെങ്കിൽ അവളെയും കുട്ടികളെയും ത്യജിച്ചുവേണം അവൻ സ്വതന്ത്രനാവാൻ എന്നാണു് 'പുറപ്പാടി'ലെ വ്യവസ്ഥ (പുറ.21.3–4). അവകാശമായ സ്വാതന്ത്ര്യം ത്യജിച്ചു് ശാശ്വത അടിമത്തം അംഗീകരിക്കുന്നതിനുള്ള സമ്മർദ്ദം ഇതിലടങ്ങിയിട്ടുണ്ടു്. ഏതായാലും ഇതു ആവർത്തനപ്പുസ്തകത്തിലില്ല. ആവർത്തനപ്പുസ്തകത്തിലെ നിയമം നീതിബോധത്തിൻെറ പുരോഗതി കുറിക്കുന്നതായി വേണം വ്യാഖ്യാനിക്കാൻ.

എബ്രായ അടിമകളോടുള്ള പെരുമാററ രീതി സാഹോദര്യത്തിനു് നിരക്കുന്നതായിരിക്കണമെന്നു ലേവ്യഗ്രന്ഥം നിഷ്ക്കർഷിക്കുന്നു. 'നിൻെറ സഹോദരൻ (എബ്രായൻ) ദരിദ്രനായിത്തീർന്നു തന്നെത്താൻ നിനക്കു വിററാൽ അവനെക്കൊണ്ടു് അടിമവേല ചെയ്യിക്കരുതു്. കൂലിക്കാരൻ എന്നപോലെയും വന്നുപാർക്കുന്നവൻ എന്നപോലെയും അവൻ നിൻെറ അടുക്കൽ ഇരുന്നു് യോബേൽ സംവത്സരംവരെ നിന്നെ സേവിക്കണം. പിന്നെ അവൻ തൻെറ മക്കളുമായി നിന്നെ വിട്ടു, തൻെറ കുടുംബത്തി

ലേക്ക മടങ്ങിപ്പോകണം. തന്റെ പിതാക്കന്മാരുടെ അവകാശത്തിലേക്ക അവൻ മടങ്ങിപ്പോകണം. അവർ മിസ്റയീം ദേശത്തുനിന്നുകൊണ്ടുവന്ന എന്റെ ദാസന്മാർ ആകകൊണ്ട് അവരെ അടിമകളായി വില്ക്കരുത്. അവനോടു കാഠിന്യം പ്രവർത്തിക്കരുത്" (ലേവ്യ. 25. 39–42). കൂടാതെ യോബേൽ വർഷത്തിനു മുമ്പുതന്നെ എബ്രായ അടിമകളുടെ ചാർച്ചക്കാർക്ക് അവരെ 'വീണ്ടെടുക്കു'ന്നതിനു വ്യവസ്ഥ ഉണ്ട് (ലേവ്യ. 25.47–55).

'ചുററുമുള്ള ജാതികളിൽനിന്നു' അടിമകളെ വാങ്ങി തലമുറകളായി കുടുംബാവകാശമാക്കുന്നതിനു എബ്രായർക്കു തടസ്സമില്ല (ലേവ്യ. 25 44–46). എന്നാൽ ആവർത്തന നിയമപ്രകാരം പരദേശിയായ ഒരു അടിമ തന്റെ യജമാനനെ വിട്ടോടി യെഹൂദജനങ്ങളെ അഭയം പ്രാപിക്കുന്നെങ്കിൽ അവന് അഭയം നല്കുകണം. 'യജമാനനെ വിട്ടു നിന്റെ അടുക്കൽ ശരണം പ്രാപിപ്പാൻ വന്ന ദാസനെ യജമാനന്റെ കൈയിൽ ഏല്പിക്കരുത്. അവൻ നിങ്ങളുടെ ഇടയിൽ നിന്റെ പട്ടണങ്ങളിൽ ഏതിലെങ്കിലും തനിക്കു ബോധിച്ചേടത്തു നിന്നോടുകൂടെ പാർക്കട്ടെ. അവനെ ഞെരുക്കം ചെയ്യരുത്" (ആവ. 23.5–11).

പരദേശി, അനാഥൻ, വിധവ എന്നിവർക്കു ജീവസന്ധാരണാവകാശം നൽകേണ്ടതു് സമൂഹത്തിന്റെ കടമയാണെന്നു് യിസ്റായേൽ നിയമം അംഗീകരിച്ചു. മററു വിധത്തിൽ അരക്ഷിതരായവർക്കു് ന്യായം ലഭിക്കുന്നതിനും അവരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ട സാമൂഹ്യ പെരുമാററ ചട്ടങ്ങളും ന്യായപ്രമാണം നിർദ്ദേശിച്ചു. 'പരദേശിയുടെയും അനാഥന്റെയും വിധവയുടെയും ന്യായം മറിച്ചുകളയുന്നവൻ ശപിക്കപ്പെട്ടവൻ' (ആവ: 27.19). 'പരദേശിയുടെയും അനാഥന്റെയും ന്യായം മറിച്ചുകളയരുതു്. വിധവയുടെ വസ്ത്രം പണയം വാങ്ങുകയും അരുതു്....നിന്റെ വയലിൽ വിളവു കൊയ്തിട്ടു ഒരു കററ വയലിൽ മറന്നുപോന്നാൽ

അതിനെ എടുപ്പാൻ മടങ്ങിപ്പോകരുതു്....അതു പരദേശിക്കും അനാഥനും വിധവയ്ക്കും ഇരിക്കട്ടെ. ഒലിവുവൃക്ഷത്തിന്റെ ഫലം തല്ലുമ്പോൾ കൊമ്പു തല്ലിപ്പറിക്കരുതു്. അതു പരദേശിക്കും അനാഥനും വിധവയ്ക്കും ഇരിക്കട്ടെ. മുന്തിരിത്തോട്ടത്തിലെ പഴം അറുത്തെടുക്കുമ്പോൾ കാലാപെറുക്കരുതു്. അതു പരദേശിക്കും അനാഥനും വിധവയ്ക്കും ഇരിക്കട്ടെ. നീ മിസ്രയീം ദേശത്തു അടിമയായിരുന്നു എന്നു ഓർക്കണം. അതുകൊണ്ടാകുന്നു ഞാൻ ഇക്കാര്യം നിന്നോടു കല്പിക്കുന്നതു്'' (ആവ: 24.17_21) പൗരോഹിത്യ രേഖയിലെ വ്യവസ്ഥകൾക്കു സമാന്തരമാണിവ. 'നിങ്ങളുടെ നിലത്തിലെ വിളനിങ്ങൾ കൊയ്യുമ്പോൾ വയലിന്റെ അരികുതീർത്തു കൊയ്യരുതു്. നിന്റെ മുന്തിരിത്തോട്ടത്തിൽ കാലാപെറുക്കരുതു്. നിന്റെ മുന്തിരിത്തോട്ടത്തിൽ വീണുകിടക്കുന്ന പഴം പെറുക്കയുമരുതു്. അവയെ ദരിദ്രനും പരദേശിക്കും വിട്ടേക്കണം' (ലേവ്യ: 19.9_10; 23.22)

'പരദേശിയെ പീഡിപ്പിക്കരുതു്. നിങ്ങൾ മിസ്രയീം ദേശത്തു പരദേശികൾ ആയിരുന്നുവല്ലോ. വിധവയെയും അനാഥനെയും നിങ്ങൾ ക്ലേശിപ്പിക്കരുതു്'' (പുറ: 22.21_22; 23.9). പരദേശിയെ സ്വദേശിയായി പരിഗണിക്കണമെന്നുപോലും പൗരോഹിത്യരേഖ അനുശാസിക്കുന്നു. 'പരദേശി നിങ്ങളുടെ ദേശത്തു പാർത്താൽ അവനെ ഉപദ്രവിക്കരുതു്. നിങ്ങളോടുകൂടെ പാർക്കുന്ന പരദേശി നിങ്ങൾക്കു സ്വദേശിയെപ്പോലെ ഇരിക്കേണം. അവനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. നിങ്ങളും മിസ്രയീം ദേശത്തു പരദേശികളായിരുന്നുവല്ലോ' (ലേവ്യ: 19.33_34).

ആവർത്തന നിയമമനുസരിച്ച് ആരാധനകളെല്ലാം യെരുശലേമിൽ കേന്ദ്രീകരിച്ചതോടെ വിവിധ പ്രാദേശിക ആരാധനസ്ഥലങ്ങളിലെ ലേവ്യപുരോഹിതർക്കു ജീവസന്ധാരണ മാർഗ്ഗം ഇല്ലാതെപോയി. അവരും വിധവയുടെയും അനാഥന്റെയും പരദേശിയുടെയും ഒപ്പം

അവശരായി ഭവിച്ചു. അതുകൊണ്ടു് അവരെക്കൂടെ ഉൾപ്പെടുത്തിയാണു് ആവർത്തനപ്പുസ്തകത്തിലെ ദാനധർമ്മവ്യവസ്ഥകൾ. മൂന്നാംവർഷം തോറും വിളവിന്റെ ദശാംശമൊക്കെയും സംഗ്രഹിച്ചു ദാനം ചെയ്യാനുള്ളതാണു്. 'നിന്നോടുകൂടെ ഓഹരിയും അവകാശവുമില്ലാത്ത ലേവ്യനും നിന്റെ പട്ടണത്തിലുള്ള പരദേശിയും അനാഥനും വിധവയും വന്നു തിന്നു തൃപ്തരാകണം'(ആവ: 14. 28_29). 'നീ ഭൂമിയിൽ ഇരിക്കുന്നിടത്തോളം ലേവ്യനെ ഉപേക്ഷിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക' (ആവ: 12. 19).

## ദാരിദ്ര്യപ്രശ്നം

ദിരിദ്ര്യത്തോടുള്ള സമീപനത്തിൽ ആവർത്തനപ്പുസ്തകത്തിനു രണ്ടു സമ്പ്രദായങ്ങളുണ്ടു്. ഒന്നു്, സഹോദര്യന്യായപ്രമാണം സാമ്പത്തിക ഘടനയിൽ പ്രകാശിപ്പിക്കുന്നതു നിമിത്തം ദാരിദ്ര്യം ഇല്ലാതിരിക്കുന്ന അവസ്ഥ ഉണ്ടാകുമെന്ന പ്രത്യാശ. ദൈവത്തിന്റെ കല്പനകൾ പ്രമാണിച്ചു നടന്നാൽ 'അനേകം ജാതികൾക്കു വായിപ്പ കൊടുക്കാൻ' കഴിയുംവണ്ണം സാമ്പത്തികാഭിവൃദ്ധി ജനത്തിനുണ്ടാകുമെന്നു മാത്രമല്ല നീതിപൂർവ്വമായ സാമ്പത്തിക വിതരണംമൂലം 'ദരിദ്രൻ നിങ്ങളുടെ ഇടയിൽ ഉണ്ടാകയില്ലതാനും' (ആവ: 15. 4_6). ആദിമ ക്രൈസ്തവ സഭയുടെ കൂട്ടായ ജീവിതത്തിൽ മുട്ടുള്ളവർ ആരും ഉണ്ടായിരുന്നില്ലല്ലോ (അപ്പോ പ്ര: 4.34). എന്നാൽ മനുഷ്യരുടെ ഹൃദയകാഠിന്യവും സ്വാർത്ഥതയും ഗ്രഹിച്ചിരിക്കുന്ന ആവർത്തന നിയമജ്ഞൻ അങ്ങനെ ഒരു അവസ്ഥയിലേക്കു യെഹൂദജാതി വന്നെത്തുമെന്നു വിചാരിക്കുന്നില്ലെന്നു തോന്നുന്നു. 'ദരിദ്രൻ ദേശത്തു അററുപോകയില്ല' (ആവ: 15.11). അതുകൊണ്ടു് യാഥാർത്ഥ്യബോധത്തോടെ ദരിദ്രരുടെ ദുരിതനിവാരണത്തിനു വേണ്ട പദ്ധതികൾ ന്യായപ്രമാണം ആവിഷ്കരിക്കുന്നു. 'നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു ഏതു പട്ടണത്തിലെങ്കിലും ദരിദ്രനായ സഹോദരൻ നിങ്ങ

ളുടെ ഇടയിൽ ഉണ്ടെങ്കിൽ ദരിദ്രനായ സഹോദരന്റെ നേരെ ഹൃദയം കഠിനമാക്കാതെയും കൈ അടെയ്ക്കാതെയും, നിന്റെ കൈ അവന്നുവേണ്ടി തുറന്നു് അവന്നു വന്ന ബുദ്ധിമുട്ടിന്നു് ആവശ്യമായതു വായിപ്പ കൊടുക്കണം.... നീ അവന്നു കൊടുത്തേ മതിയാവൂ. കൊടുക്കുമ്പോൾ ഹൃദയത്തിൽ വ്യസനം തോന്നരുതു്....നിന്റെ ദേശത്തു അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന്നു നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കണമെന്നു ഞാൻ നിന്നോടാജ്ഞാപിക്കുന്നു' (ആവ: 15.7_11). 'സഹോദരന്നു' കൊടുക്കുന്ന വായ്പയുടെ പലിശ വാങ്ങിക്കൂടാ. 'പണത്തിനോ ആഹാരത്തിനോ വായിപ്പ കൊടുക്കുന്ന യാതൊരു വസ്തുവിനോ സഹോദരനോടു പലിശ വാങ്ങരുതു്. അന്യനോടു പലിശ വാങ്ങാം' (ആവ. 23.19_20). വായ്പയ്ക്കു പണയം സഹോദരനോടു വാങ്ങാം. എന്നാൽ അതു ചൂഷണ മുഖാന്തരമാവാതിരിപ്പാൻ ചില വ്യവസ്ഥകൾ ഉണ്ടുതാനും. 'കൂട്ടുകാരന്നു എന്തെങ്കിലും വായ്പ കൊടുക്കുമ്പോൾ അവന്റെ പണയം വാങ്ങുവാൻ വീട്ടിനകത്തു കടക്കരുതു്. നീ പുറത്തുനില്ക്കണം. വായ്പ വാങ്ങിയവൻ പണയം നിന്റെ അടുക്കൽ പുറത്തു കൊണ്ടുവരണം. അവൻ ദരിദ്രനാകുന്നുവെങ്കിൽ നീ അവന്റെ പണയം കൈവശം വെച്ചുകൊണ്ടുറങ്ങരുതു്. അവൻ തന്റെ വസ്ത്രം പുതെച്ചു ഉറങ്ങി നിന്നെ അനുഗ്രഹിക്കേണ്ടതിന്നു സൂര്യൻ അസ്തമിക്കുമ്പോൾ പണയം നീ അവന്നു മടക്കിക്കൊടുക്കണം' (ആവ. 24. 10_13). 'തിരികല്ലാകട്ടെ അതിന്റെ മേല്ക്കല്ലാകട്ടെ ആരും പണയം വാങ്ങരുതു്. അതു ജീവനെ പണയം വാങ്ങുകയല്ലോ' (ആവ. 24. 6).

പുറപ്പാടു പുസ്തകത്തിലെ നിലത്തിന്റെ ശാബ്ബത്തു് ദരിദ്രരുടെ ദുരിതനിവാരണം ഉദ്ദേശിച്ചിട്ടുള്ളതാണു്. 'ആറു സംവത്സരം നിന്റെ നിലം വിതച്ചു വിളവു എടുത്തുകൊൾക. ഏഴാം സംവത്സരത്തിലോ അതു ഉഴവുചെയ്യാതെ വെറുതെ ഇട്ടേക്ക. നിന്റെ ജനത്തിലെ ദരിദ്രന്മാർ അഹോവൃത്തി കഴിക്കട്ടെ' (പുറ. 23. 10_11).

പരദേശിയോ യെഹൂദനോ ആയാലും കൂലിവേല ചെയ്തു ഉപജീവനം കഴിക്കുന്നവരുടെ കൂലി ന്യായമായും അന്നന്നും കൊടുക്കണമെന്നു ന്യായപ്രമാണം നിർദ്ദേശിക്കുന്നു. 'നീ നിന്റെ സഹോദരന്മാരിലോ നിന്റെ ദേശത്തു നിന്റെ പട്ടണങ്ങളിലുള്ള പരദേശികളിലോ ദരിദ്രനും അഗതിയുമായ കൂലിക്കാരനെ പീഡിപ്പിക്കരുതു്. അവന്റെ കൂലി അന്നേക്കന്നു കൊടുക്കണം. സൂര്യൻ അതിന്മേൽ അസ്തമിക്കരുതു്. അവൻ ദരിദ്രനും അതിനായി ആശിച്ചുകൊണ്ടിരിക്കുന്നവനുമല്ലോ' (ആവ. 24.14_15).

ലേവ്യ പുസ്തകത്തിലെ നിയമപ്രകാരം സ്വാതന്ത്ര്യം പ്രസിദ്ധമാക്കുന്ന അമ്പതാം യോബേൽ സംവത്സരം ഭൂസ്വത്തിൽ കുത്തകയും അതുമൂലമുണ്ടാകുന്ന ചൂഷണങ്ങളും ഇല്ലാതെയാക്കാൻ ഉദ്ദേശിക്കപ്പെട്ടതാണു്. ആ സംവത്സരത്തിൽ ഓരോ യെഹൂദനും അന്യപ്പെട്ടുപോയ സ്വന്തം അവകാശ ഭൂമിയിലേക്കു തിരികെ പോകണം. 'അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകല നിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കണം. അതു നിങ്ങൾക്കു യോബേൽ സംവത്സരമായിരിക്കണം. നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകണം. ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകണം' (ലേവ്യ. 25. 10).

ഭൂമിയുടെ ജന്മം യഹോവയ്ക്കുള്ളതെന്ന നിലയിൽ പൊതുവകയാണു്. എന്നാൽ ഭൂമിയിൽ കൃഷിചെയ്തു ഉപജീവനം തേടുന്നതിനു് അവകാശഭൂമി ഓരോ കുടുംബത്തിനും ഭാഗിച്ചുകൊടുത്തിരിക്കുന്നതു പരസ്പരം ആദരിക്കണം. 'പൂർവ്വന്മാർ വെച്ചിരിക്കുന്നതായ കൂട്ടുകാരന്റെ അതിർ നീക്കരുതു്' (ആവ. 19. 14). കൈവശം അന്യപ്പെട്ടുപോയാലും യാതൊരുത്തർക്കും ഭൂമിയിൽ കൃഷിചെയ്തു ഉപജീവനം കഴിക്കാനുള്ള അവകാശം ശാശ്വതമായി നഷ്ടപ്പെടുന്നില്ല. അതു വീണ്ടെടുക്കാൻ എപ്പോഴും അവർക്കു സാധിക്കുന്നു. ഇവയാണു് യോബേൽ

സംവത്സരത്തിനു പിന്നിലുണ്ടായിരുന്ന സിദ്ധാന്തങ്ങൾ. 'നിലം ജന്മം വിൽക്കരുതു്. ദേശം എനിക്കുള്ളതാകുന്നു. നീങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നു പാക്കുന്നവരുമത്രെ. നീങ്ങളുടെ അവകാശമായ ദേശത്തൊക്കെയും നിലത്തിന്നു വീണ്ടെടുപ്പു സമ്മതിക്കേണം.' (ലേവ്യ. 25. 23_24).

ഒരുത്തനും അവന്റെ കൃഷിഫലത്തിന്മേൽപോലും പൂൎണ്ണ അവകാശമില്ല. 'കൂട്ടുകാരന്റെ മുന്തിരിതോട്ടത്തിലൂടെ പോകുമ്പോൾ ഇഷ്ടംപോലെ മുന്തിരിപ്പഴം തൃപ്തിയാംവണ്ണം നിനക്കു തിന്നാം. എങ്കിലും നിന്റെ പാത്രത്തിൽ ഇടരുതു്' (ആവ. 23.24).

കച്ചവടത്തിൽ അന്യായം കാണിക്കരുതു്. വിശേഷിച്ച ക്രയവിക്രയങ്ങൾക്കു രണ്ടുതരം പടിയും പറയും ഉണ്ടായിരിക്കരുതു്. ഉള്ളതു് ഒത്തതായിരിക്കണമെന്നും ന്യായപ്രമാണം നിഷ്ക്കർഷിക്കുന്നു. 'നിന്റെ സഞ്ചിയിൽ തൂക്കം ഏറിയതും കുറഞ്ഞതുമായ രണ്ടുതരം പടി ഉണ്ടാകരുതു്. നിന്റെ വീട്ടിൽ മുറുക്കവും ഇളപ്പവുമായ രണ്ടുതരം പറയും ഉണ്ടാകരുതു്. ...നിന്റെ പടി ഒത്തതും ന്യായമായതുമായിരിക്കണം. അങ്ങനെതന്നെ നിന്റെ പറയും ഒത്തതും ന്യായമായതുമായിരിക്കണം' (ആവ. 25:13_15).

## രാഷ്ട്രനീതി

ന്യായപ്രമാണം അനുശാസിച്ച രാഷ്ട്രനീതി ശ്രദ്ധേയമത്രെ. യിസ്റായേൽ രാഷ്ട്രം യഹോവാമതത്തിൽ അധിഷ്ഠിതമായിരുന്നതിനാൽ രാഷ്ട്രത്തിന്റെ സംഘടനയിൽ പൗരപ്രമാണി, ന്യായാധിപൻ, ഉദ്യോഗസ്ഥൻ, പുരോഹിതൻ, പ്രവാചകൻ, ധർമ്മശാസ്ത്രജ്ഞൻ, രാജാവു് എന്നിവരെല്ലാം അന്യോന്യം ബന്ധപ്പെട്ട അധികാരികളായിരുന്നു. ഓരോ സ്ഥാനത്തിനും അധികാരം നീതി

പൂർവ്വമാക്കുന്നതിനു് അനുയോജ്യമായ നിയമവും വിധി ക്കപ്പെട്ടു.

ന്യായാധിപരും പൗരപ്രമാണികളും 'എല്ലാ പട്ടണ ങ്ങളിലും ഗോത്രംതോറും' നിയമിക്കപ്പെടണമെന്നാണു് നിർദ്ദേശം (ആവ. 16.18). സാധാരണ കേസുകൾ പ്രാ ദേശികമായി പ്രാദേശിക അധികാരികൾ തീർപ്പു കല്പി ക്കുക. പ്രാദേശിക തലത്തിൽ തീരുമാനിക്കുന്നതിനു പ്രയാസമുള്ള കേസുകൾ കേന്ദ്രത്തിലെ 'ലേവ്യരായ പുരോഹിതന്മാരുടെ അടുക്കലും അന്നുള്ള ന്യായാധിപ ന്റെ അടുക്കലും ചെന്നു ചോദിക്കണം'. അവരുടെ വിധി അന്തിമമാണു്. 'അവർ പറഞ്ഞുതരുന്ന വിധി വിട്ടു് ഇടത്തോട്ടോ വലത്തോട്ടോ മാറരുതു്" (ആവ. 17.8_12). എല്ലാ ന്യായവിധികർത്താക്കളും മുഖപക്ഷം കൂടാതെ ന്യായപാലനം ചെയ്യത്തക്കവണ്ണം അവരെത്ത ന്നെ സൂക്ഷിക്കണം. 'അവർ ജനത്തിനു ന്യായപാലനം ചെയ്യണം. ന്യായം മറിച്ചുകളയരുതു്. മുഖം നോക്ക രുതു്. സമ്മാനം വാങ്ങരുതു്. സമ്മാനം ജ്ഞാനിക ളുടെ കണ്ണു കുരുടാക്കുകയും നീതിമാന്മാരുടെ കാര്യം മറിച്ചുകളകയും ചെയ്യുന്നു' (ആവ. 16.18_19). മററുവിധ ത്തിൽ അരക്ഷിതരായ 'പരദേശിയുടെയും അനാഥ ന്റെയും ന്യായം മറിച്ചുകളയരുതു്" (ആവ. 24.17) എ ന്നു പ്രത്യേകം ശാസനയുണ്ടു്. 'പരദേശിയുടെയും അ നാഥന്റെയും വിധവയുടെയും ന്യായം മറിച്ചുകളയുന്ന വൻ ശപിക്കപ്പെട്ടവൻ' (ആവ. 27.19). ന്യായാധിപൻ കൺകുരുടാക്കുന്ന സമ്മാനം ഒഴിഞ്ഞിരിക്കണമെന്ന കല്പന പുറപ്പാടു പുസ്തകത്തിലേതുതന്നെയാണു്. 'കാഴ്ച യുള്ളവരെ കുരുടാക്കുകയും നീതിമാന്മാരുടെ വാക്കുകളെ മറിച്ചുകളകയും ചെയ്യുന്നതുകൊണ്ടു് നീ സമ്മാനം വാ ങ്ങരുതു്" (പുറ. 23.8). എന്നാൽ ന്യായപാലകന്റെ കൺ മാത്രമല്ല ന്യായത്തിൽനിന്നു മറയ്ക്കുന്നതു്. സമൂഹ ത്തിൽ ബഹുജനാഭിപ്രായത്തിന്റെ സമ്മർദ്ദം, ധനിക രുടെ സാധീനം ഇവയ്ക്കും അതീതമായിരിക്കണം ന്യായ പാലകനും സാക്ഷികളും വ്യവഹാരവും. ദരിദ്രന്റെ

ന്യായം മറിച്ചുകളവാനോ നിർദ്ദോഷിയെ ശിക്ഷിക്കാനോ ഇടവരരുതെന്നു പ്രത്യേകം ഈ ഭാഗത്തു നിഷ്കർഷയുണ്ടു്. 'കള്ളസാക്ഷിയായിരിപ്പാൻ ദുഷ്ടനോടുകൂടെ ചേരരുതു്. ബഹുജനത്തെ അനുസരിച്ചു ദോഷം ചെയ്യരുതു്. ന്യായം മറിച്ചുകളവാൻ ബഹുജനപക്ഷംചേർന്നു വ്യവഹാരത്തിൽ സാക്ഷ്യം പറയരുതു്. ദരിദ്രന്റെ വ്യവഹാരത്തിൽ അവനോടു പക്ഷം കാണിക്കരുതു്... നിങ്ങളുടെ ഇടയിലുള്ള ദരിദ്രന്റെ വ്യവഹാരത്തിൽ അവന്റെ ന്യായം മറിച്ചുകളയരുതു്. കള്ളക്കാര്യംവിട്ടു അകന്നിരിക്ക. കുററമില്ലാത്തവനെയും നീതിമാനെയും കൊല്ലരുതു്'' (പുറ. 23.1_3, 6_7). 'ന്യായവിസ്താരത്തിൽ അന്യായം ചെയ്യരുതു്. എളിയവന്റെ മുഖം നോക്കാതെയും വലിയവന്റെ മുഖം ആദരിക്കാതെയും നിന്റെ കൂട്ടുകാരനു നീതിയോടെ ന്യായം വിധിക്കണം' (ലേവ്യ. 19.15)

ഏതുകാര്യവും ഉറപ്പാക്കുന്നതിനു്, ഒരു സാക്ഷിപോരാ, 'രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴി' ആവശ്യമാണു്. (ആവ :19.15; 17.6, സംഖ്യ 35.30). 'ന്യായാധിപന്മാർ നല്ലവണ്ണം വിസ്താരം കഴിക്കണം. സാക്ഷി കള്ളസാക്ഷിയെന്നും സഹോദരന്റെ നേരെ കള്ളസാക്ഷ്യം പറഞ്ഞുവെന്നും കണ്ടാൽ അവൻ സഹോദരനു വരുത്താൻ നിരൂപിച്ചതുപോലെ നിങ്ങൾ അവനോടു ചെയ്യണം' (ആവ. 19.18_19). ദുഷ്ടനു കൂട്ടുചേരുന്നവനാണു് 'കള്ളസാക്ഷി' (പുറ: 23.1). 'ശേഷമുള്ളവർ കേട്ടു ഭയപ്പെടു' തക്കവണ്ണം ശിക്ഷാവിധികൾ പകരത്തിനുപകരം എന്നതാണു് ന്യായം. 'ജീവനു പകരം ജീവൻ, കണ്ണിന്നുപകരം കണ്ണു്, പല്ലിന്നുപകരം പല്ലു്, കൈക്കു പകരം കൈ, കാലിനു പകരം കാൽ' എന്നപ്രമാണംവച്ചു വിധിക്കുന്നതിനു തടസ്സമാകത്തക്കവണ്ണം 'നിനക്കു കനിവുതോന്നരുതു്'' (ആവ: 19.20). പകരത്തിനുപകരമെന്ന പ്രമാണം എല്ലാ നിയമരേഖകളിലുമുണ്ടു് (പുറ: 21.23_25, ലേവ്യ. 24.17_20).

'നീതിമാനെ നീതികരിക്കയും കുററക്കാരനെ കുററം വിധിക്കയും ചെയ്യുന്നതു ന്യായംതന്നെ. എന്നാൽ കുററത്തിൻെറ ഉത്തരവാദിത്വം കുററം ചെയ്യുന്ന വ്യക്തികാംക്ക മാത്രമാണെന്ന പ്രമാണത്തിൽ ക്രിമിനൽ നിയമം അധിഷ്ഠിതമായിരിക്കണം. 'മക്കാംക്ക പകരം അപ്പന്മാരും അപ്പന്മാർക്ക പകരം മക്കളും മരണശിക്ഷ അനുഭവിക്കരുതു്. പാപത്തിനു താന്താൻ മരണശിക്ഷ അനുഭവിക്കണം' (ആവ. 24.16). ശാരീരികശിക്ഷ ഒരിക്കലും കുററക്കാരൻെറ മനുഷ്യത്വം നിന്ദിക്കുന്ന വിധത്തിലായിരിക്കരുതു്. 'കുററക്കാരൻ അടിക്ക യോഗ്യനാകുന്നു എങ്കിൽ ന്യായാധിപൻ അവനെ നിലത്തുകിടത്തി അവൻെറ കുററത്തിനു തക്കവണ്ണം എണ്ണി അടിക്കണം. നാല്പതുഅടി അടിപ്പിക്കണം അതിൽ കവിയരുതു്. കവിഞ്ഞടിച്ചാൽ സഹോദരൻ നിൻെറ കണ്ണിനു നിന്ദിതനായിത്തീർന്നേക്കും' (ആവ. 25.1–3).

സഹോദരനെ കൊല്ലുന്നവൻ മരണശിക്ഷ അനുഭവിക്കണം. പ്രസ്തുത ശിക്ഷ നടപ്പാക്കുന്നതു് രക്തപ്രതികാരകനാണു്. എന്നാൽ 'ഒരുത്തൻ ഒരു കൂട്ടുകാരനെ അന്വേഷിച്ചു തരംനോക്കി കയർത്തു' കൊല്ലുന്നതും (ആവ. 19.11). 'അബദ്ധവശാൽ' കൊല്ലുന്നതും തമ്മിൽ ശിക്ഷയിൽ വ്യത്യാസമുണ്ടു്. 'പൂർവ്വദ്വേഷംകൂടാതെ അബദ്ധവശാൽ കൂട്ടുകാരനെ കൊന്നവൻ' മരണശിക്ഷയ്ക്കു അർഹനല്ല. ഈ ഭേദം പരിഗണിക്കാതെ 'രക്തപ്രതികാരകൻെറ മനസ്സിൻെറ ഉഷ്ണത്തോടെ' കൊലപാതകൻ കൊല്ലപ്പെടാതിരിക്കാൻ അവനു ഓടി രക്ഷ പ്രാപിക്കുന്നതിനു ചില പട്ടണങ്ങാം സങ്കേതനഗരങ്ങളായി വേർതിരിച്ചു നിയമിക്കപ്പെട്ടിരുന്നു. 'കൊല ചെയ്തവൻ സഭയുടെ മുമ്പാകെ വിസ്താരത്തിനു നില്ക്കുംവരെ' രക്ഷാസങ്കേതങ്ങളാണവ (ആവ. 19.1–13, സംഖ്യാ. 35 9–34). ശിക്ഷാർഹനായ കൊലപാതകൻ ആരെന്നും ന്യായവിധി എങ്ങനെ നടത്തണമെന്നും നിയമം വിശദീകരിക്കുകയും ചെയ്തു. പുറപ്പാടു പുസ്തകത്തിലെ JE കരടുനിയമത്തിൻെറ വികസനമാണു് ആവർത്തന (D), സംഖ്യാ

(P) പുസ്തകങ്ങളിൽ കാണുന്നതു്. 'ഒരു മനുഷ്യനെ അടിച്ചു കൊല്ലുന്നവൻ മരണശിക്ഷ അനുഭവിക്കണം. അവൻ കരുതിക്കൂട്ടാതെ അങ്ങനെ അവൻെറ കൈയ്യാൽ സംഭവിപ്പാൻ ദൈവം സംഗതി വരുത്തിയതായാൽ അവൻ ഓടിപ്പോകേണ്ടുന്ന സ്ഥലം ഞാൻ നിയമിക്കും. എന്നാൽ ഒരുത്തൻ കരുതിക്കൂട്ടി കൂട്ടുകാരനെ ചതിച്ചു കൊന്നതെങ്കിൽ അവൻ മരിക്കേണ്ടതിന്നു നീ അവനെ എൻെറ യാഗപീഠത്തിൽനിന്നും പിടിച്ചുകൊണ്ടു പോകണം' (പുറ. 21.12–14) ഇവിടെ യാഗപീഠമാണു് അഭയസ്ഥാനം. ആവർത്തന സംഖ്യാ നിയമങ്ങളിൽ പ്രത്യേക പട്ടണങ്ങളാണു്. ഉടൻ പ്രതികാരശിക്ഷയിൽ നിന്നു രക്ഷപ്പെട്ടശേഷം ശാന്തമായി പ്രസ്തുത കൊലപാതകവിവരം അന്വേഷിച്ചു് അതു പൂർവ്വദ്വേഷംവച്ചുകൊണ്ടു ചെയ്തെങ്കിൽ 'പട്ടണത്തിലെ മൂപ്പന്മാർ ആളയച്ചു അവനെ കൊല്ലേണ്ടതിന്നു രക്തപ്രതികാരകൻെറ കയ്യിൽ ഏല്പിക്കണം. നിനക്കു അവനോടു കനിവു തോന്നരുതു്' (ആവ. 19.3–13).

രാജധർമ്മവും ശ്രദ്ധേയമാണു്. രാജാവു് ജനങ്ങളിൽ നിന്നകന്നുപോയി ജനങ്ങളെ പീഡിപ്പിക്കാതിരിക്കണമെന്നതാണു് രാജധർമ്മത്തിൻെറ ഉദ്ദേശ്യം. 'നിൻെറ സഹോദരന്മാരുടെ ഇടയിൽനിന്നു് ഒരുത്തനെ നിൻെറമേൽ രാജവാക്കണം. എന്നാൽ അവന്നു കുതിര അനവധിയുണ്ടാകരുതു്... അവൻെറ ഹൃദയം മറിഞ്ഞുപോകാതിരിപ്പാൻ അനേകം ഭാര്യമാരെ അവൻ എടുക്കരുതു്. വെള്ളിയും പൊന്നും അധികമായി സമ്പാദിക്കയുമരുതു്. .... അവൻെറ ഹൃദയം സഹോദരന്മാർക്കു മീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പനവിട്ടു ഇടത്തോട്ടോ വലത്തോട്ടോതിരിയാതെയും ഇരിക്കേണ്ടതിന്നു....അവൻ തൻെറ ആയുഷ്കാലമൊക്കെയും (ഈ ന്യായപ്രമാണപുസ്തകം) വായിക്കയും വേണം (ആവ 17.15–17,20).

ശത്രുക്കളോടു യുദ്ധത്തിന്നു പോകുമ്പോൾ പുതിയ വീടു പണിതിട്ടു അതിൽ ഗൃഹപ്രവേശം കഴിയാത്ത

വരേയും മുന്തിരിത്തോട്ടം ഉണ്ടാക്കിട്ട ഫലം അനുഭവിക്കാത്തവരേയും വിവാഹ നിശ്ചയം കഴിഞ്ഞിട്ട് വിവാഹം കഴിക്കാത്തവരേയും സൈന്യത്തിൽനിന്നു ഒഴിവാക്കി അവരെ അവരുടെ ആഗ്രഹനിവൃത്തിക്കായി വിടണമെന്നു പ്രത്യേകം നിഷ്കർഷിക്കുന്ന നിയമത്തിൻെറ മനുഷ്യത്വം പ്രത്യേകം പ്രസ്താവ്യമാണ് (ആവ. 20.5–7)

**കുടുംബബന്ധങ്ങൾ**

കുടുംബബന്ധങ്ങൾ അപേക്ഷിച്ചിട്ടുള്ളതാണ് ന്യായപ്രമാണ നിയമങ്ങളിൽ ഒരു വലിയപങ്ക്. പത്തുകല്പനകളിൽ തന്നെ മൂന്നെണ്ണം കുടുംബബന്ധം സംരക്ഷിക്കാനുള്ളതാണ്. അമ്മയപ്പന്മാരെ ബഹുമാനിക്ക, വ്യഭിചാരം ചെയ്യരുത്, കൂട്ടുകാരൻെറ ഭാര്യയെ സ്വന്തമാക്കാൻ ആഗ്രഹിക്കരുത് എന്നിവ.

അമ്മയപ്പന്മാരുടെ 'വാക്കുകേൾക്കാതെയും അനുസരിക്കാതെയുമിരിക്കുന്ന ശഠനും മത്സരിയുമായ മകനെ' പട്ടണത്തിലെ മൂപ്പന്മാർ മുഖാന്തിരം ശിക്ഷണത്തിനും കഠിനശിക്ഷയ്ക്കും വിധേയമാക്കാൻ ന്യായപ്രമാണം വ്യവസ്ഥ ചെയ്യുന്നു (ആവ. 21.18–21). അമ്മയപ്പന്മാരെ ശപിക്കുന്ന മകൻ കഠിനശിക്ഷയ്ക്കു് അർഹനാണ് (ലേവ്യ. 20.9). പുരുഷനും സ്ത്രീയും വസ്ത്രങ്ങളിൽപോലും അവരുടെ വേറിട്ട പ്രത്യേക സ്വഭാവം സംരക്ഷിക്കണമെന്നു നിഷ്കർഷയുണ്ട്. 'പുരുഷൻെറ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്' (ആവ. 22.5). കന്യകാത്വവും വിവാഹബന്ധവും മലിനമാക്കുന്ന വ്യഭിചാരകൃത്യങ്ങൾക്കു അതികഠിന ശിക്ഷയാണ് യിസ്രായേൽ നിയമം വിധിച്ചത്. ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിച്ചശേഷം അവൾക്കു കന്യകാലക്ഷണം കണ്ടില്ലെന്നു പരാതിപ്പെട്ടാൽ അതു ശരിയെങ്കിൽ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലണം. അതു അസത്യമെങ്കിൽ അപവാദം പരത്തിയ ഭർത്താവ് സ്ത്രീയുടെ അപ്പനു പിഴനൽ

കയും ഉപേക്ഷിക്കാനുള്ള നിയമാവകാശം നഷ്ടപ്പെട്ട് അവൻ അവളെ ഭാര്യയായി സ്വീകരിക്കുകയും വേണം (ആവ. 22. 13_21), ഒരു കന്യകയുമായി ഒരു പുരുഷൻ ലൈംഗീക ബന്ധത്തിലേർപ്പെട്ടതു കണ്ടുപിടിക്കപ്പെട്ടാലും അവൻെറ ശിക്ഷ ഇതുപോലെതന്നെയത്രെ (ആവ. 22.28_29). വിവാഹിതയായ സ്ത്രീയുമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടാൽ പുരുഷനും സ്ത്രീയും 'മരണശിക്ഷ അനുഭവിക്കണം' (ആവ. 22.24). വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന ഒരു സ്ത്രീയും വിവാഹിതയായ ഒരു സ്ത്രീയും ഒരുപോലെ ഈ നിയമപരിധിയിൽ വരും (ആവ 22. 23_24), പുരുഷൻ യഥാർത്ഥമായി ബലാല്ക്കാരം ചെയ്തതാണെങ്കിൽ 'പുരുഷൻ മാത്രം മരണശിക്ഷ അനുഭവിക്കണം, യുവതിയോടോ ഒന്നും ചെയ്യരുതു്'' (ആവ. 22.25_27). വേശ്യാവൃത്തി യിസ്രായേലിൽ വിലക്കപ്പെട്ടിരുന്നു: 'യിസ്രായേലിൽ ഒരു വേശ്യ ഉണ്ടാകരുതു്. യിസ്രായേൽ പുത്രന്മാരിൽ പുരുഷമൈഥുനക്കാരും ഉണ്ടാകരുതു്'' (ആവ. 23.17). 'വേശ്യയുടെ കൂലി' യഹോവയുടെ ആലയത്തിൽ 'യാതൊരു നേർച്ചയായിട്ടും കൊണ്ടുവരരുതു്'' (23.18). ദുഷ്ക്കാമത്തിൽനിന്നുത്ഭവിക്കുന്ന അസ്വാഭാവിക ലൈംഗിക വേഴ്ചകളെല്ലാം ന്യായപ്രമാണം നിഷിദ്ധമായി കരുതി വിലക്കിയിരിക്കുന്നു. (ആവ. 27. 20_23, ലേവ്യ. 20.11_21).

വിവാഹ ഭാര്യയിൽ 'ദൂഷ്യമായ വല്ലതും കണ്ടിട്ട് അവനു് (ഭർത്താവിനു്) അവളോട്ട് അനിഷ്ടം തോന്നിയാൽ ഒരു ഉപേക്ഷണപത്രം എഴുതി കയ്യിൽകൊടുത്തു അവളെ വീട്ടിൽനിന്നു് അയയ്ക്കാൻ' ഭർത്താവിനു് അവകാശമുണ്ടു് (24.1). എന്നാലവരാംക്ക വേറൊരു പുരുഷൻെറ ഭാര്യയായിരിക്കാം. അവൻ ഉപേക്ഷിക്കയോ മരിക്കയോ ചെയ്താൽ തിരികെ ആദ്യത്തെ ഭർത്താവിനു് അവളെ സ്വീകരിച്ചുകൂടാ (24.2_4).

വിലക്കുകളുടെ ഈ പട്ടികയോടൊപ്പം വിവാഹജീവിതത്തിൻെറ സ്വാഭാവിക നന്മ ഊന്നി പ്രസ്താവി

ക്കുന്ന ഭാഗങ്ങളും ന്യായപ്രമാണത്തിലുണ്ട്. വിവാഹം കഴിഞ്ഞാൽ ഒരു വർഷക്കാലത്തേക്ക് പുരുഷൻ യുദ്ധത്തിനു പോകാനോ അതുപോലെ മററു ഭാരങ്ങൾ സഹിക്കാനോ രാഷ്ട്രം നിർബ്ബന്ധിക്കരുത്. വൈവാഹികജീവിതം ആസ്വദിക്കാൻ പുതുദമ്പതികളുടെ അവകാശം സമൂഹവും രാഷ്ട്രവും അംഗീകരിക്കണം. 'ഒരു പുരുഷൻ പുതുതായി ഒരു സ്ത്രീയെ പരിഗ്രഹിച്ചിരിക്കുമ്പോൾ അവൻ യുദ്ധത്തിനു പോകരുത്. അവൻെറമേൽ യാതൊരു ഭാരവും വെയ്ക്കരുത്. അവൻ ഒരു സംവത്സരത്തേക്കു വീട്ടിൽ സ്വതന്ത്രനായിരുന്ന് താൻ പരിഗ്രഹിച്ച ഭാര്യയെ സന്തോഷിപ്പിക്കേണം' (24:5). മാത്രമല്ല, പ്രേമത്തിനും വിവാഹത്തിനും വർഗ്ഗീയമോ ജാതീയമോ ആയ അതിരുകൾ വയ്ക്കാൻ പാടില്ല എന്ന പ്രമാണം ഒരളവിൽ ആവർത്തന നിയമങ്ങൾ അംഗീകരിക്കുന്നു. യിസ്രായേൽ യുദ്ധംചെയ്തു പിടിച്ച 'ബദ്ധന്മാരുടെ കൂട്ടത്തിൽ സുന്ദരിയായ സ്ത്രീയെ കണ്ടു ഭാര്യയായി എടുപ്പാൻ തക്കവണ്ണം അവളോടു പ്രേമം ജനിക്കുന്നു എങ്കിൽ നീ അവളെ വീട്ടിൽകൊണ്ടുപോകണം'. ഒരു മാസം അവൾ 'തൻെറ അപ്പനെയും അമ്മയെയും കുറിച്ചു ദുഃഖി'ക്കാൻ സമയം നൽകിയശേഷം അവളെ ഭാര്യയായി എടുക്കാം. ഭാര്യയായി കഴിഞ്ഞാൽ അവൾക്കു ഭാര്യയുടെ എല്ലാ അവകാശങ്ങളുമുണ്ട്. 'നിനക്കു അവളോടു ഇഷ്ടമില്ലാതെയായെങ്കിൽ അവളെ സ്വതന്ത്രയായി വിട്ടയയ്ക്കണം. അവളെ ഒരിക്കലും വിലയ്ക്കു വില്ക്കരുത്. നീ അവളെ പരിഗ്രഹിച്ചതുകൊണ്ട് അവളോടു കാഠിന്യം പ്രവർത്തിക്കരുത്' (ആവ. 21.10–14). ഒരു അടിമസ്ത്രീയെ യജമാനനോ പുത്രനോ ഭാര്യയായി സ്വീകരിച്ചുകഴിഞ്ഞാൽ ഇതേ അവകാശങ്ങൾ അവൾക്കുണ്ട്. 'ഒരുത്തൻ തൻെറ പുത്രിയെ ദാസിയായി വിററാൽ അവൾ ദാസന്മാർ പോകുന്നതുപോലെ പോകരുത്. അവളെ സംബന്ധത്തിനു നിയമിച്ച യജമാനനു അവളെ ബോധിക്കാതിരുന്നാൽ അവളെ വീണ്ടെടുപ്പാൻ അവൻ അനുവദിക്കണം. അവളെ ചതിച്ചതുകൊണ്ടു അന്യജാതിക്കു വിററുകളവാൻ അവനു

അധികാരമില്ല. അവൻ അവളെ തൻെറ പുത്രനു നിയമിച്ചു എങ്കിൽ പുത്രിമാരുടെ ന്യായത്തിനു തക്കവണ്ണം അവളോടു പെരുമാറണം. അവൻ മററൊരുത്തിയെ പരിഗ്രഹിച്ചാൽ ഇവളുടെ ഉപജീവനവും ഉടുപ്പും വിവാഹമുറയും കുറെയ്ക്കരുതു്. ഈ മൂന്നു കാര്യവും അവൻ അവൾക്കു ചെയ്യാതിരുന്നാൽ അവളെ പണം വാങ്ങാതെ വിട്ടയയ്ക്കണം.' (പുറ. 21.7_11).

കുടുംബത്തിൽ ജ്യേഷ്ഠാവകാശം വളരെ പ്രാധാന്യമർഹിച്ചിരുന്നു. ഒരുത്തനു രണ്ടു ഭാര്യമാരുണ്ടായിരിക്കുകയും ഒരുത്തിയെ ഇഷ്ടമില്ലാതാകയും ചെയ്താലും അവളുടെ മകൻ ആദ്യജാതനെങ്കിൽ പിതാവു് 'തൻെറ സ്വത്തു പുത്രന്മാർക്കു ഭാഗിച്ചുകൊടുക്കുമ്പോൾ അനിഷ്ടയുടെ മകനായ ആദ്യജാതനുപകരം ഇഷ്ടയുടെ മകനു ജ്യേഷ്ഠാവകാശം കൊടുത്തുകൂടാ. തനിക്കുള്ള സകലത്തിലും രണ്ടു പങ്കു അനിഷ്ടയുടെ മകനു കൊടുത്തു് അവനെ ആദ്യജാതനെന്നു സ്വീകരിക്കണം. അവൻ അവൻെറ ബലത്തിൻെറ ആരംഭമല്ലോ. ജ്യേഷ്ഠാവകാശം അവനുള്ളതാകുന്നു' (ആവ. 21.15_17). അതുപോലെ വിവാഹം ചെയ്ത ജ്യേഷ്ഠൻ മകനില്ലാതെ മരിച്ചാൽ ഇളയ സഹോദരൻ ജ്യേഷ്ഠൻെറ ഭാര്യയെ പരിഗ്രഹിച്ചു ആദ്യജാതനു ജ്യേഷ്ഠൻെറ പേർ ഇടണമെന്ന ദേവരധർമ്മം കുടുംബ മര്യാദയായിരുന്നു. ആ മുറ നിവർത്തിക്കാഞ്ഞാൽ ജ്യേഷ്ഠൻെറ ഭാര്യക്കു 'പട്ടണവാതിക്കൽ മൂപ്പന്മാരുടെ അടുക്കൽ' പരാതിപ്പെടാം. അവിടെയും ഭർത്തൃസഹോദരനു ആ ധർമ്മം നിറവേററാൻ തയ്യാറില്ലെന്നു പ്രസ്താവിച്ചാൽ 'അവൻെറ സഹോദരൻെറ ഭാര്യ മൂപ്പന്മാർ കാൺകെ അവൻെറ അടുക്കൽചെന്നു് അവൻെറ കാലിൽനിന്നു ചെരുപ്പു അഴിച്ചു് അവൻെറ മുഖത്തു തുപ്പി സഹോദരൻെറ വീടു പണിയാത്ത പുരുഷനോടു ഇങ്ങനെ ചെയ്യു'മെന്നു പറയും. 'ചെരിപ്പഴിഞ്ഞവൻെറ കുടുംബം' എന്ന പേർ കുടുംബത്തിനു അപമാനമാണു് (25.5_10).

## പ്രകൃതിലോകം

സാമൂഹ്യബന്ധങ്ങളിൽ മാത്രമല്ല, മനുഷ്യജീവിതത്തിൻെറ പശ്ചാത്തലമായ പ്രകൃതി ലോകത്തോടുള്ള പെരുമാററത്തിലും മാനവികത പ്രകാശിപ്പിക്കണമെന്നു ന്യായപ്രമാണം അനുശാസിക്കുന്നു. യെഹൂദജനം മാംസഭുക്കുകളായിരുന്നു (ആവ. 14.11). എന്നാൽ അനാവശ്യമായ ക്രൂരത പക്ഷിമൃഗാദികളോടു കാട്ടരുതെന്നു് നിർ്ബന്ധം ഉണ്ടായിരുന്നു. പക്ഷിക്കൂട്ടിൽ നിന്നു 'നീ കുഞ്ഞുങ്ങളോടുകൂടെ തള്ളയെ പിടിക്കരുതു് ... തള്ളയെ വിട്ടുകളയണം. കുഞ്ഞുങ്ങളെ എടുത്തുകൊള്ളാം' (22.6–7). പക്ഷിമൃഗങ്ങളുടേതായാലും മാതൃത്വം ബഹുമാനിക്കപ്പെടണമെന്ന തത്വമായിരിക്കാം ഇവിടെ പ്രകടമാക്കിയിരിക്കുന്നതു്. 'ഒരു കാളയോ ചെമ്മരിയാടോ കോലാടോ പിറന്നാൽ ഏഴു ദിവസം തള്ളയുടെ അടുക്കൽ ഇരിക്കണം......പശുവിനെയോ പെണ്ണാടിനെയോ അതിനെയും കുട്ടിയെയും ഒരു ദിവസത്തിൽ അറുക്കരുതു്" (ലേവ്യ. 22.27–28). പ്രകൃതിയിലെ വേർതിരിവുകൾ ഇല്ലാതാക്കാൻ ഉദ്യമിക്കരുതു്. 'കാളയെയും കഴുതയെയും ഒന്നിച്ചുകൂട്ടി ഉഴരുതു്" (ആവ. 22.10). 'രണ്ടുതരം മൃഗങ്ങളെ തമ്മിൽ ഇണചേക്കരുതു്. നിൻെറ വയലിൽ കൂട്ടുവിത്തു വിതയ്ക്കരുതു്" (ലേവ്യ. 19.19) കാള മെതിക്കുമ്പോൾ അതു മെതിയിൽനിന്നു ആവശ്യമുള്ളതു ഭക്ഷിക്കാൻ സമ്മതിക്കണം. അതുകൊണ്ടു് 'കാള മെതിക്കുമ്പോൾ അതിനു മുഖക്കൊട്ട കെട്ടരുതു്" (ആവ. 25.4).

ഏതെങ്കിലും പട്ടണവാസികളോടു യുദ്ധം ചെയ്യുമ്പോൾ പട്ടണത്തിനു 'ചുററുമുള്ള വൃക്ഷങ്ങളെ കോടാലികൊണ്ടു വെട്ടിനശിപ്പിക്കരുതു്. അവയുടെ ഫലം നിനക്കു തിന്നാവുന്നതാകയാൽ അവയെ വെട്ടിക്കളയരുതു്. നീ പറമ്പിലെ വൃക്ഷത്തെ നിരോധിപ്പാൻ അതു മനുഷ്യനാകുന്നുവോ? തിന്മാനുള്ള ഫലവൃക്ഷമല്ലെന്നു അറിയുന്ന

വൃക്ഷങ്ങളെമാത്രം വെട്ടിക്കളയാം (ആവ. 20.19–20). മലമൂത്ര വിസർജ്ജനം ചെയ്തു് മനുഷ്യരുടെ അധിവാസ കേന്ദ്രങ്ങൾ മലിനമാക്കരുതു്. 'ബാഹ്യത്തിനു പോകുവാൻ നിനക്കു ഒരു സ്ഥലം പാളയത്തിനുപുറത്തുണ്ടായിരിക്കണം. നിൻെറ ആയുധങ്ങളുടെ കൂട്ടത്തിൽ ഒരു പാരയും ഉണ്ടായിരിക്കണം. ബാഹ്യത്തിനു ഇരിക്കുമ്പോൾ അതിനാൽ കുഴിച്ചു നിൻെറ വിസർജ്ജനം മൂടിക്കളയണം' (ആവ. 23.12–13).

## 2 ന്യായപ്രമാണവും യേശുക്രിസ്തുവും

യിസ്രായേൽജനത കനാനിൽവെച്ചു് അവരുടെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ ചില കാലങ്ങളിൽ നടപ്പിൽ വരുത്തിയതും, നടപ്പിൽവരുത്താൻ ഉദ്യമിച്ചിട്ടു സാദ്ധ്യമാകാതെ വന്നതും, ആദർശ സമൂഹമെന്ന നിലയ്ക്കു നടപ്പിൽ വരുത്തണമെന്നു അഭിലഷിച്ചതും ആയ നിയമങ്ങൾ ഒക്കെക്കൂടെ ഒരുമിച്ചുചേർത്തുള്ള സാമൂഹ്യ നിയമാവലികളാണു് മുകളിൽ വിവരിച്ചതു്. യിസ്റായേൽ ജനത്തിൽ വളർച്ച പ്രാപിച്ച സാമൂഹ്യ നീതിബോധത്തിൻെറയും മാനവികതയുടെയും പ്രകാശനമാണവ. മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെ ഇതര രാഷ്ട്രങ്ങളുടെ നിയമങ്ങളോടു ഇവയ്ക്കു കടപ്പാടുണ്ടെന്നു ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ടു്. പ്രാചീന സാമൂഹ്യ സാഹചര്യങ്ങളിൽ അന്വർത്ഥമായിരുന്ന ഈ നിയമങ്ങൾ ഇക്കാലത്തു അതേപടി സംഗതമല്ല. അങ്ങനെ ഒരു ശാശ്വതത്വം അവയുടെ വിശദാംശങ്ങൾക്കു ഉണ്ടെന്നു ധരിക്കുന്നതു് നിയമത്തിൻെറ ദൈവശാസ്ത്രത്തിലും സാമൂഹ്യ പരിതഃസ്ഥിതികളിലും ഉണ്ടായിക്കഴിഞ്ഞ ചരിത്രപ്രധാനമായ പരിവർത്തനങ്ങൾ മനസ്സിലാക്കാത്തതിൻെറ ഫലമാണു്.

ന്യായപ്രമാണത്തിൻെറ ദൈവശാസ്ത്രത്തിൽ യേശുക്രിസ്തുവിൻെറ സുവിശേഷം കൈവരുത്തിയ പരിവർത്തനം വിപ്ലവാത്മകമാണു്. അതിലേററംപ്രധാനം സാഹോ

ദര്യപ്രമാണം സാർവ്വത്രികമാക്കി എന്നതത്രെ. ആവർത്തന പ്പുസ്തകത്തിൽ സ്വജാതിയിലുള്ളവർ മാത്രമാണു് സഹോദ രൻ. സ്വജാതീയനും അന്യജാതിക്കാരനും തമ്മിൽ നീതി ബന്ധം അത്രകണ്ട ആവശ്യമില്ല. 'ജാതികാം' എന്നാൽ ന്യായപ്രമാണത്തിനു പുറത്തുള്ളവർ എന്നത്ഥം. 'നിന്റെ ദൈവമായ യഹോവ നിനക്ക വാഗ്ദത്തം ചെയ്തതുപോലെ നിന്നെ അനുഗ്രഹിക്കുന്നതുകൊണ്ട നീ അനേകം ജാതി കാംക്ക വായ്പകൊടുക്കും. എന്നാൽ നീ വായ്പ വാങ്ങുകയി ല്ല. നീ അനേകം ജാതികളെ ഭരിക്കും. എന്നാൽ അവർ നിന്നെ ഭരിക്കയില്ല' (ആവ. 15.6). 'സഹോദരനോട പ ലിശവാങ്ങരുതു്. അന്യനോട പലിശവാങ്ങാം' (23.19–20). എബ്രായ അടിമകാംക്ക സ്വാതന്ത്ര്യം നൽകാൻ ഉപാ ധികാം ന്യായപ്രമാണത്തിലുണ്ട്; അന്യജാതിക്കാരായ അ ടിമകളെ യെഹൂദകുടുംബങ്ങാംക്ക പരമ്പരാഗതമായ അ വകാശമാക്കുന്നതിനു ന്യായപ്രമാണം തടസ്സമായിരു ന്നില്ല. 'നിങ്ങളുടെ ശേഷം നിങ്ങളുടെ മക്കാംക്കും അ വകാശമായിരിക്കേണ്ടതിനു നിങ്ങാം അവരെ അവകാ ശമാക്കിക്കൊള്ളണം. യിസ്രായേൽ മക്കളായ നിങ്ങ ളുടെ സഹോദരന്മാരോടോ നിങ്ങാം കാഠിന്യം പ്രവത്തി ക്കരുതു്' (25.46). ന്യായപ്രമാണം സ്വജനങ്ങളുടെ ഇട യിൽ പാക്കുന്ന പരദേശികളോട സഹാനുഭൂതി നി ഷ്കർഷിക്കയും ഒരു നിയമത്തിൽ അവരെ സ്വദേശി കളെപ്പോലെ കരുതി സ്നേഹിക്കണമെന്നു ആവശ്യപ്പെ ടുകയും ചെയ്യുന്നു (ലേവ്യ. 19.33–34) എന്നതു ഇതിനൊ രു അപവാദമാണു്. അങ്ങനെ യിസ്രായേൽ ജാതി യുടെ സാധാരണ നിയമങ്ങളിൽ ഉാംപ്പെടാതിരുന്ന സാർവ്വത്രികപ്രമാണം വിപുലമാക്കയാണു് യേശുക്രിസ്തു ചെയ്യുന്നതു്. സഹോദരൻ ആരു്? കൂട്ടുകാരൻ ആരു്? എന്ന ന്യായശാസ്ത്രിയുടെ ചോദ്യത്തിനു ഉത്തരമാണു് 'നല്ല ശമര്യാക്കാരന്റെ' ഉപമ. കള്ളന്മാരുടെ കൈയ്യിൽ മുറിവേററു അർദ്ധപ്രാണനായി കിടന്ന വഴിയാത്രക്കാര നു് സ്വജാതീയരായിരുന്ന പുരോഹിതനും ലേവ്യനും അല്ല, അവനെകണ്ട മനസ്സലിഞ്ഞു ശുശ്രൂഷിച്ച രക്ഷിച്ച

വിജാതീയനായ ശമര്യാക്കാരനാണ് 'കൂട്ടുകാരനായിത്തിന്ന'തു് (ലൂക്കാ. 10.30–37). ജാതീയ വിഭാഗീയതകാംക്ക അതീതമായി സാവ്വത്രികമാണു് യഥാത്ഥ സാഹോദര്യം. അവശതയിലും ആവശ്യത്തിലും ഇരിക്കുന്ന ഏതു മനുഷ്യനും സഹോദരൻ. അവനു സഹായഹസ്തം നീട്ടുന്നതാണു് സാഹോദര്യത്തിൻെറ പ്രകാശനം.

യിസ്രായേലും ജാതികളും തമ്മിൽ വേർപ്പെടുത്തുന്ന ഭിത്തികാം ക്രിസ്തു ഉടച്ചുകളഞ്ഞു, ഇരുകൂട്ടരെയും ക്രിസ്തുവിൻെറ ഏകശരീരത്തിൽ ഒരുമിച്ചു ചേത്ത സംഭവമാണു് ക്രിസ്തീയ സുവിശേഷം ഘോഷിക്കുന്നതു് (എഫെ. 2). ജാതി എന്ന ഘടകം മാററി അതിനു പകരം മതം എന്ന മാനദണ്ഡം സാഹോദര്യത്തിൻെറ അടിസ്ഥാനമാക്കുകയാണു് യേശുക്രിസ്തു ചെയ്യതെന്നും, അതുകൊണ്ടു് ക്രിസ്തീയ വിശ്വാസികാം സഹോദരരും ക്രിസ്തേതരർ പുറംതള്ളപ്പെട്ടവരും എന്ന തത്ത്വമാണിവിടെ ഉറപ്പിക്കുന്നതെന്നും വിചാരിക്കുന്നതു് അബദ്ധമാണു്, ക്രിസ്തീയ വിശ്വാസികാം പരസ്പരം പുലത്തുന്ന സാഹോദര്യം മനുഷ്യജാതിയുടെ ആകമാന സാഹോദര്യം വ്യക്തമാക്കാൻ ഒരു ഉപാധി മാത്രമത്രെ. ക്രിസ്തീയ സാഹോദര്യം അടിസ്ഥാനപരമായി സവ്വമനുഷ്യരെയും ഉാംക്കൊള്ളുന്നതാണു്. 'അവർ മിസ്രയീമിൽനിന്നു ഞാൻ കൊണ്ടുവന്ന എൻെറ ദാസന്മാർ ആകകൊണ്ടു് അവരെ അടിമകളായി വില്ക്കരുതു്. അവനോടു കാഠിന്യം പ്രവത്തിക്കരുതു്'' (ലേവ്യ. 25.42). ഈ ന്യായപ്രമാണ വാക്യത്തിൽ ദൈവത്തിൻെറ വിമോചന പ്രവത്തനത്തിനു അവകാശികളായതുകൊണ്ടാണു് യിസ്രായേൽ വംശജക്കു പ്രത്യേക മാഹാത്മ്യം ഉള്ളതെന്ന സൂചനയാണു് കാണുന്നതു്. അതിൻെറ സ്ഥാനത്തു 'ആക്കുവേണ്ടി ക്രിസ്തു മരിച്ചുവോ' അവരാണു് ക്രിസ്തുവിൽ സഹോദരർ (1കൊരി. 8.11). ഇതു ക്രിസ്ത്യാനികാം മാത്രമല്ല സകല മനുഷ്യജാതിയുമാണു്. അതുകൊണ്ടു് വിശ്വാസികളുടെ കൂട്ടായ്മജീവിതത്തിൽ പ്രകടമാകുന്ന സാഹോ

ദര്യം ക്രിസ്തുവിൽ സകല മനുഷ്യക്കും സ്വാഭാവികമായി അവകാശപ്പെടാവുന്ന ഒന്നത്രെ. 'സകല മനുഷ്യരും ഞാൻ പാപത്തിൽനിന്നും മരണത്തിൽനിന്നും വീണ്ടെടുത്ത എന്റെ ദാസന്മാർ ആകകൊണ്ടു മനുഷ്യത്വത്തിനു ദിവ്യ മാഹാത്മ്യം ഉണ്ടു'' എന്ന വാചകം ക്രിസ്തീയ മാനവികതയുടെ അടിത്തറയായി പരിഗണിക്കാം. ജാതീയ മാനദണ്ഡം മാററിയതുകൊണ്ടു മാത്രമായില്ല, മത സമുദായത്തിന്റെ മാനദണ്ഡത്തിൽ സാഹോദര്യത്തിന്റെ പരിധി നിർണ്ണയിക്കുന്നതും തികച്ചും അക്രൈസ്തവമാണ്. എന്നാൽ ക്രിസ്തുവിലെ സാഹോദര്യത്തിന്റെ സാർവ്വത്രികത യഥാർത്ഥമാക്കാൻ കഴിയുന്നതു് അതു പ്രമാണമായി അംഗീകരിച്ചുകഴിഞ്ഞ വിശ്വാസികളുടെ കൂട്ടായ ജീവിതത്തിലായിരിക്കുമെന്നതിനാൽ സഭയുടെ കൂട്ടായ്മയ്ക്കു സവിശേഷമായ ഒരു ജീവിതമാനം ഉണ്ടായിരിക്കുമെന്നേയുള്ളു. 'നാം എല്ലാവക്കും, വിശേഷാൽ വിശ്വാസികാംക്കും നന്മ ചെയ്ക' (ഗലാ. 6.10) എന്ന പൗലൊസിന്റെ നിർദ്ദേശം ഈ നിലയിലാണ് വ്യാഖ്യാനിക്കേണ്ടതു് എന്നു തോന്നുന്നു.

മററുപ്രകാരത്തിലാലോചിച്ചാൽ 'വിശേഷാൽ' സ്നേഹിപ്പാനും കരുതാനും നമുക്കു് ഉത്തരവാദിത്വമുള്ള സാമൂഹ്യഘടകങ്ങാം എപ്പോഴും ഉണ്ടായിരിക്കും. എക്കാലത്തും സ്വന്തകുടുംബാംഗങ്ങളോടു നമുക്കു വിശേഷാൽ ഉത്തരവാദിത്വമുണ്ടു്. സമൂഹത്തിന്റെ മുഖ്യഘടകം മതസമുദായമായിരുന്ന കാലത്തു സ്വന്തം മതാനുസാരികളോടു വിശേഷ കടമ നിവ്വഹിക്കാനുണ്ടായിരുന്നു. മതേതരസമൂഹം വളർന്നുവരുന്ന ഇക്കാലത്തു് ജാതിമതഭേദമെന്യെ ഒരു ഭൂപ്രദേശത്തു ചെറിയ വൃത്തത്തിൽ പാർക്കുന്നവരുടെ സമൂഹത്തിനാണു് ഇന്നു കൂടുതൽ പ്രാധാന്യം. ഗാന്ധിജിയുടെ 'സ്വദേശി'പ്രമാണം നമ്മുടെ അടുത്ത ചുററുപാടിൽ വസിക്കുന്ന ജനങ്ങളോടു് നമുക്കു് വിശേഷാൽ ധാർമ്മിക ഉത്തരവാദിത്വമുണ്ടെന്നാണു് സമത്ഥിക്കുന്നതു്, പ്രത്യേകിച്ചു് സ്വന്തം ഗ്രാമത്തിലെ ജനങ്ങളോടു്. ഈ വിശേഷ കടമകാം സാർവ്വത്രിക സാഹോദര്യപ്രമാണത്തിനു്

വിരുദ്ധമല്ല, പ്രത്യുത അതിൻെറ സാക്ഷാത്ക്കാരമായിത്തന്നെ വ്യാഖ്യാനിക്കാവുന്നതാണ്. ചെറിയ വൃത്തം വലിയ വൃത്തത്തിനു് തുറന്നിരിക്കുമെങ്കിൽ, ചെറിയ തോതിൽ നാം യഥാർത്ഥമാക്കുന്ന സാഹോദര്യം സാർവ്വത്രിക മാനവ സാഹോദര്യത്തിലേക്കു് ചവിട്ടുപടിയായി ഭവിക്കാവുന്നതാണ്.

യേശുക്രിസ്തുവിൻെറ പ്രമാണം വരുത്തിയ വേറൊരു പരിവത്തനം ബാഹ്യ നിയമങ്ങളുടെ പ്രാധാന്യം കുറയ്ക്കാതെ, ആന്തരികമായ അവയുടെ ഉത്ഭവസ്ഥാനത്തിൻെറ പ്രാധാന്യം ഊന്നിപ്രസ്താവിച്ചതാണ്. കൊലയുടെ ആന്തരിക ഉത്ഭവം കോപത്തിൽ (മത്തായി. 5. 21–22); വ്യഭിചാരത്തിൻെറ ഉൽഭവം ഹൃദയമോഹത്തിൽ (മത്താ. 5. 27–28); കള്ളസത്യം സത്യത്തോടുള്ള ഭക്തിയില്ലായ്മയിൽ ആരംഭിക്കുന്നു (മത്താ. 5. 33–37). ആന്തരികോദ്ദേശ്യം സ്വാത്ഥപരമെങ്കിൽ നന്മപ്രവൃത്തികൾ തന്നെ ദോഷപൂണ്ണമായിരിക്കും. ഉദാഹരണമായി മാനം ലഭിക്കാൻ ആഗ്രഹിച്ചു കൊടുക്കുന്ന ഭിക്ഷ (മത്താ. 6. 2). മനുഷ്യൻ സ്വയത്തിൻെറ സംരക്ഷണം മുൻനിർത്തി നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതു് സ്വന്ത ജീവിതം സംബന്ധിച്ച ആകുലചിന്തയാലാണ്; അതാണ് മനുഷ്യത്വത്തിൻെറ കേന്ദ്രത്തിലുള്ള സാക്ഷാൽ ഇരുട്ടു്. അതു ദൈവത്തിൻെറ പിതൃത്വത്തിൽ വിശ്വാസമില്ലായ്മയിൽ നിന്നുദിക്കുന്നു (മത്താ. 6. 19–34).

യേശുക്രിസ്തുവിനു് ബാഹ്യനിയമങ്ങൾ പ്രധാനമല്ലെന്ന ചിന്താഗതി വിലപ്പോവില്ല. അന്തരാത്മവിലും ഭാവനയിലും ഉളവാകുന്ന ദോഷപ്രവണതകൾ ബാഹ്യലോകത്തു പ്രാവത്തികമാക്കുന്നതോടൊപ്പമാണ് അന്തരാത്മാവിലും ഭാവനയിലും തന്നെ അതു രൂഢമൂലമാകുന്നതു്. അതുകൊണ്ടു് പ്രാവത്തികമാക്കപ്പെട്ട ദുർമ്മോഹങ്ങളും, അതുപോലെ പ്രവത്തനമണ്ഡലത്തിൽ ഫലം പുറപ്പെടുവിക്കുന്നതിനുമുമ്പു് നിയന്ത്രിക്കപ്പെടുന്ന ദുർമ്മോഹങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നു് യേശുക്രിസ്തു

വിൻെറ മലപ്രസംഗത്തെ വ്യാഖ്യാനിക്കുന്നതു് ആപ ത്താണു്. കൊല, വ്യഭിചാരം, കള്ളസാക്ഷ്യം, ദൂഷ ണം തുടങ്ങിയവ മോഹത്തിലാണു് ഉൽഭവിക്കുന്നതു്; അതുകൊണ്ടു് ആളത്തത്തിൻെറ ആ മണ്ഡലത്തിലാണു് മുളയിലെ അവ നുള്ളിക്കളയേണ്ടതു്, മാത്രമല്ല അങ്ങനെ ദുർമ്മോഹങ്ങൾ ഉദിക്കാതെവണ്ണം ആളത്തത്തിൻെറ ആത്മീയ പരിവർത്തനം ആവശ്യമാണു്. 'നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായിക്കുന്നു. ആകാത്ത വൃക്ഷ മോ ആകാത്ത ഫലം കായിക്കുന്നു. നല്ല വൃക്ഷത്തിനു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിനു് നല്ല ഫലവും കായ്പാൻ കഴികയില്ല' (മത്താ. 7. 17–18). യേശുക്രി സ്തുവിനും ബാഹ്യഫലം പ്രധാനമാണു്. അതിനായി ട്ടത്രെ വൃക്ഷം നല്ലതായിരിക്കണമെന്നു യേശു നിഷ്കർ ഷിക്കുന്നതു്. ഫലങ്ങളാലാണു് വൃക്ഷം നല്ലതോ ചീ ത്തയോ എന്നു തിരിച്ചറിയുന്നതുതന്നെ. 'നല്ല ഫലം കാ യ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആക യാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരി ച്ചറിയും' (മത്താ. 7. 19–20). ദൈവത്തിൻെറ 'ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു്' (മത്താ. 7. 21). അങ്ങനെ 'ന്യായപ്രമാണം നീക്കു'കയല്ല അ തിനു് മനുഷ്യാളത്തത്തിൽ ആന്തരീകാടിസ്ഥാനം നൽ കി ഉറപ്പാക്കുകയാണു് യേശുക്രിസ്തു.

മനുഷ്യത്വത്തോടുള്ള ആദരവും സ്നേഹവുമാണു് സാ മൂഹ്യബന്ധങ്ങളെ നിയന്ത്രിക്കുന്ന ന്യായപ്രമാണ ചട്ടങ്ങ ളുടെ സാരാംശമെന്നു് യേശുക്രിസ്തു വ്യക്തമാക്കിയതും ദൈവശാസ്ത്രമണ്ഡലത്തിലെന്നപോലെ സാമൂഹ്യ ശാസ്ത്ര രംഗത്തും ഒരു വിപ്ലവമാണു് കൈവരുത്തിയതു്. 'ശബ്ബ ത്തു മനുഷ്യനുവേണ്ടിയാണു്. മനുഷ്യൻ ശബ്ബത്തിനുവേ ണ്ടിയല്ല' (മർക്കോ. 2: 27 POC തർജ്ജമ *) എന്ന പ്ര

---

* കേരള കാത്തലിക് ബിഷപ്പ്സ് കൌൺസലിൻെറ നിർ ദ്ദേശമനുസരിച്ച് കൊച്ചിയിലെ പാസ്ററൽ ഓറിയൻേറ ഷൻ സെൻറർ തയ്യാറാക്കിയ വിവർത്തനം.

ഖ്യാപനം സകല നീതി നിയമാവലികളെയും നിരന്തരം വിലയിരുത്തുന്നതിനുള്ള മാനദണ്ഡം നൽകുകയാണ്. അതു നിരന്തര നവീകരണത്തിൻെറ ആയുധവുമത്രെ. ഒരു ചട്ടവും അന്തിമമായി ശാശ്വതമോ അലംഘനീയമോ അല്ലതന്നെ. ഒരു നിയമമമെയുള്ളു ശാശ്വതമായതു്. കൂട്ടുകാരനെ സ്നേഹിക്ക, അവൻെറ ആളത്തം ആദരിക്ക, 'ഏററവും ചെറിയ' മനുഷ്യൻെറ വികസനത്തിനു മതസാമൂഹ്യ സ്ഥാപനകളും ആചാരങ്ങളും ചട്ടങ്ങളും ഉപകരിക്കണം. ഈ ശാശ്വതനിയമത്തിൻെറ പ്രകാശനമായി നിയമങ്ങളും ചട്ടങ്ങളും സ്ഥാപനകളും ആചാരങ്ങളും അതാതു കാലത്തു് പ്രസക്തമാകുംവണ്ണം ഉണ്ടാക്കുക. വിശപ്പ്, ദാഹം, നഗ്നത, രോഗം, തടവ് ഇവ അനുഭവിക്കുന്ന 'എൻെറ ഈ ഏററം ചെറിയ സഹോദരന്മാരിൽ ഒരുത്ത'നോടു എന്തു ചെയ്യുന്നു എന്നതനുസരിച്ചാണു് ജാതികളും സാമൂഹ്യ വ്യവസ്ഥിതികളും അന്ത്യമായി വിധിക്കപ്പെടുന്നതു് (മത്താ. 25.31–46). യേശുക്രിസ്തുവിൻെറ ഈ പ്രഖ്യാപനം ശ്രദ്ധേയമാണ്.

ഇതുമൂലം ചട്ടങ്ങളുടെ അക്ഷരങ്ങളിൽ കുടുങ്ങി അവയുടെ അടിസ്ഥാന ഉദ്ദേശ്യങ്ങളിൽനിന്നു അന്യപ്പെട്ടു സ്തംഭിച്ചുപോകാതെ, ചരിത്രത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ പരിതഃസ്ഥിതികളിൽ പ്രസ്തുത ചട്ടങ്ങൾ നവീകരിച്ചു അവയ്ക്കു പുതിയ രൂപങ്ങൾ നൽകത്തക്കവണ്ണം അവയ്ക്കു ചലനാത്മകത്വം ലഭിക്കുന്നു. മരുഭൂമിയിൽ യാത്രചെയ്യുന്നവരുടെ സാമൂഹ്യനിയങ്ങൾ കനാനിൽ നടപ്പിലാകയില്ല. കനാനിൽതന്നെ രാജവാഴ്ച തുടങ്ങി, അതിനു ചുററും സാമ്പത്തിക താല്പര്യങ്ങൾ സ്ഥാപിതവർഗ്ഗമായി രൂപം പ്രാപിച്ച കാലത്തു് അതിനുമുമ്പുള്ള നിയമങ്ങൾക്കു സാംഗത്യമില്ല. ഉത്പാദനശേഷി കുറവായിരിക്കമൂലം ദാരിദ്ര്യം ഉച്ചാടനം ചെയ്വാൻ സാധ്യതയില്ലായിരുന്ന കാലത്തു് ഉളവായ ദാനധർമ്മ നിയമങ്ങൾ, ദാരിദ്ര്യം ഇല്ലാതാക്കാൻ തക്ക ഉത്പാദനശേഷി ഉണ്ടായിട്ടും വർഗ്ഗചൂഷണം ഹേതുവായിമാത്രം നിലനില്ക്കുന്നതു് ആധുനിക മുതലാളിത്തത്തിൻെറ ദൂഷ്യവ

ശമാണ്. അതുകൊണ്ട് ദാനധർമ്മനിയമങ്ങളെക്കാൾ സാമ്പത്തിക ചൂഷണം ഇല്ലാതാക്കുന്ന നീതി ഘടനകൾക്കാണ് ഇന്നു ന്യായമായി പ്രാധാന്യം കൊടുക്കേണ്ടതു്. പണ്ടു ദാനധർമ്മ പ്രവർത്തനങ്ങളുടെ പിന്നിലുണ്ടായിരുന്ന അതേ സ്നേഹപ്രമാണമാണ് ഇന്നു നീതിപൂർവ്വമായ സാമൂഹ്യ സാമ്പത്തികഘടനകൾ ആവിഷ്ക്കരിക്കാനുള്ള യത്നങ്ങൾക്കു പ്രേരണ നൽകുക. അങ്ങനെ സ്നേഹമാണ് അന്തിമന്യായപ്രമാണസാരമെന്ന യേശുക്രിസ്തുവിൻെറ ദർശനം സാമൂഹ്യ നീതിനിയമങ്ങളുടെ പുരോഗതിക്ക് അടിസ്ഥാനമായി ഭവിക്കുന്നു. ഒരർത്ഥത്തിൽ ഇങ്ങനെ നിർമ്മിതമാകുന്ന പുതിയ നിയമങ്ങളും ചട്ടങ്ങളും പഴയ നിയമങ്ങളുടെയും ചട്ടങ്ങളുടെയും നിഷേധമായിത്തന്നെ തോന്നാം. എന്നാൽ അവ കാലത്തിനൊത്ത നീതിധർമ്മം സാക്ഷാത്ക്കരിക്കുകയാണ്, സ്നേഹപ്രമാണം യാഥാർത്ഥ്യമാക്കുകയാണ്.

യേശുക്രിസ്തു സ്നേഹത്തിൽ അധിഷ്ഠിതമായ നീതിയുടെ പുതിയ രൂപം മാത്രമല്ല, പുതിയ മാനവും സൃഷ്ടിച്ചു. ക്രിസ്തീയനീതി മോശെയുടെ നീതി മറികടന്നു ദൈവനീതി പ്രകാശിപ്പിക്കുന്നു. കൂട്ടുകാരനെ മാത്രമല്ല, ശത്രുവിനെയും സ്നേഹിക്കണം, ശത്രുവിൻെറ ആളത്തത്തിൻെറ അസ്തിത്വം അംഗീകരിച്ചുവേണം സമൂഹം കെട്ടിപ്പണിയുവാൻ. 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനുതന്നെ. അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തൻെറ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ' (മത്താ. 5.45). മനുഷ്യർ ചെയ്ത കുററത്തിനു തുല്യമായി 'പകരം' കൊടുക്കുന്ന ന്യായമുണ്ടു് (ആവ. 19.20). എന്നാൽ തിന്മയ്ക്കു പകരം നന്മചെയ്യുന്ന നീതിയാണ് ക്രിസ്തു പ്രഖ്യാപിക്കുന്നതു് (മത്താ. 5.38_42).

ധാർമ്മികനിയമം മുൻനിർത്തി ധാർമ്മികൻ സ്വയം നീതികരിക്കുന്നതിലും അന്യരെ വിധിക്കുന്നതിലും

സ്നേഹമില്ലായ്മ പ്രകടമാക്കുന്നു. പരീശന്റെ ധർമ്മരോഷം അനീതിയുടെ ഉറവയാണ്; അധാർമ്മികന്റെ അനുതാപത്തിൽ നീതിയുടെ ഉറവയും ഉണ്ട്—ഈ സത്യങ്ങൾ യേശു പഠിപ്പിച്ചു. 'വിധിക്കരുത് .. മുമ്പെ സ്വന്ത കണ്ണിലെ കോൽ എടുത്തുകളക' (മത്താ. 7:1–5). ചുങ്കക്കാരനും പരീശനും ദേവാലയത്തിൽ പ്രാൎത്ഥിപ്പാൻ പോയി; ചുങ്കക്കാരൻ നീതികരിക്കപ്പെട്ടു, പരീശൻ സ്വയം നീതിയിൽ സ്ഥിരപ്പെട്ടു ചുങ്കക്കാരനെ വിധിച്ചും തിരികെ പോകുന്നു. ഈ ഉപമയുടെ സമീപനം യേശുവിന്റെ ധർമ്മശാസ്ത്രത്തിന്റെ പുതിയ ചക്രവാളം വ്യക്തമാക്കുന്നു. ദൈവനീതിയിൽ പാപമോചനത്തിന്റെ സ്ഥാനം, സാമൂഹ്യജീവിതത്തിൽ അധാർമ്മികർക്കു അനുതാപത്തിനു അവസരം കൊടുക്കുന്ന നിയമവ്യവസ്ഥ, രാഷ്ട്രത്തിൽ കുററവാളിയുടെ ന്യായവിധിയിൽ കരുണ— ഇവയൊക്കെ മോശെയുടെ ധർമ്മശാസ്ത്രത്തിനതീതമായ യേശുക്രിസ്തുവിന്റെ ധർമ്മശാസ്ത്രത്തിൽനിന്നു് ഉടലെടുക്കുന്നു.

ഒരർത്ഥത്തിൽ യേശുക്രിസ്തുവിന്റെ ഈ നീതിശാസ്ത്രം ആവൎത്തനപ്പുസ്തകത്തിലെ കരുണയില്ലാത്ത ന്യായപ്രമാണത്തിനു വിരുദ്ധമാണു്. ആവൎത്തനപ്പുസ്തകത്തിൽ നിയമ ലംഘനങ്ങൾക്കു കൎശമായ ശിക്ഷയാണു്; കൂടുതലും മരണശിക്ഷതന്നെ (ആവ. 21.21; 22. 21–24; 24.7). 'ഇനി നിങ്ങളുടെ ഇടയിൽ അതുപോലെയുള്ള ദോഷം നടക്കാതിരിക്കേണ്ടതിനു ശേഷമുള്ളവർ കേട്ടു ഭയപ്പെടത്തക്കവണ്ണം (ആവ. 19. 20; 21. 21) കഠിനമായിരിക്കണം; 'നിനക്കു കനിവുതോന്നരുതു്' (ആവ. 19.20; 25.12). കുററവാളിയുടെ ആത്മനവീകരണം ഇവിടെ പരിഗണനയിലില്ലതന്നെ.

വേറൊരർത്ഥത്തിൽ ആവൎത്തനപ്പുസ്തകത്തിലെ ന്യായപ്രമാണത്തിൽനിന്നുണ്ടായ പരിണാമത്തിന്റെ ഫലമാണു് ക്രിസ്തുവിന്റെ നിയമങ്ങൾ. ആവൎത്തനപ്പുസ്തകത്തിൽതന്നെ ദൈവത്തിന്റെ കൃപാ പ്രവൃത്തികളിലാ

ണ് ന്യായപ്രമാണം നിലനില്ക്കുന്നതു്. പ്രസ്തുത കൃപ ദൈവനീതിയുടെ ഒരു അവിഭാജ്യ ഘടകമാക്കുക മാത്രമാണു് യേശുക്രിസ്തു ചെയ്തതു്. ആ നിലയ്ക്കു കൃപ യാൽ നീതീകരണം ന്യായപ്രമാണത്തിനു ഉപരിയാ ണെങ്കിലും അതിൽനിന്നു് ഒരു വളർച്ചയായി വ്യാഖ്യാ നിക്കാം. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ മോശെയുടെ ന്യായപ്രമാണപ്രകാരം (ആവ 22. 22) കല്ലെറിഞ്ഞു കൊല്ലുന്നതിനു സ്വയം നീതിയോടുകൂടെ സമ്മേളിച്ച യെഹൂദരോടും സ്ത്രീയോടുതന്നെയും യേശുവി ൻെറ സമീപനം അവൻെറ സ്നേഹന്യായപ്രമാണത്തി ൻെറ അടിത്തറയും വ്യാപ്തിയും തെളിയിക്കുന്നു. യേശു 'നിവർന്നു നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലു് എറിയട്ടെ എന്നു അവരോടു പറഞ്ഞു. പിന്നെയും കുനിഞ്ഞു വിരൽകൊണ്ടു നിലത്തു എഴുതി ക്കൊണ്ടിരുന്നു. അവർ അതു കേട്ടിട്ടു മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോ രുത്തനായി വിട്ടുപോയി. യേശു മാത്രവും നടുവിൽ നില്ക്കുന്ന സ്ത്രീയും ശേഷിച്ചു. യേശു നിവർന്നു അവ ളോടു: സ്ത്രീയേ അവർ എവിടെ? നിനക്കു ആരും ശിക്ഷ വിധിച്ചില്ലയോ എന്നു ചോദിച്ചതിനു: ഇല്ല കർത്താവേ, എന്നവൾ പറഞ്ഞു. ഞാനും നിനക്കു ശിക്ഷ വിധിക്കു ന്നില്ല. പോക, ഇനി പാപം ചെയ്യരുതു് എന്നു യേശു പറഞ്ഞു' (യോഹ 8.7_11), സകലരും പാപികളെന്ന നിലയ്ക്കു ശിക്ഷ്യാർഹരാണു്. ദൈവക്ഷമ ആവശ്യമുള്ളവ രാണു്. അതുകൊണ്ടു കുററക്കാരെ ശിക്ഷിച്ചു, ശിക്ഷാ വിധിയുടെ ഭയംകൊണ്ടു സമൂഹത്തെ സംരക്ഷിക്കുക മാ ത്രമല്ല, പാപക്ഷമ നല്കി അവരെ വീണ്ടെടുക്കുന്നതും സ്നേഹപ്രമാണത്തിൻെറ ഉത്തരവാദിത്വത്തിൽ ഉൾപ്പെ ടുന്നു.

ഭാര്യാഭർത്തൃബന്ധം സംബന്ധിച്ച ധർമ്മം രൂപപ്പെ ടുത്തുന്നതിൽ യേശുക്രിസ്തു സൃഷ്ടി നിയമം, മോശെയുടെ നിയമം, കൃപയുടെ നിയമം ഇവ മൂന്നും ചർച്ച ചെയ്യു ന്നതായി കാണാം. 'സൃഷ്ടിയുടെ ആരംഭത്തിങ്കൽ' ദൈ

വം മനുഷ്യനെ 'ആണും പെണ്ണുമായി ഉണ്ടാക്കി', ഭാര്യാഭർത്തൃബന്ധത്തിൽ 'ഏകദേഹ' പ്രമാണം നിയമിച്ചു. അതുകൊണ്ടു സൃഷ്ടിനിയമപ്രകാരം 'ദൈവം യോജിപ്പിച്ച' ഇരുദേഹങ്ങളെ 'മനുഷ്യൻ വേർപിരിക്കരുതു്' (മക്കോ. 10.6_9). 'എന്നാൽ മനുഷ്യപാപത്തിൻെറ ഫലമായ ഹൃദയകാഠിന്യം നിമിത്തം' മോശെയുടെ ന്യായപ്രമാണം 'ഉപേക്ഷണ പത്രം എഴുതിക്കൊടുത്തു' വിവാഹം വേർപെടുത്താൻ അനുവാദം നല്കി (മക്കോ. 10 4_5). ദൈവത്തിൻെറ പാപമോചനം ഭാര്യാഭർത്തൃബന്ധത്തിൽ വരുന്ന വികലതകൾ പരിഹരിച്ചു് ഭാര്യാഭർത്താക്കന്മാർ പരസ്പരം ക്ഷമിക്കുന്നതിനു പശ്ചാത്തലം സൃഷ്ടിക്കയും, വീണ്ടെടുപ്പിൻെറ ഫലമായ ആത്മികശരീരത്തിൽ അവരെ ഏകദേഹബന്ധത്തിൽ വീണ്ടും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. 'ഞാനും ശിക്ഷ വിധിക്കുന്നില്ല. പോക; ഇനി പാപം ചെയ്യരുതു്'. ഈ മൂന്നു നിയമരൂപങ്ങൾക്കും അതതിൻെറ സ്ഥാനത്തും, അന്യോന്യം ബന്ധിച്ചും, ക്രൈസ്തവധർമ്മശാസ്ത്രത്തിൽ സാംഗത്യമുണ്ടു്. സൃഷ്ടിനിയമം, പാപത്തിൻെറ ദോഷഫലങ്ങൾ നിയന്ത്രിക്കുന്ന ന്യായപ്രമാണ നിയമം, കൃപയിൽ പുനരുദ്ധാരണനിയമം_ഇവ മൂന്നും സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലെല്ലാം ഗൗരവമായി ക്രൈസ്തവസഭ പരിഗണിക്കേണ്ടതാണു്.

എന്നാൽ യേശുക്രിസ്തുവിൻെറ ധർമ്മശാസ്ത്രത്തിൻെറ അടിത്തറയും ചട്ടക്കൂടും യിസ്രായേലിനു കനാൻ എന്നപോലെ മനുഷ്യജാതിക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നതും കാലത്തികവിങ്കൽ പ്രത്യക്ഷമാകുന്നതുമായ ദൈവരാജ്യമാണു്. 'കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ടു് സുവിശേഷത്തിൽ വിശ്വസിപ്പിൻ' (മക്കോ 1.15). ഈ പ്രഖ്യാപനത്തോടുകൂടെയാണു് യേശുക്രിസ്തു പരസ്യശുശ്രൂഷ ആരംഭിക്കുന്നതു്. ഏതു ചരിത്രഘട്ടത്തിലും ദൈവരാജ്യം വ്യക്തികളായും സമൂഹങ്ങളായും മനുഷ്യർക്കു് സമീപമാണു്. മനുഷ്യൻെറയും ലോകരാജ്യങ്ങളുടെയും പരമമായ അന്തമാ

ണത്തു്. അതുകൊണ്ടു് അതിൻെറ പ്രകാശത്തിൽ ദൈവത്തിൻെറ 'സൽഗ്ഗുണസമ്പൂർണ്ണത'യാണു് (മത്താ. 5.48) മനുഷ്യരിൽനിന്നാവശ്യപ്പെടുന്നതു്. ദൈവരാജ്യധർമ്മത്തോടു മനുഷ്യൻെറ ഈ ആത്യന്തിക ഉത്തരവാദിത്വത്തിൻെറ മുമ്പിൽ സ്വന്തം ജീവിതം പുലത്തുന്നതിനും ലോകരാജ്യങ്ങൾ നിലനിത്തുന്നതിനുമുള്ള മനുഷ്യൻെറ ഉത്തരവാദിത്വങ്ങൾ ഏതുമില്ല: എന്നാൽ ദൈവരാജ്യധർമ്മം അന്വേഷിക്കുമ്പോൾ മനുഷ്യൻെറ ഇതര ജീവിതധർമ്മങ്ങൾ എല്ലാം നിറവേററപ്പെടും. 'മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും' (മത്താ. 6.23). ദൈവനീതിയെപ്പററിയുള്ള ഈ വിപ്ലവകരമായ ദർശനത്തിൻെറ പ്രകാശത്തിൽമാത്രമെ യേശുക്രിസ്തുവിൻെറ ധാർമ്മികോപദേശത്തിൻെറ സാരാംശം വ്യക്തമാകൂ.

കൂടാതെ, ദൈവരാജ്യവും നീതിയും ക്രിസ്തുവിൻെറ സ്വന്ത ജീവിതത്തിൽക്കൂടെ മാനവ ചരിത്രത്തിൽ പ്രവേശിച്ചിരിക്കുന്നു. 'ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു; സ്പഷ്ടം' (മത്താ. 12.28). തൻെറ ക്രൂശാരോഹണത്തിൽ ലോകരാജ്യങ്ങളുടെ ന്യായവിധി ഉണ്ടാകയും 'ഈ ലോകപ്രഭു' പുറത്തു തള്ളപ്പെടുകയും ചെയ്യും (യോഹ. 12. 31); തൻെറ ഉയിർത്തെഴുന്നേല്പിലും പരിശുദ്ധാത്മദാനത്തിലും ദൈവരാജ്യം ലോകചരിത്രത്തിൽ ശക്തമാകും, കാലാന്തരത്തിൽ താൻ 'പിതാവിൻെറ മഹത്വത്തിൽ' പ്രത്യക്ഷപ്പെടുമ്പോൾ ദൈവരാജ്യം പൂർണ്ണമായി വെളിപ്പെടും. (മത്താ. 24. 30). ഈ ഉപദേശങ്ങളിൽ ലോകത്തിലെ ദൈവരാജ്യ ചരിത്രം സ്വന്ത ജീവിത ചരിത്രത്തോടു യേശു ബന്ധിക്കുന്നതായി സുവിശേഷങ്ങളിൽകാണുന്നു. അങ്ങനെ ദൈവരാജ്യധർമ്മം യേശുക്രിസ്തുവിൻെറ ജീവീതത്തിൽ, വിശേഷാൽ ക്രൂശിൽ, പ്രകാശിച്ചിരിക്കുന്നു എന്നു വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ക്രൂശിൻെറ ഈ ധമ്മം കുടുംബം, സാമ്പത്തിക ഘടന, ഭരണകൂടം, സംസ്കാരം എന്നീ മേഖലകളിൽ പാലിക്കപ്പെടേണ്ട ദൈവത്തിൻെറ സൃഷ്ടിനിയമങ്ങളെ റദ്ദാക്കുന്നില്ല; അതുപോലെ, ഹൃദയകാഠിന്യം ഉള്ള ലോകത്തിൻെറ നിയന്ത്രണത്തിനുവേണ്ടി ഈ രംഗങ്ങളിൽ ആവശ്യമായ നീതിന്യായ ശിക്ഷാനിയമങ്ങളെയും ക്രൂശിൻെറ ധർമ്മം ഇല്ലാതാക്കുന്നില്ല. മറിച്ച്, എല്ലാ ധർമ്മശാസ്ത്രങ്ങളെയും വിലയിരുത്താനും രൂപാന്തരപ്പെടുത്താനും ഉള്ള ശക്തിയായി ക്രൂശിൽ വെളിപ്പെട്ട കൃപയിൽ പുനരുദ്ധാരണ നിയമം നിലകൊള്ളും.

## 3. ആധുനികരണവും നിയമങ്ങളുടെ സാമൂഹ്യശാസ്ത്രവും

നിയമങ്ങളുടെ ദൈവശാസ്ത്രത്തിൽ യേശുക്രിസ്തു ഉണ്ടാക്കിയ വ്യതിയാനങ്ങളാണ് മുകളിൽ ചർച്ച ചെയ്തതു്. നിയമങ്ങളുടെ സാമൂഹ്യശാസ്ത്രത്തിൽ ആധുനികരണം ഉളവാക്കിയ പരിവർത്തനങ്ങളും നാം പരിഗണിക്കേണ്ടതുണ്ട്.

ആധുനികരണം എന്ന പ്രക്രിയയിൽ രണ്ടു പ്രതിഭാസങ്ങളാണ് എടുത്തു പറയേണ്ടവ. ഒന്ന്, ശാസ്ത്രീയ യന്ത്രവൽക്കരണംമൂലം സാമൂഹ്യവ്യവസ്ഥിതിയിൽ ഉണ്ടായിക്കഴിഞ്ഞതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ മാററങ്ങളാണ്. ഉത്പാദനശേഷിയുടെ പുരോഗതിമൂലം ദാരിദ്ര്യം ഉച്ചാടനംചെയ്യാൻ കഴിയുമെന്ന വിശ്വാസം വളരുന്നു. ഒരു മനുഷ്യൻെറ വാസസ്ഥാനം, സമുദായം, തൊഴിൽ, അയല്ക്കാർ എന്നിവ പരമ്പരാഗതമായ സമൂഹങ്ങളിൽ നിശ്ചലവും സ്ഥിരവുമായിരുന്നെങ്കിൽ ഇന്നു അവ മാറിക്കൊണ്ടിരിക്കുന്നു. വ്യവസായശാലകളുടെ ചുററും പുതിയ നഗരങ്ങൾ ഉയരുകയും അവിടേക്കു ഗ്രാമീണർ കുടിയേറുകയും ചെയ്യുന്നു. മനുഷ്യർ പരസ്പരം അറിയാനുള്ള സാങ്കേതിക ഉപാധികളുടെ പുരോഗതി

മൂലം ലോകം ഒരു ഗ്രാമമായി മാറുന്നു; ഒരർത്ഥത്തിൽ ലോകത്തിൽ ജീവിക്കുന്ന എല്ലാവരും അയല്ക്കാരായി ഭവിക്കുന്നു. ഈ മാററങ്ങളെല്ലാം പരമ്പരാഗതമായി നിലവിലിരുന്ന നിയമങ്ങളെയും ചട്ടങ്ങളെയും പഴഞ്ചനാക്കിത്തീർക്കുന്നു. അയൽക്കാരോടു സ്നേഹം പ്രകാശിപ്പിക്കുന്നതിനു് നവംനവങ്ങളായ സാമൂഹ്യ ഘടനകളും നീതിനിയമങ്ങളും ഉണ്ടാകാതെ നിർവ്വാഹമില്ല.

രണ്ടാമതു്, ഇതേവരെ സമൂഹത്തിൽ താഴെക്കിടയിൽ മർദ്ദിതരായി കഴിഞ്ഞുകൂടിയ ജനലക്ഷങ്ങളുടെ ഉണർവ്വും സമത്വം ഉൾക്കൊള്ളുന്ന നീതിക്കുവേണ്ടിയുള്ള ദാഹവും ആധുനികരണത്തിൻെറ ഒരു മൗലിക പ്രതിഭാസമാണു്. സാമൂഹ്യനീതിയുടെ ഈ പുതിയ ദർശനം ദേശീയവും അന്തർദേശീയവുമായ സാമൂഹ്യ സാമ്പത്തിക ഘടനകളുടെ സമൂല പരിവർത്തനം ആവശ്യപ്പെടുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന സകാരത്രയങ്ങളുടെ പ്രചോദനമായിരുന്നു ഫ്രെഞ്ചുവിപ്ലവവും ജനാധിപത്യ പ്രസ്ഥാനങ്ങളും സംജാതമാക്കിയതു്. ജനാധിപത്യം പല രാജ്യങ്ങളിലും നടപ്പിലില്ലെങ്കിൽതന്നെ സകല മനുഷ്യരും രാജാധികാരത്തിൽ പങ്കാളികളാണെന്ന ജനാധിപത്യ നീതിബോധം ഇന്നു സർവ്വത്രികമാണു്. സാമ്പത്തിക സമീകരണമാണല്ലോ സോഷ്യലിസ്റ്റു, കമ്മ്യൂണിസ്റ്റു, പ്രത്യയശാസ്ത്രങ്ങളുടെ ലക്ഷ്യം. അവയുടെ സ്വാധീനവും ജനങ്ങളിൽ ഒട്ടും കുറവല്ലതന്നെ.

ആധുനികരണപ്രക്രിയ നിലവിലിരിക്കുന്ന നീതിനിയമങ്ങളെയും ചട്ടങ്ങളെയും വെല്ലുവിളിക്കുന്നു. 'മാററുവിൻ ചട്ടങ്ങളെ' എന്ന വെല്ലുവിളി സ്വീകരിച്ചുവേണം നീതിയുടെ ആധുനിക രൂപങ്ങൾ നിർമ്മിക്കുവാൻ.

പരമ്പരാഗത നീതികൾ ആധുനികകാലത്തു തികച്ചും അസംഗതമാണെന്നല്ല. അവയുടെ വിശദാംശങ്ങൾ സംഗതമല്ലെന്നു വന്നാൽതന്നെ അവയുടെ മൗലിക പ്രമാ

ണങ്ങൾ നിലനില്ക്കുന്നു. 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം' എന്ന കല്പന മാത്രമല്ല ഇവിടെ സൂചിപ്പിക്കുന്നത്. പത്തുകല്പനകളുടെ വിലക്കുകൾ പലതും അതേപടി ഇന്നും സാമൂഹ്യജീവിതത്തിനു പ്രധാനമാണ്. ന്യായപ്രമാണത്തിലെ പല സാമൂഹ്യ സിദ്ധാന്തങ്ങളും ആധുനികകാലത്തും സാമൂഹ്യനീതി സ്ഥാപനത്തിനു ഉതകുന്നതത്രെ. ഉദാഹരണമായി, ഉത്പാദനോപാധിയായ ഭൂമി ചൂഷണമുഖാന്തരമാക്കരുത്, അടിമത്തവിമോചനം ഏതു സമൂഹത്തിന്റെയും ലക്ഷ്യമായിരിക്കണം; സമൂഹം ദാരാദ്ര്യം ഉച്ചാടനം ചെയ്യാൻ ഉദ്യമിക്കയും, അതു അസാദ്ധ്യമായ താൽക്കാലിക അവസ്ഥയിൽ ദാരിദ്ര്യദുരിത നിവാരണം ലക്ഷ്യമാക്കി പ്രവർത്തിക്കയും വേണം; രാഷ്ട്രീയാധികാരം ജനങ്ങളിൽനിന്നും ജനതാല്പര്യങ്ങളിൽനിന്നും അധികം അകന്നുപോകരുത്—എന്നിങ്ങനെ ആവർത്തന നിയമാവലിയിലെ മൗലികപ്രമാണങ്ങൾ ഇന്നും അർത്ഥനിർഭരമാണ്. അവസ്ഥ മാറിയ പരിതസ്ഥിതിയിൽ നവരൂപങ്ങൾ ഉണ്ടാകണമെന്നേയുള്ളു.

ക്രിസ്തുമൂലം ദൈവശാസ്ത്രത്തിലും ആധുനീകരണം മൂലം സാമൂഹ്യശാസ്ത്രത്തിലും ഉളവായ പരിവർത്തനങ്ങൾ കണക്കിലെടുത്തുകൊണ്ടു് നീതി പുനർനിർവ്വചനം ചെയ്യേണ്ടതു് ഇന്നത്തെ ആവശ്യമാണ്.

# 3. മതതീക്ഷ്ണതയും മതസഹിഷ്ണതയും.

'യിസ്രായേലേ കേൾക്ക. യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം' (ആവ. 10.4–5).

സാമൂഹ്യ ബന്ധങ്ങളിൽ നീതിയും സ്നേഹവും അനുവർത്തിക്കുന്നതിനു ആവശ്യപ്പെടുന്ന ദൈവകല്പനകളാണ് നാം കഴിഞ്ഞ ആമുഖോപന്യാസത്തിൽ ചർച്ച ചെയ്തതു്. എന്നാൽ യിസ്രായേൽ ജനം അവരുടെ ഏക ദൈവമായ യഹോവയെ മാത്രം അവരുടെ സർവ്വവും കൊണ്ടു സ്നേഹിക്കയും ആരാധിക്കയും ചെയ്യണമെന്ന കല്പനയാണ് 'മോശെയുടെ ന്യായപ്രമാണ'ത്തിൽ പ്രഥമസ്ഥാനത്തു നിൽക്കുന്നതു്, ആവർത്തനപ്പുസ്തകത്തിൽ വിശേഷിച്ചും. അതിൽ ഉടനീളം യഹോവാഭക്തിയിൽ കേന്ദ്രീകൃതമായ മതതീക്ഷ്ണത സ്ഫുരിക്കുന്നു. ഭൂലോകത്തെയും അതിലെ സകല ചരാചരങ്ങളെയും മനുഷ്യജാതിയെയും സൃഷ്ടിച്ച യഹോവ യിസ്രായേലിനെ സ്വന്ത ജനമായി തെരഞ്ഞെടുത്തു. തന്റെ വിശുദ്ധ ഹിതം അവർക്കു വെളിപ്പെടുത്തി. യഹോവയുടെ സ്നേഹവും വിശ്വസ്തതയും മാത്രമാണ് അതിനു കാരണം. 'നിന്റെ ദൈവമായ യഹോവയ്ക്കു നീ ഒരു വിശുദ്ധജനം ആകുന്നു. ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്തജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തെരഞ്ഞെടുത്തതു്. നിങ്ങൾ സകല ജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നതു്.

യഹോവ നിങ്ങളെ സ്നേഹിക്കകൊണ്ടും നിങ്ങളുടെ പിതാക്കന്മാരോടു താൻ ചെയ്ത സത്യം പാലിക്കുന്നതുകൊണ്ടും അത്രെ യഹോവ നിങ്ങളെ....വീണ്ടെടുത്തതു്. (ആവ. 7.6_8; 10.15; 14.2)

മിസ്റയീമിലെ അടിമത്തത്തിൽ നിന്നു യിസ്രായേലിൻെറ വിമോചനമാണ് യഹോവയെപ്പററി യിസ്രായേലിൻെറ ധാരണ രൂപീകരിച്ചതു്. പ്രസ്തുത ചരിത്ര സംഭവങ്ങളിൽക്കൂടെ യഹോവാമാത്രം ദൈവമെന്നും യഹോവ അവരെ സ്നേഹിക്കുന്നുവെന്നും യിസ്രായേൽ ജനതയ്ക്കു ബോദ്ധ്യമായി. 'പരീക്ഷകരം, അടയാളങ്ങരം, അത്ഭുതങ്ങരം, യുദ്ധം, ബലമുള്ള കൈ, നീട്ടിയ ഭുജം, വലിയ ഭയങ്കര പ്രവൃത്തികരം എന്നിവയാൽ ദൈവം ഒരു ജാതിയെ മററൊരു ജാതിയുടെ നടുവിൽ നിന്നു തനിക്കായി ചെന്നെടുപ്പാൻ ഉദ്യമിച്ചിട്ടുണ്ടോ ? നിനക്കോ ഇതു കാണ്മാൻ സംഗതി വന്നു. യഹോവ തന്നെ ദൈവം, അവനല്ലാതെ മററൊരുത്തനുമില്ല എന്നു നീ അറിയേണ്ടതിനു തന്നെ ... നിൻെറ പിതാക്കന്മാരെ സ്നേഹിച്ചതുകൊണ്ടു അവൻ അവരുടെ സന്തതിയെ തിരഞ്ഞെടുത്തു. ....തൻെറ സാന്നിദ്ധ്യവും മഹാശക്തിയും കൊണ്ടു മിസ്റയീമിൽനിന്നു നിന്നെയും പുറപ്പെടുവിച്ചു. ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നെ ദൈവം, മറൊരുത്തനുമില്ല എന്നു നീ ഇന്നു അറിഞ്ഞു മനസ്സിൽ വെച്ചു കൊരംക' (ആവ. 4.34_35, 37_39). യിസ്രായേൽ യഹോവയെ സ്നേഹിക്കയും യഹോവയെ മാത്രം ആരാധിക്കയും വേണം. ആരാധന സംബന്ധിച്ച യഹോവയുടെ ദിവ്യ സ്വഭാവത്തോടു നീതിചെയ്യുന്ന കല്പനകരം അനുസരിക്കേണ്ടതും ആവശ്യമാണ്. 'നിൻെറ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ. തീക്ഷ്ണതയുള്ള ദൈവം തന്നെ' (ആവ. 4.24).

യഹോവയുടെ 'തീക്ഷ്ണത' യഹോവയുടെ ദിവ്യത്വത്തിൻെറ ഏകത്വവും നിസ്തുല വിശുദ്ധിയും പ്രകടമാക്കുന്നു. അന്യ ദേവ സേവയും വിഗ്രഹാരാധനയും പ്രതിമാ

നിർമ്മാണവും യിസ്രായേലിനു വിലക്കിയിരിക്കുന്നതു അതുകൊണ്ടത്രെ. 'ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഉള്ള യാതൊന്നിൻെറയും പ്രതിമ അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ അരുത്. നിൻെറ ദൈവമായ യഹോവ എന്ന ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു' (ആവ. 5. 7–9) 'നിൻെറ ദൈവമായ യഹോവയുടെ കോപം നിനക്കു വിരോധമായി ജ്വലിച്ചു നിന്നെ ഭൂമിയിൽനിന്നു നശിപ്പിക്കാതിരിപ്പാൻ ചുററുമിരിക്കുന്ന ജാതികളുടെ ദേവന്മാരായ അന്യ ദൈവങ്ങളുടെ പിന്നാലെ നീ പോകരുത് നിൻെറ ദൈവമായ യഹോവാ നിങ്ങളുടെ മദ്ധ്യേ തീക്ഷ്ണതയുള്ള ദൈവം ആകുന്നു' (ആവ. 6. 14–15). 'അവൻ പരിശുദ്ധ ദൈവം. അവൻ തീക്ഷ്ണതയുള്ള ദൈവം ...നിങ്ങൾ യഹോവയെ ഉപേക്ഷിച്ച് അന്യ ദൈവങ്ങളെ സേവിച്ചാൽ നിങ്ങളെ സംഹരിക്കും' (യോശു. 24. 19–20)

യേശുക്രിസ്തുവും ഏക ദൈവത്തെ മാത്രം പൂർണ്ണശക്തിയോടു സ്നേഹിച്ചു ആരാധിക്കണമെന്ന ന്യായപ്രമാണത്തിലെ കല്പന 'വലിയതും ഒന്നാമത്തേതുമായി' സ്ഥിരീകരിച്ചു. 'ന്യായപ്രമാണത്തിൽ ഏതു കല്പന വലിയതു'' എന്നു ചോദിച്ച പരീശ വൈദികനോടു യേശു ഉത്തരം പറഞ്ഞതു: 'നിൻെറ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന' (മത്താ 23.34–38). ക്രിസ്തീയ സഭയുടെ വിശ്വാസമനുസരിച്ചു കർത്താവായ ഈ ഏക ദൈവം ക്രൂശിക്കപ്പെട്ടു ഉയിർത്തെഴുന്നേററ യേശുക്രിസ്തു എന്ന ചരിത്രപുരുഷൻ മുഖാന്തരം സകല ലോകത്തെയും ന്യായം വിധിക്കയും രക്ഷിക്കയും ചെയ്യുന്നു. അതുകൊണ്ടു ദൈവത്തെ സമീപിക്കാൻ മനുഷ്യർക്കു നൽകപ്പെട്ടിരിക്കുന്ന ഏക മദ്ധ്യസ്ഥൻ യേശുക്രിസ്തു. യോഹന്നാൻെറ സുവിശേഷപ്രകാരം യേശു തോമസിനോടു പറഞ്ഞു,

'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല' (യോഹ. 14.6). പത്രോസ് പ്രസംഗിച്ചു: ക്രൂശിക്കപ്പെട്ടു് ഉയിർത്തെഴുന്നേററ നസറായനായ യേശുക്രിസ്തുവിലല്ലാതെ 'മററൊരുത്തനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല' (അപ്പൊ.പ്ര. 4.12). പൗലൊസ് പഴയനിയമത്തിലെ ഏകദൈവവിശ്വാസം ഇങ്ങനെ ഭേദഗതി ചെയ്യുന്നു. 'പിതാവായ ഏക ദൈവമെ നമുക്കുള്ളു. അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതുമാകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ടു്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു' (1 കൊരി. 8.6). യിസ്രായേൽ ജനത്തിൻെറ യഹോവാഭക്തിയുടെ ആത്മീക തീക്ഷ്ണതയ്ക്കു തുല്യമാണ് ക്രിസ്തുമൂലം മാത്രം ദൈവത്തോടു നിരപ്പു എന്ന ക്രിസ്തീയോപദേശത്തിൽ അന്തർലീനമായ ക്രിസ്തുഭക്തി തീക്ഷ്ണത. എന്നാൽ ഇതര മതങ്ങളോടും മതാനുസാരികളോടും ആവർത്തന നിയമം പ്രകടമാക്കുന്ന അസഹിഷ്ണുതയും ക്രിസ്തീയ സമീപനവും തമ്മിൽ അജഗജാന്തരമുണ്ടു്. രാഷ്ട്രങ്ങളുടെ ഐക്യസംഘടന എല്ലാ മനുഷ്യർക്കും മതസ്വാതന്ത്ര്യം അവരുടെ മൗലികാവകാശമായി പ്രഖ്യാപിച്ചിരിക്കുന്നു; മതേതര രാഷ്ട്രങ്ങളിൽ മതങ്ങൾ തമ്മിൽ സഹവർത്തിത്വം മാത്രമല്ല മതപരമായ സംഭാഷണങ്ങളും സാമൂഹ്യ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ സഹകരണവും ശക്തിപ്പെട്ടുവരുന്നു. ഇക്കാലത്തു മതതീക്ഷ്ണതയും മതസഹിഷ്ണതയും തമ്മിലുണ്ടായിരിക്കേണ്ട ബന്ധം ക്രിസ്തീയ പ്രകാശത്തിൽ നിർവ്വചിക്കയും ഗ്രഹിക്കയും പ്രചരിപ്പിക്കയും ചെയ്യേണ്ടതു വിശേഷാൽ ആവശ്യമത്രെ. ആരാധന, ആചാരങ്ങൾ, ഉപദേശങ്ങൾ എന്നിവയിൽ പൊതുശിക്ഷണവും വ്യക്തിസ്വാതന്ത്ര്യവും തമ്മിൽ ബന്ധിക്കുന്നതു് സംബന്ധിച്ചും പുതിയനിയമ ചിന്താഗതി ആവർത്തന നിയമ സമീപനത്തിൽനിന്നു വ്യത്യസ്തമാണ്.

## 11

അന്യജാതികഠം പ്രകൃതിയെയോ അന്യദേവമൂത്തികളെയോ ആരാധിക്കുന്നതു് സ്വഭാവികം മാത്രമല്ല യഹോവയുടെ വിധിയുമാണെന്നു ആവത്തനപ്പുസ്തകം പ്രസ്താവിക്കുന്നു. എന്നാൽ യഹോവയുടെ സ്വന്ത അവകാശമായ യിസ്റായേലിനു അതു നിഷിദ്ധമാണു്. 'നീ ആകാശ സൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോഠം അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുതു്. അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻ കീഴെങ്ങുമുള്ള സവ്വജാതികഠംക്കും പങ്കിട്ടുകൊടുത്തിരിക്കുന്നു. നിങ്ങളെയോ ഇന്നുള്ളതുപോലെ തനിക്കു അവകാശജനമായിരിക്കേണ്ടതിനു യഹോവ തെരഞ്ഞെടുത്തു് നിങ്ങളെ മിസ്റയീം എന്ന ഇരുമ്പുലയിൽനിന്നു പുറപ്പെടുവിച്ചുകൊണ്ടുവന്നിരിക്കുന്നു' (ആവ. 4.19–20). ഈ ഭാഗത്തു മററുള്ള മതങ്ങളോടൊ ആരാധനകളോടൊ അസഹിഷ്ണതയില്ല. അവർക്കു യഹോവതന്നെ നിയോഗിച്ചിരിക്കുന്നു എന്ന ധാരണയാണുള്ളതു്. എന്നാൽ യിസ്റായേൽ വംശജരുടെ നടുവിൽ പ്രകൃതിയെയും ദൈവമല്ലാത്ത മററു ദേവന്മാരെയും ആരാധിക്കുന്ന ജനങ്ങളുടെ സാന്നിദ്ധ്യം അന്യദേവസേവയിലേക്കു യിസ്റയേല്യക്കു പ്രലോഭനമായി ഭവിക്കാം; അതുകൊണ്ടു് അങ്ങനെയുള്ള ആരാധനകളോടൊ ആരാധനക്കാരോടൊ സമ്പർക്കമരുതു്; മാത്രമല്ല അവയെയും അവരെയും യിസ്റായേലിന്റെ അവകാശ പ്രദേശത്തുനിന്നു നിശ്ശേഷം നീക്കി നശിപ്പിച്ചുകളയണം എന്നു ആവർത്തനപ്പുസ്തകം നിർബ്ബന്ധിക്കുന്നു.

'ഏഴു മഹാജാതിക'ളെ സംബന്ധിച്ചു ന്യായപ്രമാണം അനുശാസിക്കുന്നതു്: 'അവരുമായി വിവാഹബന്ധം ചെയ്യരുതു്. നിന്റെ പുത്രിമാരെ അവരുടെ പുത്രന്മാക്കു കൊടുക്കയോ അവരുടെ പുത്രിമാരെ നിന്റെ പുത്രന്മാക്കു എടുക്കയോ അരുതു്. അന്യ ദൈവങ്ങളെ സേ

വിപ്പാൻ തക്കവണ്ണം അവർ നിൻെറ പുത്രന്മാരെ എന്നോടു അകററിക്കളയും....ആകയാൽ നിങ്ങൾ അവരോടു ഇങ്ങനെ ചെയ്യേണം; അവരുടെ ബലിപീഠങ്ങൾ ഇടിക്കണം. അവരുടെ അശേരാപ്രതിഷ്ഠകളെ വെട്ടിക്കളയണം. അവരുടെ വിഗ്രഹങ്ങളെ തീയിൽഇട്ടു ചുട്ടുകളയണം' (ആവ. 7.3-6). 'അവരുടെ ദേവപ്രതിമകളെ തീയിൽഇട്ടു ചുട്ടുകളയണം. നീ വശീകരിക്കപ്പെടാതിരിപ്പാൻ അവയിന്മേലുള്ള വെള്ളിയും പൊന്നും മോഹിച്ച് എടുത്തുകൊള്ളരുത്. അതു നിൻെറ ദൈവമായ യഹോവെക്കു അറപ്പാകുന്നു' (ആവ. 7.25). 'നിങ്ങൾ ദേശം കൈവശമാക്കുവാൻ പോകുന്ന ജാതികൾ ഉയന്ന പവ്വതങ്ങളിൽമേലും കുന്നുകളിൻമേലും എല്ലാ പച്ചമരത്തിൻ കീഴിലും തങ്ങളുടെ ദേവന്മാരെ സേവിച്ച സ്ഥലങ്ങളൊക്കെയും നിങ്ങൾ അശേഷം നശിപ്പിക്കണം. അവരുടെ ബലിപീഠങ്ങൾ ഇടിച്ചു കളയണം. അവരുടെ ബിംബങ്ങളെ തകക്കണം. അവരുടെ അശേര പ്രതിഷ്ഠകളെ തീയിൽ ഇട്ടുചുട്ടുകളയണം, അവരുടെ ദേവപ്രതിമകളെ വെട്ടിക്കളഞ്ഞു് അവയുടെ പേർ ആ സ്ഥലത്തുനിന്നു നശിപ്പിക്കണം. നിങ്ങളുടെ ദൈവമായ യഹോവയെ ആ വിധത്തിൽ സേവിക്കേണ്ടതല്ല (ആവ. 12. 2-4). മററു സമൂഹങ്ങൾ 'തങ്ങളുടെ ദേവന്മാരെ സേവിച്ചവിധം ഞാനും ചെയ്യുമെന്നു പറഞ്ഞു് അവരുടെ ദേവന്മാരുരെക്കുറിച്ച് അന്വേഷിക്കയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണം. നിൻെറ ദൈവമായ യഹോവയെ അങ്ങനെ സേവിക്കേണ്ടതല്ല' (ആവ. 12-30-31)

യിസ്രായേൽ വംശജരിൽ യഹോവാരാധന ശുദ്ധമായി അഭംഗം നിലനിത്തുന്നതിനാണ് ഇതര മതങ്ങളോടു മുകളിൽ കൊടുത്ത സമീപനം ആവത്തനനിയമം ആവിഷ്കരിച്ചതു്. അതേ ഉദ്ദേശ്യം മുൻനിത്തി യിസ്രായേൽ ജനത്തിൻെറ ഇടയിൽ ഉണ്ടായിരുന്ന അന്യദൈവാരാധനയും വിഗ്രഹസേവയും നിഷ്കരുണം നശിപ്പിക്കപ്പെട്ടു. 'അങ്ങനെ നിൻെറ മദ്ധ്യേനിന്നു ദോഷം

നീക്കിക്കളയണം' എന്ന വാചകം തുടരെ ആവൎത്തിക്കുന്നതായി കാണാം.

യഹോവയെ ഉപേക്ഷിച്ച അന്യദൈവങ്ങളെ സേവിക്കണമെന്നു ഉപദേശിക്കുന്ന 'പ്രവാചകനോ സ്വപ്നക്കാരനോ' മരണശിക്ഷയനുഭവിക്കണം. 'നീ നടക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ കല്പിച്ച വഴിയിൽ നിന്നു നിന്നെ തെററിപ്പാൻ നോക്കിയതുകൊണ്ടു അവനെ കൊല്ലണം. അങ്ങനെ നിന്റെ മദ്ധ്യേനിന്നു ദോഷം നീക്കിക്കളയണം' (ആവ. 13.6). അന്യദേവസേവക്കു നിന്നെ വശീകരിച്ചു രഹസ്യത്തിൽ പ്രേരിപ്പിക്കുന്നതു് 'നിന്റെ അമ്മയുടെ മകനായ നിന്റെ സഹോദരനോ, നിന്റെ മകനോ, മകളോ, നിന്റെ മാൎവ്വിടത്തിലുള്ള ഭാൎയ്യയോ നിന്റെ പ്രാണസ്നേഹിതനോ' ആയാലും അവനോടു യോജിക്കയോ അവന്റെ വാക്കു കേൾക്കയോ ചെയ്യരുതു്. അവനോടു കനിവുതോന്നുകയോ അവനോടു ക്ഷമിച്ചു അവനെ ഒളിപ്പിക്കയോ ചെയ്യാതെ അവനെ കൊന്നുകളയണം. അവനെ കൊല്ലേണ്ടതിന്നു ആദ്യം നിന്റെ കയ്യും പിന്നെ സൎവ്വജനത്തിന്റെ കയ്യും അവന്റെമേൽ ചെല്ലണം' (ആവ. 13: 8_11). അന്യദേവാരാധനക്കു വഴങ്ങിപ്പോയ പട്ടണത്തിലെ 'നിവാസികളെ വാളിന്റെ വായ്ത്തലയാൽ കൊന്നു' അതും അതിലുള്ളതൊക്കെയും അതിലെ മൃഗങ്ങളെയും വാളിന്റെ വായ്ത്തലയാൽ ശപഥാൎപ്പിതമായി സംഹരിക്കണം....അതിലെ കൊള്ളയൊക്കെയും... തീയിട്ടു ചുട്ടുകളയണം. അതു് എന്നും പാഴ്കുന്നായിരിക്കണം. അതിനെ പിന്നെ പണിയുകയുമരുതു്' (ആവ. 13. 16_17). 'അന്യദൈവങ്ങളെയോ സൂൎയ്യചന്ദ്രന്മാരെയോ ആകാശത്തിലെ ശേഷം സൈന്യത്തെയോ' സേവിച്ചു നമസ്കരിക്കുന്ന പുരുഷനെയോ സ്ത്രീയെയോ 'പട്ടണവാതിലിന്നു പുറത്തുകൊണ്ടുപോയി കല്ലെറിഞ്ഞു കൊല്ലണം....അവനെ കൊല്ലേണ്ടതിന്നു ആദ്യം സാക്ഷികളുടെയും പിന്നെ സൎവ്വജനത്തിന്റെയും കൈ അവന്റെ

മേൽ ചെല്ലണം. ഇങ്ങനെ നിങ്ങളുടെ ഇടയിൽനിന്നു ദോഷം നീക്കിക്കളയണം' (ആവ. 17.3–7).

യിസ്റായേൽ ജനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ആവർത്തനപ്പുസ്തകത്തിലെ നിയമമനുസരിച്ച് അവർ കനാൻ ദേശത്തു ഇതര സമൂഹങ്ങളോടും മതങ്ങളോടും പ്രവർത്തിച്ചില്ലെന്നു കാണാം. കനാനിൽ അന്യസമൂഹങ്ങളുടെ നടുവിൽ ജീവിച്ച് അവരുമായി സമ്പർക്കത്തിൽ പ്രവേശിച്ച് യഹോവയോടൊപ്പം അവരുടെ ബാൽ ദേവന്മാരെയും അവർ ആരാധിച്ചു. ഇതര മതാനുസാരികളെപ്പോലെ അവർ വിഗ്രഹങ്ങൾ ഉണ്ടാക്കി നമസ്കരിച്ചു. ഇതിൽ അവർ യഹോവയോടു പാപം ചെയ്തു എന്നാണ് ആവർത്തന ദൈവശാസ്ത്രജ്ഞൻ പ്രസ്താവിക്കുന്നത്. പ്രസ്തുത പാപത്തിന്റെ ഫലമായിട്ടാണ് യിസ്റായേൽജനം രാഷ്ട്രീയമായി പരാജിതരായി അന്യരാഷ്ട്രങ്ങളുടെ മേൽക്കോയ്മയും പ്രവാസവും അനുഭവിക്കേണ്ടിവന്നത് എന്നത്രെ ആവർത്തന ദൈവശാസ്ത്രജ്ഞന്റെ വ്യാഖ്യാനം. രാജാക്കന്മാരുടെ ഒന്നും രണ്ടും പുസ്തകങ്ങളിൽ യിസ്റായേൽ ജനതയെ ഭരിച്ച രാജാക്കന്മാരെ ആവർത്തന ചരിത്രകാരൻ വിലയിരുത്തുന്നത് അവർ എത്രമാത്രം യഹോവാരാധന പുലർത്തുകയും ബാൽ പ്രതിഷ്ഠകളെ യിസ്റായേൽ പ്രദേശത്തുനിന്നു നീക്കിക്കളകയും ചെയ്തു എന്ന മാനദണ്ഡം വച്ചുകൊണ്ടാണ്. യഹോവാഭക്തി ജനങ്ങളുടെ ഇടയിൽ വളർത്തിയ ദാവീദാണ് യഹോവയ്ക്കു പ്രിയംകരനായ രാജാവ്. യെരോബയാം 'പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി' ബെഥേലിലും ദാനിലും പ്രതിഷ്ഠിച്ചു, പൂജാഗിരി ക്ഷേത്രങ്ങളും ഉണ്ടാക്കി, ഉത്സവങ്ങളും നിയമിച്ചതായി വായിക്കുന്നു (1 രാജാ. 12). അതിനെതിരായ ദൈവത്തിന്റെ പ്രവചനം ഇതാണ്: 'എന്റെ കല്പനകളെ പ്രമാണിക്കയും എനിക്കു പ്രസാദമുള്ളതു മാത്രം ചെയ്വാൻ പൂർണ്ണമനസ്സോടുകൂടെ എന്നെ അനുസരിക്കയും ചെയ്ത എന്റെ ദാസനായ ദാവീദിനെപ്പോലെ നീ ഇരിക്കാതെ നിനക്കു മുമ്പുണ്ടായിരുന്ന എല്ലാവരേക്കാളും അധികം ദോഷം

ചെയ്തു. എന്നെ കോപിപ്പിക്കേണ്ടതിന്നു ചെന്നു നിനക്കു അന്യ ദേവന്മാരെയും വിഗ്രഹങ്ങളെയും ഉണ്ടാക്കി എന്നെ നിൻെറ പുറകിൽ എറിഞ്ഞുകളഞ്ഞു. അതുകൊണ്ടു ഇതാ, ഞാൻ യൊരോബെയാമിൻെറ ഗൃഹത്തിന്നു അനത്ഥം വരുത്തി....യൊരോബെയാമിൻെറ ഗൃഹത്തെ ഛേദിച്ചുകളയും. എന്നാൽ ഇപ്പോഃതന്നെ എന്തു്? യിസ്ഺായേൽ അശേരപ്രതിഷ്ഠകളെ ഉണ്ടാക്കി യഹോവയെ കോപിപ്പിച്ചതുകൊണ്ടു ഓടവെള്ളത്തിൽ ആടുന്നതുപോലെ അവർ ആടത്തക്കവണ്ണം യഹോവ അവരെ അടിച്ചു അവരുടെ പിതാക്കന്മാക്കു താൻ കൊടുത്ത ഈ നല്ല ദേശത്തുനിന്നു യിസ്ഺായേലിനെ പറിച്ചെടുത്തു നദിക്കക്കരെ ചിതറിച്ചുകളയും' (1രാജാ. 14. 8–10, 14–15). ഇങ്ങനെ ദൈവത്തെ കോപിപ്പിച്ച പല രാജാക്കന്മാരുണ്ടായിരുന്നു. മറിച്ചു യഹോവാഭക്തി യിസ്ഺായേലിൽ പുലത്തിയ രാജാക്കന്മാരുടെ ചരിത്രവും ആവത്തന ചരിത്രകാരൻ രേഖപ്പെടുത്തുന്നുണ്ടു്. 'ആസാ തൻെറ പിതാവായ ദാവീദിനെപ്പോലെ യഹോവെക്കു പ്രസാദമുള്ളതു ചെയ്തു. അവൻ പുരുഷമൈഥുനക്കാരെ ദേശത്തുനിന്നു പുറത്താക്കി, തൻെറ പിതാക്കന്മാർ ഉണ്ടാക്കിയ സകല വിഗ്രഹങ്ങളെയും നീക്കിക്കളഞ്ഞു. തൻെറ അമ്മയായ മയഖാ അശേരക്കു ഒരു മ്ലേച്ഛവിഗ്രഹം ഉണ്ടാക്കിയിരുന്നതുകൊണ്ടു അവൻ അവളെ രാജ്ഞിസ്ഥാനത്തിൽനിന്നു നീക്കിക്കളഞ്ഞു. ആസാ അവളുടെ മ്ലേച്ഛവിഗ്രഹം വെട്ടിമുറിച്ചു കിദ്രോൻ തോട്ടത്തിന്നരികെവെച്ചു ചുട്ടുകളഞ്ഞു'' (1രാജാ. 15. 11–13). ഇങ്ങനെയും പല രാജാക്കന്മാരുടെ വൃത്താന്തം തുടരെയുണ്ടു്. അവരെ ദൈവം അനുഗ്രഹിക്കുന്നതായി ചരിത്രകാരൻ വ്യാഖ്യാനിക്കുന്നു.

പരദേവന്മാരെയും വിഗ്രഹങ്ങളെയും ത്യജിച്ചു യഹോവയിങ്കലേക്കു തിരിയുന്നതാണു് യിസ്ഺായേലിലെ ആത്മീയ നവീകരണം. അങ്ങനെയൊരു നവീകരണത്തിനാണു് ഹിസ്കീയാവും പിന്നീടു ദേവാലയത്തിൽ കണ്ടുകിട്ടിയ ന്യായപ്രമാണപ്പുസ്തകം അനുസരിച്ചു് യോശീയാവും നേതൃത്വം കൊടുത്തതു് എന്നു മുമ്പു പ്രസ്താവിച്ചിട്ടു

ണല്ലോ. വിഗ്രഹങ്ങളും പൂജാഗിരികളും നശിപ്പിക്ക മാത്രമല്ല, അതോടൊപ്പം യോശീയാവു് 'പൂജാഗിരിപുരോഹിതന്മാരെയൊക്കെയും ബലിപീഠങ്ങളിന്മേൽ വെട്ടിക്കൊല്ലി'ച്ചു, 'വെളിച്ചപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും,' നശിപ്പിച്ചു (2 രാജാ. 23.20,24). ദേശത്തു പല കേന്ദ്രങ്ങളിൽ ആരാധന നടത്തുന്നതുമൂലം അന്യദൈവങ്ങളെയും വിഗ്രഹങ്ങളെയും സേവിക്കുന്നതിനു ജനങ്ങൾക്കു പ്രലോഭനമുണ്ടായിരുന്നു; അതു നീക്കാനാണു് യോശീയാവു് ന്യായപ്രമാണപ്പുസ്തകത്തിലെ കല്പനയനുസരിച്ചു ആരാധന യെരുശലേം ദേവാലയത്തിൽമാത്രം കേന്ദ്രീകരിച്ചതു്. മതതീക്ഷ്ണതയിൽ ഇങ്ങനെയൊക്കെ ചെയ്തതുകൊണ്ടാണു് ആവർത്തനചരിത്രകാരൻ യോശീയാവിനെപ്പോലെ 'പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ മോശെയുടെ ന്യായപ്രമാണ പ്രകാരമൊക്കെയും യഹോവങ്കലേക്കു തിരിഞ്ഞ ഒരു രാജാവുമുണ്ടായിട്ടില്ല, പിമ്പു ഒരുത്തൻ എഴുന്നേററിട്ടുമില്ല' എന്നു വിധിച്ചിരിക്കുന്നതു് (2 രാജാ. 23.25),

പ്രവാചകനായ ഏലീയാവിൻെറ നേതൃത്വത്തിൽ യഹോവാമതവും ആഹാബിൻെറ രാജ്ഞി ഇസബേലിൻെറ നേതൃത്വത്തിൽ ബാൽമതവും തമ്മിൽ ഉണ്ടായ സമരം പഴയനിയമത്തിൽ യഹോവാമതത്തിൻെറ സ്വഭാവം വ്യക്തമാക്കുന്ന ഒരു ചരിത്രമാണു്. 'ഇസബേൽ യഹോവയുടെ പ്രവാചകന്മാരെ കൊല്ലുക'യും (1 രാജാ. 18.4). 'നാനൂറു് അശേരാപ്രവാചകന്മാരെ' രാജകൊട്ടാരത്തിൽ തീററിപ്പോററുകയും ചെയ്തു (1 രാജാ. 18.19). അതിനെതിരായി ഏലീയാപ്രവാചകൻ യഹോവാഭക്തിയുടെ നാമത്തിൽ നിലകൊണ്ടു. ഒടുവിൽ കർമ്മേൽ പർവ്വതത്തിൽ 'ബാലിൻെറ നാനൂററമ്പതു പ്രവാചക'രും 'നാനൂറു അശേരാപ്രവാചക'രും ഒരു വശത്തും യഹോവയുടെ പ്രവാചകനായ ഏലീയാവു മറുവശത്തുംനിന്നു ഒരു യാഗമത്സരം നടത്തി. ബാലിനുമീതെ യഹോവയുടെ ശക്തി അവിടെ വെളിപ്പെടുകയാൽ ആഹാബ് 'യഹോവതന്നെ ദൈവം' എന്നു അംഗീകരിച്ചു. അതിൻെറ ഫ

ലമായി ഏലീയാവ് ജനത്തിൻെറ സഹായത്തോടെ ബാലിൻെറ പ്രവാചകന്മാരെ പിടിച്ചു 'അവരെ താഴെ കീശോൻ തോട്ടിന്നരികെ കൊണ്ടുചെന്നു. അവിടെവെച്ചു വെട്ടിക്കൊന്നുകളഞ്ഞു' (1 രാജാ. 18. 40)

ബാബേൽ പ്രവാസം കഴിഞ്ഞു തിരിച്ചെത്തിയ യിസ്രായേൽജനം എസ്രാപ്രവാചകൻെറ നേതൃത്വത്തിൽ അവർ വിവാഹംചെയ്ത 'അന്യജാതിക്കാരത്തികളെ'യും 'അവരിൽനിന്നു ജനിച്ചവരെയും.. നീക്കികളെ'യുമെന്നു യഹോവയോടു നിയമംചെയ്തു (എസ്രാ 10.2-3). അവർ 'തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കാമെന്നു കയ്യടിച്ചു. അവർ കുററക്കാരായതുകൊണ്ടു തങ്ങളുടെ കുററത്തിനായി ഓരോ ആട്ടുകൊററനെ യാഗം കഴിച്ചു' (എസ്രാ. 10. 19). നെഹെമ്യാവ് 'സമ്മിശ്രജാതികളെ ഒക്കെയും യിസ്രായേലിൽനിന്നു വേർപിരിച്ചു' (നെഹെ. 13.3); 'അസ്തോദ്യരും അമ്മോന്യരും മോവാബ്യരും ആയ സ്ത്രീകളെ വിവാഹം കഴിച്ച യെഹൂദന്മാരെ' നെഹെമ്യാവ് ശാസിച്ചു. അവരിൽ ചിലരെ അടിച്ച് അവരുടെ മുടി പറിച്ചു; നിങ്ങളുടെ പുത്രിമാരെ അവരുടെ പുത്രന്മാക്കു കൊടുക്കരുതു്; അവരുടെ പുത്രിമാരെ നിങ്ങളുടെ പുത്രന്മാർക്കോ നിങ്ങൾക്കോ എടുക്കയുമരുതു് എന്നു ആജ്ഞാപിച്ച് അവരെക്കൊണ്ടു് ദൈവനാമത്തിൽ സത്യം ചെയ്യിച്ചു' (നെഹെ. 13.23, 25).

യഹോവയുടെ ന്യായപ്രമാണത്തോടു തീവ്രഭക്തിയിൽനിന്നുടലെടുത്ത ഈ അസഹിഷ്ണുതയുടെ ആത്മാവ് ന്യായപ്രമാണം അക്ഷരത്തിൽ അനുസരിച്ചു പാലിക്കാതിരുന്ന യേശുവിനെ 'ദൈവദൂഷണത്തിനു' കുററം ചുമത്തി മരണശിക്ഷയ്ക്കു വിധിച്ചു (മത്താ. 26:65-66). സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്ന യെഹൂദഗണം പ്രസ്തുത ആത്മാവിനാൽ ഭരിക്കപ്പെട്ടു. കല്ലെറിഞ്ഞു കൊല്ലുന്നവരുടെ വസ്ത്രം സൂക്ഷിച്ച് അവക്കു പിന്തുണ നല്കിയ 'ശൗൽ' മതതീക്ഷ്ണതയും, പരമത അസഹിഷ്ണുതയും ഒരുമിച്ചു സമ്മേളിച്ച മതബോധത്തിൻെറ പ്രതീക

മായി പരിഗണിക്കാം (അപ്പൊ. പ്ര. 7:54, 57–60). ശൗലിന്റെ 'ദൈവസേവയിൽ എരിവു'' മൂലം അവൻ ക്രിസ്ത്യാനികളായ 'പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചുകെട്ടി തടവിൽ ഏല്പിച്ചും ഈ മാർഗ്ഗക്കാരെ കൊല്ലുവാനും മടിക്കാതെ ഉപദ്രവിച്ചുപോന്നു'. അങ്ങനെ ദെമസ്കോസിൽ പാർക്കുന്നവരെയും പിടിച്ചുകെട്ടി ദണ്ഡനത്തിനായി യെരുശലേമിലേക്ക കൊണ്ടുവരേണ്ടതിനാണു് ശൗൽ ദമസ്കോസിലേക്ക യാത്ര ചെയ്തതു് (അപ്പോ.പ്ര 22:3–5).

## III

ലോകചരിത്രത്തിൽ തന്റെ ഏക ഉദ്ദേശ്യത്തിനായി നിരന്തരം പ്രവർത്തിക്കുന്ന കർത്താവായ ഏകദൈവം, പ്രസ്തുത ഉദ്ദേശ്യത്തിനു ഉപകരണമായി ദൈവം തിരഞ്ഞെടുത്ത ഏകജനത, ദൈവം ആ ജനതക്കു ലോകാധിപത്യം നല്കയും ഇതരദേവന്മാരെയും അവരുടെ സേവകസമൂഹങ്ങളെയും ലോകചരിത്രരംഗത്തുനിന്നു പുറം തള്ളുകയും ചെയ്യും—ഈ മതതത്വങ്ങളിൽ പ്രകാശിക്കുന്ന എബ്രായ മതതീക്ഷ്ണത ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും പ്രവേശിച്ചു. അതിന്റെ ഫലമായി യൂറോപ്പിന്റെ ചരിത്രത്തിൽ ക്രിസ്തുമതാനുസാരികൾ ഇസ്ലാം മതാനുസാരികൾക്കെതിരായി 'കുരിശുയുദ്ധ'വും ഇസ്ലാം മതക്കാർ ക്രിസ്തുമതക്കാർക്കെതിരെ 'ജിഹദും' സംഘടിപ്പിച്ചു സമരം ചെയ്തു. ക്രൈസ്തവസഭയിൽതന്നെ ഉടലെടുത്ത വിമതക്കും വിമതോപദേശങ്ങൾക്കും എതിരായി 'ഇൻകുസിഷൻ' എന്ന പീഡന പരിപാടി അഴിച്ചുവിട്ടു. കാതോലിക–പ്രോട്ടസ്റ്റൻറു സഭാജനങ്ങൾ തമ്മിൽ ദീർഘനാൾ നീണ്ടുനിന്ന 'മതസമരങ്ങളു' ഉണ്ടായി. പ്രോട്ടസ്റ്റൻറു സഭതന്നെരാഷ്ട്രത്തിൽ സ്ഥാപിതമായപ്പോൾ സ്വതന്ത്രസഭകൾക്ക ആരാധനാസ്വാതന്ത്ര്യം നിഷേധിക്കുന്നതിനു ഭരണകൂടത്തിന്റെ സഹായം നേടി. ഇവയെല്ലാം മതതീക്ഷ്ണതയിൽ നിന്നുത്ഭവിച്ച മത അസഹിഷ്ണുതയുടെ ചരിത്രഫലങ്ങളത്രെ.

യിസ്റായേൽ മതം, ക്രിസ്തുമതം, ഇസ്ലാംമതം ഇവയുടെ കുരിശുയുദ്ധ മനോഭാവവും അസഹിഷ്ണതാത്മാവും കമ്മ്യൂണിസം, ഫാസിസം തുടങ്ങിയ ആധുനിക രാഷ്ട്രീയ മതങ്ങളിലും വ്യാപിച്ചു കിടക്കുന്നതുകൊണ്ടാണ് അവയും മനുഷ്യന്റെ ആത്മീയ സ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും അടിച്ചമർത്തുന്നതെന്നു പണ്ഡിത ജവഹർലാൽ നെഹ്റു പല പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ലിബറൽ വിശാല വീക്ഷണത്തിൽ ഈ മതങ്ങളെക്കാൾ ബഹുദൈവാരാധന അംഗീകരിക്കുന്ന പ്രാകൃതമതങ്ങൾക്കാണ് ആധുനിക ലോകത്തിൽ വിവിധ മതങ്ങൾ തമ്മിലും വിവിധ ഭൗതീക പ്രത്യയശാസ്ത്രങ്ങൾ തമ്മിലും സഹവർത്തിത്വവും സഹകരണവും പുലർത്തുന്ന വിശാല സാംസ്ക്കാരിക മനോബോധവും വീക്ഷണവും വളർത്താൻ കഴിയുന്നതു്. പ്രാകൃത മതബോധത്തിൽ അനേകം ദേവന്മാർ സഹവർത്തിക്കുന്നു, അക്കൂട്ടത്തിൽ ഒരു അജ്ഞാതദേവൻ പോലുമുണ്ട്. ആധുനികകാലത്തു വിവിധ പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രങ്ങളും മതങ്ങളും സംസ്കാരങ്ങളും തമ്മിൽ സഹവർത്തിത്വം അത്യന്താപേക്ഷിതമാണ്. അതിനു 'ജീവിക്കയും ജീവിക്കാനനുവദിക്കുകയും ചെയ്ക' എന്ന തത്ത്വം ഉൾക്കൊള്ളുന്ന ബഹുദൈവ വിശ്വാസത്തിന്റെ ആത്മബോധമാണ് ഉതകുക എന്നത്രെ നെഹ്റു സമർത്ഥിക്കുന്നതു്.

സർവ്വമതസമത്വം എന്ന ഹൈന്ദവതത്ത്വമാണ് മതസഹിഷ്ണതയ്ക്കു ഗാന്ധിജി നിർദ്ദേശിച്ചതു്. സാധാരണജനങ്ങളുടെ ബിംബാരാധന, ഈശ്വരാവതാരങ്ങളിൽ വിശ്വസിക്കുന്നവരുടെ ഭക്തിമാർഗ്ഗം, നിഷ്ക്കാമകർമ്മത്തിൽക്കൂടെ സ്വയസാക്ഷാത്ത്ക്കാരം, അഹംബ്രഹ്മാംസി എന്ന ജ്ഞാനം നല്കുന്ന ആത്മാനുഭൂതി ഇവയെല്ലാം നാമമോ രൂപമോ ഇല്ലാത്ത പരമാർത്ഥിക സത്യത്തിന്റെ വ്യവഹാരിക ലോകരംഗത്തുള്ള വിവിധ നാമരൂപങ്ങളാണ്. അതിനാൽ അവയെല്ലാം ആത്മീയമായി തുല്യമാണ്. അഭിജ്ഞന്മാർക്ക് ഏകസ

ത്യം വിവിധനാമങ്ങളിൽ അറിയായ്‌വരുന്നു എന്ന ഭഗവദ്ഗീതയിലെ വാക്യമാണു് ഇവിടെ അടിസ്ഥാനപ്രമാണം.

അന്ത്യമായ ഏകസത്യം ചരിത്രതലത്തിൽ വെളിപ്പെടുകയും സാക്ഷാത്ത്ക്കരിക്കയും ചെയ്യുന്നു എന്നു വിശ്വസിക്കുന്ന എബ്രായ_ക്രിസ്തീയ_ഇസ്ലാം മതങ്ങൾക്കു നെഹ്റുവിൻെറയും ഗാന്ധിജിയുടെയും മതസാരം സംബന്ധിച്ച ആത്യന്തിക സമീപനങ്ങൾ സ്വീകാര്യമല്ല. എല്ലാ ദൈവങ്ങളും എല്ലാ മതങ്ങളും തുല്യമാണെന്നു പറഞ്ഞാൽ സത്യം തികച്ചും അജ്ഞാതമാണു്, മതങ്ങളെല്ലാം അജ്ഞതയാണു് എന്നു പ്രഖ്യാപിക്കയാണു്. ലോകചരിത്രത്തിൽ ദൈവവെളിപ്പാടു ഇല്ലെന്നർത്ഥം. അതു ചരിത്രത്തിനു ആത്യന്തിക ആത്മീയ അർത്ഥമില്ലെന്നു വരുത്തീവയ്ക്കും.

രാമമനോഹരലോഹ്യാ തൻെറ സോഷ്യലിസ്റ്റുവീക്ഷണത്തിൽ 'പ്രവാചക' മതങ്ങളുടെ മതതീവ്രതയും 'ആത്മജ്ഞാന' മതങ്ങളുടെ മതസഹിഷ്ണുതയും താരതമ്യപ്പെടുത്തി വിലയിരുത്തുമ്പോൾ ആദ്യത്തേതു് ചരിത്രദൗത്യം മുൻനിർത്തി കുരിശുയുദ്ധങ്ങൾക്കും സംഘട്ടനങ്ങൾക്കും വഴിതെളിച്ചുവെങ്കിൽ രണ്ടാമത്തേതു് സമൂഹങ്ങളുടെ ചലനശക്തി സ്തംഭിപ്പിച്ചു് നിർജ്ജീവമാക്കിയെന്നും, രണ്ടിൽ ഭേദം ദൗത്യബോധം വളർത്തുന്ന തീവ്രതയാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു് എന്നകാര്യം ഇവിടെ പ്രസ്താവ്യമാണു്. സംഘട്ടനങ്ങൾ എല്ലാം ദോഷകരമല്ല, അവ പുരോഗതിക്കു മുഖാന്തരമായി ഭവിക്കാം. സംഘട്ടനങ്ങൾ നാശകരമാകുമ്പോൾ നിർജ്ജീവതയുടെ അസംഗമനോഭാവം പുലർത്താൻ ആളുകൾ അഭിലഷിക്കും. അതുപോലെ നിർജ്ജീവത സംസ്ക്കാരം മുരടിപ്പിക്കുമ്പോൾ സ്വല്പം തീവ്രതയും. അതുകൊണ്ടു ചരിത്രത്തിൽ തീക്ഷ്ണത മുഖ്യമായി കരുതുന്ന മിഷനറി മതങ്ങളും, ചരിത്രത്തിൽ നിസംഗത്വം പ്രധാനമായി

ഗണിക്കുന്ന മിസ്റ്റിക്ക മതങ്ങളും തമ്മിൽ സംവാദവും സഹകരണവുമാണ് ആവശ്യം.

## IV

യഹോവാമതത്തിന്റെ തീക്ഷ്ണത പിന്തുടരുന്ന ഒരു മതമാണ് ക്രിസ്തുമതം എന്നു മുമ്പു പ്രസ്താവിച്ചല്ലോ. ക്രിസ്തുവിന്റെ ദൈവീക നിസ്തുലതയും ക്രിസ്തുവിൽക്കൂടി ദൈവസേവയിൽ തീക്ഷ്ണതയും ക്രിസ്തുമതത്തിന്റെ പ്രത്യേകതയുമത്രെ. പ്രസ്തുത ആത്മീയതീക്ഷ്ണത നീക്കിയാൽ അതുപിന്നെ ക്രിസ്തുമതമല്ല. എന്നാൽ ആ തീക്ഷ്ണത അന്യമതങ്ങളോടു അസഹിഷ്ണുതയായി ഭവിക്കാതെ മതരംഗത്തു സത്യാന്വേഷണത്തോടൊപ്പം സഹിഷ്ണുതയ്ക്കും അടിസ്ഥാനമായി ഭവിക്കുന്ന ക്രിസ്തീയ സിദ്ധാന്തങ്ങൾ ഏവയെന്നു പര്യാലോചിക്കേണ്ടതുണ്ട്. രണ്ടെണ്ണം പ്രത്യേകം എടുത്തുപറയാം.

ഒന്നാമതു്, യേശുക്രിസ്തു പരാക്രമിയായ ജാതീയ മശിഹ അല്ല, സാർവ്വത്രിക മാനവവംശത്തിനുവേണ്ടി ക്രൂശിക്കപ്പെട്ട മശിഹായത്രെ.

യിസ്രായേൽ ജനം ലോകത്തിൽ പ്രതീക്ഷിച്ച മശിഹായുടെ സ്വഭാവം മുകളിൽ പറഞ്ഞ രണ്ടു വിധത്തിലും പഴയനിയമം ചിത്രീകരിക്കുന്നുണ്ട്. കനാൻദേശത്തെ പൂർവ്വനിവാസികളെ നീക്കംചെയ്തു് കനാൻ യിസ്രായേലിനു കൊടുക്കുമെന്നു വാഗ്ദാനം ചെയ്ത യഹോവ പ്രസ്തുത വാഗ്ദാനം നിറവേററുന്നതിനു അവരെ രാഷ്ട്രീയമായി ശക്തമാക്കയും, കാലാന്തരത്തിൽ യെരുശലേം രാജധാനിയായി ഒരു ലോകരാഷ്ട്രം സ്ഥാപിക്കുന്ന പരാക്രമശാലിയായ ഒരു മശിഹായെ അയയ്ക്കുകയും ചെയ്യുമെന്ന പൊതുജന വിശ്വാസം ഒരു വശത്തുണ്ട്. എന്നാൽ 'കഷ്ടപ്പെടുന്ന ദാസൻ' ആയ മശിഹാമുഖാന്തരം മാനവരക്ഷ എന്ന യെശയ്യാപ്രവാചകന്റെ ആശയം (യെശ. 53) വേറൊരുവശത്തു കാണാം.

ദൈവത്തിൻെറ മശിഹായെക്കുറിച്ചുള്ള ഈ രണ്ടാമത്തെ പാരമ്പര്യമാണ് 'ക്രൂശിക്കപ്പെട്ട മശിഹാ' എന്ന ക്രിസ്തീയ വിശ്വാസം സാക്ഷാത്കരിക്കുന്നത്. യേശുവിൻെറ ക്രൂശ് പരാക്രമശക്തിയുടെ പ്രതീകമല്ല, മനുഷ്യരുമായുള്ള ആത്യന്തിക ആദരവിൻെറ പേരിൽ സ്വയം ബലഹീനത സ്വീകരിക്കുന്ന സ്നേഹത്തിൻെറ പ്രദർശനമാണ്. ദൈവം തൻെറ ലോകോദ്ദേശ്യം അതിശക്തിയോടെ ലോകത്തിൽ വെളിപ്പെടുത്തുകയും ലോകകർത്തൃത്വം സ്ഥാപിക്കുകയും ചെയ്യുന്നത് 'തന്നെത്താൻ ഒഴിച്ചും' 'തന്നെത്താൻ താഴ്ത്തി'യും യേശുവിൽ മനുഷ്യനായി മനുഷ്യരുടെ ഇടയിൽ ദാസ്യവൃത്തി ചെയ്തു മനുഷ്യരാൽ ക്രൂശിക്കപ്പെടുന്നതിനു സ്വയം ബലഹീനനാക്കിക്കൊണ്ടാണ് (ഫിലി. 2.6–11). ഈ ദർശനമാണ് മഹാത്മാ ഗാന്ധിജിയുടെ അക്രമരാഹിത്യ സിദ്ധാന്തത്തിനും സത്യാഗ്രഹ സമരതന്ത്രത്തിനും പ്രചോദനമായിരുന്നത്.

'ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എൻെറ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവൻെറ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും' (വെളി 3:20). ദൈവം തന്നെ മനുഷ്യൻെറ ഹൃദയകവാടത്തിൽ മുട്ടിക്കൊണ്ടു് അകത്തുനിന്നു തുറക്കുമെന്ന പ്രതീക്ഷയിൽ പുറത്തു ദീർഘക്ഷമയോടെ കാത്തു നില്ക്കുയല്ലാതെ ബലം പ്രയോഗിച്ചു വാതിൽ ഇടിച്ചു തുറക്കാൻ ഉദ്യമിക്കുന്നില്ല. രാഷ്ട്രീയ സാമൂഹ്യ ക്രമീകരണങ്ങളിൽ ഹേമത്തിൻെറ പിന്തുണയുള്ള നിയമങ്ങൾക്കു് ഒരളവിൽ സാധൂകരണം ഉണ്ടു്. എന്നാൽ മതപരവും ആത്മീയവുമായ സത്യങ്ങൾ മനുഷ്യർ ഉൾക്കൊള്ളേണ്ടതു് സ്വന്തം ആത്മത്തിൻെറ സ്വതന്ത്ര തീരുമാനത്തിൽക്കൂടി മാത്രമാണ്, ഹേമത്താലല്ല, എന്ന തത്ത്വമാണ് ഈ ചിത്രം പ്രഖ്യാപിക്കുന്നതു്. യേശുക്രിസ്തു തൻെറ ജീവിതദൗത്യം ധ്യാനിച്ചു മരുഭൂമിയിൽ കഴിച്ച ദിവസങ്ങളിൽ താൻ അഭിമുഖീകരിച്ചതു്, മനുഷ്യാളത്തെ അപ്പമോ, അത്ഭുതമോ, രാഷ്ട്രീയാധികാരമോ കൊണ്ടു വ്യാമോഹിപ്പിക്കയും ഹേമിക്കയും ചെയ്തു് ദൈവ

ത്തിങ്കലേക്കു് ആനയിക്കാനൊക്കുമോ എന്ന പ്രശ്നമായി രുന്നു. പ്രസ്തുത മാർഗ്ഗങ്ങൾ സാത്താൻെറ പ്രലോഭന ങ്ങളായി തള്ളിക്കളഞ്ഞുകൊണ്ടാണു് മനുഷ്യരുളത്തിൻെറ ആത്മിക സ്വാതന്ത്ര്യം അങ്ങേയററം ആദരിക്കുന്ന ക്രൂശിൻെറ മാർഗ്ഗം യേശു തെരഞ്ഞെടുത്തതു് (ലൂക്കോ. 4.1–13).

ക്രൈസ്തവസഭ രാഷ്ട്രീയഹേമം സുവിശേഷ പ്രചരണത്തിനും സഭയുടെ പുരോഗതിക്കും ഉപയോഗിച്ചപ്പോഴെല്ലാം ക്രിസ്തുവിനെയും ക്രിസ്തുവിൻെറ ക്രൂശിൻ മാർഗ്ഗത്തെയും നിഷേധിക്കയാണു് ചെയ്തിട്ടുള്ളതു്. രാഷ്ട്രത്തെ ജനക്ഷേമപ്രവൃത്തികൾക്കു പ്രേരിപ്പിക്കാൻ സഭയ്ക്കു കടമയുണ്ടു്. ഭരണകൂടത്തിൻെറ ശക്തികൾ സാമൂഹ്യനീതിക്കു മുഖാന്തരമാക്കയും വേണം. നരബലി, സതി, ലൈംഗിക അരാജകത്വം തുടങ്ങി പ്രത്യക്ഷത്തിൽ അധാർമ്മികവും മനുഷത്വഹീനവുമായ ആചാരങ്ങൾ മതത്തിൻെറ പേരിൽ നടക്കുന്നെങ്കിൽ അവ വിലക്കുന്നതിനു ഭരണകൂടത്തോടൊപ്പം സഭയും സഹകരിക്കണം. എന്നാൽ മനുഷ്യാത്മാവിൻെറ തികച്ചും സ്വതന്ത്ര തീരുമാനമനുസരിച്ചായിരിക്കണം മതസത്യങ്ങളുടെ അംഗീകരണവും മതങ്ങളുടെ നിലനില്പും. ഇക്കാരണത്താലാണു് സഭ രാഷ്ട്രീയാധികാരത്തിൽ കൈകടത്താതെ വേറിട്ടു സ്വതന്ത്രമായി നിലകൊള്ളണമെന്നു നവീകരണ സഭകൾ വാദിച്ചുകൊണ്ടിരുന്നതു്. സത്യമതമായ ക്രിസ്തുമതത്തിൻെറ താല്പര്യം സംരക്ഷിക്കയാണു് നീതിപൂർവ്വമായ ഭരണകൂടത്തിൻെറ ധർമ്മമെന്നു ചിന്തിച്ചു് അതനുസരിച്ചു പല രാജ്യങ്ങളിലും പ്രവർത്തിച്ചിരുന്ന റോമൻ കത്തോലിക്കാസഭതന്നെ ആ നിലപാടു മാററിയിട്ടുണ്ടു്. ഏതെങ്കിലും മതം സ്വീകരിക്കുന്നതിനോ നിഷേധിക്കുന്നതിനോ നിരീശ്വര വിശ്വാസിയാകുന്നതിനോ എല്ലാ പൗരൻെറയും വ്യക്തിപരമായ മതസ്വാതന്ത്ര്യം സംരക്ഷിക്കയാണു് ഭരണകൂടധർമ്മം എന്ന നിഗമനത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ എത്തിച്ചേർന്നിരിക്കുന്നു. പൊതുസമൂഹവും രാഷ്ട്രവും മതേതരസ്വഭാവം കൈക്കൊണ്ടു

തിൻെറ ഫലമായാണ് സമൂഹത്തിലും രാഷ്ട്രത്തിലും വിവിധ മതങ്ങൾക്കു സ്വതന്ത്രമായ നിലനില്പു സാധിച്ചിട്ടുള്ളതു്. മതസമൂഹങ്ങൾ സ്വതന്ത്രമായി ഉളവായി നിലനില്ക്കുന്ന സ്വമേധാസംഘടനകൾ മാത്രമാണ്. സഭയുടെ സുവിശേഷസത്യം പ്രചരിപ്പിക്കാനും അതു അംഗീകരിക്കുന്നതിനു സ്നേഹത്തിൽ മനുഷ്യരെ പ്രേരിപ്പിക്കാനും സഭക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഇതര മതങ്ങൾക്കും പ്രത്യയ ശാസ്ത്രങ്ങൾക്കും ഈ സ്വാതന്ത്ര്യമുണ്ടെന്നു സഭ അംഗീകരിക്കയും വേണം. സഭയ്ക്കുള്ളിൽ ശിക്ഷണം ഒന്നും പാടില്ലെന്നല്ല ഇതിൻെറ അർത്ഥം. വിശ്വാസരൂപങ്ങളിലും ധാർമ്മിക ജീവിതമാതൃകകളിലും ഒരു സഭയുടെ അംഗങ്ങൾ സഭ പൊതുവെ സ്വമേധയാ അംഗീകരിച്ച ശിക്ഷണം പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ശിക്ഷണം ലംഘിച്ചാൽ സഭയിൽ നിന്നു അവരന്യരാകും. അധാർമ്മിക ജീവിതത്തിൽ നിന്നു മാറാൻ തയ്യാറില്ലാത്ത സഭാംഗത്തെ സഭയിൽനിന്നു ഭ്രഷ്ടാക്കാൻ പൗലോസ് കൊരിന്ത്യ സഭയോടു ആവശ്യപ്പെടുന്നതു് ഈ അവസരത്തിൽ സ്മരണീയമാണ്. 'ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ' (1കൊരി. 5. 13) എന്ന വാക്യം ആവർത്തനപ്പുസ്തകത്തിൽ പല പ്രാവശ്യം കാണുന്ന 'ഇങ്ങനെ നീങ്ങളുടെ ഇടയിൽനിന്നു ദോഷം നീക്കിക്കളയണം' (ആവ. 17. 7) എന്ന വാക്യത്തിനു തുല്യമാണ്. എന്നാൽ ഒരു മൗലിക വ്യത്യാസമുണ്ടു്. ആവർത്തനപ്പുസ്തകത്തിൽ യഹോവാമതം രാഷ്ട്രീയാധികാരവുമായി ബന്ധപ്പെട്ടിരുന്നതിനാൽ ദുഷ്ടനെ രാഷ്ട്രീയമായി ശിക്ഷിച്ചാണ് ദോഷം നീക്കുന്നതു്. നേരെമറിച്ച സഭയ്ക്കു രാഷ്ട്രീയാധികാരം ഇല്ലാത്ത പരിതസ്ഥിതിയിൽ സഭയുടെ വിശ്വാസവും ശിക്ഷണവും സ്വമേധാ സ്വീകരിച്ച സഭയിൽ ചേന്നവർ അവ ലംഘിച്ചാൽ അവർ സ്വതവേ സഭയിൽ നിന്നന്യരാകുന്നു; സഭയുടെ കൂട്ടായ ജീവിതത്തിൽ അങ്ങനെയുള്ള ആളെ പുറംതള്ളാൻ സഭയ്ക്കു അവകാശവുമുണ്ടു്. എന്നാൽ അതുമൂലം സമൂഹത്തിലും രാഷ്ട്രത്തിലും അവൻെറ നിലനില്പും അവൻെറ ഇതര പൗരാവകാശ

ങ്ങളും ഇല്ലാതാകുന്നില്ല. അവ രാഷ്ട്രത്തിലെ പൗരൻ എന്ന നിലയ്ക്കു അവൻെറ അവകാശങ്ങളായി തുടരുന്നു.

രണ്ടാമത്തു്, ക്രിസ്തുവും ക്രിസ്തീയ വിശ്വാസവും ക്രിസ്തുമതത്തിനു് അതീതമാണെന്ന ദൈവശാസ്ത്രസത്യം ക്രിസ്ത്യേതര മതങ്ങളോടും ക്രിസ്തുമതത്തിലെ വിമതരോടും സഹിഷ്ണുത വളർത്തുന്നതിനു് സഹായിക്കുന്നു.

പഴയനിയമ കാലത്തുതന്നെ യഹോവാമതം രാജിയില്ലാതെ പടപൊരുതതു് പ്രകൃതിശക്തിയാരാധന പ്രതിനിധീകരിച്ച ബാൽ ദേവന്മാരോടു മാത്രമാണു്. അത്യുന്നതനായ ദൈവത്തിൽ വിശ്വസിച്ച മെൽക്കിസെദേക്കിൻെറയും യിത്രോവിൻെറയും പൗരോഹിത്യം യഹോവാഭക്തരായ അബ്രഹാമും മോശെയും അംഗീകരിച്ചു് അവരുമായി ആത്മീയ സംസർഗ്ഗത്തിൽ പ്രവേശിക്കുന്നു (ഉല്പ. 14, പുറ. 18). യഹോവയായ ഏകദൈവം യഹോവാമതത്തിനതീതനാണു്. അതിനാൽ യഹോവയുടെ സാന്നിദ്ധ്യവും യഹോവാഭക്തിയും അന്യമതങ്ങളിൽ യഥാർത്ഥമാവാമെന്ന ദൈവശാസ്ത്ര തത്വമാണു് ഇതു പ്രകടമാകുന്നതു്. യിസ്രായേൽ ജനങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ മികച്ച വിശ്വാസം ഇതര ജനസമൂഹങ്ങളിൽ പ്രവാചകന്മാർ ദർശിച്ചതായി യേശുക്രിസ്തു ചില പഴയനിയമ സംഭവങ്ങൾ ആധാരമാക്കി വ്യാഖ്യാനിച്ചു. ക്ഷാമകാലത്തു ഏലിയാവിനെ അയച്ചതു് യിസ്രായേലിലെ വിധവമാരിൽ ആരുടെയും അടുക്കലേക്കല്ല, 'സീദോനിലെ സരെപ്തയിൽ ഒരു വിധവ'യുടെ അടുക്കലേക്കാണു്. യിസ്രായേൽ വംശജരായ കുഷ്ഠരോഗികളെ ആരുമല്ല, 'സുറിയക്കാരനായ നയമാനെ'യാണു് എലിശാ ശുദ്ധമാക്കിയതു് (ലൂക്കോ. 4.25–27). യേശുവിൻെറ വാക്കിൽ ശക്തി ദർശിച്ച ശതാധിപനെപ്പററി യേശു പറഞ്ഞതു്, 'യിസ്രായേലിൽക്കൂടെ ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല' എന്നത്രെ (ലൂക്കോ. 7 9). യേശുവിൻെറ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും എന്നാൽ യേശുവിനെ അനുഗമിക്കാതിരിക്കുകയും ചെയ്ത ഒരുത്തനെ

വിലക്കിയ ശിഷ്യരോടു യേശു പറയുന്നതു്, 'വിരോധിക്കരുതു്. നിങ്ങൾക്കു പ്രതികൂലമല്ലാത്തവൻ നിങ്ങൾക്കു അനുകൂലമല്ലോ' എന്നത്രെ (ലൂക്കോ. 9.50). കള്ളന്മാരുടെ കൈയ്യിൽ മുറിപ്പെട്ട യാത്രക്കാരനു യിസ്റായേൽ വംശജരായ പുരോഹിതനോ ലേവ്യനോ അല്ല യഥാൎത്ഥ കൂട്ടുകാരനായതു്, ശമര്യാക്കാരനാണെന്നു യേശു പ്രസ്താവിക്കുന്നു (ലൂക്കോ. 10.30_37). യേശു കുഷ്ഠരോഗം സൗഖ്യമാക്കിയ പത്തു പേരിൽ നന്ദിപറയാൻ ശമര്യാക്കാരൻ മാത്രം മടങ്ങിവന്നപ്പോൾ 'ഈ അന്യജാതിക്കാരനല്ലാതെ ദൈവത്തിനു മഹത്വം കൊടുപ്പാൻ മടങ്ങിവന്നതായി ആരെയും കാണുന്നില്ലല്ലോ എന്നു യേശു പറഞ്ഞിട്ടു അവനോടു: എഴുന്നേററു പൊയ്ക്കൊൾക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു' (ലൂക്കോ. 17.18_19).

അപ്പൊസ്തല പ്രവൃത്തികളിൽ ശതാധിപനായ കൊൎന്നെല്യൊസിന്റെ ദൈവഭയവും ഭക്തിയും ദൈവം അംഗീകരിച്ചു് അവനെ ക്രിസ്തുവിലേക്കു നടത്തുന്നതിൽ കൂടി പത്രൊസ് 'ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതിപ്രവൎത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു' എന്നു 'യഥാൎത്ഥമായി ഗ്രഹി'പ്പാൻ ഇടയായി (അപ്പൊ പ്ര 10), യെരുശലേമിലെ സഭ ദൈവം 'ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നൽകിയല്ലോ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി' (അപ്പൊ.പ്ര. 11.18). പൗലൊസിന്റെ പ്രയത്നഫലമായി, യിസ്റായേൽ വംശജർ അല്ലാത്തവർ മോശെയുടെ ന്യായപ്രമാണം വഴിയല്ലാതെ നേരിട്ടു ക്രിസ്തുവിൽ വിശ്വസിക്കാമെന്നു സഭാ സുന്നഹദോസ് തീരുമാനിക്കുന്നു. (അപ്പൊ.പ്ര. 15). ന്യായപ്രമാണത്താലല്ല, ദൈവകൃപയിൽ വിശ്വസിക്കുന്നതു മൂലമത്രെ മനുഷ്യർ നീതീകരണം പ്രാപിക്കുന്നതു്; സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിൽ യെഹൂദനും യവനനും എന്നില്ല; എന്നിങ്ങനെ പൗലൊസിന്റെ ദൈവശാസ്ത്ര തത്വങ്ങൾ (ഗലാ, റോമർ, എഫെ) ഇതോടനുബന്ധിച്ച ശ്രദ്ധേയമാണ്. 'അല്ല, ദൈവം യെഹൂ

ദന്മാരുടെ ദൈവം മാത്രമോ ? ജാതികളുടെയും ദൈവമല്ലയോ ? അതേ, ജാതികളുടെയും ദൈവം ആകുന്നു. ദൈവം ഏകനല്ലോ. അവൻ വിശ്വാസംമൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു' (റോമ. 3.29–30). 'അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു് സമാധാനം ഉണ്ടാക്കിക്കൊണ്ടു് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനായി സൃഷ്ടിപ്പാനും ക്രൂശിന്മേൽവെച്ചു് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നേ' (എഫെ. 2. 14–16).

'ന്യായപ്രമാണ'ത്തെപ്പോലെ മതത്തെയും യേശുക്രിസ്തു തന്റെ ക്രൂശുമരണവും ഉയർത്തെഴുന്നേൽപും മുഖാന്തരം തന്നിൽ പൂർത്തീകരിച്ചു് നീക്കിക്കളഞ്ഞതായി ഇന്ത്യൻ ദൈവശാസ്ത്രജ്ഞനായ പോൾ ദേവാനന്ദൻ സമർത്ഥിച്ചിട്ടുണ്ടു്. പ്രത്യേകിച്ചു് ക്രൂശിക്കപ്പെട്ട യേശു എന്ന ആളത്തത്തിന്റെ സമ്മർദ്ദം മററു മതങ്ങളിൽ സജീവമായി നവീകരണം വരുത്തിക്കഴിഞ്ഞിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, ക്രിസ്തു, ക്രിസ്തുമതത്തിനും ഇതരമതങ്ങൾക്കും ഉപരിയായി നിലകൊള്ളുന്നു. അതുകൊണ്ടു് ക്രിസ്തുമതവും ഇതര മതങ്ങളും ഒരുപോലെ ക്രിസ്തീയ വെളിപ്പാടിന്റെയും ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെയും വൃത്തത്തിലായിക്കഴിഞ്ഞിരിക്കുന്നു എന്നത്രെ അദ്ദേഹത്തിന്റെ പ്രമേയം. അദ്ദേഹത്തിന്റെ ശിഷ്യനായ സ്റ്റാൻലി സമർത്ഥയുടെ മതങ്ങളെ സംബന്ധിച്ച ദൈവശാസ്ത്രവും ഈ പ്രമേയത്തോടു അനുരൂപമാണു്.

'അല്ല, ദൈവം ക്രിസ്ത്യാനികളുടെ ദൈവം മാത്രമോ? ക്രിസ്തേതര മതാനുസാരികളുടെയും ദൈവമല്ലയോ? അതേ, ഇതര മതാനുസാരികളുടെയും ദൈവം ആകുന്നു. ദൈവം ഏകനല്ലോ. അവൻ വിശ്വാസംമൂലം ക്രിസ്തു

മതസ്ഥരെയും വിശ്വാസത്താൽ ഇതര മതസ്ഥരെയും നീതീകരിക്കുന്നു' എന്നു റോമ 3. 29–30 വിപുലമാക്കാം. 'ക്രിസ്ത്യാനികളും ക്രിസ്ത്വേതരരും എന്ന ഇരുപക്ഷത്തെയും ഒന്നാക്കി ഇരു പക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനായി സൃഷ്ടിപ്പാനും ക്രൂശിന്മേൽവച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരു പക്ഷത്തെയും ഏക ശരീരത്താൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ' എന്നു് എഫെ. 2. 14–16 നു ഒരു ആധുനിക രൂപം നൽകാം. ഇങ്ങനെ ഈ വാക്യങ്ങൾക്കു ആധുനിക രൂപാന്തരം നൽകുന്നതിൽ അസാംഗത്യമില്ലെന്നത്രെ ദേവാനന്ദൻ കരുതുന്നതു്.

യെഹൂദമതമെന്നപോലെ, എന്നാൽ വേറൊരു വിധത്തിൽ, ഇതര മതങ്ങളെയും ക്രിസ്തുവിൻെറ പൂർണ്ണ പ്രകാശത്തിൽ ക്രിസ്തുവിങ്കലേക്കു് നടത്തുന്ന 'ആദിപാഠങ്ങ'ളായി പൗലൊസ് വ്യാഖ്യാനിക്കുന്നതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്. അവ ഒരളവിൽ 'ദരിദ്ര'മാണു്; അവ അന്ത്യ പാഠമായി പരിഗണിച്ചാൽ പൈശാചികവുമാകും. എന്നാൽ അവയിൽ ഇരുട്ടുപോലെ ക്രിസ്തുവിൻെറ വെളിച്ചവും അന്തർലീനമത്രെ (ഗലാ. 4. 8–9). സൃഷ്ടിവ്യവസ്ഥിതിയിൽ തന്നെ 'ദൈവത്തെ തപ്പി നോക്കി കണ്ടെത്തുമോ എന്നുവച്ചു അവനെ അന്വേഷിക്കുന്നതിനുള്ള താല്പര്യം മനുഷ്യനിൽ നൈസർഗ്ഗികമാണു്. മതങ്ങൾ ഇതിനു് തെളിവത്രെ. വിഗ്രഹസേവ ദൈവത്തോടു് ശത്രുത്വം എങ്കിലും അതിനിടയിൽ 'അജ്ഞാതദേവ'നെക്കുറിച്ചുള്ള അന്വേഷണം ക്രിസ്തുവിങ്കലേക്കു് നടത്തുന്നതിനു് ഒരു ചവിട്ടുപടിയാകാം (അപ്പൊ. പ്ര. 17. 22–30).

യോഹ. 1, കൊലോ. 1, എബ്രാ. 1 എന്നീ പുതിയ നിയമ ഭാഗങ്ങൾ ക്രിസ്തുവിൻെറ ആളത്തത്തിൻെറ സാർവ്വത്രികത വ്യക്തമാക്കുന്നു. ക്രിസ്തുവും, മതങ്ങളും തമ്മിൽ ദൈവശാസ്ത്രപരമായ ബന്ധം വ്യാഖ്യാനിക്കുന്നതിനു് ഈ വേദഭാഗങ്ങൾ സമാചരിത്രത്തിലുടനീളം

ദൈവശാസ്ത്രജ്ഞന്മാർ ഉപയോഗിച്ചിട്ടുണ്ടു്. ഈ മേഖലയിൽ റെയ്മെണ്ടു് പണിക്കർ എന്ന ഭാരതീയ സ്പാനീഷ് ദൈവശാസ്ത്രജ്ഞൻെറ 'ഹിന്ദുമതത്തിലെ അജ്ഞാത ക്രിസ്തു' എന്ന ഗ്രന്ഥം പ്രത്യേകം പ്രസ്താവ്യമാണു്. ആദിയിൽ ഉണ്ടായിരുന്നതും, ദൈവമായിരുന്നതുമായ വചനമായ ക്രിസ്തു 'ഏതു' മനുഷ്യനെയും (മതത്തെയും) പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായിരുന്നു; മതങ്ങളിൽ ഇരുട്ടുണ്ടായിരുന്നെങ്കിലും ഇരുൾ വെളിച്ചത്തെ 'പിടിച്ചടക്കിയില്ല' (യോഹ. 1. 1–9). മതങ്ങൾ ഉൾപ്പെടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സകലത്തിനും, മുമ്പെയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു; പാപം പ്രവേശിക്കയാൽ അവ ദൈവശത്രുതയായ 'ശക്തി'കളും 'അധികാരങ്ങ'ളും ആയിത്തീർന്നെങ്കിലും അവയുൾപ്പെടെ സകലത്തെയും അവനെക്കൊണ്ടു് തന്നോടു്, നിരപ്പിപ്പാനും 'പിതാവിനു പ്രസാദം തോന്നി' (കൊലൊ. 1. 15–20). ദൈവം പണ്ടു് ഭാഗംഭാഗമായിട്ടും വിവിധമായിട്ടും (വിവിധ മതങ്ങളിൽ) പ്രവാചകന്മാർ മുഖാന്തരം (മാനവവംശത്തിൻെറ) പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു് ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു് അരുളിച്ചെയ്തിരിക്കുന്നു (എബ്രാ. 1. 1–2). അങ്ങനെ ദൈവവചനമായ ക്രിസ്തുവിൻെറ സാന്നിധ്യവും, സകലത്തെയും ശുദ്ധീകരിച്ചു പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവിൻെറ വ്യാപാരവും സാർവ്വത്രികമായതിനാൽ സകല മതങ്ങളിലും അവ ഏതെങ്കിലും ഒരളവിലുണ്ടെന്ന ദൈവശാസ്ത്രം ഇന്നു വളർന്നു വന്നിട്ടുണ്ടു്. ഇതു് ക്രിസ്തുമതവും ഇതര മതങ്ങളും തമ്മിൽ സംഭാഷണത്തിനും സഹകരണത്തിനും വഴി തെളിച്ചിരിക്കുന്നു. മതബോധത്തിൻെറ പൂർണ്ണതയായ ക്രിസ്തുയേശുവിൽ തന്നെ ക്രിസ്തുമതത്തിനുമാത്രമല്ല ഇതര മതങ്ങൾക്കും അതതിൻെറ നിലയിൽ അസ്തിത്വമുണ്ടെന്ന സിദ്ധാന്തമാണു് ഇതിന്നടിസ്ഥാനം. ക്രിസ്തുവിൽ മാത്രം ലഭിക്കുന്ന പാപമോചനവും രക്ഷയും കേന്ദ്രമാക്കിക്കൊണ്ടുതന്നെയാണു് മത

ങ്ങളുടെ ഈ വ്യാഖ്യാനം നിലനിൽക്കുന്നതു്. അങ്ങനെ യൊരു ദൈവശാസ്ത്രം ഗ്രീക്കുസഭാപിതാക്കന്മാരെ യവനാ യ തത്ത്വശാസ്ത്രവുമായി സംഭാഷണത്തിനു് പ്രേരിപ്പിച്ചു. അതു് ഇതര മതങ്ങളുമായി ക്രിസ്തുമതത്തെ ബന്ധി പ്പിക്കുന്ന ദൈവശാസ്ത്രമായി ആധുനികകാലത്തു വളർത്തി യതു് രണ്ടാം വത്തിക്കാൻ സമ്മേളനം, സഭകളുടെ അഖി ലലോക കൗൺസിലിന്റെ നൈറോബി സമ്മേളനം, ഏഷ്യയിലെ മതപഠനകേന്ദ്രങ്ങൾ ഇവ നൽകിയ നേതൃ ത്വമാണു്.

മതതീക്ഷ്ണതയും മതസഹിഷ്ണുതയും ആവർത്തനപ്പു സ്തകത്തിലെപ്പോലെ അന്യോന്യ വിരുദ്ധമാകാതെ ക്രൂശി ക്കപ്പെട്ടു് ഉയിർത്തെഴുന്നേററ ക്രിസ്തുവിൽ അന്യോന്യം ക്രിയാത്മകമായി ബന്ധിക്കപ്പെടുന്നു. മനുഷ്യരുടെ മത സ്വാതന്ത്ര്യം ഹനിക്കുന്ന മതതീക്ഷ്ണതയും ചരിത്രത്തിൽ സത്യാന്വേഷണം നശിപ്പിക്കുന്ന മതസഹിഷ്ണുതയും ത്യ ജിച്ചു് സത്യത്തിലധിഷ്ഠിതമായ സ്വാതന്ത്ര്യവും സ്നേഹ ത്തിൽ അധിഷ്ഠമായ സത്യാന്വേഷണവും അത്രെ മനുഷ്യ സമൂഹത്തിന്റെ പുരോഗതിക്കു ആവശ്യം.

# 4. ചരിത്രത്തിൻെറ ധാർമ്മിക വ്യാഖ്യാനം

'നിങ്ങരം ജീവിച്ചിരിക്കേണ്ടതിനും നിങ്ങരം കൈവശമാക്കുന്ന ദേശത്തു ദീർഘായുസ്സോടിരിക്കേണ്ടതിനും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചിട്ടുള്ള എല്ലാവഴിയിലും നടന്നുകൊരംവിൻ' (ആവ. 5. 33), 'ആകയാൽ യിസ്രായേലേ, നിനക്കു നന്നായിരിക്കേണ്ടതിനും നിൻെറ പിതാക്കന്മാരുടെ ദൈവമായയഹോവ നിന്നോടു അരുളിച്ചെയ്തതുപോലെ പാലും തേനും ഒഴുകുന്ന ദേശത്തു നീങ്ങരം ഏററവും വർദ്ധിക്കേണ്ടതിന്നും നീ കേട്ടു് ജാഗ്രതയോടെ അനുസരിച്ചു നടക്ക' (ആവ. 6. 3). 'നിനക്കു നന്നായിരിക്കേണ്ടതിനും യഹോവ നിൻെറ പിതാക്കന്മാരോടു സത്യംചെയ്ത നല്ല ദേശം നീ ചെന്നു കൈവശമാക്കേണ്ടതിനും യഹോവ അരുളിച്ചെയ്തതുപോലെ നിൻെറ സകല ശത്രുക്കളെയും നിൻെറ മുമ്പിൽനിന്നു ഓടിച്ചുകളയേണ്ടതിനും നീ യഹോവയുടെ മുമ്പാകെ ന്യായവും ഹിതവുമായുള്ളതിനെ ചെയ്യേണം' (ആവ. 6. 18–19).

യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു യിസ്രായേൽ ജനത ജീവിക്കുമ്പോരം അവർക്കു് ഭൗതികശ്രേയസ്സുണ്ടാകും; ന്യായപ്രമാണം ലംഘിച്ചു ജീവിക്കുച്ചാൽ ഭൗതിക അധഃപതനവും നിശ്ചയം—ഈ സിദ്ധാന്തമാണു് മുകളിൽ ഉദ്ധരിച്ച വേദഭാഗങ്ങളിൽ സ്ഫുരിക്കുന്നതു്. അവർ യഹോവയ്ക്കു് ഹിതകരമായ ധാർമ്മികജീവിതം നയിച്ചാൽ അവർ 'ജീവിച്ചി'രിക്കും. കനാൻദേശത്തു അവർക്കു് 'ദീർഘായുസ്സു'ണ്ടാകും. അവർ 'ഏററം വർദ്ധിക്കും', ശത്രുക്കളെ 'ഓടിച്ചുകള'യാൻ സാധിക്കും. എല്ലാ വിധത്തിലും സാമ്പത്തികാഭിവൃദ്ധി ഉണ്ടാകും. 'നിങ്ങരം ഈ വിധികരം കേട്ടു പ്രമാണിച്ചു നടന്നാൽ

നിൻെറ ദൈവമായ യഹോവ നിൻെറ പിതാക്കന്മാരോടു സത്യം ചെയ്ത നിയമവും ദയയും നിനക്കായിട്ടു പാലിക്കും. അവൻ നിന്നെ സ്നേഹിച്ചു അനുഗ്രഹിച്ചു വർദ്ധിപ്പിക്കും. അവൻ നിനക്കു തരുമെന്നു നിൻെറ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്തു നിൻെറ ഗർഭഫലവും നിൻെറ കൃഷിഫലവും ധാന്യവും വീഞ്ഞും എണ്ണയും നിൻെറ കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും അനുഗ്രഹിക്കും. നീ സകല ജാതികളെക്കാളും അനുഗ്രഹിക്കപ്പെട്ടിരിക്കും. വന്ധ്യനും വന്ധ്യയും നിങ്ങളിലാകട്ടെ നിൻെറ നാല്ക്കാലികളിലാകട്ടെ ഉണ്ടാകയില്ല. യഹോവ സകല രോഗവും നിങ്കൽനിന്നു അകററിക്കളയും.... നിൻെറ ദൈവമായ യഹോവ അവരെ (ജാതികളെ) നിൻെറ കയ്യിൽ ഏല്പിക്കയും അവർ നശിച്ചുപോകുംവരെ അവർക്കു് മഹാപരിഭവം വരുത്തുകയും ചെയ്യും. അവരുടെ രാജാക്കന്മാരെ നിൻെറ കയ്യിൽ ഏല്പിക്കും' (7. 12–15, 23). ഇവിടെ പ്രകൃതിയുടെയും ചരിത്രത്തിൻെറയും അനുഗ്രഹങ്ങളാണു് ധാർമ്മികജീവിതത്തിൻെറ ഫലം.

മറിച്ചു് യഹോവയുടെ ന്യായപ്രമാണം തിരിസ്കരിച്ചു് അന്യ ദേവന്മാരെ സേവിക്കയോ അനീതി പ്രവർത്തിക്കയോ ചെയ്താൽ, യിസ്രായേലിന്മേൽ ദൈവകോപം ഉണ്ടാകും. അവരുടെ ഭൗമിക അധഃപതനത്തിനു് അതു് കാരണമാകും. 'വിഗ്രഹം ഉണ്ടാക്കി നിൻെറ ദൈവമായ യഹോവയ്ക്കു് അനിഷ്ടമായുള്ളതു ചെയ്തു് അവനെ കോപിപ്പിച്ചാൽ നിങ്ങൾ കൈവശമാക്കേണ്ടതിനു് യോർദ്ദാൻ കടന്നു ചെല്ലുന്ന ദേശത്തുനിന്നു നിങ്ങൾ വേഗത്തിൽ നശിച്ചുപോകുമെന്നു ഞാൻ ഇന്നു ആകാശത്തെയും ഭൂമിയേയും നിങ്ങൾക്കു് വിരോധമായി സാക്ഷിനിർത്തി പറയുന്നു. നിങ്ങൾ അവിടെ ദീർഘായുസ്സോടിരിക്കാതെ നിർമ്മൂലമായ്പോകും. യഹോവ നിങ്ങളെ ജാതികളുടെ ഇടയിൽ ചിതറിക്കും. യഹോവ നിങ്ങളെ കൊണ്ടുപോയാക്കുന്ന ജാതികളുടെ ഇടയിൽ നിങ്ങൾ ചുരുക്കം പേരായി ശേഷിക്കും,' (ആവ. 4. 25–27). ന്യായപ്രമാണം

അനുസരിക്കാഞ്ഞാൽ 'യഹോവയുടെ ക്രോധം നിങ്ങളുടെ നേരെ ജ്വലിച്ചിട്ട മഴ പെയ്യാതിരിക്കേണ്ടതിന്നു അവൻ ആകാശത്തെ അടച്ചുകളയും ഭൂമി അനുഭവം തരാതിരിക്കയും യഹോവ നിങ്ങൾക്കു തരുന്ന നല്ല ദേശത്തുനിന്നു നിങ്ങൾ വേഗം നശിച്ചുപോകയും ചെയ്യും' (ആവ. 11. 17). അധർമ്മത്തിൻെറ ഫലം ദൈവകോപം, പ്രകൃതിക്ഷോഭം, ചരിത്രത്തിൽ പരാജയം എന്നിവയാണ്.

ധാർമ്മികന് ഐശ്വര്യം ഉണ്ടാകും, അധാർമ്മികന് നാശവും. ലോകത്തിൻെറ ഭരണഘടന ധാർമ്മികമാണെന്ന ലളിത വ്യാഖ്യാനമാണിവിടെ ആവർത്തനപ്പുസ്തകം നല്കുന്നതു്. ചരിത്രത്തിൻെറ ഈ ധാർമ്മിക വ്യാഖ്യാനം മുൻനിർത്തിയാണ് ആവർത്തന ചരിത്രകാരൻ യോശുവാ മുതൽ 2 രാജാക്കന്മാർ അവസാനം വരെ യിസ്രായേൽ ചരിത്രം രചിച്ചിരിക്കുന്നതും. ആത്യന്തികമായി പ്രപഞ്ചം ധാർമ്മിക ഭരണത്തിൻ കീഴിലാണെന്ന വിശ്വാസം ദൈവവിശ്വാസിക്ക് ഒഴിച്ചുകൂടാൻ പാടില്ല. എന്നാൽ ഇതു് ആവർത്തനപ്പുസ്തകം വിശദീകരിക്കുന്നതുപോലെ അത്ര വ്യക്തമായ ഒരു പ്രമേയമാണോ?

പഴയനിയമത്തിലെ മററു ഗ്രന്ഥങ്ങളിൽ ഈ പ്രമേയത്തിൻെറ വിവിധ വശങ്ങൾ ദൈവവിശ്വാസികൾ തന്നെ ചോദ്യം ചെയ്തിട്ടുണ്ട്. മനുഷ്യവ്യക്തികളുടെയും സമൂഹങ്ങളുടെയും ജീവിതദുരിതങ്ങൾ എല്ലാം അവരുടെ പാപത്തിൻെറ ഫലമാണെന്ന സിദ്ധാന്തം എത്രമാത്രം സത്യമാണെന്ന അന്വേഷണം പലയിടങ്ങളിലും നാം കാണുന്നു. വിശേഷിച്ച്, സങ്കീർത്തനങ്ങൾ, ആമോസ്, ഇയ്യോബ്, യെശയ്യാ, എന്നീ വേദഭാഗങ്ങളിലെ ചർച്ചകൾ ശ്രദ്ധേയമാണ്.

സങ്കീ. 73_ൽ ദൈവവിശ്വാസി 'ദുഷ്ടന്മാരുടെ സൗഖ്യ'വും ശിഷ്ടരുടെ കഷ്ടതയും കണ്ടിട്ട് ലോകത്തിൽ ദൈവനീതി യഥാർത്ഥമാണോ എന്ന ചോദ്യം ഉന്നയിക്കുന്നു. സൗഖ്യവും അഭിവൃദ്ധിയും ദുഷ്ടനാണ്

ലോകത്തിൽ ലഭിക്കുന്നതെങ്കിൽ ദൈവവും ന്യായവും എവിടെ? അങ്ങനെയെങ്കിൽ ധർമ്മിഷ്ടരുടെ ദൈവ വിശ്വാസവും ധാർമ്മിക ജീവിതവും വ്യർത്ഥമല്ലേ?

എൻെറ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി
ദുഷ്ടൻമാരുടെ സൗഖ്യം കണ്ടിട്ട്,
എനിക്ക് അഹങ്കാരികളോട് അസൂയ തോന്നി
അവർക്ക് വേദന ഒട്ടുമില്ലല്ലോ,
അവരുടെ ദേഹം തടിച്ചുരുണ്ടിരിക്കുന്നു
അവർ മർത്യരെപ്പോലെ കഷ്ടത്തിലാകുന്നില്ല
... ... .... .... ... ...
ദൈവം എങ്ങനെ അറിയുന്നു?
അത്യുന്നതനു അറിവുണ്ടോ എന്നവർ പറയുന്നു
ഇങ്ങനെയാകുന്നു ദുഷ്ടൻമാർ
അവർ നിത്യം സ്വസ്ഥത അനുഭവിച്ചു സമ്പത്തു
വർദ്ധിപ്പിക്കുന്നു
എന്നാൽ ഞാൻ എൻെറ ഹൃദയത്തെ ശുദ്ധീകരിച്ചതും
എൻെറ കൈകളെ കുററമില്ലായ്മയിൽ കഴുകിയതും
വ്യർത്ഥമത്രെ.
ഞാൻ ഇടവിടാതെ ബാധിതനായിരുന്നു;
ഉഷസ്സുതോറും ദണ്ഡിക്കപ്പെട്ടും ഇരുന്നു.

ഈ വിധത്തിൽ ചിന്ത പോകുന്നതു് പിതാക്കന്മാരുടെ വിശ്വാസ പാരമ്പര്യം ചോദ്യം ചെയ്കയാണ്; പക്ഷെ ധർമ്മവും ശ്രേയസ്സും തമ്മിലുള്ള ബന്ധം ദുർഗ്രാഹ്യമായി നിലകൊള്ളുന്നു.

ഞാൻ ഇങ്ങനെ സംസാരിപ്പാൻ വിചാരിച്ചിരുന്നെങ്കിൽ
ഇതാ, ഞാൻ നിൻെറ മക്കളുടെ തലമുറയോടു ദ്രോഹം
ചെയ്യുമായിരുന്നു.
ഞാൻ ഇതു ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്കു
പ്രയാസമായിതോന്നി.

എന്നാൽ കൂടുതൽ ദൈവസന്നിധിയിൽ ആലോചിച്ചപ്പോൾ ദുഷ്ടരുടെ സൗഖ്യം അസ്ഥിരമാണെന്നും അവരു

ടെ അന്തം ശൂന്യതയാണെന്നും സങ്കീർത്തനക്കാരനു ബോദ്ധ്യം വരുന്നു.

ഒടുവിൽ ഞാൻ ദൈവത്തിൻെറ വിശുദ്ധമന്ദിരത്തിൽ ചെന്നു
അവരുടെ അന്തം എന്താകുമെന്നു ചിന്തിച്ചു.
നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിർത്തുന്നു
നീ അവരെ നാശത്തിൽ തള്ളിയിടുന്നു.
അത്ര ക്ഷണത്തിൽ അവർ ശൂന്യമായിപ്പോയി,
അവർ മെരുൾച്ചകളാൽ അശേഷം മുടിഞ്ഞുപോയിരിക്കുന്നു
ഉണരുമ്പോൾ ഒരു സ്വപ്നത്തെപ്പോലെ
കർത്താവേ നീ ഉണരുമ്പോൾ അവരുടെ രൂപത്തെ തുച്ഛീകരിക്കും.

ദൈവം ഉണർന്നു് അവരെ ന്യായം വിധിക്കും. നേരേമറിച്ചു ഭക്തനെ ദൈവം നിരന്തരം സംരക്ഷിക്കുന്നു, അവൻ അവസാനം നന്മ അനുഭവിക്കും.

നീ എന്നെ വലങ്കൈ പിടിച്ചിരിക്കുന്നു.
നിൻെറ ആലോചനയാൽ നീ എന്നെ നടത്തും,
പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും.

ഈ ധ്യാനത്തിൻെറ അവസാനത്തിൽ ഭക്തൻ തനിക്കു ദൈവം മാത്രംമതി എന്നു തീരുമാനിക്കുന്നു, ദൈവത്തെ പൂർവ്വാധികം ആശ്രയിക്കുന്നു.

സ്വർഗ്ഗത്തിൽ എനിക്കു് ആരുള്ളു ?
ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.
എൻെറ മാംസവും ഹൃദയവും ക്ഷയിച്ചുപോകുന്നു.
ദൈവം എന്നേക്കും എൻെറ ഹൃദയത്തിൻെറ പാറയും എൻെറ ഓഹരിയുമാകുന്നു.
എന്നാൽ ദൈവത്തോടടുത്തിരിക്കുന്നതു എനിക്കു നല്ലതു്.

> ന്റെ സകല പ്രവൃത്തികളെയും വർണ്ണിക്കേണ്ടതിനു ഞാൻ യഹോവയായ കർത്താവിനെ എന്റെ സങ്കേതമാക്കിയിരിക്കുന്നു.

സങ്കീർത്തനക്കാരൻ വസ്തുനിഷ്ഠമായി ലോകഗതിവിഗതികൾ പഠിക്കുന്നതു മാററിനിർത്തി ആത്മനിഷ്ഠമായി പ്രശ്നം സമീപിച്ചപ്പോഴാണ് പിതാക്കന്മാരുടെ വിശ്വാസം തന്നിൽ സ്ഥിരപ്പെടുന്നത്. ദൈവഭക്തർക്കു ദൈവം ശാശ്വതമായി നന്മയും സങ്കേതവും ആത്യന്തിക മഹത്വവുമാണ്; ലോകഗതിയിൽ അവർക്കു എന്തു സംഭവിച്ചാലും.

ആമോസ് പ്രവാചകന്റെ സമീപനം വ്യത്യസ്തമാണ്. ധനികർ ദരിദ്രരെ ചൂഷണം ചെയ്താണ് ലൗകികാഭിവൃദ്ധി പ്രാപിച്ചിരിക്കുന്നത്. ഈ വസ്തുതയുടെ മുമ്പിൽ പ്രവാചകൻ രണ്ടു കാര്യങ്ങൾ പ്രസ്താവിക്കുന്നു. ഒന്നാമതു്, ദരിദ്രരോടു അനീതി പ്രവൃത്തിക്കുന്നവരുടെ മേൽ നിശ്ചയമായും ദൈവന്യായവിധി ഉണ്ടാകും. അവർക്കു നാശം സംഭവിക്കും. രണ്ടാമതു്, സമൂഹത്തിനു് ആകമാനം ഭൗമിക സമൃദ്ധി ഉണ്ടാകയും കൂട്ടായ ജീവിതം പുരോഗമിക്കയും ചെയ്യണമെങ്കിൽ സ്വാത്ഥപരമായ അഭിവൃദ്ധിക്കുവേണ്ടി സഹോദരരെ ചൂഷണം ചെയ്യുന്നതു് അവസാനിപ്പിച്ചു് ധാർമ്മികനീതി പരസ്പര ബന്ധങ്ങളിൽ പാലിക്കണം. അധർമ്മപരമായ പരചൂഷണംമൂലം സമൂഹത്തിൽ ചിലർക്കു് ഐശ്വര്യം ഉണ്ടാകാം, എന്നാൽ ധർമ്മവും നീതിയും മാത്രമെ പൊതു സമൂഹത്തിന്റെ പുരോഗതിക്കും ഐശ്വര്യത്തിനും നിദാനമായി ഭവിക്കൂ.

> യഹോവ ഇപ്രകാരം അരുളിചെയ്യുന്നു; യിസ്രായേലിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം അവർ നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ടുചെരിപ്പിനും വിററുകളഞ്ഞിരിക്കയാൽ തന്നെ, ഞാൻ ശിക്ഷ മടക്കിക്കളകയില്ല. അവർ എളിയവരുടെ തലയിൽ മൺപൊടി കാണാൻ കാംക്ഷിക്കുകയും സാധുക്കളുടെ വ

ഴി മറിച്ചുകളകയും ചെയ്യുന്നു...ഭൂമിയിലെ സകല വംശങ്ങളിലുംവച്ചു ഞാൻ നിങ്ങളെമാത്രം തെരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ടു ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും... ഞാൻ ഹേമഗൃഹവും ഗ്രീഷ്മഗൃഹവും ഒരുപോലെ തകർത്തുകയും, ദന്തഭവനങ്ങൾ നശിച്ചുപോകും. പല വീടുകളും മുടിഞ്ഞുപോകുമെന്നു യഹോവയുടെ അരുളപ്പാട് (ആമോ. 2. 3–7, 3. 2–14).

നിങ്ങൾ തിൻമ ദ്വേഷിച്ച് നൻമ ഇച്ഛിച്ച് ഗോപുരത്തിങ്കൽ ന്യായം നിലനിർത്തുവിൻ. പക്ഷെ സൈന്യങ്ങളുടെ ദൈവമായ യഹോവ യോസേഫിൽ ശേഷിപ്പുള്ളവരോടു കൃപ കാണിക്കും... ന്യായം വെള്ളംപോലെയും നീതി വററാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ (ആമോ. 5.15, 24).

ഭൗമിക ഐശ്വര്യം ധാർമ്മികജീവിതത്തിൻെറ പ്രതിഫലവും ലോകദുരിതങ്ങൾ അധർമ്മത്തിന്മേൽ ദൈവന്യായ വിധിയുമാണ് എന്ന ആവർത്തനപ്രമേയം പാടെ വെല്ലുവിളിക്കുന്ന ഒരു മഹാകാവ്യമാണ് ഇയ്യോബ്. നീതിമാനായ ഇയ്യോബിൻെറ കഷ്ടതകളുടെ വെളിച്ചത്തിൽ ദൈവനീതി എങ്ങനെ ഗ്രഹിക്കാമെന്ന പ്രശ്നമാണ് കാവ്യം കൈകാര്യം ചെയ്യുന്നതു്.

ദൈവത്തിൻെറ ന്യായപ്രമാണം അനുസരിച്ചു ജീവിച്ച നീതിമാനായ ഇയ്യോബിനു ഇത്ര വലിയ കഷ്ടത വന്നെങ്കിൽ, ദൈവമില്ലെന്നോ, ഉണ്ടെങ്കിൽ ദൈവം നീതിമാനല്ലെന്നോ അർത്ഥമാണെന്നത്രെ ഇയ്യോബിൻെറ ഭാര്യയുടെ നിഗമനം. 'അവൻെറ ഭാര്യ അവനോടു: നീ ഇനിയും നിൻെറ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിച്ചുകളക എന്നു പറഞ്ഞു' (ഇയ്യോ. 2.9).

ഇയ്യോബിനോടു സഹതപിക്കാൻ വന്ന മൂന്നു സ്നേഹിതന്മാർ പരമ്പരാഗതമായ സിദ്ധാന്തത്തിൽ ഉറച്ചുനി

ന്നു. ഇയ്യോബിനു ദുരിതങ്ങൾ ഉണ്ടായെങ്കിൽ ഇയ്യോബ് ദൈവത്തിൻെറ ന്യായപ്രമാണം ലംഘിച്ച് അനീതി പ്രവൎത്തിച്ചിട്ടുണ്ട് എന്നതിനു അതു തെളിവാണെന്നു സമർത്ഥിക്കുന്നു.

ഓർത്തുനോക്കുക. നിർദ്ദോഷിയായി നശിച്ചവനാർ?
നേരുള്ളവർ എവിടെ മുടിഞ്ഞുപോയിട്ടുള്ളു?
ഞാൻ കണ്ടേടത്തോളം അന്യായം ഉഴുതു കഷ്ടത വിതക്കുന്നവൻ അതുതന്നെ കൊയ്യുന്നു.
ദൈവത്തിൻെറ ശ്വാസത്താൽ അവർ നശിക്കുന്നു
അവൻെറ കോപത്തിൻെറ ഊത്തിനാൽ മുടിഞ്ഞുപോകുന്നു (ഇയ്യോ. 4. 7–9)

ദൈവം ന്യായം മറിച്ചുകളയുമോ?
സർവ്വശക്തൻ നീതിയെ മറിച്ചുകളയുമോ (ഇയ്യോ. 8: 3)
നിൻെറ കൈയ്യിൽ ദ്രോഹം ഉണ്ടെങ്കിൽ അതിനെ അകററുക,
നീതികേടു നിൻെറ കൂടാരങ്ങളിൽ പാർപ്പിക്കരുത് അപ്പോൾ നീ കളങ്കം കൂടാതെ മുഖം ഉയർത്തും (ഇയ്യോ. 11: 14–15)

ദൈവം ദുഷ്ടതയോ സർവ്വശക്തൻ നീതികേടോ ചെയ്കയില്ല.
അവൻ മനുഷ്യനു അവൻെറ പ്രവർത്തിക്കു പകരം ചെയ്യും
ഓരോരുത്തനു അവനവൻെറ നടപ്പിനു തക്കവണ്ണം കൊടുക്കും.
ദൈവം ദുഷ്ടത പ്രവർത്തിക്കുകയില്ല നിശ്ചയം;
സർവ്വശക്തൻ ന്യായം മറിച്ചുകളകയില്ല (ഇയ്യോ. 34. 10–22)

ഭാര്യയുടെയും സ്നേഹിതരുടെയും സമീപനങ്ങൾക്കെതിരായി ഇയ്യോബ് തൻെറ നില ഉറപ്പിക്കുന്നു. 'നാം ദൈവത്തിൻെറ കയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?' (ഇയ്യോ. 2. 10) എന്നാണ് ഇയ്യോബ് ഭാര്യക്കു കൊടുക്കുന്ന മറുപടി. സ്നേഹിതരും ഇയ്യോബുമായി നടക്കുന്ന സംവാദം മുഷിപ്പിക്കുന്നതെങ്കിലും ശ്രദ്ധേയമാണ്. അവക്കെതിരായി ഇയ്യോബ് തൻെറ നിർദ്ദോഷത പ്രഖ്യാപിക്കുന്നു.

പരിശുദ്ധന്റെ വചനങ്ങളെ ഞാൻ നിഷേധിച്ചിട്ടില്ലല്ലോ
(ഇയ്യോ. 6. 10)

ഞാൻ കുററക്കാരനല്ലെന്നു നീ അറിയുന്നു (ഇയ്യോ. 10. 7).
അവൻ എന്നെ കൊന്നാലും ഞാൻ അവനെ കാത്തിരിക്കും
ഞാൻ എന്റെ നടപ്പു അവന്റെ മുമ്പാകെ തെളിയിക്കും.
ഞാൻ നീതീകരിക്കപ്പെടുമെന്നു ഞാൻ അറിയുന്നു
(ഇയ്യോ. 13. 15, 18).

നിങ്ങളുടെ വാദം ഞാൻ ഒരുനാളും സമ്മതിക്കയില്ല
എന്റെ നാവു വ്യാജം ഉച്ചരിക്കയുമില്ല.
എന്റെ നീതി ഞാൻ വിടാതെ മുറുകെ പിടിക്കുന്നു,
എന്റെ ഹൃദയം എന്റെ നാളുകളിൽ ഒന്നിനെയും ആക്ഷേപിക്കുന്നില്ല (ഇയ്യോ. 27. 5-6).

ഞാൻ നീതീയെ ധരിച്ചു, അത് എന്റെ ഉടുപ്പായിരുന്നു;
എന്റെ ന്യായം ഉത്തരീയവും തലപ്പാവും പോലെ ആയിരുന്നു;
ഞാൻ കുരുടനു കണ്ണും
മുടന്തനു കാലും ആയിരുന്നു
ദരിദ്രൻമാർക്കു ഞാൻ അപ്പനായിരുന്നു (ഇയ്യോ. 29.14–16)

'അങ്ങനെ ഇയ്യോബ് തനിക്കുതന്നെ നീതിമാനായി തോന്നിയതുകൊണ്ടു ഈ മൂന്നു പുരുഷന്മാർ അവനോടു വാദിക്കുന്നതു മതിയാക്കി' (ഇയ്യോ. 32. 1) എന്നാണു് എഴുത്തുകാരൻ പ്രസ്താവിക്കുന്നതു്. അവസാനം ദൈവം തന്നെ ഇടപെട്ടു ലോകത്തിന്റെ സൃഷ്ടിവ്യവസ്ഥകളും അതിലുൾക്കൊള്ളുന്ന നീതിയും മനുഷ്യയുക്തിക്കും മതതത്ത്വശാസ്ത്രങ്ങൾക്കും അതീതമായ രഹസ്യമാണെന്നു പ്രഖ്യാപിക്കുന്നു. കുടുസ്സായ ദൈവവീക്ഷണത്തിന്റെ പേരിൽ ഇയ്യോബിനെ കുററപ്പെടുത്തിയ സ്നേഹിതന്മാരെ ദൈവം കുററം വിധിക്കുന്നു. അതുമൂലം ഐശ്വര്യം ധർമ്മവഴി പിന്തുടരുന്നവർക്കുള്ളതാണു്, ദുരിതം പാപത്തിന്റെ ഫലമാണു് എന്ന സിദ്ധാന്തം ചോദ്യംചെയ്ത ഇയ്യോബിനെ ദൈവം സാധൂകരിക്കയാണു്. ഇയ്യോബിന്റെ ഭാര്യയുടെയും സ്നേഹിതരുടെയും ദൈവബോധവും ലോകത്തിന്റെ ധാർമ്മികവ്യാഖ്യാനവും ഉപരി

ൂപ്പവമാണ്. അവയെ വെല്ലുവിളിച്ച് ആഴത്തിൽ സാക്ഷാൽ അതിശായിയായ ദൈവത്തെയും സൃഷ്ടിക്ക ടിസ്ഥാനമായ ദൈവനീതിയേയും ആരായുന്ന ഇയ്യോ ബിനെ ദൈവം നീതീകരിക്കുന്നു. ലോകത്തിൽ ദുഷ്ട ക്കും ശിഷ്ടക്കും ദുരിതങ്ങൾ ഉണ്ടാകും. ആ വസ്തുത അ ഭിമുഖീകരിച്ചുകൊണ്ടു തന്നെ ദൈവം ഉണ്ട് എന്നും ദൈ വം നീതിമാനാകുന്നു എന്നും വിശ്വസിക്കുന്നതാണ് യ ഥാർത്ഥ ദൈവവിശ്വാസം. ലോകഗതിയിൽ 'മുഖം മറച്ചുകളയുന്ന'വനത്രെ ദൈവം (ഇയ്യോ 34.30). അങ്ങനെ വസ്തുനിഷ്ഠമായി തികച്ചും മനുഷ്യനു തെളിവാകാത്ത ദൈവവും ദൈവനീതിയും മനുഷ്യത്വത്തിന്റെ സാക്ഷാ ത്ക്കാരമാണെന്നു ആത്മനിഷ്ഠമായി പ്രഖ്യാപിക്കാൻ കഴിയുന്ന ദൈവഭക്തിയാണ് യഥാർത്ഥ ദൈവഭക്തി എന്നു വിവക്ഷ.

യെശയ്യാ 53-ാം അദ്ധ്യായം വേറൊരു വശത്തുകൂടെ ഉപരിപ്ളവമായ ചരിത്രത്തിന്റെ ധാർമ്മിക വ്യാഖ്യാ നം ചോദ്യംചെയ്ത് ആഴത്തിൽ അതിനു പുതിയ രൂപം കൊടുക്കുന്നു. 'കഷ്ടപ്പെടുന്ന ദാസ'നാണ് പ്രതിപാദന വിഷയം. ദൈവദാസന്റെ കഷ്ടത കണ്ടിട്ടു ഇയ്യോ ബിന്റെ സ്നേഹിതരെപോലെ പലരും അതു പാപത്തി ന്മേൽ ദൈവത്തിന്റെ ന്യായവിധിയായി വ്യാഖ്യാനി ക്കുന്നു. 'നാമോ ദൈവം അവനെ ശിക്ഷിച്ചും അടി ച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു' (യെശ. 53. 4). എന്നാൽ അതല്ല സത്യം. ദൈവദാസന്റെ കഷ്ടതയിൽക്കൂടെ ലോകത്തിൽ ധർമ്മം സ്ഥാപിക്കപ്പെ ടുകയാണ്.

ചരിത്രത്തിൽ ധർമ്മം വിജയിക്കണമെങ്കിൽ അ ധർമ്മശക്തികളിൽനിന്നു മാനവവംശം വീണ്ടെടുക്കപ്പെട ണം; അതിലേക്കു നിർദ്ദോഷിയായ വ്യക്തിയും സമൂ ഹവും അധർമ്മികളുടെ കയ്യാൽ പീഡിക്കപ്പെടണം. അ ങ്ങനെ അധർമ്മത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി

സ്വമേധയാവഹിക്കുന്ന നിർദ്ദോഷിയുടെ സഹനത്തിലൂടെ ധർമ്മം ചരിത്രത്തിൽ വിജയിക്കുന്നു. മനുഷ്യരുടെ ദുരിതങ്ങളിൽ താദാത്മ്യം പ്രാപിച്ച് അധർമ്മത്തോടു സമരം ചെയ്ത് കഷ്ടതകൾ സ്വയംവരിച്ചു സഹിക്കാൻ ധാർമ്മികരില്ലാത്ത സമൂഹം സാക്ഷാൽ ധാർമ്മികമായി ഭവിപ്പാൻ സാധ്യമല്ലെന്നു സാരം. ദൈവദാസന്റെ കഷ്ടതകൾ മുഖാന്തരം ലോകം ദൈവത്തിനായി വീണ്ടെടുക്കപ്പെടുന്ന ചിത്രമാണ് യെശയ്യാപ്രവാചകൻ വരയ്ക്കുന്നത്.

> സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു....അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേററും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു .... (ദൈവം) അവനു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ട് അവൻ സന്തതിയെ കാണുകയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും (യെശ 53.4–10).

'യഹോവയുടെ ഇഷ്ടം' ദൈവഹിതമായ ധർമ്മം ചരിത്രത്തിൽ 'സാധിക്കു'ന്നതു ദൈവദാസരുടെ കഷ്ടതയാകുന്ന 'സാധന' മൂലമാണ്. ഈ മൗലിക ധാർമ്മിക പ്രമാണമാണ് ഇവിടെ സമർത്ഥിച്ചിരിക്കുന്നത്. ദൈവത്തിന്റെ ധാർമ്മികദൗത്യം വഹിക്കുന്ന ധാർമ്മികന്റെ ദിവ്യനിയോഗം ഐശ്വര്യമല്ല, കഷ്ടതയാണ്.

യേശുക്രിസ്തുവിന്റെ മലപ്രസംഗത്തിൽ ധാർമ്മിക ജീവിതം നയിക്കുന്ന മനുഷ്യർക്കു വാഗ്ദാനം ചെയ്യുന്ന 'ഭാഗ്യം' കനാനെപ്പോലെ ഭൗമിക ഐശ്വര്യമല്ല, ദൈവദർശനവും ഭൂമിയിൽ സാഹോദര്യം സാക്ഷാത്ക്കരിക്കുന്ന ദൈവ രാജ്യവുമാണ്. 'സ്വർഗ്ഗരാജ്യം അവരുടേതാകുന്നു'; 'അവർ ഭൂമിയെ അവകാശമാക്കും'; 'അവർ ദൈ

വത്തെ കാണും'; 'സ്വർഗ്ഗരാജ്യം അവരുടേതാകുന്നു' (മത്താ. 5. 3, 5, 8, 10). പീഡനത്തിൽക്കൂടെയാണ് ഇവയൊക്കെ ധാർമ്മികനു അവകാശമായി ഭവിക്കുന്നതു്. 'ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ അവഹേളിക്കയും പീഡിപ്പിക്കയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ ... നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെ അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്'' (മത്താ. 5. 11–12 POC തർജ്ജമ). അങ്ങനെയത്രെ അവർ 'ഭൂമിയുടെ ഉപ്പും'(5.13) 'ലോകത്തിന്റെ പ്രകാശ'വും (5. 14) ആയിത്തീരുന്നതു്.

ധാർമ്മിക ജീവിതം നയിക്കുന്നതു് ഭൗമിക ഐശ്വര്യത്തിനു വേണ്ടിയല്ല, ഭൂമിയിൽ മനുഷ്യജീവിതത്തിന്റെ ദിവ്യ ദൗത്യം നിറവേററുന്നതിനാണ്. അപ്രകാരം ജീവിത ദൗത്യം പ്രഥമമാകുമ്പോൾ മററു ജീവിതാവശ്യങ്ങളും മനുഷ്യർക്കു ലഭിക്കും. 'മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും' (മത്താ. 6.33). തന്നോടു യാചിക്കുന്നവർക്കു 'പരിശുദ്ധാത്മാവി'നോടൊപ്പം സകല 'നന്മ'യും ദൈവം 'അധികം' കൊടുക്കും. (ലൂക്കോ. 11. 13, മത്താ. 7. 11) യേശുക്രിസ്തുവിനും സുവിശേഷത്തിനും വേണ്ടി കുടുംബബന്ധങ്ങളോ, 'വീടോ', 'വയലുകളോ' പരിത്യജിക്കുന്നവർക്കു 'ഇക്കാലത്തുതന്നെ' അവ നൂറിരട്ടി ലഭിക്കും; അവയോടൊപ്പം പീഡനങ്ങളും' (മർക്കോ. 10. 30 POC തർജ്ജമ)

ആവർത്തനപ്പുസ്തകത്തിൽ പ്രകൃതിയുടെ അനുഗ്രഹം ദൈവത്തിന്റെ ന്യായപ്രമാണം അനുസരിക്കുന്നവർക്കാണ് വാഗ്ദാനം ചെയ്തിരിക്കുന്നതു് — കൃഷിക്കു മുൻമഴയും പിൻമഴയും, കന്നുകാലികളുടെ പെരുപ്പം ആദിയായവ. യേശുവിന്റെ പഠിപ്പിക്കയിൽ പ്രകൃതിയുടെ അനുഗ്രഹങ്ങൾ മനുഷ്യർക്കു ചൊരിയുന്നതു് ധർമ്മാധർമ്മ വിവേചനം കൂടാതെയാണ്. ദൈവം 'ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ

മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ' (മത്താ. 5.45). അതുപോലെതന്നെ പ്രകൃതിക്ഷോഭമോ ചരിത്ര സംഭവങ്ങളോ മൂലം ഉണ്ടാകുന്ന ആപത്തുകാം പാപത്തിന്റെ ശിക്ഷയാണെന്ന ധാരണ യേശു നിഷേധിക്കുന്നു. പീലാത്തോസ് കൊന്ന ഗലീലക്കാരോ ശീലോഹാമിലെ ഗോപുരം വീണുമരിച്ച പതിനെട്ടു പേരോ ജീവിക്കുന്ന ശേഷമുള്ളവരെക്കാറം 'പാപിക'ളോ 'കുററക്കാ'രോ ആയിരുന്നു എന്നു് നിങ്ങറംക്കു തോന്നുന്നുവോ ?' 'അല്ലല്ല' എന്നു യേശുതന്നെ ഉത്തരം നൽകുന്നു (ലൂക്കോ. 13. 1–5). ധർമ്മാധർമ്മ ഭേദങ്ങറം മുൻനിത്തിയല്ല ഇമ്മാതിരി സംഭവങ്ങറം നടക്കുന്നതു്.

ഒരു മനുഷ്യൻ കുരുടനായി പിറക്കാൻ കാരണം പാപമാണെന്ന പരമ്പരാഗതമായ സിദ്ധാന്തം മനസ്സിൽ വച്ചുകൊണ്ടാണു്, ശിഷ്യന്മാർ യേശുവിനോടു, റബ്ബീ ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു ? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ? എന്നു ചോദിച്ചതു്. അതിനു യേശുവിന്റെ മറുപടി, കുരുടപ്പിറവിയും പാപവും തമ്മിൽ നേരിട്ടു ബന്ധമില്ലെന്നാണു് (യോഹ. 9. 1–3).

അധർമ്മവും യാദൃശ്ചികമായി ഉണ്ടാകുന്ന ആപത്തും തമ്മിൽ പാപവും ശാരീരിക വൈകല്യങ്ങളും തമ്മിൽ വസ്തുനിഷ്ഠമായ ബന്ധമില്ലെന്നും, ഉണ്ടെങ്കിൽ തന്നെ അതു മനുഷ്യർക്കു ദുർഗ്രാഹ്യമാണെന്നും യേശു ചിന്തിച്ചതായി അനുമാനിക്കാം. എന്നാൽ ലോകത്തിൽ ദൈവമഹത്വം ഉണ്ടാകണമെന്നു അഭിലഷിക്കുന്ന ധാർമ്മികർക്കു അധർമ്മംപോലെ ആപൽ മരണങ്ങളും ശാരീരിക രോഗങ്ങളും വെല്ലുവിളിയാണു്. അവയുടെ കാരണങ്ങറം മാററാൻ ദൈവത്തോടു സഹകരിക്കുന്നതിനു അവർ കടപ്പെട്ടിരിക്കുന്നു. ''ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിന്നത്രെ' (യോഹ. 9.4).

യെശ. 53_ലെ തത്ത്വം പിന്തുടൎന്നു യേശു പ്രസ്താവിക്കുന്നതു് നീതിമാന്മാരുടെ രക്തസാക്ഷ്യമാണു് ലോകോദ്ധാരണത്തിനു ഏക മാൎഗ്ഗമെന്നത്രെ. 'അതുകൊണ്ടു ഞാൻ പ്രവാചകന്മാരെയും ജ്ഞാനികളെയും ശാസ്ത്രിമാരെയും നിങ്ങളുടെ അടുക്കൽ അയയ്ക്കുന്നു. അവരിൽ ചിലരെ നിങ്ങൾ ക്രൂശിച്ചു കൊല്ലുകയും ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടികൊണ്ടടിക്കയും പട്ടണത്തിൽനിന്നു പട്ടണത്തിലേക്കു ഓടിക്കയും ചെയ്യും. നീതിമാനായ ഹാബേലിന്റെ രക്തം മുതൽ ...... ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം' മനുഷ്യരുടെമേൽ ന്യായവിധിയായിരിക്കുന്നതുപോലെ തന്നെ അവരുടെ ഉദ്ധാരണത്തിനു മുഖാന്തരവുമാണു് (മത്താ. 23. 34_35). യേശുക്രിസ്തുവിന്റെ ക്രൂശു് ലോകത്തിന്റെ രക്ഷിക ചരിത്രത്തിന്റെ മകുടമായി നിലകൊള്ളുന്നു. ദൈവരാജ്യ ദൗത്യം നിറവേററാൻ തീരുമാനിക്കുന്നവർ സ്വമേധയാ, അവരുടെ ക്രൂശു് വഹിച്ചു് യേശുവിനെ അനുഗമിക്കുന്നു. 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു് നാൾതോറും തന്റെ ക്രൂശു് എടുത്തുംകൊണ്ടു് എന്നെ അനുഗമിക്കട്ടെ' (ലൂക്കോ. 9.23). ധാൎമ്മികർ ഭൗമിക ഐശ്വര്യത്തിൽ കൂടെയല്ല ക്രൂശിന്റെ അനുഭവത്തിൽകൂടെയാണു് ലോകചരിത്രം ധാർമ്മികാധിഷ്ഠിതമാണെന്ന സത്യം അന്തരാത്മാവിൽ ഗ്രഹിക്കുന്നതു്. കാരണം, ധർമ്മവിജയം പ്രഖ്യാപിക്കുന്ന ഉയിൎത്തെഴുന്നേല്പു് ക്രൂശിൽ അത്രെ മനുഷ്യാത്മാവിനു സ്പഷ്ടമാകുക.

യിസ്രായേൽ ചരിത്രത്തിലും യേശുക്രിസ്തുവിലും തുടൎന്നുണ്ടായ ദൈവവെളിപ്പാടു് ആവൎത്തനപുസ്തകത്തിലെ ചരിത്രത്തിന്റെ ധാർമ്മിക വ്യാഖ്യാനത്തിന്റെ രൂപം പല വിധത്തിൽ തിരുത്തിയിട്ടുണ്ടു്, പൂൎണ്ണമാക്കിയിട്ടുണ്ടു്. എന്നാൽ പ്രസ്തുത വ്യാഖ്യാനത്തിന്റെ ഒരു ആദിരൂപം ആവൎത്തനപുസ്തകത്തിൽ ലഭിക്കുന്നു എന്നതാണു് പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രാധാന്യം.

# രണ്ടാം ഭാഗം

# 1. യിസ്രായേൽ-
# ദൈവം തെരഞ്ഞെടുത്ത ജനം.

### ആവ. 1. 1—4. 49

വാഗ്ദത്തനാടായ കനാൻ ദേശത്തു യിസ്രായേൽ ജനം പ്രവേശിക്കുന്നതിനു തൊട്ടു മുമ്പ് ജനത്തെ കൂട്ടിവരുത്തി അവരോടു മോശെ സംസാരിക്കുന്നു. മോശെയുടെ ഒന്നാമത്തെ പ്രഭാഷണമാണ് ആവ. 1. 6—4. 40. യഹോവ അടിമത്തത്തിൽനിന്നു വിടുവിച്ചവരുടെ പിൻതലമുറയെ ഹോറേബ് (സീനായി) പർവ്വതത്തിൽ നിന്നു യോർദ്ദാൻ താഴ്‌വരയിൽ ബേത്ത്-പെയോർവരെ മരുഭൂമിയിൽ കൂടെ നടത്തിയ ചരിത്രമാണ് ഇവിടെ മോശെ ചുരുക്കമായി പ്രതിപാദിക്കുന്നത്. ആ പൂർവ്വചരിത്രം അവരുടെ ഭാവിചരിത്രത്തിന്റെ പശ്ചാത്തലമായി നിലകൊള്ളുന്നു. യഹോവ അവരെ സ്വന്തജനമായി തെരഞ്ഞെടുക്കയും അവരുമായി ഉടമ്പടിയിൽ പ്രവേശിച്ച് ദൈവനിയമങ്ങൾ അവർക്കു നൽകിയിരിക്കുന്നു എന്ന വസ്തുതയിലാണ് യിസ്രായേലിന്റെ ജാതീയ മാഹാത്മ്യം സ്ഥിതി ചെയ്യുന്നതു്. ഇതത്രെ ഉപദേശസാരം.

1.1. സൂഫിന്നെതിരെ പാരോന്നും തോഫെലിന്നും ലാബാന്നും ഹസേരോത്തിന്നും ദിസാഹാബിന്നും നടുവെ യോർദ്ദാന്നക്കരെ മരുഭൂമിയിൽ അരാബയിൽവച്ചു മോശെ എല്ലാ യിസ്രായേലിനോടും പറഞ്ഞ വചനങ്ങൾ ആവിത്.

2. സേയീർ പർവ്വതം വഴിയായി ഹോരേബിൽനിന്നു കാദേശ് ബർന്നേയയിലേക്കു പതിനൊന്നു ദിവസത്തെ വഴി ഉണ്ടു്.

3. നാല്പതാം സംവത്സരം പതിനൊന്നാം മാസം ഒന്നാം തീയതി മോശെ യിസ്രായേൽ മക്കളോടു യഹോവ അവർക്കുവേണ്ടി തന്നോടു കല്പിച്ചതുപോലെ ഒക്കെയും പറഞ്ഞു.

4,5. ഹെശ്ബോനിൽ പാർത്തിരുന്ന അമോര്യ രാജാവായ സീഹോനെയും അസ്താരോത്തിൽ പാർത്തിരുന്ന ബാശാൻ രാജാവായ ഓഗിനെയും എദ്രെയിൽവച്ചു സംഹരിച്ച ശേഷം യോർദ്ദാന്നക്കരെ മോവാബ് ദേശത്തുവെച്ചു മോശെ ഈ ന്യായപ്രമാണം വിവരിച്ചു തുടങ്ങിയത് എങ്ങനെയെന്നാൽ:

1. മോശെയുടെ പ്രഭാഷണങ്ങളുടെ സ്ഥലകാല സന്ദർഭം വ്യക്തമാക്കയാണ് ഈ വേദഭാഗത്തിന്റെ ലക്ഷ്യം. യോർദ്ദാന്നക്കരെ മരുഭൂമിയിൽ അരാബയിൽവെച്ച്, 'യോർദ്ദാനക്കരെ മോവാബ് ദേശത്തുവെച്ച്' എന്നിങ്ങനെ സ്ഥലനിർണ്ണയം ചെയ്തിരിക്കുന്നു. ഹോരേബിൽനിന്നും കാദേശ് ബർന്നേയിലേക്കും അവിടെനിന്നു മോവാബ് ദേശത്തേക്കും യാത്ര ചെയ്ത യിസ്രായേൽ ജനത്തോട് 'നാല്പതാം സംവത്സരം പതിനൊന്നാംമാസം ഒന്നാം തീയതി'—ഇതു ചരിത്രഘട്ടവും കാലവും വ്യക്തമാക്കുന്നു. പല കൈകൾ ഈ ഭാഗത്തിന്റെ രചന പരിഷ്ക്കരിക്കുന്നതിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നു സ്പഷ്ടം. ഹോരേബ് സീനായി പർവ്വതത്തിന്റെ മറെറാരു നാമമാണ്. ആദ്യത്തെ നാലു വേദഗ്രന്ഥങ്ങളുടെ കാലഘട്ടകണക്കുകളോടു ആവർത്തനപ്പുസ്തകം ബന്ധിക്കുന്നതിനു പൗരോഹിത്യ (P) പരിഷ്ക്കർത്താവു് കൂട്ടിച്ചേർത്തതാകും ആണ്ടു മാസം തീയതി; അങ്ങനെ വിശദമായ കാലനിർണ്ണയം പൗരോഹിത്യ രേഖയിലാണുള്ളതു്. 'അരാബ' യോർദ്ദാൻ താഴ്വരയും സമീപസ്ഥലങ്ങളുമാണ്. മോവാബ് ദേശത്തു ബെത്തു്—പയോരിൽവെച്ചു ജനത്തോടു സംസാരിച്ചു എന്നുപിന്നാലെ (3.29; 34.6) രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്തോടു ഇതു ഒത്തുവരുന്നു. 1.1—ൽ കൊടുത്തിരിക്കുന്ന മററു സ്ഥലങ്ങൾ എവിടെയെന്നു വ്യക്ത

മല്ല. സീഹോൻ, ഓഗ് എന്നീ രാജാക്കന്മാരുടെ മേൽ വിജയം ആവ 2, 3 അദ്ധ്യായങ്ങളിൽ വിശദമായി ചർച്ച് ചെയ്തിരിക്കുന്നു.

2. 'മോശെ എല്ലാ യിസ്രായേലിനോടും പറഞ്ഞ വചനങ്ങൾ' (1) 'മോശെ യിസ്രായേൽ മക്കളോടു യഹോവ അവൎക്കുവേണ്ടി തന്നോടു കല്പിച്ചതുപോലെ ഒക്കെയും പറഞ്ഞു' (3); 'മോശെ ഈ ന്യായപ്രമാണം വിവരിച്ചു' (5). യഹോവ മോശെയിൽക്കൂടെ എല്ലാ യിസ്രായേൽ ജനത്തിനുമായി നൽകിയ ദൈവവെളിപ്പാടാണ് ന്യായപ്രമാണം. യഹോവ മോശെയോടു 'കല്പിച്ചതു്' മോശെ ജനത്തോടു 'പറഞ്ഞു'. ന്യായപ്രമാണത്തിന്റെ ആത്യന്തിക ആധികാരികതയാണ് ഇവിടെ സ്പഷ്ടമാക്കുന്നതു്. യിസ്രായേലിന്റെ ധർമ്മബോധവും ധാർമ്മിക നിയമങ്ങളും കേവലം മനുഷ്യനിർമ്മിതമല്ല; തികച്ചും സാമൂഹ്യമായി അവ വ്യഖ്യാനിക്കാനും സാധ്യമല്ല. അവയുടെ പിന്നിൽ ദൈവോദ്ദേശ്യവും ദൈവനിയമവും ഉണ്ടു്. 'എല്ലാ യിസ്രായേലിനോടും' എന്ന പദപ്രയോഗത്തിൽ ഗോത്രങ്ങളായും രാഷ്ട്രങ്ങളായും ഭിന്നിച്ചുകിടക്കുന്ന യിസ്രായേൽ ജനത്തിനു മുഴുവൻ ദൈവത്തിന്റെ ന്യായപ്രമാണം ബാധകമാണെന്നു യിസ്രായേൽ ദൈവശാസ്ത്രജ്ഞൻ വ്യക്തമാക്കുന്നു. ന്യായപ്രമാണമാണ് യിസ്രായേൽ ജനതയുടെ ഏകത്വത്തിനാധാരം. ഒരുപക്ഷെ ദൈവം യിസ്രായേലിൽക്കൂടി 'സൎവ്വമനുഷ്യജാതികൾക്കും ആകമാനം' നൽകിയ ദൈവനിയമം എന്നു് ഇന്നു നാം ഒരു പുതിയ ഭാഷാന്തരം നൽകുന്നെങ്കിൽ അതു തെററായിരിക്കയില്ല. ക്രിസ്തുയേശുവിൽ മോശെയുടെ ന്യായപ്രമാണം പൂൎത്തീകരിക്കപ്പെട്ടു് പുതിയ നിയമമായി മാനവവംശത്തിനാകമാനം നൽകപ്പെട്ടിരിക്കുന്നതിനാൽ അതു പൂൎവ്വാധികം അർത്ഥനിർഭരമാണ്. ദൈവം യിസ്രായേലിൽക്കൂടി മനുഷ്യവർഗ്ഗത്തിനു സ്വയം പ്രകാശിച്ച മാനവധർമ്മം വെളിപ്പെടുത്തുന്നു; മനുഷ്യവർഗ്ഗം സ്വധർമ്മം അന്വേഷിച്ചു ദൈവത്തെ ആരായുന്നു. ഇവരണ്ടും സന്ധിക്കുന്നിടമാണ് മാനവധർമ്മബോധവും ധാർമ്മി

കനിയമങ്ങളും. ആ ബന്ധത്തിൻെറ ചരിത്രത്തിൽ മോശെയുടെ ന്യായപ്രമാണത്തിനു അദ്വിതീയ സ്ഥാനമുണ്ടു്. അതിൻെറ മകുടം യേശുക്രിസ്തുവും. അതുകൊണ്ടത്രെ സ്വധർമ്മം ആരായുന്ന സകല മനുഷ്യസമൂഹങ്ങൾക്കും ആവത്തനപ്പുസ്തകം പ്രധാനമായിരിക്കുന്നതു്. ക്രിസ്തീയസഭയുടെ പൂവ്വകാല ചരിത്രം ഇവിടെ ലഭിക്കുന്നതിനാൽ ഈ പുസ്തകത്തിൻെറ പഠനത്തിനു ക്രിസ്ത്യാനികൾക്കു വിശേഷാൽ പ്രാധാന്യവുമുണ്ടു്.

3. 'ഈ ന്യായപ്രമാണം' (5). പ്രസ്തുത പദപ്രയോഗം ആവത്തപ്പുസ്തകം പലേടങ്ങളിൽ ആവത്തിക്കുന്നു (4.8; 17.18_19; 27_31 അദ്ധ്യായങ്ങളും കാണുക). മോശെയിൽകൂടി യിസ്രായേൽജനത്തിനു ഹോറേബിൽവച്ചു ദൈവം നല്കിയ ന്യായപ്രമാണമല്ല, പുതിയ ഒന്നാണിതു് എന്ന ആശയം സ്ഫുരിക്കുന്നു. ഒരു നിയമസംഹിതയും എല്ലാക്കാലത്തേക്കും നിലനില്ക്കുന്നതല്ല. സാമൂഹ്യ പരിതസ്ഥിതികളും പ്രശ്നങ്ങളും മനുഷ്യ ചരിത്രവും വ്യത്യാസപ്പെടുന്നതനുസരിച്ചു ന്യായബോധത്തിലും ന്യായരൂപത്തിലും ദൈവാരാധനാ സമ്പ്രദായങ്ങളിലും മാററം ഉണ്ടാകും, ഉണ്ടാകണം. ദൈവത്തെ ആരാധിക്ക, മനുഷ്യനെ ആദരിക്ക എന്ന രണ്ടു മൗലിക പ്രമാണങ്ങൾ ശാശ്വതം തന്നെ. എന്നാൽ അവ ഓരോകാലത്തും നവം നവങ്ങളായ രൂപങ്ങളിൽ പ്രകടമാക്കണം.

1.6. ഹോറേബിൽവെച്ചു നമ്മുടെ ദൈവമായ യഹോവ നമ്മോടു കല്പിച്ചതു്: നിങ്ങൾ ഈ പർവ്വതത്തിങ്കൽ പാർത്തതു മതി.

7. തിരിഞ്ഞു യാത്രചെയ്തു് അമോര്യരുടെ പർവ്വതത്തിലേക്കും അതിൻെറ അയൽപ്രദേശങ്ങളായ അരാബ, മലനാടു്, താഴ്‌വീതി, തെക്കേദേശം, കടല്ക്കര എന്നിങ്ങനെയുള്ളകനാന്യദേശത്തേയ്ക്കും ലെബാനോനിലേക്കും ഫ്രാത്തു് എന്ന മഹാനദിവരെയും പോകുവിൻ.

8. ഇതാ, ഞാൻ ആ ദേശം നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു, നിങ്ങറം കടന്നു യഹോവ നിങ്ങളുടെ പിതാക്കന്മാരായ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും അവരുടെ സന്തതിക്കും കൊടുക്കുമെന്നു അവരോടു സത്യം ചെയ്ത ദേശത്തെ അവകാശമാക്കുവാൻ.

'നീങ്ങറം ഈ പവ്വതത്തിൽ പാത്തുമതി'. ഹോരേബ്–സീനായ് പവ്വതത്തിൽ ദൈവം യിസ്രായേലുമായി ഉടമ്പടിചെയ്ത് ദൈവദർശനം അവക്ക കൊടുത്തു. അതവരെ സന്തുഷ്ടരാക്കി. എന്നാൽ പവ്വതത്തിൽ എക്കാലവും ജീവിക്കയല്ല അവരെപ്പററി ദൈവോദ്ദേശ്യം. അവർ താഴ്വരയിലിറങ്ങി, മരുഭൂമിയിൽകൂടി പ്രയാണം ചെയ്ത്, വാഗ്ദത്തപ്രദേശം സ്വായത്തമാക്കാൻ സമര സന്നദ്ധരാകണം. ദൈവദർശനം ലോകത്തിൽ നിന്നൊളിച്ചോട്ടമോ ജീവിതായോധനങ്ങളിൽനിന്നു സംരക്ഷണമോ അല്ല, ലോകജീവിതത്തിനു പ്രചോദനമാണ്. ലോകത്തിലെ ശക്തി രാഷ്ട്രീയരംഗത്തു പ്രവേശിച്ചുതന്നെയാണ് ദൈവജനം ദൈവത്തെ സേവിക്കേണ്ടതു്. ഇതു ഒരു ശാശ്വത സത്യം. ക്രിസ്തീയ ജനത്തിൻെറ വാഗ്ദത്തനാടു ഭൂപ്രദേശമല്ല, ദൈവരാജ്യമാണെന്ന വ്യത്യാസമുണ്ടു്. യേശുക്രിസ്തു 'ഒരു ഉയർന്ന മലയിൽ' ശിഷ്യന്മാരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അപ്പോറം 'നാം ഇവിടെ ഇരിക്കുന്നതു നല്ലതു്'' എന്നായിരുന്നു പത്രോസിൻെറ പ്രതികരണം. എന്നാൽ അവർ അവിടെ ഇരിക്കാനുള്ളവരല്ല. മലയിൽ നിന്നിറങ്ങി അവർ 'ഊമനും കുരുടനുമായ ആത്മാവി'നെ അഭിമുഖികരിച്ച് വിശ്വാസത്തിൻെറ സ്വഭാവം ഗ്രഹിക്കണം; യേശു വളരെ കഷ്ടപ്പെടുകയും ധിക്കരിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്ത് രക്ഷികധർമ്മം നിറവേററണം. അതാണ് ദൈവഹിതം (മക്കോ. 9.1–29).

1.12. ഞാൻ ഏകനായി നിങ്ങളുടെ ഭാരവും നിങ്ങളുടെ ചുമടും നിങ്ങളുടെ വ്യവഹാരങ്ങളും വഹിക്കുന്നതെങ്ങനെ ?

15. ആകയാൽ ഞാൻ നിങ്ങളുടെ ഗോത്രത്തലവൻമാരായി ജ്ഞാനവും പ്രസിദ്ധിയുമുള്ള പുരുഷൻമാരെ ആയിരംപേർക്ക് അധിപതിമാർ, നൂറുപേർക്ക് അധിപതിമാർ, അമ്പതുപേർക്ക് അധിപതിമാർ, പത്തുപേർക്ക് അധിപതിമാർ, ഇങ്ങനെ നിങ്ങൾക്കു തലവൻമാരും ഗോത്രപ്രമാണികളുമായി നിയമിച്ചു.

16. അന്നു ഞാൻ നിങ്ങളുടെ ന്യായാധിപൻമാരോടു ആജ്ഞാപിച്ചത്.....നീതിയോടെ വിധിപ്പിൻ.

17. ന്യായ വിസ്താരത്തിൽ മുഖംനോക്കാതെ ചെറിയവന്റെ കാര്യവും വലിയവന്റെ കാര്യവും ഒരുപോലെ കേൾക്കണം. മനുഷ്യനെ ഭയപ്പെടരുത്; ന്യായവിധി ദൈവത്തിനുള്ളതല്ലോ.

1. യിസ്റായേൽ ജനത്തിന്റെ ഇടയിൽനിന്നു് അധിപതികൾ, തലവന്മാർ, ഗോത്രപ്രമാണികൾ, ന്യായാധിപന്മാർ എന്നിവരെ നിയമിച്ചും അവരുടെ അധികാരപരിധികൾ നിർണ്ണയിച്ചും യിസ്റായേൽ ജനത്തെ മോശെ സംഘടിപ്പിക്കുന്നു. പുറപ്പാടു പുസ്തകത്തിൽ ഇതു മോശെയുടെ അമ്മായിയപ്പൻ യിത്രോവിന്റെ നിർദ്ദേശപ്രകാരമാണ് (പുറ. 18). ഇവിടെ മോശെ ജനങ്ങളുടെ മുമ്പാകെ സംഘടനാപദ്ധതി അവതരിപ്പിക്കുന്നു, 'നീ പറഞ്ഞകാര്യം നല്ലതു് എന്നു്' അവർ അംഗീകരിക്കുന്നു (1.12–14). നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗ്യത രണ്ടു വേദഭാഗങ്ങളിലുമുള്ളതു ശ്രദ്ധേയമാണു്. 'ദൈവഭക്തന്മാരും സത്യവാന്മാരും ദ്രവ്യാഗ്രഹം വെറുക്കുന്നവരുമായ പ്രാപ്തിയുള്ള പുരുഷന്മാരെ' (പുറ 18. 21); 'ജ്ഞാനവും വിവേകവും പ്രസിദ്ധിയുമുള്ള പുരുഷന്മാരെ' (ആവ. 1. 15).

2. മോശെ ന്യായാധിപന്മാർക്കു നല്കുന്ന കല്പനയിൽ നിഷ്കർഷിക്കുന്നതു് മുഖംനോക്കാത്ത നീതിബോധവും നിർഭയത്വവുമാണു്. 'നീതിയോടെ വിധിപ്പിൻ. ന്യാ

യവിസ്താരത്തിൽ മുഖം നോക്കാതെ ചെറിയവൻെറ കാര്യവും വലിയവൻെറ കാര്യവും ഒരുപോലെ കേൾക്കണം. മനുഷ്യനെ ഭയപ്പെടരുതു്" (1. 16_17). ദൈവത്തെയും ദൈവത്തിൻെറ അന്ത്യ കോടതിയേയും ഭയപ്പെടുന്നവരാണു് മനുഷ്യഭയംകൂടാതെ നീതി പ്രവർത്തിക്കുന്നതു് എന്നു പ്രത്യേകം മോശെ വ്യക്തമാക്കുന്നു. മനുഷ്യൻെറ അന്ത്യ ഉത്തരവാദിത്വം ദൈവത്തോടും ദൈവനീതിയോടുമാണെങ്കിൽ മാത്രമെ ഏതു മനുഷ്യനും ഭരണകൂടത്തെയോ ധനികരെയോ മററു അധികാര കേന്ദ്രങ്ങളെയോ പൊതുജനത്തെത്തന്നെയോ സ്വന്തം മനസ്സാക്ഷിയുടെ നാമത്തിൽ ചെറുത്തുനില്ക്കാൻ കഴിയൂ 'മനുഷ്യനെ ഭയപ്പെടരുതു്. ന്യായവിധി ദൈവത്തിനുള്ളതല്ലോ' (1. 17). ഭരണകൂടത്തിൻെറ സർവ്വാധിപത്യത്തിനെതിരായി ആധുനികകാലത്തു് ഉറച്ചുനില്പാൻ കഴിയുന്നതു മുതലാളിവർഗ്ഗത്തിൻെറയോ തൊഴിലാളിവർഗ്ഗത്തിൻെറയോ ഭരണകൂടത്തിനതീതമായി ദൈവത്തോടാണു് മനുഷ്യൻെറ ആത്യന്തിക ഭക്തിയും ഉത്തരവാദിത്വവും എന്നു സാക്ഷിക്കുന്ന ദൈവവിശ്വാസികൾക്കാണു്. ഹിററ്ലറിനെതിരായ സമരത്തിൽ ലിബറൽ വിശ്വാസികളായ ബുദ്ധിജീവികളും സോഷ്യലിസ്റ്റു് വിശ്വാസികളായ തൊഴിലാളി സംഘടനകളും കക്ഷികളും ശക്തിഹീനമായി ഭവിച്ചപ്പോൾ സഹന സമരത്തിൽകൂടി സ്വാതന്ത്ര്യദീപം കെടാതെ കാത്തതു് ക്രിസ്തുവിൽ ദൈവനീതി സാക്ഷിപ്പാൻ മുതിർന്ന സഭാ വിശ്വാസികളായിരുന്നു. നീമുള്ളർ, ബോൺഹോഫർ എന്നിവരെപ്പോലുള്ളവരുടെ നേതൃത്വത്തിൽ. കാറൾബാർത്ത് രചിച്ച ലോകപ്രസിദ്ധമായ ബാർമൻ പ്രഖ്യാപനം സമരകാഹളം മുഴക്കി. ക്രിസ്തുയേശു ലോകകർത്താവു്, അവൻെറ നീതിമാത്രം ലോകജീവിതത്തിന്നാധാരം, അതു നിഷേധിക്കുന്ന ഭരണകൂടത്തിൻെറ ആധിപത്യമോ നിയമങ്ങളോ അനുസരിപ്പാൻ ക്രിസ്തുഭക്തർക്കു സാധ്യമല്ല —ഇതായിരുന്നു ബാർമൻ പ്രഖ്യാപനസാരം. ഈ തത്ത്വത്തിൻെറ ഉല്പത്തി മോശെയുടെ ന്യായപ്രമാണത്തിലാണു്.

1. 19 പിന്നെ നമ്മുടെ ദൈവമായ യഹോവ നമ്മോടു കല്പിച്ചതുപോലെ നാം ഹോരേബിൽനിന്നു പുറപ്പെട്ട ശേഷം നിങ്ങൾ കണ്ട ഭയങ്കരമായ മഹാമരുഭൂമിയിൽകൂടി നാം അമോര്യരുടെ മലനാട്ടിലേക്കുള്ള വഴിയായി സഞ്ചരിച്ചു കാദേശ് ബർന്നേയിൽ എത്തി.

20. അപ്പോൾ ഞാൻ നിങ്ങളോട്: നമ്മുടെ ദൈവമായ യഹോവ....ആ ദേശം നിന്റെ മുമ്പിൽ വെച്ചിരിക്കുന്നു. നിന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിന്നോടരുളിച്ചെയ്തതുപോലെ നീ ചെന്നു അതു കൈവശമാക്കിക്കൊൾക....

22. എന്നാറെ നിങ്ങൾ എല്ലാവരും അടുത്തുവന്നു: നാം ചില ആളുകളെ മുമ്പുകൂട്ടി അയയ്ക്കുക; അവർ ദേശം ഒററുനോക്കിയിട്ടു് നാം ചെല്ലേണ്ടുന്ന വഴികളെയും പോകേണ്ടുന്ന പട്ടണങ്ങളെയും കുറിച്ചു വർത്തമാനം കൊണ്ടുവരട്ടെ എന്നു പറഞ്ഞു.

23. ആ വാക്ക് എനിക്കു ബോധിച്ചു....

25. (അവർ) വർത്തമാനമെല്ലാം അറിയിച്ചു. നമ്മുടെ ദൈവമായ യഹോവ നമുക്കു തരുന്ന ദേശം നല്ലത് എന്നു പറഞ്ഞു.

26. എന്നാൽ കയറിപ്പോകാൻ നിങ്ങൾക്കു മനസ്സില്ലാതെ നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പന നിങ്ങൾ മറുത്തു...

34. യഹോവ നിങ്ങളുടെ വാക്കു കേട്ടു കോപിച്ചു.

35. ഞാൻ നിങ്ങളുടെ പിതാക്കൻമാർക്കു കൊടുക്കുമെന്നു സത്യം ചെയ്തിട്ടുള്ള നല്ല ദേശം ഈ ദുഷ്ടതലമുറയിലെ പുരുഷൻമാർ ആരും കാണുകയില്ല...

37. യഹോവ നിങ്ങളുടെ നിമിത്തം എന്നോടു കോപിച്ചു കല്പിച്ചതു: നീയും അവിടെ ചെല്ലുകയില്ല...

41. അതിനു നിങ്ങറം എന്നോട്: ഞങ്ങറം യഹോവ യോടു പാപം ചെയ്തിരിക്കുന്നു. നമ്മുടെ ദൈവമായ യഹോവ ഞങ്ങളോടു കല്പിച്ചതുപോലെ ഒക്കെയും ഞങ്ങറം പോയി യുദ്ധം ചെയ്യും എന്നു ഉത്തരം പറഞ്ഞു. അങ്ങനെ നിങ്ങറം ഓരോരുത്തൻ താന്താൻെറ യുദ്ധായുധം ധരിച്ചു പർവ്വതത്തിൽ കയറുവാൻ തുനിഞ്ഞു.

42. എന്നാൽ യഹോവ എന്നോട്: നിങ്ങറം പോകരുത്. യുദ്ധം ചെയ്യരുത്. ഞാൻ നിങ്ങളുടെ ഇടയിൽ ഇല്ല. ശത്രുക്കളോടു നിങ്ങറം തോററുപോകും....

43. ...എന്നാൽ നിങ്ങറം കേറംക്കാതെ യഹോവയുടെ കല്പന മറുത്തു അഹമ്മതിയോടെ പർവ്വതത്തിൽ കയറി.

44. ആ പർവ്വതത്തിൽ കുടിയിരുന്ന അമോര്യർ ....തേനീച്ചപോലെ നിങ്ങളെ.... ഛിന്നിച്ചുകളഞ്ഞു.

45. നിങ്ങറം മടങ്ങിവന്നു യഹോവയുടെ മുമ്പാകെ കരഞ്ഞു....

46. അങ്ങനെ നിങ്ങറം കാദേശിൽ പാർത്ത ദീർഘകാലമൊക്കെയും അവിടെ താമസിക്കേണ്ടിവന്നു.

1. സംഖ്യാ 13_14 ൽ വിശദമായി വിവരിക്കുന്ന സംഭവങ്ങളുടെ ചുരുക്കമാണിവിടെ കൊടുത്തിരിക്കുന്നതു്. യിസ്രായേൽജനം ഹോരേബ് (സീനായി) പവ്വതത്തിൽ നിന്നു മരുഭൂമിയിൽക്കൂടി പ്രയാണംചെയ്തു കാദേശിൽ വന്നു. അവിടെ അവർ കനാൻദേശം ഒറുനോക്കുവാൻ ഒരു സംഘത്തെ അയച്ചു. അവരുടെ റിപ്പോർട്ടു കേട്ടപ്പോറം ജനം ഭയപ്പെട്ടു അമോര്യരുമായി പടവെട്ടുപോയില്ല. കുറെക്കഴിഞ്ഞു അവർ പോയി. എന്നാൽ യുദ്ധത്തിൽ പരാജയപ്പെട്ടു. തുടർന്നു കാദേശിൽ ദീർഘനാറം താമസിച്ചു. ഇതാണു് സംഭവം. യിസ്രായേലും ദൈവവുമായുള്ള ബന്ധത്തിൻെറ ഭാഗമായി ഈ സംഭവം വ്യാഖ്യാനിക്കുന്ന യിസ്രായേലിൻെറ പാരമ്പര്യം ആവർത്തന ദൈവശാസ്ത്രജ്ഞൻ ഇവിടെ നല്കുന്നു.

2. ഹോറേബിൽനിന്നു കാദേശ് ബന്നേയിലേക്കു ജനം പ്രയാണം ചെയ്യുന്നതു് യഹോവയുടെ കല്പന മോശെയിൽക്കൂടെ ലഭിച്ചതനുസരിച്ചാണു്. കാദേശിൽ കനാൻപ്രദേശം ആക്രമിച്ചു കൈവശമാക്കാൻ യഹോവ കല്പിച്ചു. എന്നാൽ തദ്ദേശവാസികളുടെ (അമോര്യർ എന്നു പൊതുനാമകരണം) ശക്തി യിസ്രായേല്യ ശക്തിയുമായി തട്ടിച്ചുനേക്കിവേണം യുദ്ധത്തിനു പോകാനെന്നു അവർ തീരുമാനിച്ചു. മോശെ ഇതിലേക്കു ഒററുകാരുടെ ഒരു സംഘത്തെ ചുമതലപ്പെടുത്തി അയച്ചു. സംഖ്യാ പുസ്തകത്തിൽ യഹോവയുടെ കല്പനയനുസരിച്ചാണു് ഒററുസംഘത്തെ മോശെ അയയ്ക്കുന്നതു്. ഇവിടെ ജനഹിതമനുസരിച്ചത്രെ. തമ്മിൽ വൈരുദ്ധ്യമില്ല. ജനഹിതം ഗ്രഹിച്ചപ്പോൾ മോശെ യഹോവയോടു് ആലോചന ചോദിച്ചുകാണും. ഒററുസംഘത്തിന്റെ റിപ്പോർട്ടു ദേശം നല്ലതെങ്കിലും ആളുകൾ ബലശാലികളും കോട്ടകൾ സുശക്തവുമാണെന്നായിരുന്നു. ഇതുകേട്ടപ്പോൾ യിസ്രായൽ ജനനേതാക്കൾക്കു ഭീതി വർദ്ധിച്ചു, മോശെ നിർബന്ധിച്ചിട്ടും ജനം യുദ്ധത്തിനു തയ്യാറായില്ല. അതിൽ യഹോവ കോപിച്ചു് തന്നോടു മത്സരിച്ച തലമുറയും മോശെതന്നെയും വാഗ്ദത്തനാട്ടിൽ പ്രവേശിക്കാതെ നശിക്കുമെന്നു പ്രസ്താവിച്ചു. അപ്പോൾ ജനം അനുതപിച്ചു. അവർ അമോര്യരോടുകൂടെ പൊരുതാൻ തയ്യാറെടുത്തു. യഹോവ അവരെ വിലക്കി. തന്റെ സാന്നിദ്ധ്യം അവരോടുകൂടെ ഉണ്ടായിരിക്കയില്ലെന്നു പ്രഖ്യാപിച്ചു. എന്നിട്ടും അവർ 'അഹമ്മതിയോടെ' യുദ്ധത്തിനു പുറപ്പെട്ടു. അവർ പരാജിതരായി തിരികെ കാദേശ് ബർന്നേയിൽ വന്നു അവിടെ ദീർഘനാൾ പാർത്തു.

2. ദൈവത്തോടു 'മറു'ക്കുക (നിഷേധം, മത്സരം, അനുസരണക്കേടു്) 'അഹമ്മതി' (സ്വാശ്രയം, നിഗളം) ഇവയാണു് പാപത്തിന്റെ മൂലഘടകങ്ങൾ. വേദപുസ്തകത്തിൽ എല്ലായിടത്തും ഈ വിധമാണു് പാപം നിർവ്വചിച്ചിരിക്കുന്നതു്. പഴയനിയമത്തിൽ സംഘടിത ജനതയുടെ പാപാത്മാവാണു് മുഖ്യവിഷയം. അതിന്മേൽ

ദൈവത്തിൻെറ ന്യായവിധിയും അതു കവച്ചുവയ്ക്കുന്ന ദൈവകൃപയും.

1.20 അപ്പോഠം ഞാൻ നിങ്ങളോടു:....നിൻെറ പിതാക്കന്മാരുടെ ദൈവമായ യഹോവ നിന്നോടു അരുളിച്ചെയ്തതുപോലെ നീ ചെന്നു അത് കൈവശമാക്കിക്കൊാംക. ഭയപ്പെടരുത്, അധൈര്യപ്പെടുകയുമരുത് എന്നു പറഞ്ഞു.

28. ജനങ്ങഠം നമ്മെക്കാഠം വലിയവരും ദീർഘകായൻമാരും പട്ടണങ്ങഠം വലിയവയും ആകാശത്തോളം എത്തുന്ന മതിലുള്ളവയും ആകുന്നു, ഞങ്ങഠം അവിടെ അനാക്യരെയും കണ്ടു എന്നുപറഞ്ഞു നമ്മുടെ സഹോദരൻമാർ നമ്മുടെ ഹൃദയം ഉരുക്കിയിരിക്കുന്നു എന്നിങ്ങനെ നിങ്ങഠം നിങ്ങളുടെ കൂടാരങ്ങളിൽവച്ചു പിറുപിറുത്തു പറഞ്ഞു.

29. അപ്പോഠം ഞാൻ നിങ്ങളോട്: നിങ്ങഠം ഭ്രമിക്കരുത് അവരെ ഭയപ്പെടുകയുമരുത്.

30. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളുടെ മുമ്പിൽ നടക്കുന്നു. നിങ്ങഠം കാൺകെ അവൻ മിസ്രയീമിലും മരുഭൂമിയിലും ചെയ്തതുപോലെ ഒക്കെയും നിങ്ങഠംക്കുവേണ്ടി യുദ്ധം ചെയ്യും.

31. ഒരു മനുഷ്യൻ തൻെറ മകനെ വഹിക്കുന്നതുപോലെ നിങ്ങഠം ഈ സ്ഥലത്ത് എത്തുവോളം നടന്നു എല്ലാവഴിയിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്നു നിങ്ങഠം കണ്ടുവല്ലോ എന്നു പറഞ്ഞു.

32,33. ഇതെല്ലാമായിട്ടും പാളയമിറങ്ങേണ്ടതിനു നിങ്ങഠം സ്ഥലം അന്വേഷിപ്പാനും നിങ്ങഠം പോകേണ്ടുന്ന വഴി നിങ്ങഠംക്ക് കാണിച്ചുതരുവാനും രാത്രി അഗ്നിയിലും പകൽ മേഘത്തിലും നിങ്ങഠംക്കുമുമ്പായി നടന്നു നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങഠം വിശ്വസിച്ചില്ല.

1. ദേശം നല്ലതു്; എന്നാൽ ജനങ്ങൾ നമ്മെക്കാൾ കായബലമുള്ളവർ, കോട്ടകൊത്തളങ്ങൾ വളരെ ശക്തം, (മല്ലന്മാരുടെ സന്തതികളായ) അനാക്യരും അവിടെ ഉണ്ടു് (28). ഇതായിരുന്നു ഒററുനോക്ക സംഘത്തിൻെറ റിപ്പോർട്ട്. ഇതു സംഘത്തിൻെറ ഏകകണ്ഠമായ റിപ്പോർട്ടായിരുന്നു. വസ്തുതകളെപ്പററി സംഖ്യാപുസ്തകത്തിൽ പറയുമ്പോലെ കാലേബും യോശുവായും ശേഷം പത്തുപേരിൽനിന്നു വ്യത്യസ്ത നിലപാടു സ്വീകരിച്ചു് ഒരു ന്യൂനപക്ഷ റിപ്പോർട്ടു് സമർപ്പിച്ചില്ല (സംഖ്യാ 13–14). ആ നിലയ്ക്കു വസ്തുതകൾ പരിശോധിച്ചശേഷം യിസ്രായേൽജനം യുദ്ധത്തിനു പോകാൻ വിസമ്മതിച്ചതിൽ അവരെ കുററപ്പെടുത്താമോ? 'പട ഏല്ലാൻ പുറപ്പെടുംമുമ്പെ' ശത്രുവിനെതിരെ തനിക്കുള്ള ബലം 'മതിയോ' എന്നു് 'ഇരുന്നു ആലോചിക്കണ'മെന്നു യേശുക്രിസ്തുതന്നെ പ്രസ്താവിച്ചിട്ടുണ്ടു് (ലൂക്കോ. 14.31–32). കണക്കുകൂട്ടിയതിലല്ല, ഭൗതികവസ്തുതകൾമാത്രം കണക്കുകൂട്ടിതിലാണു് യിസ്രായേൽജനം തെററിപ്പോയതു്. അവരുടെ ദൈവമായ യഹോവയുടെ വാഗ്ദാനം, തെരഞ്ഞെടുപ്പു്, സാന്നിദ്ധ്യം, നടത്തിപ്പു് ഇവയിൽ വിശ്വസിക്കുന്നതുമൂലം ശത്രുക്കളെ അപേക്ഷിച്ചു് യിസ്രായേൽ മക്കൾക്കു ഉണ്ടാകാവുന്ന ലക്ഷ്യബോധം, ധൈര്യം, നിർഭയത്വം, പ്രത്യാശ തുടങ്ങിയ ആത്മീകശക്തികൾ കൂടെ അവർ കണക്കിലെടുക്കേണ്ടതായിരുന്നു. ഏതു സമരത്തിലും ഭൗതികവസ്തുതകളെക്കാൾ പ്രധാനമാണു് ഈവക ആത്മീകവസ്തുതകൾ. അവയ്ക്കു് ഭൗതിക ബലഹീനതകൾ മറികടന്നു് ഭൗതികബലം തന്നെ സൃഷ്ടിക്കാൻ ശക്തിയുണ്ടെന്നു് അവരുടെ പൂർവ്വചരിത്രം മുൻനിർത്തി മോശെ വാദിക്കുന്നു. കേവലം വസ്തുനിഷ്ഠമായി ആലോചിച്ചാൽ ഫറവോൻെറ മർദ്ദനത്തിൽനിന്നു ഒരു അടിമജാതിക്കു രക്ഷപ്രാപിപ്പാൻ സാദ്ധ്യമല്ല; അവരെ വളഞ്ഞ ഫറവോൻെറ സൈന്യത്തിൻെറ കയ്യിൽനിന്നു രക്ഷപെടുന്നതു തികച്ചും അസാദ്ധ്യം; അപ്പവും വെള്ളവുമില്ലാത്ത വരണ്ട മരുഭൂമിയിൽ അവരുടെ ജീവസന്ധാരണവും നട

ക്കയില്ല. എന്നാൽ ഇവയെല്ലാം സാധിപ്പിച്ച ശക്തി യേതു്? ദൈവത്തിൻെറ നിർണ്ണയവും അത്ഭുതപ്രവൃത്തികളും അവയിൽ ജനത്തിൻെറ വിശ്വാസവുമാണു്. ഭൗതികവസ്തുതകൾ മാത്രം വച്ചുകൊണ്ടു ഒററുസംഘത്തിലെ ഭൂരിപക്ഷം 'ആ ജനത്തിൻെറനേരെ ചെല്ലുവാൻ നമുക്കു കഴികയില്ല' എന്നു റിപ്പോർട്ടുചെയ്തു. അപ്പോൾതന്നെ 'നമുക്കു കഴിയും' എന്നു യോശുവായും കാലേബും പ്രസ്താവിക്കുന്നു (സംഖ്യാ. 13. 30_31); അവർ ആത്മയാഥാത്ഥ്യങ്ങൾകൂടെവച്ചു് ആലോചിച്ചതിൻെറ ഫലമാണതു്. ഭൗതികവും ആത്മികവുമായ ശക്തികളുടെ ആകെത്തുകയാണു് ഏതു ചരിത്രസമരത്തിലും ഒരു ജനതയുടെ ബലം.

2. 'ഒരു മനുഷ്യൻ തൻെറ മകനെ വഹിക്കുന്നതുപോലെ നിങ്ങൾ ഈ സ്ഥലത്തു് എത്തുവോളം നടന്ന എല്ലാ വഴികളിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്നു നിങ്ങൾ കണ്ടുവല്ലോ' (31). യഹോവ യിസ്രായേലിനെ ഒരു പിതാവു് മകനെ എന്നവണ്ണം സ്നേഹിച്ചു പരിപാലിച്ചു നടത്തിയതു അവർ കണ്ടതാണു്. പുറപ്പാടു പുസ്തകത്തിൽ വേറൊരു ഉപമയാണു് കൊടുക്കുന്നതു്. 'ഞാൻ മിസ്രായീമ്യരോടു ചെയ്തതും നിങ്ങളെ കഴുകന്മാരുടെ ചിറകിന്മേൽ വഹിച്ചു എൻെറ അടുക്കൽ വരുത്തിയതും നിങ്ങൾ കണ്ടുവല്ലോ' (പുറ. 19. 4). അവരുടെ പൂർവ്വകാലചരിത്രത്തിൽ പ്രവർത്തിച്ച ദൈവസ്നേഹം വിസ്മരിച്ചാണു് അവരുടെ ഇന്നത്തെ പ്രതികരണം. 'രാത്രി അഗ്നിയിലും പകൽ മേഘത്തിലും നിങ്ങൾക്കു മുമ്പായി നടന്ന നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ വിശ്വസിച്ചില്ല' (33). ക്രിസ്തുവിൽ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചു് സ്വന്തഹിതം അവർക്കു വെളിപ്പെടുത്തി, അവരെ നടത്തി തങ്കലേക്കു അടുപ്പിച്ച പൂർവ്വചരിത്ര സ്മരണകളാണു് ദൈവത്തിൻെറ വിശ്വസ്തതയിൽ നമ്മുടെ വിശ്വാസം പുതുക്കുന്നതു് പ്രസ്തുത വിശ്വാസമാണു് നമ്മുടെ ജീവൽ പ്രതികരണങ്ങളെ നിയന്ത്രിക്കേണ്ടതു്.

3. വസ്തുനിഷ്ഠമായ ലോകാവലോകനം ഒരർത്ഥത്തിൽ എപ്പോഴും നിരാശാജനകമാണ്. ദാരിദ്ര്യം, മർദ്ദനം, അധികാര ദുഷ്പ്രഭുത്വം അന്തഃഛിദ്രം, മരണം തുടങ്ങിയ മനുഷ്യത്വഹീനമായ ശക്തികൾ വിജയം വരിക്കുന്നതിനു സാധ്യതകളാണ് നാം പുറമെയും ഉള്ളിലും കാണുന്നത്. എന്നാൽ യേശുക്രിസ്തുവിൻെറ കുരിശും ഉയിർത്തെഴുന്നേല്പും കൂടെ എല്ലാ ചരിത്ര സന്ധികളിലും നാം വസ്തുതകളുടെ കൂട്ടത്തിൽ കണക്കിലെടുക്കണം. അപ്പോൾ വസ്തുനിഷ്ഠതതന്നെ നിരാശയിൽ പ്രത്യാശ ഉളവാക്കും.

4. മനുഷ്യൻെറ ആത്മബോധമാണ് മൃഗത്തിൽനിന്നു വ്യത്യസ്തമായ മനുഷ്യൻെറ സവിശേഷത. ജന്മത്തിൻെറ അർത്ഥവും സാഫല്യവും ആരാഞ്ഞു് മനുഷ്യൻ ഇറങ്ങിത്തിരിക്കുന്നതു് അതുനിമിത്തമാണ്. അതുകൊണ്ടാണ് 'അപ്പംകൊണ്ടുമാത്രം' മനുഷ്യജീവിതം സാധ്യമല്ലാത്തതു്; അപ്പംതന്നെ ആത്മികതയുടെ ഭാഗമായിട്ടേ മനുഷ്യനു കൈകാര്യം ചെയ്യാൻ സാധിക്കൂ. മനുഷ്യചരിത്രം കേവലം ഭൗതിക വ്യാഖ്യാനത്തിനു വിധേയവുമല്ലതന്നെ. യിസ്രായേൽ ചരിത്രവും ക്രൈസ്തവ സഭാചരിത്രവും സംബന്ധിച്ച വിശേഷാൽ ഇതു സത്യമാണ്. യിസ്രായേൽ ചരിത്രത്തിൽ യഹോവയിൽ വിശ്വാസം നിർണ്ണായ ശക്തിയായിരുന്നു. അതു ഭൗതിക വസ്തുതകളോടൊപ്പമോ അതിൽ കൂടുതലോ അവരുടെ ചരിത്രം നിയന്ത്രിച്ചു. ക്രൈസ്തവസഭയുടെ ചരിത്രവും യേശുക്രിസ്തുവിലുള്ള വിശ്വാസം മാററിനിർത്തി വസ്തുനിഷ്ഠമായി വ്യാഖ്യാനിച്ചാൽ അതു ഭാഗികമായിരിക്കും. സഭയുടെ നവീകരണശക്തി ഭൗതിക വ്യഖ്യാനത്തിനു ദുർഗ്രഹമായിരിക്കും.

1.37 യഹോവ നിങ്ങളുടെ നിമിത്തം എന്നോടും കോപിച്ചു കല്പിച്ചതു്: നീയും അവിടെ ചെല്ലുകയില്ല.

1, മോശെ കനാൻദേശത്തു പ്രവേശിക്കാൻ ദൈവം അനുവദിക്കുന്നില്ല. ഇവിടെ അതിനു കൊടുത്തിരിക്കുന്ന കാരണം യിസ്രായേൽ ജനത്തിൻെറ അവിശ്വാസവും മത്സരബുദ്ധിയുമാണു്. ഇക്കാരണംതന്നെ ആവ. 3, 4 അദ്ധ്യായങ്ങളിലും ആവർത്തിക്കുന്നു. ഒരിക്കൽ മോശെ ദൈവത്തോടു 'യോർദ്ദാനക്കരെയുള്ള നല്ല ദേശവും മനോഹരമായ പർവ്വതവും ലെബാനോനും' ഒന്നു കാണാൻ അഭിലാഷം പ്രകടിപ്പിച്ചു. 'എന്നാൽ യഹോവ നിങ്ങളുടെ നിമിത്തം എന്നോടു കോപിച്ചിരുന്നു. എൻെറ അപേക്ഷ കേട്ടതുമില്ല യഹോവ എന്നോടു: മതി, ഈ കാര്യത്തെക്കുറിച്ചു നീ എന്നോടു സംസാരിക്കരുതു്'' (ആവ. 3. 25–26) എന്നായിരുന്നു യഹോവയുടെ പ്രതികരണം. പിന്നെയും 'എന്നാൽ യഹോവ നിങ്ങളുടെ നിമിത്തം എന്നോടു കോപിച്ചു. ഞാൻ യോർദ്ദാൻ കടക്കയില്ലെന്നും നിൻെറ ദൈവമായ യഹോവ നിനക്കു അവകാശമായി തരുന്ന നല്ല ദേശത്തിൽ ഞാൻ ചെല്ലുകയില്ലെന്നും സത്യം ചെയ്തു. ആകയാൽ ഞാൻ യോർദ്ദാൻ കടക്കാതെ ഈ ദേശത്തുവെച്ചു മരിക്കും' (ആവ. 4. 21–22). ജനത്തിൻെറ പാപം നിമിത്തം നിർദ്ദോഷിയായ മോശെയുടെ മേൽ ദൈവത്തിൻെറ ശിക്ഷാവിധി ഉണ്ടാകുന്നു. ലോകപാപത്തിൻെറ ശിക്ഷ പാപമില്ലാത്ത 'കഷ്ടപ്പെടുന്ന ദാസ'ൻെറമേൽ ആയി എന്ന യെശയ്യാ പ്രവചനത്തിനും പാപമറിയാത്ത യേശുവിൻെറ മേലായി എന്ന പുതിയ നിയമ സുവിശേഷത്തിനും മുൻകുറിയായി മോശെയുടെ ശിക്ഷാവിധി വ്യാഖ്യാനിക്കാം. ജനത്തിൻെറ പാപത്തിൽ പങ്കാളിയാകാതിരിപ്പാൻ ഒരു ജനനേതാവിനും സാദ്ധ്യമല്ല. ലോകത്തിൻെറ പാപം ചുമന്നുകൊണ്ടാണു് യേശുവും ലോകരക്ഷ സാധിക്കുന്നതു്. 'പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിൻെറ നീതി ആകേണ്ടതിനു അവൻ നമുക്കു പാപം ആക്കി' (2 കൊരി 5. 21).

2. ദൈവം മോശെയെ കനാനിൽ പ്രവേശിക്കുന്നതിൽ നിന്നു വിലക്കിയതു മോശെയുടെ സ്വന്തം പാപം നിമി

ത്തമാണെന്ന വേറൊരു പാരമ്പര്യമുണ്ടു്. അതാണു് പൗ
രോഹിത്യ രേഖയിലുള്ളതു്. മോശെ പാറയെ അടിച്ചു
വെള്ളം ജനത്തിനു നല്കിയശേഷം സംഖ്യാ 20. 12 ഇപ്ര
കാരം രേഖപ്പെടുത്തുന്നു: 'പിന്നെ യഹോവ മോശെയോടും
അഹരോനോടും: നിങ്ങൾ യിസ്രായേൽ മക്കൾ കാൺ
കെ എന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം എന്നെ വിശ്വ
സിക്കാതിരുന്നതുകൊണ്ടു് നിങ്ങൾ ഈ സഭയെ ഞാൻ
അവർക്കു കൊടുത്തിരിക്കുന്ന ദേശത്തേക്കു കൊണ്ടുപോക
യില്ല എന്നു അരുളിച്ചെയ്തു.' അതേ പാരമ്പര്യം മററു
രണ്ടിടത്തു ആവർത്തിക്കുന്നുമുണ്ടു്. 'സഭയുടെ കലഹത്തി
ങ്കൽ നിങ്ങൾ സീൻ മരുഭൂമിയിൽ വെച്ചു് അവർ കാൺ
കെ വെള്ളത്തിന്റെ കാര്യത്തിൽ എന്നെ ശുദ്ധീകരിക്കാ
തെ എന്റെ കല്പനയെ മറുത്തുതന്നെ' (സംഖ്യാ 27. 14);
'നിങ്ങൾ സീൻ മരുഭൂമിയിൽവച്ചു കാദേശിലെ കലഹ
ജലത്തിങ്കൽ യിസ്രായേൽ മക്കളുടെ മദ്ധ്യേവച്ചു എന്നോ
ടു് അകൃത്യം ചെയ്കകൊണ്ടും യിസ്രായേൽ മക്കളുടെ
മദ്ധ്യേവച്ചു് എന്നെ ശുദ്ധീകരിക്കായ്കകൊണ്ടും തന്നെ.
നീ ദേശത്തെ നിന്റെ മുമ്പിൽ കാണും. എങ്കിലും ഞാൻ
യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന ദേശത്തു നീ കടക്ക
യില്ല' (ആവ. 32. 51_52).

2. 1. അനന്തരം യഹോവ എന്നോടു കല്പിച്ചതുപോലെ
നാം തിരിഞ്ഞു ചെങ്കടൽവഴിയായി മരുഭൂമിയിലേക്കു
യാത്രപുറപ്പെട്ടു. നാം ഏറിയ നാൾ സേയീർ പർവ്വതത്തെ
ചുററിനടന്നു.

2, 3. പിന്നെ യഹോവ എന്നോടു കല്പിച്ചതു്: നിങ്ങൾ
ഈ പർവ്വതം ചുററിനടന്നതു മതി. വടക്കോട്ടു തിരിവിൻ.

4. നീ ജനത്തോടു കല്പിക്കേണ്ടതെന്തെന്നാൽ, സേയീ
രിൽ കുടിയിരിക്കുന്ന ഏശാവിന്റെ മക്കളായ നിങ്ങളുടെ
സഹോദരന്മാരുടെ അതിരിൽകൂടി നിങ്ങൾ കടപ്പാൻ
പോകുന്നു.......

5. നിങ്ങൾ അവരോടു പടയെടുക്കരുതു്. അവരുടെ ദേ
ശത്തു ഞാൻ നിങ്ങൾക്കു ഒരു കാൽ വെപ്പാൻ പോലും ഇ

ട്ടം തരികയില്ല. സേയീർ പർവ്വതം ഞാൻ ഏശാവിന്നു് അവകാശമായി കൊടുത്തിരിക്കുന്നു.

8. അങ്ങനെ നാം സേയീരിൽ കുടിയിരുന്ന ഏശാവിന്റെ മക്കളായ നമ്മുടെ സഹോദരന്മാരെ ഒഴിച്ചു് അരാബാവഴിയായി ഏലാത്തിന്റെയും എസ്യോൻ – ഗേബെരിന്റെയും അരികത്തുകൂടി കടന്നിട്ടു തിരിഞ്ഞു മോവാബ്യ് മരുഭൂമിയിലേക്കുള്ള വഴിയായി കടന്നുപോന്നു.

9. അപ്പോൾ യഹോവ എന്നോടു കല്പിച്ചതു്: മോവാബ്യരെ ഞെരുക്കരുതു്. അവരോടു പടയെടുക്കയുമരുതു്. ഞാൻ അവരുടെ ദേശത്തു നിനക്കു ഒരു അവകാശം തരികയില്ല. ആ ദേശത്തെ ഞാൻ ലോത്തിന്റെ മക്കൾക്കു അവകാശമായി കൊടുത്തിരിക്കുന്നു.

13. .... നാം സേരെദ് തോടു കടന്നു....

19. അമോന്യരോടു അടുത്തുചെല്ലുമ്പോൾ അവരെ ഞെരുക്കരുതു്. അവരോടു പടയെടുക്കയുമരുതു്. അതു ഞാൻ ലോത്തിന്റെ മക്കൾക്കു അവകാശമായി കൊടുത്തിരിക്കുന്നു

24. നിങ്ങൾ എഴുന്നേററു യാത്ര പുറപ്പെട്ടു അർന്നോൻ താഴ്വര കടപ്പിൻ.

**1. യഹോവ കല്പിച്ചതനുസരിച്ചു് യിസ്രായേൽ ജനം ചെങ്കടൽവഴി മരുഭൂമിയിൽപ്രവേശിച്ചു് സേയീർ പർവ്വതത്തിനു ചുററും നടന്നു. പിന്നെ വടക്കോട്ടു തിരിഞ്ഞു സെയീരിൽ കുടിയിരുന്ന ഏശാവിന്റെ വംശങ്ങളെ ഒഴിഞ്ഞു് ആരാബാവഴി മോവാബ് മരുഭൂമിയിലേക്കുള്ള വഴിയിൽ യാത്രചെയ്തു. ലോത്തിന്റെ വംശജർ പാർത്ത മോവാബ്ദേശം ഒഴിഞ്ഞു് അർന്നോൻ താഴ്വര വരെ അവർ പ്രയാണം ചെയ്തു.**

**2. അബ്രഹാമിന്റെ രക്തസഹോദരൻ ലോത്തു്, യാക്കോബിന്റെ രക്തസഹോദരൻ ഏശാവ് ഇവരുടെ**

മക്കളെ യാക്കോബ് വംശജർ 'സഹോദരന്മാരാ' (4) യി പരിഗണിക്കുന്നു. അവരോടു പടവെട്ടാതെ അവർ കുടിയേറിപ്പാർത്ത പ്രദേശം മറികടന്നാണ് യിസ്രായേല്യരുടെ പ്രയാണം. ആ പ്രദേശങ്ങൾ യഹോവതന്നെ ('ഞാൻ'– 5, 9, 19) ഏശാവിന്റെയും ലോത്തിന്റെയും മക്കൾക്കു അവരുടെ 'അവകാശ'മായി കൊടുത്തതാണ്; അവക്കു മുമ്പു അവിടങ്ങളിൽ പാർത്ത ജനങ്ങളെ നീക്കി അതു കൈവശമാക്കുന്നതിനു യഹോവതന്നെ അവരെ സഹായിച്ചതുമത്രെ (22). പില്കാലത്തു യിസ്രായേലിനു യഹോവ കൊടുത്ത അവകാശദേശത്തു അവർ ചെയ്തതുപോലെതന്നെ (12) യാണ് അവർ അവരുടെ അവകാശദേശങ്ങൾ കൈവശമാക്കിയതു് എന്നു കൂട്ടിച്ചേർത്തിരിക്കുന്നു. കനാനിൽ കുടിയേററം കഴിഞ്ഞ യിസ്രായേല്യരുടെ ഇടയിലാണ് ഇതെഴുതപ്പെട്ടതു എന്നതിനു മതിയായ തെളിവാണിതു്.

3. 'മഹോന്നതൻ ജാതികൾക്കു അവകാശം വിഭാഗിക്കയും മനുഷ്യപുത്രന്മാരെ വേർതിരിക്കയും ചെയ്തപ്പോൾ അവൻ യിസ്രായേൽ മക്കളുടെ എണ്ണത്തിനു തക്കവണ്ണം ജാതികളുടെ അതിർത്തികളെ നിശ്ചയിച്ചു' (ആവ. 32. 8). സകല മനുഷ്യവർഗ്ഗത്തെയും ഉൾക്കൊള്ളുന്ന ഈ ചിന്താഗതി യിസ്രായേല്യർക്കുണ്ടായതു് കനാൻ ദേശവാസികളുമായി ഇടപഴകിയതിന്റെ ഫലമായിരിക്കണം. ആമോസിന്റെ ദൈവശാസ്ത്രത്തിൽ ഇതു പൂർവ്വാധികം സാർവ്വത്രികമായി ഭവിക്കുന്നു (ആമോ. 9.7) സകല മനുഷ്യവംശജരും സഹോദരരാണെന്ന ബോധം ക്രിസ്തുമൂലം ഉളവായി; ശക്തമായി. സാഹോദര്യബോധം സാർവ്വത്രികമായതിന്റെ ഫലമായി എല്ലാ മനുഷ്യസമൂഹങ്ങളുടെയും വാസസ്ഥാനം ദൈവം അവർക്കു അവകാശമായി നല്കിയതാണെന്ന ബോധവും ബലപ്പെട്ടു. 'ഭൂതലത്തിലെങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽനിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിനു് അതിരുകളും കാലങ്ങളും നിശ്ചയിച്ചു' (അപ്പോ. പ്ര. 17.26) എന്ന പൗലോസിന്റെ അദ്ധ്യോ

പ്രസംഗവാചകം ഇവിടെ അനപത്ഥമാണ്. പൗലോസ് അബ്രഹാമിൻെറ വംശങ്ങരം മാത്രമല്ല ആദാം വംശങ്ങളെല്ലാം രക്തസഹോദരരായി പ്രഖ്യാപിക്കുന്നു. ഈ തത്ത്വം ഇന്നു പൊതുവെ അന്തർദേശീയ രംഗത്തു അംഗീകരിച്ചിരിക്കുന്നു. രാഷ്ട്രങ്ങരം പരസ്പരം ആക്രമിക്കരുതു് എന്ന നിയമം ഇന്നു സാർവ്വത്രികമാണല്ലോ. നിയമം തുടരെ ലംഘിക്കപ്പെടുന്നുണ്ടെങ്കിലും പ്രമാണത്തിൽ അതിനു അംഗീകാരം സാർവ്വത്രികമായി ലഭിച്ചിട്ടുണ്ട്.

2 24. ഇതാ, ഞാൻ ഹെശ്ബോനിലെ അമോര്യ രാജാവായ സീഹോനെയും അവൻെറ ദേശത്തെയും നിൻെറ കയ്യിൽ ഏല്പിച്ചിരിക്കുന്നു. അവനോടു പടവെട്ടി അതു കൈവശമാക്കുവാൻ തുടങ്ങുക....

33. നമ്മുടെ ദൈവമായ യഹോവ അവനെ നമ്മുടെ കയ്യിൽ ഏല്പിച്ചു. നാം അവനെയും അവൻെറ പുത്രന്മാരെയും അവൻെറ സർവ്വ ജനത്തെയും സംഹരിച്ചു.

34. അക്കാലത്തു നാം അവൻെറ എല്ലാ പട്ടണങ്ങളും പിടിച്ചു....

3.3 അങ്ങനെ നമ്മുടെ ദൈവമായ യഹോവ ബാശാൻ രാജാവായ ഓഗിനെയും അവൻെറ സകല ജനത്തെയും നമ്മുടെ കയ്യിൽ ഏല്പിച്ചു. അവനു ആരും ശേഷിക്കാതവണ്ണം നാം അവനെ സംഹരിച്ചുകളഞ്ഞു.

4. അക്കാലത്തു നാം അവൻെറ എല്ലാപട്ടണങ്ങളും പിടിച്ചു....

1. യിസ്രായേൽജനം സീഹോൻ, ഓഗ് എന്നീ രാജാക്കന്മാരുമായി പടപൊരുതു് അവരെ പരാജയപ്പെടുത്തി അവരെ നിശ്ശേഷം നശിപ്പിച്ച് അവർ പാർത്തിരുന്ന പ്രദേശം മുഴുവൻ സ്വന്തമാക്കി. ആദ്യകാലത്തു് അവർക്കു ലഭിച്ച ഈ വിജയം അവർ നിരന്തരം സ്മരിക്കത്തക്കവണ്ണം അത്ര പ്രാധാന്യമുള്ളതായിരുന്നു. ആവ. 1, 4, 5 ൽ

ഇതേപ്പററി പരാമർശമുണ്ട്. പരസ്യാരാധനയിൽ ഉപയോഗിച്ചിരുന്ന പല സങ്കീർത്തനങ്ങളും ഈ വിജയം അവക്കു നല്കിയ ദൈവത്തെ സ്തുതിക്കുന്നു.

> അവൻ വലിയ ജാതികളെ സംഹരിച്ചു. ബലമുള്ള രാജാക്കൻമാരെ നിഗ്രഹിച്ചു, അമോര്യരുടെ രാജാവായ സീഹോനെയും ബാശാൻ രാജാവായ ഓഗിനെയും സകല കനാന്യ രാജങ്ങ്യളെയും തന്നെ (സങ്കീ. 135.11. കൂടാതെ സങ്കീ. 136.19–20 കാണുക).

യിസ്ററായേലിൻെറ ആരാധനാക്രമങ്ങളിലെ പാരമ്പര്യമാണതു് സൂചിപ്പിക്കുന്നതു്. അതു ആവത്തന രേഖ (D) യെക്കാറം പുരാതനമായിരിക്കണം.

2. ദൈവനാമത്തിൽ ദൈവജനം ചെയ്യുന്ന ധർമ്മയുദ്ധമായിട്ടാണു് യിസ്രായേൽ പടപൊരുതതു്. പ്രസ്തുത പടയിൽ പരാജയപ്പെടുന്ന രാജ്യത്തിൻെറ പട്ടണങ്ങറം പിടിക്കമാത്രമല്ല, ശത്രുജനങ്ങളെ മുഴവനും നശിപ്പിക്കുന്നതും ധർമ്മസമരങ്ങളുടെ സ്വഭാവമായിരുന്നു എന്നു് അനുമാനിക്കാം. ദൈവം സ്വന്തജനമായി തെരഞ്ഞെടുത്ത യിസ്രായേൽ ജനതയോടുള്ള ശത്രുത്വം ദൈവത്തോടുള്ള ശത്രുതയായി അവർ പരിഗണിക്കുന്നതിൻെറ ഫലമായി ശത്രുക്കളെ അവരുടെ ദൈവത്തിനു രക്തബലിയായി അർപ്പിക്കയാണു്. യിസ്ററായേൽജനതയുടെ യുദ്ധങ്ങളും ധർമ്മസമരതത്ത്വവും നടപടികളും മററും അവർ ജീവിച്ച കാലത്തെ ദൈവബോധത്തിന്റെ മാനദണ്ഡം വച്ചുവേണം വിലയിരുത്തുവാൻ. അവരുടെ ദൈവപരിജ്ഞാനവും ധാർമ്മികബോധവും വളന്നതനുസരിച്ചു് ദൈവം അവരെ വഴിനടത്തി എന്നു വ്യാഖ്യാനിക്കുകയായിരിക്കും ഉത്തമം. ചരിത്രത്തിൽ എല്ലാക്കാലത്തും സംഘടിതശക്തി പ്രാപിച്ച സമൂഹങ്ങറം ഇതര സമൂഹങ്ങളുമായി പടവെട്ടി. സൈനികശക്തിമൂലം അവക്കു ലഭിച്ച വിജയങ്ങറംക്കു നിയമപ്രാബല്യം മാത്രമല്ല ധാർമ്മിക നീതീകരണവും ലഭിച്ചു. അങ്ങനെ പടപൊരു

താണ് രാഷ്ട്രങ്ങൾ സ്വന്തം പ്രദേശങ്ങൾ ശത്രുക്കളിൽനിന്നു സംരക്ഷിച്ചതു്, സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്തതു്; പട പൊരുതുതന്നെയാണ് വിദേശീയ മേൽക്കോയ്മയിൽനിന്നും ജാതിവർഗ്ഗ ദുഷ്പ്രഭുത്വത്തിൽനിന്നും ജനക്കൂട്ടങ്ങൾ സ്വാതന്ത്ര്യം പ്രാപിച്ചതു്. മതം, സമൂഹം, രാഷ്ട്രം—ഇവ അഭേദ്യം ബന്ധിക്കപ്പെട്ടിരുന്നതിനാൽ ഈ സമരങ്ങളെല്ലാം ഒരുതരം കുരുക്ഷേത്ര സമരങ്ങളുമായിരുന്നു. ദേശീയത്വം, ജനാധിപത്യം, കമ്മ്യൂണിസം, ഫാസിസം തുടങ്ങിയ ഭൗതിക പ്രത്യയശാസ്ത്രങ്ങൾ മതത്തിന്റെ സ്ഥാനം കൈവശമാക്കി രാഷ്ട്രീയമതങ്ങളായി പ്രത്യക്ഷപ്പെട്ട ആധുനികകാലത്തും യുദ്ധങ്ങളുടെ 'വിശുദ്ധ യുദ്ധ' സ്വഭാവം തുടരുകയാണ്. പൂർവ്വേഷ്യയിൽ യിസ്രായേൽ അറബിരാഷ്ട്രീയസമരങ്ങളിൽ ഇന്നും ഇരുക്കൂട്ടരും അവരുടെ ദിവ്യാവകാശങ്ങളും മതതീഷ്ണതയും നീതീകരണമായി പ്രഖ്യാപിക്കുന്നുണ്ടല്ലോ. ദൈവം സാർവ്വത്രിക മനുഷ്യജാതിയുടെ കർത്താവാണെന്ന പ്രവാചകദൂതു്, ദൈവരാജ്യം പരാക്രമിയായ മശിഹായിലല്ല ക്രൂശിക്കപ്പെട്ട മശിഹായിൽ അധിഷ്ഠിതമാണെന്ന ക്രിസ്തീയ സുവിശേഷം, മനുഷ്യവ്യക്തികൾ ഭരണകൂടത്തിന്റെ കരുക്കളല്ല അവർക്കു രാഷ്ട്രത്തിനതീതമായ ധാർമ്മിക ഉത്തരവാദിത്വങ്ങളും അവകാശങ്ങളും ഉണ്ടെന്ന മനുഷ്യാത്മകതത്ത്വത്തിന്റെ പ്രചാരം—ഇവയെല്ലാം യുദ്ധം പാപമായി പരിഗണിച്ച് യുദ്ധം ലോകത്തിൽനിന്നു നിഷ്കാസനം ചെയ്യുന്നതിനും, യുദ്ധങ്ങൾ ഉണ്ടായാൽതന്നെ അവയെ അവിശുദ്ധമായി കരുതി അതിന്റെ ക്രൂരതകൾ ലഘൂകരിക്കുന്നതിനും മനുഷ്യരെ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുന്നു. അണുയുഗത്തിൽ യുദ്ധങ്ങളുടെ നശീകരണശക്തിയെക്കുറിച്ചുള്ള ഭീതിയും ഈ വഴിക്കുതന്നെ രാഷ്ട്രങ്ങളുടെമേൽ സമ്മർദ്ദം ചെലുത്തുന്നു. രാഷ്ട്രങ്ങളുടെ ഐക്യസംഘടനയും മററു അന്തർദേശീയ സമാധാനപ്രസ്ഥാനങ്ങളും മൗലിക നിരായുധീകരണത്തിനും യുദ്ധരഹിതമായ ഒരു ഏകലോകത്തിനുംവേണ്ടി പ്രയത്നിക്കുന്നു. എന്നാൽ ഇന്നും അവ ആദർശലക്ഷ്യങ്ങളിൽനിന്നു പ്രായോഗികലക്ഷ്യങ്ങളായിത്തീർന്നു എന്നു പറഞ്ഞുകൂടാ.

സായുധയുദ്ധം ചില സന്ദർഭങ്ങളിൽ ന്യായീകരിക്കാമെന്ന തത്ത്വം പുലർത്തുന്ന ക്രൈസ്തവസഭകൾതന്നെ ഏതെങ്കിലും യുദ്ധം ദൈവരാജ്യം സ്ഥാപിക്കുന്നതിന് ഉതകുമെന്നു വിശ്വസിക്കുന്നില്ല. കുരിശുയുദ്ധങ്ങളുടെ യുഗം സഭകളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞു എന്നു സമാധാനിക്കാം. യുദ്ധം പാപമാണെന്നും നീതിക്കുവേണ്ടി നടത്തുന്ന സമരങ്ങൾ കഴിവതും അക്രമരഹിതമായിരിക്കണമെന്നും അണുവായുധങ്ങൾ ഉപയോഗിച്ചുള്ള യുദ്ധങ്ങൾ തികച്ചും നിഷിദ്ധമാണെന്നുമുള്ള പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിനു സഭകൾ മുൻകൈ എടുക്കുന്നു.

3.12 ....അർന്നോൻ താഴ്‌വരയരികെയുള്ള അരോവേർ മുതൽ ഗിലെയാദ് മലനാട്ടിന്റെ പാതിയും അവിടെയുള്ള പട്ടണങ്ങളും ഞാൻ രുബേന്യർക്കും ഗാദ്യർക്കും കൊടുത്തു.

13. ശേഷം ഗിലേയാദും ഓഗിന്റെ രാജ്യമായ ബാശാൻ മുഴുവനും അർഗ്ഗോബ് ദേശം മുഴുവനും ഞാൻ മനശ്ശെയുടെ പാതി ഗോത്രത്തിന് കൊടുത്തു...

18. അക്കാലത്ത് ഞാൻ നിങ്ങളോടാജ്ഞാപിച്ചത്...നിങ്ങളിൽ യുദ്ധപ്രാപ്തരായ എല്ലാവരും യിസ്രായേല്യരായ നിങ്ങളുടെ സഹോദരൻമാർക്ക് മുമ്പായി യുദ്ധസന്നദ്ധരായി കടന്നുപോകണം.

20. യാഹാവ നിങ്ങളെപ്പോലെ നിങ്ങളുടെ സഹോദരൻമാർക്കും സ്വസ്ഥത നൽകയും യോർദ്ദാന്നക്കാരെ നിങ്ങളുടെ ദൈവമായ യഹോവ അവർക്കുകൊടുത്ത ദേശത്തെ അവർ കൈവശമാക്കുകയും ചെയ്യുവോളംതന്നെ. പിന്നെ നിങ്ങൾ ഓരോരുത്തൻ ഞാൻ നിങ്ങൾക്ക് തന്നിട്ടുളള അവകാശത്തിനു മടങ്ങിപ്പോരണം.

21. അക്കാലത്ത് ഞാൻ യോശുവായോടു ആജ്ഞാപിച്ചത്... നിങ്ങൾ അവരെ ഭയപ്പെടരുത്. നിങ്ങളുടെ ദൈവമായ യഹോവയല്ലോ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുന്നത്.

1. യുദ്ധംചെയ്തു കൈവശമാക്കിയ ട്രാൻസ് ജോർദ്ദാൻ പ്രദേശത്തിന്റെ ദക്ഷിണഭാഗം രൂബേൻ, ഗാദ് എന്നിവരുടെ ഗോത്രങ്ങൾക്കും ഉത്തരഭാഗം മനശ്ശെയുടെ പാതി ഗോത്രത്തിനും മോശെ വിഭാഗിച്ചു കൊടുത്തു. എന്നാൽ അവർ അവിടെ സ്ഥിരവാസം ആരംഭിക്കുന്നതിനുമുമ്പ് സഹോദര ഗോത്രങ്ങൾ അവരെപ്പോലെ കുടിയേറിപ്പാർക്കുന്നതിനു യോർദ്ദാന്നക്കരെ പ്രദേശം പടവെട്ടി കൈവശമാക്കുന്നതിന് അവരെ സഹായിക്കണം (സംഖ്യാ 32. 28–42 കാണുക). എല്ലാ ഗോത്രങ്ങൾക്കും ഭൂമി ഉണ്ടായിക്കഴിഞ്ഞാൽ എല്ലാവർക്കും സമാധാനമായി വസിക്കാം. മോശെയല്ലാ യോശുവാ ആയിരിക്കും അക്കരെ പടയിലും യുദ്ധാനന്തരകാലത്തും അവരെ നയിക്കുന്നത്. 'യോശുവായെ ധൈര്യപ്പെടുത്തി ഉറപ്പിക്ക. അവൻ നായകനായി ഈ ജനത്തെ അക്കരെകടത്തും. നീ കാണുന്ന ദേശം അവൻ അവർക്കു പങ്കിട്ടുകൊടുക്കും' (ആവ. 3. 28).

2. സകല മനുഷ്യകുലങ്ങളും അവരവരുടെ ഭൂപ്രദേശങ്ങളിൽ പാർത്തു 'സ്വസ്ഥത' അനുഭവിക്കാൻ കഴിയുന്നതുവരെ ക്രൈസ്തവസഭ അഭയാർത്ഥികളുടെ കാര്യത്തിൽ ബദ്ധശ്രദ്ധരായിരിക്കണം. എല്ലാ സഹോദരർക്കും സ്വസ്ഥത കൈവരാതിരിക്കുന്നിടത്തോളം ഒരുത്തർക്കും സ്വസ്ഥത അനുഭവിക്കാൻ അവകാശമില്ല. അഭയാർത്ഥികളുടെ സംഖ്യ വളരെ വർദ്ധിച്ചിരിക്കുന്ന ആധുനിക ലോകത്തിൽ സഭയുടെ ധർമ്മം ഈ രംഗത്തു വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കുടിയേറിപ്പാർപ്പാൻ ഭൂപ്രദേശം മാത്രം കൊണ്ടോ ഭൗതിക ജീവിതസൗകര്യങ്ങൾ കൊണ്ടോ ഒരു മനുഷ്യജാതിക്കും സ്വസ്ഥത ഉണ്ടാകുമെന്നു പറയാൻ സഭയ്ക്കു സാദ്ധ്യമല്ല. പുതിയനിയമത്തിലെ സ്വസ്ഥത മനുഷ്യത്വത്തോടു പൂർണ്ണനീതി നടത്തുന്ന സാമൂഹ്യജീവിതവും ക്രിസ്തുവിൽകൂടി ആത്മീയ കൂട്ടായ്മയും ഉൾക്കൊള്ളുന്നു. അവ എല്ലാ മനുഷ്യർക്കും ലഭ്യമാകുന്നതുവരെ ക്രൈസ്തവസഭയ്ക്കു വിശ്രമമില്ലാത്ത പരിശ്രമമാണ് ദൈവം വിധിച്ചിരിക്കുന്നത്.

4. 1 ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറെയ്ക്കുകയോ ചെയ്യരുതു്.

3. ബാൽ–പെയോരിന്റെ സംഗതിയിൽ യഹോവ ചെയ്തതു നിങ്ങൾ കണ്ണാലെ കണ്ടിരിക്കുന്നു. ബാൽ–പെയോരിനെ പിന്തുടരുന്നവരെ ഒക്കെയും നിന്റെ ദൈവമായ യഹോവ നിങ്ങളുടെ ഇടയിൽ നിന്നു നശിപ്പിച്ചുകളഞ്ഞുവല്ലോ.

4. എന്നാൽ നിങ്ങളുടെ ദൈവമായ യഹോവയോടു പററിച്ചേർന്നിരിക്കുന്ന നിങ്ങൾ ഒക്കെയും ഇന്നു ജീവനോടിരിക്കുന്നു.

1. മദ്ധ്യപൂർവ്വേഷ്യയിൽ രാജാവും രാജ്യത്തു കുടിയേറിപ്പാർക്കുന്ന ജനസമുദായങ്ങളും തമ്മിൽ ഉടമ്പടിയിൽ പ്രവേശിക്ക പതിവാണു്. ഉടമ്പടി വ്യവസ്ഥകൾ ആത്മാവിൽ മാത്രമല്ല അക്ഷരത്തിലും പാലിക്കണമെന്നു നിർബന്ധമായിരുന്നു. വ്യവസ്ഥകൾ കൂട്ടുകയോ കുറയ്ക്കുകയോ അരുതു് എന്നു ഉടമ്പടിയിൽ രേഖപ്പെടുത്തുന്ന പതിവും ഉണ്ടായിരുന്നു. ഇവിടെ അങ്ങനെതന്നെ ദൈവവും യിസ്രായേലും തമ്മിൽ ഒരു ഉടമ്പടി ഉണ്ടായിരിക്കുന്നു എന്ന സൂചനയാണുള്ളതു്. രേഖാരൂപം സാധാരണ പൂർവ്വേഷ്യയിലെ ഉടമ്പടികളുടേതുതന്നെ.

2. യിസ്രായേല്യർ മോവാബ്യസ്ത്രീകളെ വേൾക്കയും അവരുടെ ബാൽ ദേവന്മാരെ സേവിക്കയും ചെയ്തപ്പോൾ യിസ്രായേലിനുണ്ടായ ശിക്ഷ സംഖ്യാ 5.1–5 ൽ വിവരിച്ചിരിക്കുന്നു. ബാൽ–പെയോർ ഒരു സ്ഥല നാമമാണു്. പെയോർ മലയിലെ ബാൽ ദേവന്റെ പേരും ബാൽ–പെയോരെന്നുതന്നെ (ഹോശ. 9.10). യിസ്രായേൽ ബാൽ–പെയോർ ദേവനോടു ചേർന്നു; യഹോവയുടെ കോപം യിസ്രായേലിന്റെ നേരെ ജ്വലിച്ചു, യഹോവയുടെ കല്പനപ്രകാരം ബാൽ–പെയോരിനോടു

ചേൎന്നനിന്നവരെയെല്ലാം കൊല്ലാൻ ന്യായാധിപന്മാൎക്ക നിർദ്ദേശം കൊടുക്കന്നു. യഹോവയുടെ ന്യായപ്രമാണം നിരസിച്ച വിഗ്രഹാരാധനയിലേക്ക ചായുന്നവൎക്ക ശിക്ഷാവിധി ഉണ്ടാകുമെന്ന പാഠമാണ് ഇവിടെ ഉയൎത്തിക്കാട്ടുന്നതു്. മറിച്ചു്, 'യഹോവയോടു പററിച്ചേർന്നിരിക്കുന്ന' ജനം ജീവിച്ചിരിക്കുമെന്നും. ഇവിടെ ഭൂമിയിൽ ദീർഘായുസ്സായിരിക്കാം പ്രധാനമായി ചിന്തയിലുള്ളതു്. എന്നാൽ എല്ലാ ജീവിതരംഗങ്ങളിലും സമൃദ്ധിയും അനുബന്ധമാണ്.

4.6. അവയെ പ്രമാണിച്ചു നടപ്പിൻ. ഇതുതന്നെയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നത്. അവർ ഈ കല്പനകളൊക്കെയും കേട്ടിട്ടു്: ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനംതന്നെ എന്നു പറയും.

7. നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു?

8. ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വയ്ക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠജാതിഏതുള്ളു?

1. 'ശ്രേഷ്ഠജാതി'. യഹോവയുടെ ന്യായപ്രമാണം ദീർഘായുസ്സും ഐശ്വര്യവും നല്കുന്നു. അതുപോലെ യിസ്രായേൽ ജനത്തിനു മാനവ സമൂഹങ്ങളുടെ മദ്ധ്യേ പ്രകൎഷ ഉണ്ടാകുന്നതു് ന്യായപ്രമാണത്തിന്നടിസ്ഥാനമായി സ്ഥിതിചെയ്യുന്ന ഉയർന്ന ധാർമ്മിക നിലവാരം അവർ ഗ്രഹിക്കുമ്പോഴാണ്. അതിന്റെ പിന്നിൽ യഹോവ എന്ന അവരുടെ ദൈവത്തിന്റെ നിസ്തുലതയും ശ്ലാഘ്യമായി ഇതര ജനതകൾ ദർശിക്കും. യഹോവയുടെ സ്വഭാവത്തിൽ സകല സൃഷ്ടികളെയും അതിശയിക്കുന്ന ദിവ്യതം, മനുഷ്യരെ സന്മാൎഗ്ഗത്തിലേക്ക നയിക്കത്തക്ക

ധാർമ്മിക വിശുദ്ധി, യിസ്റായേൽ ജനതയോടു ഉററ സ്നേഹബന്ധം ഇവ സമ്മേളിക്കുന്നു. ഈ മൂന്നു ഗുണങ്ങളും ഒരുമിച്ചു വരുന്ന ഒരു ദൈവമോ ദേവനോ വേറൊരു ജനതയ്ക്കുമില്ലെന്ന ബോധമാണ് ഈ ഭാഗത്തു പ്രകാശിക്കുന്നതു്. ഗദ്യകവിതയിൽ ഒരു സങ്കീർത്തനംപോലെയാണ് ഗ്രന്ഥകാരൻ ഈ വാക്യങ്ങൾ രചിച്ചിരിക്കുന്നതു്. ന്യായപ്രമാണം ധ്യാനിച്ച ദീർഘമായ എഴുതപ്പെട്ട 119_ാം സങ്കീർത്തനംപോലെ യഹോവയുടെ ന്യായപ്രമാണവും ദൈവസ്വഭാവവും ധ്യാനിക്കുന്ന ഒരു സങ്കീർത്തനശകലമായി ഇതു പരിഗണിക്കാം. യഹോവയെ സേവിക്കുന്നതിലാണ് യിസ്രായേൽ ജനത്തിൻെറ ശ്രേഷ്ഠതയെന്നു മോശയുടെ പ്രഭാഷണം സമർത്ഥിക്കുന്നു.

2. ദൈവം യിസ്റായേലിനു നൽകിയ ദിവ്യസത്യങ്ങളുടെ ശ്രേഷ്ഠത ഗ്രഹിക്കാൻ മനുഷ്യത്വത്തിൻെറ ആത്മീയ ധാർമ്മിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന എല്ലാ മനുഷ്യ സമൂഹങ്ങൾക്കും കഴിവുണ്ടെന്ന ദൈവശാസ്ത്രസിദ്ധാന്തവും ഇവിടെ സ്പഷ്ടമാണ്. യഹോവയുടെ ശ്രേഷ്ഠ ദിവ്യത്വം ദർശിക്കാൻ സാധിക്കാത്തവണ്ണം മനുഷ്യജാതിയുടെ കണ്ണു തികച്ചും കുരുടായിട്ടില്ല. യേശുക്രിസ്തുവിലെ ദിവ്യ മനുഷ്യത്വത്തിൻെറയും യേശുക്രിസ്തുവിൻെറ പിതാവായ ദൈവത്തിൻെറയും യേശുവിൻെറ മലമ്പ്രസംഗത്തിൻെറയും അതീവ ശ്രേഷ്ഠത രാജാറാം മോഹൻറോയും കേശവ ചന്ദ്രസേനനും, സ്വാമി വിവേകാനന്ദനും ഗാന്ധിജിയും വിനോബായും രാധാകൃഷ്ണനും എന്നുവേണ്ടാ ഭാരതീയരാകെ ദർശിച്ചു. അതു ഭാരതീയ സംസ്കാരത്തിനു നവീകരണം ഉണ്ടാക്കി. ഈ വസ്തുത ചില സുവിശേഷ പ്രവർത്തകരും ക്രൈസ്തവ ദൈവശാസ്ത്രജ്ഞരും നിസ്സാരമായി തള്ളിക്കളയാറുണ്ടു്. അതു തികച്ചും തെററാണ്. യേശുക്രിസ്തുവിൻെറ ആളത്തത്താലാകർഷിക്കപ്പെടുന്നതിൽകൂടിയാണ് ദൈവത്തിൻെറ പരിശുദ്ധാത്മാവു് മനുഷ്യരെ സുവിശേഷത്തിൻെറ പൂർണ്ണ യാഥാർത്ഥ്യത്തിലേക്കു ആനയിക്കുന്നതു്. ഇന്നു ക്രൈസ്തവ സഭയ്ക്കു ഭാരതത്തിൽ ലഭിക്കുന്ന പുകഴ്ചയും

ക്രൈസ്തവരുടെ ഏതെങ്കിലും മേന്മകൊണ്ടല്ല. അവർ സേവിക്കുന്ന യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തിന്റെ അതുല്യ സ്വഭാവം നിമിത്തമാണ്. അതിശായിത്വം, വിശുദ്ധി, സ്നേഹം ഇവ സമ്മേളിക്കുന്ന ഒരു ദിവ്യത്വമാണവിടെ ഭാരതം ദർശിക്കുന്നത്. അതു ശ്രേഷ്ഠമായി അവർക്കും നമുക്കും തോന്നുന്നതിൽ അത്ഭുതത്തിനവകാശമില്ല.

8. കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്ന മനുഷ്യനീതിക്കുതന്നെ ഒരു ശാശ്വതാടിസ്ഥാനവും അതിന്റെ നിരന്തര നവീകരണത്തിനൊരു ഉറവയും ദൈവത്തിന്റെ വിശുദ്ധിയിലും സ്നേഹത്തിലും ഉണ്ടെന്നതത്ത്വം വേദപുസ്തകത്തിൽ മുഖ്യമാണ്. ആധുനിക ഭൗതികതത്ത്വങ്ങളിൽ ഉന്നത നീതിശാസ്ത്രമുണ്ടെങ്കിലും, അവയിൽ മനുഷ്യനതീതമായ ഒരു ഉറവയില്ല. ചില ഭൗതികതത്ത്വസംഹിതകളിൽ നീതി കേവലം അധികാര ബന്ധങ്ങളുടെ പ്രകാശനം മാത്രമാണ്. അങ്ങനെയെങ്കിൽ കയ്യൂക്കുള്ളവൻ കാര്യക്കാരൻ മാത്രമല്ല നീതിമാനും ആയി ഭവിക്കും. ഇതു ഹിററ്ലറിസത്തിലേക്കും സ്റ്റാലിനിസത്തിലേക്കും ആധുനിക സമൂഹങ്ങളെ കൊണ്ടെത്തിച്ചു. ഹൈന്ദവമതത്തിന്റെ നീതിശാസ്ത്രം ആത്മാധിഷ്ഠിതമാണ്. എങ്കിലും ആദ്യന്തികമായ പരമാർത്ഥിക സത്തയോടു ഉറച്ചബന്ധമില്ലാതെ മായാബന്ധനത്തിൽ ചരിക്കുന്ന ലോകത്തിലെ വ്യാവഹാരിക പ്രമാണങ്ങൾ മാത്രമാണത്. അർത്ഥം, കാമം, ധർമ്മം ഇവയെല്ലാം ഹൈന്ദവ ചിന്തയിൽ മോക്ഷാനന്ദാനുഭൂതിയുടെ മുഖാന്തരങ്ങളായി ഇന്നു സ്ഥാനം ലഭിച്ചിട്ടുണ്ടെന്നു വിസ്മരിക്കുന്നില്ല. ക്രൈസ്തവതത്ത്വങ്ങളുടെ സമ്മർദ്ദം ഇതിനുപകരിച്ചിട്ടുണ്ട്. കേവലം വ്യാവഹാരിക ലോകപ്രമാണങ്ങൾ എന്ന നിലയിൽ സമൂഹത്തിലും രാഷ്ട്രത്തിലും മനുഷ്യത്വത്തിന്റെ മാഹാത്മ്യവും മനുഷ്യത്വത്തോടു മൗലിക നീതിയും സംരക്ഷിക്കുക അസാദ്ധ്യമാണെന്നു ചരിത്രം തെളിയിക്കുന്നു.

4.9. കണ്ണാലെ കണ്ടിട്ടുള്ള കാര്യങ്ങൾ നീ മറക്കാതെയും നിൻെറ ആയുഷ്ക്കാലത്തൊരിക്കലും അവ നിൻെറ മനസ്സിൽനിന്നു വിട്ടുപോകാതെയും ഇരിപ്പാൻമാത്രം സൂക്ഷിച്ചു നിന്നെത്തന്നെ ജാഗ്രതയോടു കാത്തുകൊൾക; നിൻെറ മക്കളോടും മക്കളുടെ മക്കളോടും അവയെ ഉപദേശിക്കണം.

11. അങ്ങനെ നിങ്ങൾ അടുത്തുവന്നു പർവ്വതത്തിൻെറ അടിവാരത്തുനിന്നു. അന്ധകാരവും മേഘവും കൂരിരുളും ഉണ്ടായിരിക്കെ പർവ്വതം ആകാശമദ്ധ്യത്തോളം തീ കാളിക്കത്തിക്കൊണ്ടിരുന്നു.

13. നിങ്ങൾ അനുസരിക്കേണ്ടതിനു അവൻ നിങ്ങളോടു കല്പിച്ച തൻെറ നിയമമായ പത്തുകല്പന നിങ്ങളെ അറിയിക്കയും രണ്ടു കല്പലകകളിൽ എഴുതുകയും ചെയ്തു.

20. നിങ്ങളെയോ ഇന്നുള്ളതുപോലെ തനിക്കു അവകാശജനമായിരിക്കേണ്ടതിനു യഹോവ തെരഞ്ഞെടുത്തു നിങ്ങളെ മിസ്രയീം എന്ന ഇരുമ്പുലയിൽനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്നിരിക്കുന്നു.

23. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു ചെയ്തിട്ടുള്ള നിയമം മറന്നു....

1. യഹോവ 'നിങ്ങളോടു കല്പിച്ച തൻെറ നിയമം'; 'നിങ്ങളോടു ചെയ്തിട്ടുള്ള നിയമം'_യഹോവയായ ദൈവം യിസ്രായേൽ ജനത്തോടു ചെയ്ത ഉടമ്പടിയാണ് ഈ ഭാഗത്തു പ്രതിപാദ്യം. മനുഷ്യരുമായി നിയമം ചെയ്യുന്ന ഒരു ദൈവത്തെയാണ് വേദപുസ്തകത്തിലുടനീളം നാം ദർശിക്കുന്നതു്. നോഹയിൽക്കൂടി 'ഭൂമിയിലുള്ള സർവ്വജഡവുമായ സകല ജീവികളോടും' ദൈവം നിയമം ചെയ്യുന്നു (ഉല്പ. 9); അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ പൂർവ്വപിതാക്കന്മാരുമായി ദൈവം നിയമം ചെയ്യുന്നു (ഉല്പ. 15, 26, 32), ഹോരേബ് പർവ്വതത്തിൽവച്ചു യിസ്രായേൽ ജനവുമായി ചെയ്ത നിയമമാണ് (പുറ. 24, 34) ഇവിടത്തെപ്പോലെ പഴയനിയമ ഗ്രന്ഥങ്ങ

ളിൽ പല ഭാഗങ്ങളിലും കാണുന്നതു്. അതോടുചേർന്നു നിയമ 'വചനങ്ങൾ' (പുറ. 24. 9; 34. 27), 'നിയമപ്പുസ്തകം' (പുറ. 24. 7), 'നിയമത്തിൻെറ പലകകൾ' (ആവ. 9. 9), 'നിയമപ്പെട്ടകം' (ആവ. 10. 8) എന്നിവയൊക്കെ ഉണ്ടു്. ദൈവത്തിൻെറ ഒരു പുതിയനിയമമാണു് യിരെമ്യാവു്, ഹെസക്കിയേൽ പ്രവാചകന്മാർ കാംക്ഷിച്ചതു്. ദൈവം മനുഷ്യജാതിയുമായി ചെയ്തിരിക്കുന്ന ആ പുതിയനിയമമാണു് ക്രിസ്തുയേശു. വേദപുസ്തകത്തിൽ ദൈവം 'നിയമ'ത്തിൻെറ കർത്താവാണു്.

2. ഹോറേബു് (സീനായി) പർവ്വതത്തിലെ ദൈവവെളിപ്പാടു് ചരിത്രത്തിൽ സ്ഥലകാല പരിധികളുള്ളിൽ ഉണ്ടായ ഒരു സംഭവമത്രെ. അവർ കണ്ടതും കേട്ടതും തന്നെ. പ്രസ്തുത സംഭവത്തിൽ കൂടി യിസ്രായേലിനെ സ്വന്തം 'അവകാശജന' മായി യഹോവാ 'തെരഞ്ഞെടുക്ക'യാണു് ചെയ്തതു്. അതിലേക്കു തയ്യാറെടുക്കുന്ന സംഭവമാണു് ഫറവോൻെറ 'ഇരുമ്പുലയിൽ നിന്നു' അവരുടെ വിമോചനം. ഉടമ്പടി കഴിഞ്ഞു് ഇനി ശേഷിക്കുന്ന അവരുടെ ചരിത്രം എങ്ങനെയിരിക്കണമെന്നാണു് മോശെ തൻെറ പ്രഭാഷണത്തിൽ ഇവിടെ ഉപദേശിക്കുന്നതു്. രണ്ടു കാര്യങ്ങൾ യിസ്റായേൽ ചെയ്യണം. ഒന്നാമതു്, സീനായി പർവ്വതത്തിങ്കൽ ഉണ്ടായ സംഭവവും ഉടമ്പടിയും അവരുടെ ആയുഷ്കാലമൊക്കെയും അവരുടെ പിൻ തലമുറകളും 'മറക്കാതെ'യിരിപ്പാൻ ജാഗ്രതയായിരിക്കണം. രണ്ടാമതു്, യഹോവ അവരുമായിച്ചെയ്ത ഉടമ്പടിയോടു ചേർന്നു് അവക്കുലഭിച്ച കല്പനകളും നിയോഗങ്ങളും അനുസരിച്ചു് അവരും അവരുടെ മക്കളും മക്കളുടെ മക്കളും അവക്കു യഹോവാ അവകാശമായിത്തരുന്ന കനാൻ ദേശത്തു ജീവിക്കണം.

3. സീനായി സംഭവം നേരിട്ടു ദർശിച്ച തലമുറയോടല്ല മോവാബു് ദേശത്തു മോശെ സംസാരിച്ചതു്. ആ തലമുറയിൽ ഭൂരിഭാഗവും മരുഭൂമിയിൽ നശിച്ചുപോയി. ആവർത്തനപ്പുസ്തകത്തിൻെറ രചന അതിലും പിന്നീടു

തലമുറയിൽ ഭൂരിഭാഗവും മരുഭൂമിയിൽ നശിച്ചുപോയി. ആവർത്തനപ്പുസ്തകത്തിൻെറ രചന അതിലും പിന്നീടു വന്ന യിസ്രായേല്യ തലമുറയുടെ കാലത്താണ്. എന്നാലും പൂർവ്വകാലത്തുനടന്ന ദൈവവെളിപ്പാടിൻെറ ദൃക്സാക്ഷികളായിട്ടാണ് എല്ലാ പിൻ തലമുറകളെയും ആവർത്തന പ്രഭാഷണം പരിഗണിക്കുന്നതു്. 'കണ്ണാലെ കണ്ടിട്ടുള്ള കാര്യങ്ങൾ നീ മറക്കാതെ'. ഏതു കാലത്തുണ്ടായ ദൈവവെളിപ്പാടും എല്ലാ മനുഷ്യ തലമുറകൾക്കും ആനുകാലികമാണ്. എല്ലാ മനുഷ്യർക്കും അവർ ജീവിക്കുന്ന കാലത്തെ അവരുടെ ധർമ്മം വ്യക്തമാക്കുന്ന ദൈവവചനമായി അതു രൂപം പ്രാപിക്കുന്നു. ഈ സത്യം ആവ. 5. 3 ൽ പൂർവ്വാധികം ശക്തമായി പ്രഖ്യാപിച്ചിരിക്കുന്നു. 'ഈ നിയമം യഹോവ നമ്മോടു, ഇന്നു ഇവിടെ ജീവനോടിരിക്കുന്ന നമ്മോടു ഒക്കെയും തന്നെ ചെയ്തതു്'.

2. എബ്രായ ലേഖകൻ പ്രത്യേകം എടുത്തു പറയുന്നു, സീനായി പർവ്വതത്തിൽ യിസ്രായേലിനു ലഭിച്ച ദർശനവും പുതിയ യിസ്രായേലായ സഭയ്ക്കു സ്വർഗ്ഗീയ സീയോൻ പർവ്വതത്തിങ്കൽ ലഭിച്ച ദർശനവും തമ്മിൽ ഉള്ളടക്കം വ്യത്യസ്തമാണെന്നു്. 'സ്ഥൂലമായതും തീ കത്തുന്നതുമായ പർവ്വതത്തിനും മേഘതമസ്സു്, കൂരിരുട്ടു്, കൊടുങ്കാറ്റു്, കാഹളനാദം, വാക്കുകളുടെ ശബ്ദം എന്നിവയ്ക്കും അടുക്കൽ അല്ലല്ലോ നിങ്ങൾ വന്നിരിക്കുന്നതു്.... പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിൻെറ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും....പുതിയ നിയമത്തിൻെറ മദ്ധ്യസ്ഥനായ യേശുവിനും ....അടുക്കലേക്കത്രെ നിങ്ങൾ വന്നിരിക്കുന്നതു' (എബ്രാ. 12. 18, 22–24). എന്നാൽ വേറൊരർത്ഥത്തിൽ പഴയനിയമ വെളിപ്പാടിനുണ്ടായിരുന്ന അതേ രൂപങ്ങളാണ് യേശുക്രിസ്തുവിലെ വെളിപ്പാടിനുമുള്ളതു്. പൊന്തിയോസ് പീലാത്തോസിൻെറ കാലത്തു നസറായനായ യേശു എന്ന ചരിത്രപുരുഷൻെറ ക്രൂശാരോഹണത്തിലും ഉയിർപ്പിലും കൂടി ആ പുതിയ ഉടമ്പടി ഉണ്ടായി; അതുമൂലം പുതിയ യിസ്രായേലായ സഭ ദൈവജനമായി തെരഞ്ഞെടുക്കപ്പെ

ട്ടന്നു. അതിൻെറ ഒരുക്കമൊണ്ട് പഴയ യിസ്റായേലി
ൻെറ ചരിത്രം. പുതിയനിയമത്തിൻെറ മദ്ധ്യസ്ഥനായ
ക്രിസ്തുവിനെ മറക്കാതെ തുടന്നു സാക്ഷികളായിരി
പ്പാൻ ക്രൈസ്തവ ജനം തലമുറ തലമുറയായി വിളിക്കപ്പെ
ട്ടിരിക്കുന്നു. ക്രിസ്തു എല്ലാ തലമുറകൾക്കും അനുകാലി
കയാഥാത്ഥ്യമായ ദൈവവചനംതന്നെ.

4. 15 നിങ്ങൾ നന്നായി സൂക്ഷിച്ചുകൊൾവിൻ; യ
ഹോവ ഹോരേബിൽ തീയുടെ നടുവിൽനിന്ന് നിങ്ങ
ളോട് അരുളിച്ചെയ്ത നാളിൽ നിങ്ങൽ രൂപം ഒന്നും
കണ്ടില്ലല്ലോ.

16. അതുകൊണ്ട് നിങ്ങൾ ആണിൻെറയെങ്കിലും പെ
ണ്ണിൻെറയെങ്കിലും സാദൃശ്യമോ, ഭൂമിയിലുള്ള യാതൊരു
മൃഗത്തിൻെറയും സാദൃശ്യമോ, ആകാശത്തു പറക്കുന്ന
യാതൊരു പക്ഷിയുടെയും സാദൃശ്യമോ, ഭൂമിയിലുള്ള
യാതൊരു ഇഴജാതിയുടെയും സാദൃശ്യമോ, ഭൂമിക്കു
കീഴെ വെള്ളത്തിലുള്ള യാതൊരു മത്സ്യത്തിൻെറയും
സാദൃശ്യമോ, ഇങ്ങനെ യാതൊന്നിൻെറയും പ്രതിമയായ
വിഗ്രഹം ഉണ്ടാക്കി വഷളത്തം പ്രവർത്തിക്കരുത്.

11. നീ ആകാശ സൈന്യമായ സൂര്യനെയും ചന്ദ്ര
നെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവ
യെ നമസ്ക്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെട
രുത്. അവയെ നിൻെറ ദൈവമായ യഹോവ ആകാശ
ത്തിൽ കീഴെങ്ങുമുള്ള സർവ്വ ജാതികൾക്കും പങ്കിട്ടുകൊ
ടുത്തിരിക്കുന്നു.

20. നിങ്ങളെയോ ഇന്നുള്ളതുപോലെ തനിക്ക് അവകാ
ശജനമായിരിക്കേണ്ടതിന് യഹോവ തെരെഞ്ഞെടുത്തു...

23. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു ചെ
യ്തിട്ടുള്ള അവൻെറ നിയമം മറന്ന് നിൻെറ ദൈവമായ
യഹോവ വിരോധിച്ചതുപോലെ യാതൊന്നിൻെറയും സാ
ദൃശ്യമായ വിഗ്രഹം ഉണ്ടാക്കാതെയിരിപ്പാൻ സൂക്ഷിച്ചു
കൊൾവിൻ.

24. നിൻെറ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നി
യല്ലോ; തീക്ഷ്ണതയുള്ള ദൈവം തന്നെ.

1. പത്തുകല്പനകളിൽ രണ്ടാം കല്പനയുടെ ഒരു വ്യാഖ്യാനമായി ഈ പ്രഭാഷണം നിലകൊള്ളുന്നു. 'വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്കുകീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ അരുത്'' (ആവ. 5. 8_9). ഇവിടെ ഈ കല്പനയ്ക്കു ചില ന്യായങ്ങൾ കൊടുക്കുന്നു; അവ ഹോരേബിൽ ദൈവ വെളിപ്പാടിന്റെ സ്വഭാവത്തിൽ ഉരുത്തിരിയുന്ന ന്യായങ്ങളത്രെ. ഹോരേബിൻ യിസ്രായേൽജനം ദൈവശബ്ദം ശ്രവിച്ചതല്ലാതെ ദൈവരൂപമൊന്നും ദർശിച്ചില്ല എന്നു്. ദൈവവചനം ശ്രവിച്ച ദൈവഹിതം അനുസരിക്കുന്നതിലാണു് മനുഷ്യർ ദൈവഭക്തി പ്രകാശിപ്പിക്കേണ്ടതു്. ഈ സത്യത്തിന്റെ നിഷേധരൂപമാണു്, ദൈവം അരൂപിയായി ഹോരേബിൽ അവർക്കു വെളിപ്പെട്ടതിനാൽ ദൈവസ്വഭാവം ആരായുന്നവർ ദൈവസ്വരൂപം അന്വേഷിക്കരുതു് എന്നതു്. വിഗ്രഹമോ പ്രതിമയോ ഉണ്ടാക്കരുതു്, അവയെ നമസ്കരിക്കയുമരുതു്.

2. ശ്രുതിയും സ്മൃതിയുമാണു് യിസ്രായേലിന്റെ ദൈവബോധത്തിൽ മുഖ്യം. ദൈവരൂപദർശനം വേദപുസ്തകം പലേടങ്ങളിൽ പ്രതിപാദിക്കുന്നുണ്ടു്. ഭൂരിഭാഗത്തും അതു വിശ്വസ്തത, നീതി, വിശുദ്ധി എന്നീ ശ്രവിക്കപ്പെട്ട ദൈവനിയമങ്ങളോടു ബന്ധിച്ചിരിക്കുന്നു. മോശെ 'എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു...അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും' (സംഖ്യാ. 12.7_8); 'ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും' (സങ്കീ. 17. 15); 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും' (മത്താ. 5.8). ദൈവരൂപ ദർശനം മനുഷ്യർ അഭിലഷിക്കുന്നതു് സ്വാഭാവികമാണു്. അതു തൃപ്തിപ്പെടുത്തുന്നതിനു മനുഷ്യർ സൃഷ്ടിയുടെ സാദൃശ്യത്തിൽ ദൈവപ്രതിമ നിർമ്മിക്കുന്നതാണു് ദൈവം വിരോധിച്ചിരിക്കുന്നതു്. എന്നാൽ ദൈ

വംതന്നെ തൻെറ 'പ്രതിമ' യേശുക്രിസ്തുവിൽ നമുക്കു നല്കിയിരിക്കുന്നു. 'അവൻ അദൃശ്യനായ ദൈവത്തിൻെറ പ്രതിമ' (കൊലോ. 1. 15). 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിൻെറ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു '(യോഹ. 1. 18). യേശുക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണാനന്തരം പരിശുദ്ധാത്മ വ്യാപാരത്താൽ നമ്മുടെ ഭാവന ഉദ്ദീപിപ്പിക്കുന്ന ആത്മഉൾക്കാഴ്ചയായി യേശുക്രിസ്തു എന്ന ദൈവപ്രതിമ നമുക്കു അനുഭവമായി ഭവിക്കുന്നു. എന്നാൽ ഭൗതിക ചിഹ്നങ്ങൾക്കു സ്ഥാനമില്ലേ?

3. 'നീ ആകാശ സൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ'. പ്രകൃതിസൗന്ദര്യത്തിനും സത്യങ്ങൾക്കും മനുഷ്യാത്മാവിനെ 'വശീകരി' ക്കാനുള്ള ശക്തി ഈ കല്പന ഗ്രഹിച്ചിട്ടുണ്ട്. യിസ്രായേൽജനം പാർത്ത കനാനിൽ അവരുടെ അയൽവാസികളിൽ ചിലർ സൂര്യചന്ദ്രനക്ഷത്രങ്ങളെ നമസ്കരിക്കുന്നവരായിരുന്നു. അതവർക്കു യഹോവതന്നെ വിധിച്ചതായി ഈ ഭാഗം വ്യാഖ്യാനിക്കുന്നതായി തോന്നുന്നു. അതുകൊണ്ട് അതവർ തുടരട്ടെ. അതവരുടെ കാര്യം. പരമതസഹിഷ്ണുതയുടെ ഒരു ലാഞ്ഛന ഇവിടെ ഉണ്ട്. എന്നാൽ പ്രകൃതിയാരാധന യിസ്രായേലിനു ഒരു വിധത്തിലും ന്യായമല്ല. സൃഷ്ടി ദൈവമല്ല, സൃഷ്ടികൾ മനുഷ്യരുടെ ആരാധനയ്ക്കു യോഗ്യമല്ല. സൃഷ്ടികർത്താവായ ദൈവത്തെ മാത്രമെ യിസ്രായേൽ വണങ്ങി നമസ്കരിക്കാവൂ. എന്തെന്നാൽ യിസ്രായേൽ യഹോവയുടെ സ്വന്തം അവകാശം; യഹോവ തീക്ഷ്ണതയുള്ളവൻ തന്നെ. എന്നാൽ സൃഷ്ടി ദൈവമഹത്വം വെളിപ്പെടുത്തുന്നതായി പല വേദഭാഗങ്ങളും സൂചിപ്പിക്കുന്നു. 'നീ ആകാശത്തിൽ നിൻെറ തേജസ്സ് വെച്ചിരിക്കുന്നു' (സങ്കീ. 8. 1). 'ആകാശം ദൈവത്തിൻെറ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവൻെറ കൈവേലയെ പ്രസിദ്ധമാക്കുന്നു' (സങ്കീ. 19. 1). സൃഷ്ടി ആരാധിക്കു

നുള്ളതല്ലെങ്കിലും ആസ്വദിക്കാനുള്ളതത്രെ. സുകുമാരകലകളുടെ അടിസ്ഥാനമാണിതു്.

4. യഹോവ 'ദഹിപ്പിക്കുന്ന അഗ്നി', 'തീക്ഷ്ണതയുള്ള ദൈവം'. ദൈവജനം യഹോവയുടെ സ്ഥാനത്തു വേറെ ദേവന്മാരെയോ വിഗ്രഹങ്ങളെയോ പ്രതിഷ്ഠിക്കുന്നതിനെതിരായിട്ടാണു് യഹോവയുടെ തീക്ഷ്ണത പഴയനിയമത്തിൽ പ്രകാശിക്കുന്നതു് (പുറ. 20.5, ആവ. 5, 9; 6. 15). ന്യായപ്രമാണത്തിൽ മാത്രമല്ല ക്രിസ്തീയ സുവിശേഷത്തിലും ദൈവം തീക്ഷ്ണവാനാണു്. ക്രിസ്തുവിലല്ലാതെ 'മറെറാരുത്തനിലും രക്ഷയില്ല' (അപ്പോ. പ്ര. 4 2); അന്യരക്ഷകരുടെ പുറകെ പോകുന്നവരോടു അഗ്നീതുല്യമായ ദൈവകോപവും ഉണ്ടു്. 'ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടും സേവചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ' (എബ്രാ. 12. 28–29).

4.25. നീ... വല്ലതിൻെറയും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കി നിൻെറ ദൈവമായ യഹോവയ്ക്കു അനിഷ്ടമാകുന്നതു ചെയ്തു് അവനെ കോപിപ്പിച്ചാൽ ...

27. യഹോവ നിങ്ങളെ ജാതികളുടെ ഇടയിൽ ചിതറിക്കും....

28. കാണ്മാനും കേൾപ്പാനും ഭക്ഷിപ്പാനും മണക്കുവാനും പ്രാപ്തിയില്ലാത്തവയായി മരവും കല്ലുംകൊണ്ടു മനുഷ്യരുടെ കൈപ്പണിയായ ദേവൻമാരെ നിങ്ങൾ അവിടെ സേവിക്കും.

29. എങ്കിലും അവിടെവച്ചു നിൻെറ ദൈവമായ യഹോവയെ നീതീകരിക്കയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കയും ചെയ്താൽ അവനെ കണ്ടെത്തും.

31. ....നിൻെറ പിതാക്കൻമാരോടു സത്യം ചെയ്തിട്ടുള്ള തൻെറ നിയമം മറക്കയുമില്ല,

1, പഴയനിയമം ന്യായപ്രമാണത്തിൻെറയും അധർമ്മ ത്തിന്മേൽ ശിക്ഷാവിധിയുടെയും കർത്താവായ ദൈവ ത്തെ മാത്രം വെളിപ്പെടുത്തുന്നു എന്ന ആശയം തികച്ചും തെററാണെന്നു് ഈ ഭാഗം തെളിയിക്കുന്നു. വിധികർത്താവെന്നപോലെ തന്നെ കൃപയുടെ ഉറവയുമാണു് ദൈവമെന്നു സ്പഷ്ടമായി ഇവിടെ പ്രഖ്യാപനം ഉണ്ടു്. പാപം ചെയ്യുന്ന ജനമോ വ്യക്തിയോ അനുതപിച്ചു് ദൈവത്തിങ്കലേക്കു് തിരിഞ്ഞു് അവനെ 'അന്വേഷി'ച്ചാൽ അവർ ദൈവത്തെ 'കണ്ടെത്തും'. 'ചിതറി'പ്പോയ ജനത്തെ ദൈവം 'കൂട്ടിച്ചേർക്കും'. യിസ്രായേലു ചരിത്രം ആദ്യന്തം ഈ ദിവ്യ ന്യായവിധിയുടെയും കൃപയുടെയും ചരിത്രമായിട്ടത്രെ പ്രവാചകന്മാരും മററു യിസ്രായേൽ ദൈവശാസ്ത്രജ്ഞരും വ്യഖ്യാനിക്കുന്നതു് 'ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു' (യോഹ 1 17) എന്ന സുവിശേഷവാക്യം മോശെ അശേഷം ദൈവകൃപ ഗ്രഹിച്ചില്ല എന്ന രീതിയിൽ വ്യഖ്യാനിക്കാൻ പാടില്ല. മോശെയുടെ ന്യായപ്രമാണവും അതിൻെറ ലംഘനങ്ങളും അതിന്മേൽ ദൈവത്തിൻെറ ശിക്ഷാവിധികളും കവച്ചു വയ്ക്കുന്ന ദൈവകൃപയെപ്പററിയുള്ള പ്രതിപാദനം ന്യായപ്രമാണത്തിൻെറ കാക്കശ്യം അങ്ങെയററം പ്രതിബിംബിക്കുന്ന ആവർത്തനപ്പുസ്തകത്തിൽ തന്നെ ഉണ്ടെന്നോർക്കണം. യേശുക്രിസ്തു ദൈവകൃപയുടെ പ്രതീകമായതുകൊണ്ടു പുതിയനിയമത്തിൽ ശിക്ഷാവിധി ഇല്ലെന്നു വ്യാഖ്യാനിക്കുന്നതും അബദ്ധമാണു് 'അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിൻെറ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു' (റോമ. 1 18). 'ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്യുവൻ എത്ര കഠിനമേറിയ ശിക്ഷാവിധിക്കു പാത്രമാകും എന്നു വിചാരിപ്പിൻ' (എബ്രാ. 10. 19), ദൈവം ശിക്ഷ വിധിക്കുന്നു;

ദൈവം കൃപ ചൊരിയുന്നു ഇവ ഒരുമിച്ചു മാത്രമെ ദൈവസ്വഭാവം വിവരിക്കാൻ കഴിയൂ.

2. വിഗ്രഹാരാധനയുടെ ശിക്ഷ കൂടുതൽ വിഗ്രഹാരാധനക്കു മനുഷ്യരെ ദൈവം ത്യജിക്കയാണു്. വിഗ്രഹാരാധനയുടെ ഉള്ളിലെ വൈരുദ്ധ്യങ്ങളും മനുഷ്യജീവൻ കെടുത്തുന്ന അതിൻെറ ശക്തികളും അവക്കുതന്നെ തെളിഞ്ഞു വരുന്നതുവരെ. വേറൊരു വിധത്തിലാലോചിച്ചാൽ, ശിക്ഷാവിധി ബാഹ്യമായ ദൈവത്തിൻെറ പ്രവർത്തനമല്ല, പാപത്തിൻെറ സ്വാഭാവിക ഫലങ്ങൾ തന്നെയാണു്. പാപത്തിൻെറ ശിക്ഷാവിധിയിലും ദൈവത്തെ തിരസ്കരിക്കാനും ദൈവത്തോടു മത്സരിക്കാനും മനുഷ്യനുള്ള സ്വാതന്ത്ര്യം അങ്ങേയററം ദൈവം ആദരിക്കുകയാണു്. ദൈവത്തെ ത്യജിച്ചു അനുഭവിക്കുന്ന സ്വാതന്ത്ര്യം അടിമത്തമാണു്; ആ അടിമത്തം തന്നെയാണു് ശിക്ഷാവിധി. മുടിയനായ പുത്രൻ പിതൃഭവനം വിട്ടുപോയപ്പോൾ അവനുണ്ടായ ദുരിതങ്ങൾ അവൻെറ സ്വതന്ത്ര തീരുമാനത്തിൻെറ അനന്തരഫലങ്ങളായിരുന്നു, ബാഹ്യമായി അവനു നൽകപ്പെട്ട ശിക്ഷയായിരുന്നില്ല. ദൈവത്തിൻെറ ശിക്ഷാവിധി അപ്രകാരമാണു്.

**4. 32. ദൈവം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ച നാൾ മുതൽ നിനക്കുമുമ്പുണ്ടായ പൂർവ്വകാലത്തിലും ആകാശത്തിൻെറ ഒരററം തുടങ്ങി മറെറ അററത്തോളവും എവിടെയെങ്കിലും ഇങ്ങനെയുള്ള മഹാകാര്യം നടന്നിട്ടുണ്ടോ, കേട്ടിട്ടുണ്ടോ, എന്നു നീ അന്വേഷിക്ക.**

**33. ഏതൊരു ജാതിയെങ്കിലും നീ കേട്ടതുപോലെ തീയുടെ നടുവിൽ നിന്നു സംസാരിക്കുന്ന ദൈവത്തിൻെറ ശബ്ദം കേൾക്കയും ജീവനോടിരിക്കയും ചെയ്തിട്ടുണ്ടോ?**

**34. അല്ലെങ്കിൽ നിങ്ങളുടെ ദൈവമായ യഹോവ മിസ്രയീമിൽ വെച്ചു നീ കാൺകെ നിങ്ങൾക്കുവേണ്ടി ചെയ്തതുപോലെ ഒക്കെയും പരീക്ഷകൾ, അടയാളങ്ങൾ, അത്ഭു**

തങ്ങാം, യുദ്ധം, ബലമുള്ള കൈ, നീട്ടിയ ഭുജം, വലിയ ഭയങ്കര പ്രവൃത്തികാം എന്നിവയാൽ ദൈവം ഒരു ജാതിയെ മറെറാരു ജാതിയുടെ നടുവിൽ നിന്നു തനിക്കായി ചെന്നെടുപ്പാൻ ഉദ്യമിച്ചിട്ടുണ്ടോ.

35. നിനക്കോ ഇതു കാൺമാൻ സംഗതിവന്നു. യഹോവ തന്നെ ദൈവം. അവനല്ലാതെ മറെറാരുത്തനുമില്ല എന്നു നീ അറിയേണ്ടതിനുതന്നെ.

'യഹോവതന്നെ ദൈവം. അവനല്ലാതെ മറെറാരുത്തനില്ല.' ദൈവം സൃഷ്ടിക്കതീതനാണെന്ന ജ്ഞാനം യിസ്രായേലിനുണ്ടായതു് ചരിത്രത്തിൽ അവർക്കുണ്ടായ ജീവിതാനുഭവങ്ങളിൽ കൂടെയാണു്. ചുററുപാടുകാം വച്ചു പരിശോധിച്ചാൽ സ്വാഭാവികമായി അസാദ്ധ്യകാര്യങ്ങളാണു് അവരുടെ ചരിത്രത്തിൽ സംഭവിച്ചതു്. ഫറവോന്റെ അടിമത്തത്തിൽ നിന്നു വിമോചനം, സീനായിൽ ദിവ്യ പ്രത്യക്ഷത, മനുഷ്യജാതികളുടെ നടുവിൽ ദൈവജനമായി അവരുടെ തെരഞ്ഞെടുപ്പു്, അതോടുചേർന്ന ദൈവിക ഉടമ്പടി, കനാൻ ദേശത്തെ പ്രബല ജാതികളുടെമേൽ വിജയം— ഇവയെല്ലാം 'അത്ഭുതങ്ങാം' അത്രെ. അവ ഗ്രഹിക്കണമെങ്കിൽ കേവലം ചരിത്ര ശക്തികളെയല്ല ചരിത്രം നിയന്ത്രിക്കുന്ന ദൈവത്തിന്റെ കൈതന്നെ കാണണം. 'നീട്ടിയ' 'ബലമുള്ള കൈ' തന്നെയാണു് ഈ 'വലിയ ഭയങ്കര പ്രവൃത്തികാം'ക്കു് പിന്നിലുള്ളതു്. യഹോവയുടെ 'സാന്നിദ്ധ്യവും മഹാശക്തിയും' അവ അവർക്കു യഥാർത്ഥമാക്കി. ഈ ഉാംക്കാഴ്ചയുടെ അടിസ്ഥാനത്തിലാണു് ദൈവം സൃഷ്ടിയുടെ ഭാഗമല്ല പരമേശ്വരൻ അതിശായിയാണു്, അതിനാൽ ദൈവത്തെ ത്യജിച്ചു് സൃഷ്ടി ചരിത്ര ശക്തികളുടെ രൂപവും ആത്മാവുമാക്കി ദൈവത്തെ തരം താഴ്ത്തുന്ന വിഗ്രഹാരാധന യിസ്രായേലിനു യോഗ്യമല്ല എന്ന ആത്മബോധം അവരിൽ അങ്കുരിച്ചതു്. മാനവചരിത്രത്തിൽ അനുപമമാണു് ഈ ആത്മ പ്രകാശനം.

4. 40. നിനക്കും നിൻെറ മക്കൾക്കും നന്നായിരിക്കേണ്ടതി നും നിൻെറ ദൈവമായ യഹോവ നിനക്കു സദാകാലത്തേ ക്കും നൽകുന്ന ദേശത്തു നീ ദീർഘായുസ്സോടിരിക്കേണ്ട തിനും ഞാൻ ഇന്നു നിന്നോടു കല്പിക്കുന്ന അവൻെറ ചട്ടങ്ങളും കല്പനകളും പ്രമാണിക്ക.

ഒരു ജനതയുടെ ആത്മീയ ശ്രേയസ്സ് അവരുടെ ധാർമ്മി ക നിലവാരം അനുസരിച്ചിരിക്കും. എന്നാൽ ഇവിടെ ഭൗമിക ഐശ്വര്യവും ധാർമ്മിക ജീവിതത്തിൻെറ ഫല മാണെന്നു് മോശെയുടെ പ്രഭാഷണം വ്യക്തമാക്കുന്നു. മനു ഷ്യ ചരിത്രത്തിനു ഒരു ധാർമ്മിക ഭരണഘടനയും അ ടിത്തറയുമുണ്ടെങ്കിൽ അതു യഥാർത്ഥമായിരിക്കും. എ ന്നാൽ ഏതു കാല പരിധിയിലാണു് അതു യഥാർത്ഥ മായി ചരിത്രകാരനു തെളിയുക? പലപ്പോഴും ഹ്രസ്വ കാലം വെച്ചളന്നാൽ അധർമ്മം ഭൗമിക വിജയം വരിക്കു ന്നതായി കാണാം. എന്നാൽ ദീർഘകാല കാഴ്ചപ്പാടിൽ ഒരു ജനതയുടെ ധാർമ്മിക ജീവിതവും ഭൗമിക ഐശ്വര്യ വും തമ്മിലുള്ള ബന്ധം ചരിത്രം തെളിയിക്കുന്നു എന്നു പറയാമോ? ഒരു വ്യക്തിയുടെ ആയുസിൽ തന്നെധർമ്മ വും ഐശ്വര്യവും തമ്മിൽ ഈ പൊരുത്തം കാണാത്തതു കൊണ്ടാണു് ജന്മാന്തരങ്ങളിൽ കൂടി അനുഭവിച്ചു തീർക്കുന്ന കർമ്മനിയമ സിദ്ധാന്തം ഹൈന്ദവമതം വിഭാവന ചെയ്യു ന്നതു്. അതു തൃപ്തികരമാണോ? ഈ പൊതുപ്രശ്നം ചർച്ച ചെയ്യുന്ന ആമുഖോപന്യാസത്തിലേക്കു വായനക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ധർമ്മത്തിനുവേണ്ടി സ്വയം ത്യാഗം ചെയ്യുകയും കഷ്ടം സഹിക്കയും ചെയ്യാൻ തയ്യാ റാവുന്ന ദൈവദാസരിൽ കൂടെയാണു് എല്ലാററിനും മേ ലായി യേശുവിൻെറ ക്രൂശിലും ഉയിർത്തെഴുന്നേല്പിലും ശ ക്തി ദർശിക്കുന്നതിൽ കൂടെയാണു്, പ്രപഞ്ചവും മാനവ ചരിത്രവും ധർമ്മത്തിലധിഷ്ഠിതമാണെന്ന ആത്മജ്ഞാനം നമുക്കുണ്ടാവുക. വെളിപ്പാടു പുസ്തകത്തിലെ അറുക്കപ്പെട്ട കുഞ്ഞാടിൻെറ രാജത്വം എന്ന ദർശനമാണു്, ദർശനം മാത്രമാണു്, ലോകത്തിൻെറ ധാർമ്മിക വ്യാഖ്യാനത്തി ൻെറ ആത്യന്തിക ആധാരം.

# 2. ഒന്നാമത്തെ മഹത്തായ കല്പന

**ആവ. 5. 1–11. 32**

ഇതു മോശെയുടെ രണ്ടാമത്തെ പ്രഭാഷണമാണ്. ഒന്നാം പ്രഭാഷണം ആവർത്തനചരിത്രത്തിന്റെ (യോശുവാ മുതൽ 2 രാജാ അവസാനംവരെ) മുഖവുരയാണെങ്കിൽ, ഇതു ആവർത്തന ന്യായപ്രമാണത്തിന്റെ മുഖവുരയാണ്. 5–ാം അദ്ധ്യായത്തിൽ 'പത്തുകല്പനകൾ'. 6 മുതൽ അദ്ധ്യായങ്ങൾ ഒന്നാം കല്പനയുടെ വ്യാഖ്യാനം. പ്രസ്തുത കല്പനയിൽ അന്തർലീനമായ ദൈവഭക്തിയുടെ ആന്തരികവും ബാഹ്യവുമായ സ്വഭാവം ഈ ഭാഗം വിശദീകരിക്കുന്നു. ഏതുവിധത്തിൽ യിസ്രായേൽ, യഹോവയെ മാത്രം സ്നേഹിച്ചാരാധിക്കുന്ന ജനമെന്ന നിലയ്ക്കു് അവരുടെ മതാചാരങ്ങളിലും അന്യദേവന്മാരെ സേവിക്കുന്ന ഇതര ജനങ്ങളുടെ മദ്ധ്യത്തിലും വർത്തിക്കണമെന്നു പ്രഭാഷണം വ്യക്തമാക്കുന്നു.

5.4. യഹോവ പർവ്വതത്തിൽ തീയുടെ നടുവിൽ നിന്നു നിങ്ങളോടു അഭിമുഖമായി അരുളിച്ചെയ്തു.

5. തീ ഹേതുവായി നിങ്ങൾ ഭയപ്പെട്ടു പർവ്വതത്തിൽ കയറാഞ്ഞതു കൊണ്ടു യഹോവയുടെ വചനം നിങ്ങളോടറിയിക്കേണ്ടതിനു ഞാൻ അക്കാലത്തു യഹോവയ്ക്കും നിങ്ങൾക്കും മദ്ധ്യേ നിന്നു.

1. ദൈവദർശനത്തോടെ ജീവഹാനി ഉണ്ടാകുമെന്ന ഭയം, അങ്ങനെ ദൈവദർശനം ഉണ്ടായിട്ടും മരിക്കാതെ ജീവിക്കുന്നതിൽ അത്ഭുതം—ഇവ പല വേദഭാഗങ്ങളിലും കാണാം. 'ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല എന്നു യാക്കോബ്

പറഞ്ഞു' (ഉല്പ. 32. 30); 'അവർ യിസ്റായേലിൻെറ ദൈവത്തെ കണ്ടു...യിസ്റായേൽ മക്കളുടെ പ്രമാണികാംക്ക തൃക്കയ്യാൽ ഒന്നും സംഭവിച്ചില്ല'(പുറ. 24.10_11); 'ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടിരിക്കയില്ല' (പുറ. 33. 20) ദൈവശബ്ദശ്രവണവും മരണത്തിനു ഹേതുവാകും. 'ഞങ്ങറം മരിക്കാതിരിക്കേണ്ടതിനു ദൈവം ഞങ്ങളോടു സംസാരിക്കരുതേ എന്നു (ജനം) പറഞ്ഞു' (പുറ. 20.16). ഈ ഭാഗത്തു് (ആവ. 5. 1_31) തീയും ദൈവശബ്ദവും ഒരുമിച്ചാണു് മരണഭീതി ഉളവാക്കുന്നതു്. 'മഹത്തായ തീ' ഞങ്ങളെ ചാമ്പലാക്കും. യഹോവയുടെ ശബ്ദം കേട്ടാൽ 'ഞങ്ങറം മരിച്ചുപോകും' (ആവ. 5. 25). മനുഷ്യൻ സൃഷ്ടിയും പാപിയുമായതിനാൽ ദൈവമുമ്പാകെ നേരിട്ടു ധൈര്യമായി നില്ക്കാൻ അവനു സാദ്ധ്യമല്ല. ദൈവത്തെ സമീപിക്കുന്നതിനു മാദ്ധ്യസ്ഥം ആവശ്യം. യിസ്രായേൽജനത്തിനും ദൈവത്തിനും നടുവിൽ മദ്ധ്യസ്ഥൻ മോശെ. മദ്ധ്യസ്ഥനായിരിക്കുന്നതിനു ജനം മോശെയോടു അഭ്യർത്ഥിക്കുന്നു; ദൈവം അതുകേട്ടു അംഗീകാരം നല്കുന്നു (5 27_31). അങ്ങനെ ദൈവവും ജനവും ഒരുപോലെ മദ്ധ്യസ്ഥനായി അംഗീകരിച്ച മോശെയിൽകൂടിയാണു് ദൈവം ജനത്തിനു ന്യായപ്രമാണം നല്കുന്നതു്. മോശെ പഴയനിയമത്തിനു മദ്ധ്യസ്ഥനായിരുന്നതുപോലെ യേശുക്രിസ്തു 'വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിൻെറ മദ്ധ്യസ്ഥൻ' (എബ്രാ. 8. 6), പുതിയനിയമത്തിൻെറ മദ്ധ്യസ്ഥൻ (എബ്രാ. 9. 15). 'ദൈവം ഒരുവനല്ലോ. ദൈവത്തിനും മനുഷ്യക്കും മദ്ധ്യസ്ഥനും ഒരുവൻ' (1 തിമൊ. 2.5). മോശെ യിസ്റായേൽ ജനതയ്ക്കു താൻ കേട്ട ദൈവവചനം പകർന്നുകൊടുക്കാൻ മദ്ധ്യവർത്തിയായതുപോലെ ക്രിസ്തുവിൻെറ ശരീരമായ സഭ അവക്കു ലഭിച്ച സുവിശേഷവചനം സർവ്വജനങ്ങറംക്കും പങ്കിടാൻ മാദ്ധ്യമമാണു്.

2. 'നിങ്ങളോടു അഭിമുഖമായി അരുളിച്ചെയ്തു' (4); നിങ്ങളുടെ സർവ്വസഭയോടും അത്യുച്ചത്തിൽ അരുളിച്ചെയ്തു' (22). ജനം ദൈവത്തിൻെറ 'ശബ്ദംകേട്ടു' (23).

ദൈവം ജനത്തോടാണ് സംസാരിച്ചത്. ജനം അവ്യക്തമായി ശ്രവിച്ച ശബ്ദത്തിന്റെ വ്യക്തമായ രൂപമാണ് 'അടുത്തുചെന്നു'' (25), 'അടുക്കൽനിന്നു'' (31) മോശെയ്ക്കു ദൈവം നൽകുന്നത്. ദൈവം തന്റെ വചനം അവ്യക്തമായിട്ടെങ്കിലും സർവ്വജനത്തോടുമാണ് അരുളിച്ചെയ്യുന്നത്. ഏതെങ്കിലും ഒരളവിൽ ദൈവവചനം ശ്രവിച്ചിട്ടില്ലാത്ത ജനതയുമില്ല. അവരുടെ മനസ്സാക്ഷിയിൽ, കൂട്ടായ ജീവിതധർമ്മങ്ങളിൽ, അഭൗമിക യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച ബോധത്തിൽ, അവർ അവ്യക്തമായി കേട്ട ദൈവവചനം വ്യക്തമാക്കുകയാണ് പ്രവാചകന്റെയും സുവിശേഷകന്റെയും ധർമ്മം.

5. 5 ....അവൻ കല്പിച്ചത് എന്തെന്നാൽ.

6. അടിമവീടായ മിസ്റയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു.

1. ഈ അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന 'പത്തു കല്പനകൾ' പുറ. 20. 1_17 ൽനിന്നു ഉദ്ധരണിയാണ്. ചില ചില്ലറ മാററങ്ങൾ വരുത്തിയിട്ടുണ്ട്. പുറ. 34. 11_26 ൽ വേറെ ഒരു കൂട്ടം 'പത്തു കല്പനകൾ ഉണ്ട്; എന്നാലതിന മററെ പത്തു കല്പനകൾപോലെ പ്രചാരം ലഭിച്ചിട്ടില്ല. ക്രൈസ്തവസഭയും പുറ. 20, ആവ. 5 ഈ ഭാഗങ്ങളിലെ പത്തു കല്പനകൾക്കാണ് പരസ്യാരാധനയിൽ അംഗീകാരം നൽകിയിരിക്കുന്നത്. യിസ്റായേൽ ജനത്തിന്റെ ചരിത്രത്തിൽ എന്നാണ് അവയ്ക്കു ഇപ്പോഴത്തെ രൂപം ഉണ്ടായതു് എന്നു പറയുക പ്രയാസമാണ് മരുഭൂമിയിൽക്കൂടി പ്രയാണം ചെയ്ത കാലത്തു കാദേശ് ബർന്നയിൽ കുറെനാൾ യിസ്റായേൽമക്കൾ പാർത്തു. അക്കാലത്തുതന്നെ മോശെ കൊടുത്ത നിയമങ്ങളാണ്. പത്തുകല്പനകളുടെ കേന്ദ്രബിന്ദു എന്ന അഭിപ്രായം ചില പണ്ഡിതന്മാർക്കുണ്ട്. യിസ്റായേൽ മക്കൾ കനാൻ ദേശത്തു ചെന്നശേഷം പ്രവാചകന്മാരുടെ സ്വാധീനത്തി

ലും രാജവാഴ്ചയുടെ കാലത്തും അവ ഈ രൂപം പ്രാപി ച്ചെന്നു വിചാരിക്കുന്നതിൽ അബദ്ധമില്ല. ഏതായാ ലും സീനായ് രേഖയിലും (JE) ആവർത്തന രേഖയി ലും (D) പ്രസ്തുത കല്പനകൾക്ക നൽകിയിരിക്കുന്ന മുഖ്യസ്ഥാനം ആലോചിച്ചാൽ ഹോരേബിൽ ദൈവം യിസ്ഠായേലിനോടു ചെയ്ത ഉടമ്പടിയുടെ പാരമ്പര്യ ത്തിൻെറ അവിഭാജ്യ ഘടകമായി അവയ്ക്കു പരിഗണന ലഭിച്ചു എന്നു നിസ്സംശയം പറയാം. ദൈവം കല്പല കകളിൽ എഴുതി മോശെയെ ഏല്പിച്ച കല്പനകൾ എ ന്ന നിലയ്ക്കു ഈ നിയമങ്ങളുടെ കർത്താവു ദൈവം തന്നെ യാണെന്ന വിശ്വാസം യിസ്രായേലിൽ ദൃഢമായിരു ന്നു എന്നുവേണം വിചാരിക്കാൻ. മനുഷ്യസമൂഹ ചരി ത്രത്തിൽ ഇതിലെ മാനവബന്ധനിയമങ്ങൾ മതവി ശ്വാസികളും അല്ലാത്തവരും ഒരുപോലെ മൗലിക ധാർ മ്മിക പ്രമാണങ്ങളായി അംഗീകരിക്കുന്നു. ഓരോ കാല ത്തിനനുസരിച്ചു അവ വ്യാഖ്യാനിക്കപ്പെടണമെന്നു മാത്രം.

2. ദൈവം യിസ്രായേൽ വംശജരെ ഫറവോൻെറ അടിമത്തത്തിൽനിന്നു വിമോചിപ്പിച്ച ദൈവത്തിൻെറ പ്രവർത്തനമാണ് പത്തുകല്പനകളുടെ പശ്ചാത്തലം (പുറ. 20. 1_2; ആവ. 5. 6). ധാർമ്മിക നിയമങ്ങളുടെയും ധാർമ്മിക ജീവൻെറയും അടിത്തറ ദൈവത്തിൻെറ വി മോചന പ്രക്രിയയും രക്ഷികപ്രവർത്തനങ്ങളുമാണ്. ദൈ വകൃപയോടു ബന്ധിച്ചാണ് ധാർമ്മിക നിയമങ്ങൾ നി ലനില്ക്കുന്നതു്. അതിൽനിന്നു വേർപെടുത്തിയാൽ അവ അപ്രാപ്യമായ ആദർശങ്ങൾ മാത്രമായിത്തീരും.

**5. 7. (പുറ. 20. 3) ഞാനല്ലാതെ അന്യദൈവങ്ങൾ നിന നക്കുണ്ടാകരുത്.**

**6. 4 യിസ്രായേലേ കേൾക്ക; യഹോവ നമ്മുടെ ദൈവ മാകുന്നു, യഹോവ ഏകൻതന്നെ.**

5. നിൻെറ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം.

1. 'യിസ്രായേലേ കേഠംക്ക'. മുസ്ലീമങ്ങളുടെ ആരാധനയ്ക്കുള്ള ആഹ്വാനത്തിലെന്നപോലെ യിസ്രായേലിൻെറ വിശ്വാസ പ്രഖ്യാപനം അടങ്ങിയ ഒരു ആഹ്വാനമാണിതു്. യിസ്രായേൽ ജനത അവരുടെ ദിനമ്പ്രതി ജീവിതത്തിൽ ആവർത്തിച്ചു ചൊല്ലിയതു്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികഠം കൗമാ ചൊല്ലുംപോലെ. 5. 7 പത്തിൽ ഒന്നാമത്തെ കല്പന, 6. 4 പ്രസ്തുത കല്പനയുടെ ആവർത്തന നിയമകർത്താവിൻെറ വ്യാഖ്യാനം. കനാൻദേശത്തു ബാൽ ആരാധനക്കാരുടെ ഇടയിൽ പാർത്ത അനുഭവത്തിൻെം വെളിച്ചത്തിൽ ഒരു വ്യാഖ്യാനം.

2. 'ഞാനല്ലാതെ അന്യദൈവങ്ങഠം നിനക്കുണ്ടാകരുതു്'. ഇതു ഏകദൈവവിശ്വാസത്തിൻെറ ബീജമാണു്. ഏകദൈവവിശ്വാസരൂപം അതിനില്ല. യഹോവ മാത്രമെ ദൈവമുള്ളു എന്നല്ല, എല്ലാ സമൂഹങ്ങളും അവരവരുടെ ദൈവത്തെ ആരാധിക്കുന്നു, യിസ്രായേൽ യഹോവയെ മാത്രം ആരാധിക്കാൻ പ്രതിജ്ഞാബദ്ധമാണു് എന്നു ഈ കല്പനയ്ക്കു അർത്ഥംകൊടുക്കാം. സിദ്ധാന്തപരമായി അല്ലെങ്കിലും പ്രായോഗികമായി ഇതു് ഏകദൈവാരാധനയാണെന്നു പ്രസ്താവിക്കാം. ഈ നിലപാടിൽനിന്നു പരിണാമമായിട്ടാണു് യിസ്രായേൽ ദൈവശാസ്ത്രം ഏക ദൈവവിശ്വാസത്തിൽ എത്തിച്ചേന്നതു്.

2. 'യഹോവ ഏകൻതന്നെ' അഥവാ 'യഹോവ നമ്മുടെ ദൈവം ഏകകർത്താവു്'. ഇവിടെ ഏകത്വത്തിനു പല അർത്ഥങ്ങഠം നൽകാം. ഒന്നു്, യഹോവയിൽ ഭിന്നതയും ബഹുത്വവും വൈരുദ്ധ്യവും ഇല്ല. കനാന്യ ബാലിനു ലിംഗഭേദം ഉണ്ടായിരുന്നു. ദേവലോകം പരസ്പരം മത്സരിക്കുന്ന ദേവാസുരഗണങ്ങളുടെ യുദ്ധരംഗവും.

ഇങ്ങനെ ഉൾഭിന്നതകൾ യഹോവയ്ക്കില്ല. പ്രപഞ്ചസൃഷ്ടി, പരിപാലനം, ശിക്ഷാവിധി, ഉദ്ധാരണം എന്നീ വിവിധ പ്രവർത്തനങ്ങൾ എല്ലാം ഒരു ദൈവം ചെയ്യുന്നു. ദൈവത്തിന്റെ ഒരൊററ ലോകോദ്ദേശ്യ നിവൃത്തി ലക്ഷ്യമാക്കി യഹോവ അതു ചെയ്യുന്നു. യിസ്രായേലിന്റെ വിമോചകൻ സകല ജാതികളുടെയും വിമോചകനാണ്, സകല ലോകത്തിന്റെയും സ്രഷ്ടാവാണ് എന്ന ചിന്താഗതി യിസ്രായേലിൽ പ്രബലപ്പെട്ടതു് കാലാന്തരത്തിലാണ്. പ്രവാചകന്മാരുടെ സ്വാധീനത്തിലാണതു സംഭവിച്ചതു്. രണ്ട്, യഹോവ ഏതുകാലത്തും ഏതുസ്ഥലത്തും ഏകനാമത്തിലും സ്വഭാവത്തിലും അറിയപ്പെടുന്നു, അങ്ങനെ ആരാധിക്കപ്പെടണം. ബാൽ പല സ്ഥലങ്ങളിലും പല കാലങ്ങളിലും പല നാമത്തിൽ അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്തുപോന്നു. അതിനു വ്യത്യസ്തമാണ് യഹോവയും, യഹോവാരാധനയും. മൂന്ന്, മററുജനങ്ങൾ ആരാധിക്കുന്ന ദൈവങ്ങൾ യഥാർത്ഥമാണെങ്കിലും ഞങ്ങളുടെ ദൈവം യഹോവ മാത്രം. യഹോവയുടെ ജനത്തിനു യഹോവ മാത്രം ദൈവം. അവരുടെ സാമൂഹ്യ ജീവിതപരിധികളിൽ യഹോവ മാത്രം വ്യാപരിക്കുന്നു, യഹോവ മാത്രം ശക്തൻ. ബി. സി. 8_ാം ശതകത്തിൽ ജീവിച്ച ആമോസ് പ്രവാചകൻ പ്രകൃതി ശക്തികളുടെയും സർവ്വ മനുഷ്യരാശിയുടെയും മേൽ യഹോവ കർത്താവെന്നവകാശപ്പെട്ടു; എങ്കിലും അന്യ ദേവന്മാരുടെ അസ്തിത്വം പ്രത്യക്ഷമായി നിഷേധിക്കുന്നില്ല. നാല്, യഹോവ ഇതര ദേവന്മാർക്കുമീതെ ഉന്നതനും ശക്തനും എന്ന നിലയ്ക്കു യഹോവ അനുപമനാണ്., നിസ്തുലനാണ്. 'യഹോവേ, ദേവന്മാരിൽ നിനക്കു തുല്യൻആർ?' (പുറ. 15. 11); 'നിന്റെ ക്രിയകൾ പോലെയും നിന്റെ വീര്യപ്രവൃത്തികൾ പോലെയും ചെയ്‌വാൻ കഴിയുന്ന ദൈവം സ്വർഗ്ഗത്തിലാകട്ടെ, ഭൂമിയിലാകട്ടെ ആരുള്ളു ?' (ആവ. 3. 24). അഞ്ച്, യഹോവയല്ലാതെ വേറൊരു ദൈവവുമില്ല; അന്യ ദേവന്മാർ മിഥ്യാമൂർത്തികൾ. യഹോവയല്ലാതെ 'മറെറാരുത്തനുമില്ല' (ആവ. 4. 35, 39);

യഹോവതന്നെ 'സത്യദൈവം' (ആവ. 7. 9). ഈ അഞ്ചു ഏകത്വ തത്ത്വങ്ങളും ചേർത്ത ഏക ദൈവവിശ്വാസം യിസ്രായേൽ ദൈവശാസ്ത്ര ചരിത്രത്തിൽ സുവ്യക്തമായി പ്രകാശിക്കുന്ന ആദ്യരേഖകൾ യിരെമ്യാ പ്രവചനവും ആവർത്തനനിയമവുമാണ്. യെശയ്യാ പ്രവചനത്തിലാണ് (യെശ. 40_48) ഏകദൈവവിശ്വാസത്തിന്റെ ഏററം ഉന്നത രൂപം യിസ്രായേൽ മതശാസ്ത്രം പ്രാപിക്കുന്നതു്.

3, സകലവും ഏകബ്രഹ്മത്തിന്റെ മായാരൂപങ്ങളാണെന്ന ഹൈന്ദവവിശ്വാസവും ഏക ദൈവവിശ്വാസവും തമ്മിൽ വലിയ അന്തരമുണ്ടു്. വേദപുസ്തകത്തിൽ സ്രഷ്ടാവു് സൃഷ്ടിയിൽനിന്നു ഭിന്നമാണു്, സൃഷ്ടിക്കതീതനാണു്, സൃഷ്ടിയെയും മനുഷ്യജാതിയെയും തന്റെ ഉദ്ദേശ്യം മുൻനിർത്തി നിയന്ത്രിച്ചു നടത്തുന്ന ആളത്തമാണു്. ഇവയെല്ലാം ദ്വൈതസിദ്ധാന്തമായി അദ്വൈതവാദികൾ തള്ളിക്കളയും. സകല വിവിധത്വത്തിന്റെയും പിന്നിൽ ഏകയാഥാത്മ്യ ദർശനം ഹൈന്ദവദാർശിനികരുടെ മൗലികതത്ത്വവും ഹൈന്ദവ ആത്മബോധത്തിന്റെ സാക്ഷാത്ക്കാരവുമത്രെ. നാമരൂപങ്ങൾക്കു പരമയാഥാത്മ്യമായ ബ്രഹ്മത്തിൽ അസ്തിത്വമില്ല. എന്നാൽ ബ്രഹ്മൻ സൃഷ്ടിലോകത്തിൽ അനേകം നാമരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു, അക്കൂട്ടത്തിൽ അനേകം മതങ്ങളും ഈശ്വരാവതാരങ്ങളും ഉണ്ടാവും. ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും 'സകലവും ബ്രഹ്മൻ' എന്ന മതിന്നു ആത്മജ്ഞാനം പ്രാപിക്കാത്തവക്കു വിധിച്ചിരിക്കുന്നു. ഈ ഹൈന്ദവ തത്ത്വശാസ്ത്രം യഹോവമതത്തിനോ ക്രിസ്തുമതത്തിനോ നിരക്കുന്നതല്ല. ക്രിസ്തീയമായ രൂപാന്തരം കൊടുക്കാൻ സാധിക്കും, എന്നാൽ അതിനു ഈശ്വരൻ മായാബന്ധത്തിൽനിന്നു വിമോചിക്കപ്പെട്ടു ബ്രഹ്മ യാഥാർത്ഥ്യത്തിൽ പങ്കാളിയായി പരമേശ്വര സ്വഭാവം കൈക്കൊള്ളണം. അല്ലെങ്കിൽ സച്ചിദാനന്ദനായി ബ്രഹ്മനെ കാണുകയും 'ചിത്ത'ത്തിന്റെ സൃഷ്ടിയായി ലോകവും പരിണാമവും ഉദ്ദേശ്യപൂർണ്ണമാക

യും വേണം. ഇപ്രകാരം പരിവൎത്തനങ്ങൾ നവ ഹൈന്ദവചിന്തകർ ഹിന്ദുമതത്തിലും തത്ത്വശാസ്ത്രത്തിലും വരുത്തിക്കൊണ്ടാണിരിക്കുന്നതു്, ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ സമ്മർദ്ദം ഈ പരിവൎത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു സഹായിക്കും.

4. ഭൗതികവാദികൾ മനുഷ്യനും മനുഷ്യന്റെ ആത്മബോധവും ഭൗതിക മൂലപദാർത്ഥത്തിന്റെയോ ഊർജ്ജത്തിന്റെയോ ചലനത്തിൽനിന്നുത്ഭവിച്ച ഭൗതിക പരിണാമ പുരോഗതിക്കു അവയുടെ സംഭാവനകൾ നൽകി ഒടുവിൽ ഭൗതികലോകത്തിൽ കെട്ടടങ്ങുന്നതായി വ്യാഖ്യാനിക്കുന്നു. ഇവിടെ ചലിക്കുന്ന വസ്തുവാണു് പരമസത്യം. ദൈവവും ആത്മാവും മിഥ്യ. ഭൗതികവാദികളിൽത്തന്നെ ഒരു കൂട്ടർ ഭൗതിക പരിണാമത്തിൽ ഏകനിയമവും ഏക ഉദ്ദേശ്യവും ദർശിക്കുന്നു. ഉദാഹരണമായി ലിബറലിസത്തിന്റെ യുക്തിവാദവും കമ്മ്യൂണിസത്തിന്റെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദവും അനിവാൎയ്യമായി മനുഷ്യലോകം സ്നേഹസമൂഹത്തിലേക്കു പ്രയാണം ചെയ്യുന്നതായി വ്യാഖ്യാനിക്കുന്നു. എന്നാൽ അങ്ങനെയല്ല, ഭൗതികലോകപരിണാമം നിയന്ത്രിക്കുന്നതു് ഏക നിയമമോ ഏക ലക്ഷ്യമോ അല്ല കേവലം ഉദ്ദേശ്യരഹിതമായ യാദൃശ്ചികത്വമോ പല ലക്ഷ്യങ്ങൾ തമ്മിലുള്ള സംഘട്ടനമോ അത്രെ എന്നാണു് വേറൊരു കൂട്ടരുടെ മതം. ഭൗതികലോകത്തിന്റെ യാഥാർത്ഥ്യം ആത്മീയസിദ്ധാന്തങ്ങളിലെ മായാവാദത്തിനെതിരായി ഉറപ്പിക്കുന്നിടത്തോളം ഭൗതികവാദം സ്വീകാര്യമാണു്. എന്നാൽ ലോകചരിത്രത്തിനതീതമായ ഏക ദൈവത്തെ ത്യജിച്ചു് ഏക ചരിത്രശക്തിയെയോ, ബഹുചരിത്രശക്തികളെയോ, യാദൃശ്ചികതയോ ദൈവത്തിന്റെ സ്ഥാനത്തു് അവരോധിക്കുന്നതിന്റെ ഫലം ലോകത്തിന്റെയും മനുഷ്യാളത്വത്തിന്റെയും തകർച്ചയാണു്. എന്നാൽ നിരീശ്വരത്വം ഉന്നയിക്കുന്ന പ്രശ്നങ്ങൾ അഭിമുഖീകരിച്ചുവേണം ഏകദൈവവിശ്വാസം സമർത്ഥിക്കുവാൻ.

5. താത്ത്വികമായി മാത്രമല്ല, പ്രായോഗികജീവിതത്തിലും ഏക ദൈവവിശ്വാസം നിഷേധിക്കാം. ദൈവം ഏകനാണെങ്കിൽ മനുഷ്യവർഗ്ഗം ഏകമാണു്. മനുഷ്യചരിത്രത്തിന്റെ പരമലക്ഷ്യം സാഹോദര്യമാണു്. ജാതി, ദേശം, വർഗ്ഗം, വർണ്ണം ഇവയിലേതെങ്കിലും യാഥാർത്ഥ്യത്തിന്റെ നാമത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ഐക്യം ശിഥിലമാക്കുന്നവരെല്ലാം യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏകത്വം എന്ന സത്യമാണു് പുറംതള്ളുന്നതു്. ദൈവം ഏകമെങ്കിൽ മത്സരവും യുദ്ധവും ആത്യന്തിക ലക്ഷ്യമാവാൻ സാദ്ധ്യമല്ല. നീതിപൂർവ്വമായ സമാധാനത്തിനുവേണ്ടി മനുഷ്യർ പ്രയത്നിക്കും. ദൈവം ഏകമെങ്കിൽ ഏതു കാര്യത്തിന്റെയും സത്യം ആത്യന്തികമായി ഏകമായിരിക്കും. അതുകൊണ്ടു് സത്യാന്വേഷികൾ ഒരു കാര്യത്തിലും ഭിന്ന സമീപനങ്ങൾക്കു ഒരുപോലെ അന്തിമ സാധൂകരണം നൽകയില്ല; ഭിന്നസത്യങ്ങൾക്കതീതമായ ഏകസത്യത്തിനുവേണ്ടി കിണഞ്ഞു പരിശ്രമിക്കും.

5. 8 വിഗ്രഹം ഉണ്ടാക്കരുതു്; മീതെ സ്വർഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്കുകീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുതു്.

9. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു്...

11. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതു്.

പത്തു കല്പനകളിലെ രണ്ടു്, മൂന്നു്, നാലു് എന്നീ കല്പനകളാണു് ഇവിടെ കൊടുത്തിരിക്കുന്നതു്. ഒന്നാം കല്പനയുടെ വിവിധ വശങ്ങൾ പ്രകാശിപ്പിക്കുന്നതായി അവയെ പരിഗണിക്കാം. രണ്ടാം കല്പന (പുറ. 20.4_5) യുടെ അടിസ്ഥാനവും വ്യാപ്തിയും ആവ. 4. 15_24 ന്റെ ചർച്ചയിൽ നാം വിചിന്തനം ചെയ്തുകഴിഞ്ഞു. അതോടു

ഷേന്ന വാക്യത്തിൽ യഹോവയുടെ ശിക്ഷാവിധി 'മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ'യും യഹോവയെ സ്നേഹിക്കുന്നവർക്കു തൻെറ ദയ 'ആയിരം തലമുറവരെ'യും മക്കളുടെമേൽ സന്ദർശിക്കുമെന്നു വായിക്കുന്നു. (5. 9–10). മനുഷ്യജീവിതത്തിൻെറ ധാർമ്മിക അടിസ്ഥാനമാണിവിടെ സ്പഷ്ടമാക്കിയിരിക്കുന്നത്. എന്നാൽ ദൈവത്തിൻെറ ദയ ദൈവത്തിൻെറ ശിക്ഷാവിധിയെക്കാൾ ദീർഘമായി ജനതയുടെ ജീവിതത്തിൽ നിലനില്ക്കുമെന്ന സത്യം ശ്രദ്ധേയമാണ്. ദൈവനാമം ദൈവത്തെത്തന്നെ പ്രതിനിധീകരിക്കുന്നു. ദൈവവചനം പോലെ ദൈവനാമവും മനുഷ്യക്കു ദൈവസ്വഭാവത്തിൻെറയും ഉദ്ദേശ്യത്തിൻെറയും പ്രകാശനമാണ്. തിരുനാമം ദൈവത്തിനും മനുഷ്യനുമായി സംസർഗ്ഗത്തിനു മുഖാന്തരമാണ്. കർത്തൃപ്രാർത്ഥനയിൽ ദൈവനാമം ദൈവഹിതത്തോടും ദൈവരാജ്യത്തോടും ബന്ധിച്ചിരിക്കുന്നു. 'നിൻെറ നാമം വിശുദ്ധീകരിക്കപ്പെടേണമെ' (ലൂക്കോ. 17. 7). എന്നാൽ ദൈവനാമം ദൈവഹിതത്തിൽനിന്നു വേർപെടുത്തി ദൈവശക്തി സ്വായത്തമാക്കി സ്വന്ത ഉദ്ദേശ്യങ്ങൾക്കു ഉപകരണമാക്കാൻ മനുഷ്യൻ പരിശ്രമിക്കുമ്പോൾ ദൈവനാമം വൃഥാ എടുക്കുകയാണ്.

5.12...ശബത്തുനാൾ ശുദ്ധീകരിക്ക....

16. ...നിൻെറ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

17. കൊലചെയ്യരുത്.

18. വ്യഭിചാരം ചെയ്യരുത്.

19. മോഷ്ടിക്കരുത്.

21. കൂട്ടുകാരൻെറ നേരെ കള്ളസാക്ഷ്യം പറയരുത്.

22. ....കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്.

ദൈവജനം അവരുടെ കൂട്ടായജീവിതത്തിൽ ദൈവനീതി സാക്ഷിക്കണം. അതിലേക്ക ദൈവത്തോട്ട മനുഷ്യൻെറ ബന്ധംപോലെ മനുഷ്യർ തമ്മിലുള്ള ബന്ധവും പത്തുകല്പനകൾ ദൈവനിയമത്തിനു വിധേയമാക്കുന്നു. ദൈവം മനുഷ്യസമൂഹവുമായി ചെയ്യുന്ന ഉടമ്പടി സമൂഹത്തിൽ മനുഷ്യർ തമ്മിലുള്ള ഉടമ്പടിക്ക അടിസ്ഥാനമാണ്. ഈ സത്യമാണിവിടെ പ്രഖ്യാപിച്ചിരിക്കുന്നതു്. ഇപ്രകാരം ഒന്നാം കല്പനയുടെ സാമൂഹ്യ സാക്ഷ്യമാണ് സാമൂഹ്യനീതി. ശാബ്ബത്താചരണം പുറപ്പാടുപുസ്തകത്തിൽ ലോകസൃഷ്ടി കഴിഞ്ഞു ഏഴാംദിവസം വിശ്രമിക്കുന്ന ദൈവത്തോടുകൂടെ മനുഷ്യരുടെ വിശ്രമമാണ് (പുറ. 20. 11). എന്നാൽ ആവർത്തന നിയമാവലിയിൽ വേലക്കാർക്ക വിശ്രമം നൽകി അവരുടെ മനുഷ്യത്വം അംഗീകരിക്കയാണ് ശാബ്ബത്താചരണത്തിൻെറ ഉദ്ദേശ്യം. 'നിൻെറ വേലക്കാരത്തിയും വേലക്കാരനും നിന്നെപ്പോലെ സ്വസ്ഥരായിരിക്കേണ്ടതിനു തന്നെ' (14). കുടുംബജീവിതത്തിൽ മാതാപിതാക്കളെ മക്കൾ ബഹുമാനിക്കയും (16), ഭാര്യാഭർത്തൃബന്ധത്തിൽ പരസ്പര വിശ്വസ്തത പാലിക്കയും (18) ചെയ്യേണ്ടതു് കുടുംബം സമൂഹത്തിൻെറ അടിസ്ഥാനഘടകമായി ദൈവം നിയോഗിച്ചിരിക്കുന്നു എന്ന ധാർമ്മിക സാമൂഹ്യ സത്യങ്ങളുടെ അംഗീകാരമാണ്. കുടുംബഘടനയിൽ ഏതു വ്യതിയാനം ഉണ്ടായാലും പരസ്പര ബഹുമാനവും വിശ്വസ്തതയും നീക്കമില്ലാത്ത ധാർമ്മികപ്രമാണങ്ങളായി നിലകൊള്ളും. കൊല, മോഷണം, കള്ളസാക്ഷ്യം, കവർച്ച ഇവ ഏതുകാലത്തും ഏതു സമൂഹത്തിലും ഐക്യവും സാഹോദര്യഭാവവും തകർക്കുന്ന അക്രമങ്ങളാണ്. അവ തടയാതെ ബാഹ്യമായിപ്പോലും ഒരു സാമൂഹ്യക്രമം നിലനില്ക്കയില്ല. പരസ്പര വിശ്വാസംകൂടാതെ പൊതു സാമൂഹ്യജീവിതം അസാദ്ധ്യമാണ്. വി. അഗസ്റ്റിനോസ് പറയുന്നതുപോലെ ഒരു തസ്കരസംഘമാണെങ്കിലും പരസ്പര വിശ്വാസത്തിൽ മാത്രമെ കൂട്ടായി മുന്നോട്ടുപോകുവാൻ സാധിക്കൂ.

6.4. യിസ്റായേലേ കോംക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻതന്നെ.

5. നിൻെറ ദൈവമായ യഹോവയെ നീ പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം.

1. ദൈവം ഏകൻ. അതുകൊണ്ട് മനുഷ്യൻ ദൈവത്തെ സ്നേഹിച്ചു സേവിക്കുന്നത് ഏകാഗ്രതയോടായിരിക്കണം. ഹൃദയം, മനസ്സ്, ശക്തി ഇവ മനുഷ്യനന്മയുടെ വിവിധ ഘടകങ്ങളാണ്. വേദപുസ്തകഭാഷയിൽ 'ഹൃദയം' മനുഷ്യാളത്തത്തിൻെറ തീരുമാനകേന്ദ്രമാണ്. ദൈവത്തിനു സ്വയം പ്രതിഷ്ഠിക്കാൻ തീരുമാനം അവിടെയാണ് എടുക്കുന്നത്. അതു് 'പൂർണ്ണ' പ്രതിഷ്ഠയായിരിക്കണം. 'മനസ്സ്' മാററി നിർത്തിയാൽ ദൈവഭക്തി ആഴത്തിൽ വേരുറയ്ക്കുകയില്ല. മനസ്സിൻെറ 'സങ്കല്പങ്ങ' ളും 'വിചാരങ്ങ' ളും ദൈവത്തോടു സ്നേഹത്തിൽ രൂപാന്തരം പ്രാപിക്കണം. പൗലോസ് ക്രിസ്തുവിരുദ്ധമായ 'സങ്കല്പങ്ങൾ ഇടിച്ചുകളഞ്ഞു' ഏതു 'വിചാര' ത്തെയും 'ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കുന്നു (2 കൊരി. 10. 5). ഭാവനയുടെ കലാസൃഷ്ടികളും ബുദ്ധിയുടെ വിജ്ഞാനമേഖലകളും ദൈവോദ്ദേശ്യത്തിനു വിധേയമാക്കുക എകാഗ്രമായ ദൈവഭക്തിക്കു അത്യന്താപേക്ഷിതം. 'ശക്തി' കായബലം, സാമൂഹ്യ രാഷ്ട്രീയ ജീവിതം നിയന്ത്രിക്കുന്നതിൽ മനുഷ്യൻെറ കഴിവുകൾ ഇവ സൂചിപ്പിക്കുന്നതായി ചിന്തിക്കാം. അവ ദൈവസ്നേഹത്തിൽ അടിയുറച്ച മാനവികതയ്ക്കു വിധേയമാക്കണം. അതിൽനിന്നു വേറിട്ടു നില്ക്കുന്ന 'ശക്തി' രാക്ഷസീയമാണ്. സയൻസിൻെറ ശക്തികൾ ആധുനികലോകം അങ്ങനെ മനുഷ്യത്വഹീനമായ ഉദ്ദേശ്യങ്ങൾക്കു ഉപാധികളാക്കിയിരിക്കയാണല്ലോ. ആളത്തത്തിൻെറ എല്ലാ ആന്തരിക ഘടകങ്ങളും മനുഷ്യനെ ബന്ധിക്കുന്ന എല്ലാ ജീവിതരംഗങ്ങളും ചേർത്തു ഏകാഗ്രമായ മനുഷ്യൻെറ പ്രതികരണമാണ് ദൈവവിശ്വാസം.

2. 'പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും' കൂടെ യിസ്റായേൽ ദൈവത്തെ അന്വേഷിക്കയും സ്നേഹിക്കയും സേവിക്കയും ചെയ്യണമെന്നു് ആവത്തിച്ച അനുശാസനം ഈ നിയമഗ്രന്ഥത്തിലുണ്ടു്. പാപംചെയ്തു ചിതറിപ്പോയശേഷം തിരികെ യിസ്റായേൽ 'പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിച്ചാ'ൽ അവർ യഹോവയെ കണ്ടെത്തും (ആവ. 4. 29; 30.6). 'നിൻെറ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ സേവിക്ക' (ആവ. 10.12); 'യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്ക' (ആവ. 13.4; 30 6); ദൈവചട്ടങ്ങളും വിധികളും അവർ 'പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ പ്രമാണിച്ചു നടക്കണം' (ആവ. 26. 16; 30. 2); 'പൂർണ്ണശക്തിയോടും' എന്ന ഭാഗം 5. 5_ൽ മാത്രമെ കാണുന്നുള്ളൂ. യേശുക്രിസ്തു ഏററം വലുതും ഒന്നാമത്തേതുമായ കല്പന ദൈവത്തെ 'പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ' (മത്താ. 22. 37). 'പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ' (മക്കോ. 12. 30; ലൂക്കോ. 10. 27 കാണുക) സ്നേഹിക്കണം എന്നാണു് ഉദ്ധരിക്കുന്നതു്. 'പൂർണ്ണ ആത്മാവോടും' എന്ന ഭാഗം ആവ 5. 5 ൽ കാണുന്നില്ല. യിസ്റായേൽജനം അവരുടെ ദിനംതോറുമുള്ള സന്ധ്യാ പ്രഭാത പ്രാർത്ഥനകളിൽ (ഷേമാ) ആവർത്തിക്കുന്ന ഒരു വേദഭാഗമാണു് ആവ. 5. 5.

3. സത്യേക ദൈവത്തെ ഏകാഗ്രതയോടെ സേവിക്കുന്നതിൽ കൂടിയാണു് മനുഷ്യാളത്തത്തിനു ഏകീകരണമുണ്ടാകുന്നതു്. അതിൽകൂടിയാണു് സമൂഹം സ്വാതന്ത്ര്യത്തിലും നീതിയിലും അധിഷ്ഠിതമായ ഐക്യം കെട്ടിപ്പണിയുന്നതു്. മാത്രമല്ല, മനുഷ്യൻെറ സ്വയത്തെയോ സൃഷ്ടിയിലെ ഏതെങ്കിലും ഭാഗത്തെയോ (അതായതു സത്യദൈവത്തെ ത്യജിച്ചു വിഗ്രഹത്തെ) ഏകാഗ്രതയോടെ സേവിക്കാൻ മനുഷ്യർ ചെയ്യുന്ന ഉദ്യമം ആളത്തത്തിൻെറ ശിഥിലീകരണത്തിലും സാമൂഹ്യ ജീവൻെറ അധഃപതന

ത്തിലും പരസ്പര സമരത്തിലും കലാശിക്കമെന്ന മറുവശവും ഉണ്ടു്: ഇവിടെയാണു് ഒന്നും രണ്ടും കല്പനകൾ മനുഷ്യാള്വത്തത്തിൻെറ ഏകീകരണവും സമൂഹത്തിൻെറ ഐക്യവുമായി ബന്ധിക്കപ്പെടുന്നതു്. ദൈവത്താൽ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ട മനുഷ്യത്വത്തിൻെറ ഘടനയുടെ സ്വാഭാവിക നിയമമനുസരിച്ച മനുഷ്യവ്യക്തി ആത്മരക്ഷയും സമൂഹം സാഹോദര്യത്വവും പ്രാപിക്കുന്നതു് ദൈവസേവയിൽ കൂടിയാണു്; അവയെ അപകടത്തിലാക്കുന്നതു് വിഗ്രഹാരാധനയും. യിസ്രായേലിനെ മാതൃകയാക്കി ഈ ദൈവിക സത്യമാണു് ആവർത്തനപ്പുസ്തകവും ആവർത്തന ചരിത്രവും ഉച്ചൈസ്തരം ഘോഷിക്കുന്നതു്. ചിലപ്പോൾ കുടസ്സായ രീതിയിലായിരിക്കാം. ചരിത്രത്തിൻെറ ദൈവിക (ധാർമ്മിക–ആത്മീയ) വ്യാഖ്യാനത്തിൻെറ പൊരുൾ അതത്രെ

6. 6 ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിൻെറ ഹൃദയത്തിൽ ഇരിക്കണം.

7. നീ അവയെ നിൻെറ മക്കൾക്കു ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം.

8. അവയെ അടയാളമായി നിൻെറ കൈമേൽ കെട്ടേണം. അവ നിൻെറ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കണം.

9. അവയെ നിൻെറ വീട്ടിൻെറ കട്ടിളകളിൻമേലും പടിവാതിലുകളിലും എഴുതണം.

10–12. നിൻെറ ദൈവമായ യഹോവ....നിൻെറ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്തേക്കു നിന്നെ കൊണ്ടുചെന്നു ..പട്ടണങ്ങളും സകല സ്വത്തും വീടുകളും ....കിണറുകളും.... മുന്തിരിത്തോട്ടങ്ങളും നിനക്കു തരികയും നീ തൃപ്തി പ്രാപിക്കയും ചെയ്യുമ്പോൾ നിന്നെ അടിമവീടായ മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന യഹോവയെ മറക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

1. ആവ. 11. 18_21 ഈ വേദഭാഗത്തിനു സമാന്തരമാണ്, രണ്ടിടങ്ങളിലും ആശയങ്ങൾ മാത്രമല്ല വാചകരൂപങ്ങളും ഒന്നുതന്നെ. ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക എന്നാൽ എന്തർത്ഥം ? ഈ ചോദ്യത്തിന്റെ ഉത്തരം തുടരുകയാണ്. ദൈവവചനങ്ങളുടെ നിരന്തര ധ്യാനം; എല്ലാ ദിനചര്യയിലും (ഇരിക്കുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും) അതേപ്പറ്റി 'സംസാരം'; കൈമേലും കണ്ണിനുമദ്ധ്യേയും വീടിന്റെ വിവിധ ഭാഗങ്ങളിലും ദൈവകല്പനകൾ ഓർപ്പിക്കുന്ന 'അടയാള'ങ്ങളും 'എഴുത്തു'കളും; അടുത്ത തലമുറയ്ക്കു അവയെപ്പററി ഉപദേശം —ഇവയെല്ലാം മോശെ അനുശാസിക്കുന്നു. ഭൗമിക ചിഹ്നങ്ങൾക്കു മതത്തിൽ എല്ലാക്കാലത്തും സ്ഥാനമുണ്ടായിരിക്കും. ദിവ്യ നിയമങ്ങൾ വ്യക്തികളെയും കുടുംബങ്ങളെയും സമൂഹങ്ങളെയും ഭരിക്കണമെന്നോർപ്പിക്കുന്നതാണ് ഈ ചിഹ്നങ്ങൾ, അവയ്ക്കു സ്വതന്ത്ര മാന്ത്രികശക്തി കല്പിക്കാത്തിടത്തോളം അവ ധാർമ്മിക ജീവിതത്തിനു സഹായകരമാണ്.

2. ദൈവ നിയമങ്ങളുടെ ഓർമ്മപോലെ തന്നെയോ അതിനെക്കാളോ പ്രധാനമാണ് യിസ്റായേലിനെ അടിമത്തത്തിൽ നിന്നു വിമോചിപ്പിച്ച ദൈവിക പ്രവർത്തനങ്ങളുടെ ഓർമ്മ. സൻമാർഗ്ഗ നിയമങ്ങൾ അനുസരിക്കാനുള്ള ശക്തി നിയമം അനുസരിക്കണമെന്ന കടമബോധത്തിൽ നിന്നല്ല സംജാതമാകുന്നതു്. കേവലം കടമബോധം ഭയവും ആത്മ വൈരുദ്ധ്യങ്ങളും ഉള്ളിൽ സൃഷ്ടിക്കയെ ഉള്ളു (റോമ. 7). അനുസരണശക്തി നിയമകർത്താവായ ദൈവത്തിന്റെ രക്ഷിക ക്രിയകളുടെ ഓർമ്മ ഉദിപ്പിക്കുന്ന നന്ദിയുടെയും സ്നേഹത്തിന്റെയും ഫലമാണ്. യിസ്റായേലിനു കനാൻ ദേശത്തു സമൃദ്ധി ഉണ്ടാകുമ്പോൾ യഹോവയുടെ വിടുതൽക്രിയകൾ 'മറക്കരുതു്' എന്നു പ്രത്യേകം മോശെ ഉപദേശിക്കുന്നു.

3. 'ഓക്കണം', മറക്കരുതു്, ഓർക്കണം എന്ന അനുശാസനം തുടരെ ആവർത്തനപ്പുസ്തകത്തിലുണ്ടു്. ഇതര ജാതി

കളെ 'ഭയപ്പെടാതെ' ജീവിക്കുന്നതിനും ദൈവത്തിന്റെ അത്ഭുത ശക്തി പ്രകടമാക്കിയ പൂർവ്വകാല വിമോചന ചരിത്രം ഓർക്കണമെന്നു പിന്നാലെ മോശെ ഉപദേശിക്കുന്നു. 'എന്നാൽ അവരെ ഭയപ്പെടരുതു്. നിന്റെ ദൈവമായ യഹോവ ഫറവോനോടും എല്ലാ മിസ്‌റയീമ്യരോടും ചെയ്തതായി നിന്റെ കണ്ണാലെ കണ്ട വലിയ പരീക്ഷകളും അടയാളങ്ങളും അത്ഭുതങ്ങളും നിന്റെ ദൈവമായ യഹോവ നിന്നെ പുറപ്പെടുവിച്ച ബലമുള്ള കയ്യും നീട്ടിയ ഭുജവും നീ നല്ലവണ്ണം ഓർക്കണം' (ആവ. 7. 18). ഫറവോന്റെ പാപത്തിന്മേൽ ദൈവത്തിന്റെ ശിക്ഷാവിധിയും യിസ്‌റായേലിന്റെ വിമോചനത്തിൽ പ്രകടമാക്കിയ ദൈവശക്തിയുമാണിവിടെ പ്രത്യേകം ഓർക്കണമെന്നു് എടുത്തു പറയുന്നതു്. വേറൊരിടത്തു യിസ്‌റായേലിന്റെ പാപവും മത്സരബുദ്ധിയും അവയ്ക്കുമീതെ പ്രവർത്തിച്ച ദൈവകൃപയും ഓർക്കണമെന്നു മോശെ പ്രസ്താവിക്കുന്നു. 'നീ മരുഭൂമിയിൽവച്ചു നിന്റെ ദൈവമായ യഹോവയെ കോപിപ്പിച്ചു എന്നു ഓർക്ക. മറന്നുകളയരുതു്' (ആവ 9.7). അതിനു പകരം യിസ്‌റായേലിന്റെ ഓർമ്മ പോയതു വേറൊരു വഴിക്കാണു്. 'ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും? ഞങ്ങൾ മിസ്‌റയീമിൽ വച്ചു വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്കാ, മത്തങ്ങാ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു' (സംഖ്യ. 11. 4–5).

4. ദൈവനിയമങ്ങൾ, ദൈവത്തിന്റെ രക്ഷിക പ്രവൃത്തികൾ, ദൈവത്തോടു മത്സരിച്ച അവസരങ്ങൾ ദൈവകൃപ തെളിയിച്ചതു്— ഇവ മൂന്നും യിസ്രായേൽജനം നിരന്തരം ഓക്കണം, മറക്കരുതു്. ഈ മൂന്നുവിധത്തിലും ക്രൈസ്തവസഭയും ക്രിസ്തുയേശുവിനെപ്പറ്റി ഓമ്മ പുതുക്കിക്കൊണ്ടിരിക്കണം. ക്രിസ്തുവിന്റെ പുതിയനിയമമായ സ്നേഹം, ക്രിസ്തുവിൽ ദൈവം ലോകത്തിന്റെ വിമോചനം സാധിച്ചതു്, സഭ സ്വന്തം ജീവിതത്തിലും സാമൂഹ്യവ്യവസ്ഥിതിയിലും പെരുമാറ്റങ്ങളിലും ക്രിസ്തുവിനെ തിരസ്കരിച്ച സന്ദർഭങ്ങളിൽ സഭയെ താ

ങ്ങിയ ദൈവക്ഷമ – ഇവ നിരന്തരം ഓക്കുന്നതിനാണ് സഭായോഗങ്ങരം, പരസ്യാരാധനകരം, ക്രൂശിൻെറ ചിഹ്നങ്ങരം തുടങ്ങിയവ.

6. 20. നമ്മുടെ ദൈവമായ യഹോവ നിങ്ങളോട് കല്പിച്ചിട്ടുള്ള സാക്ഷ്യങ്ങളും ചട്ടങ്ങളും വിധികളും എന്ത് എന്ന് നാളെ നിൻെറ മകൻ നിന്നോട് ചോദിക്കുമ്പോരം.... ..

സത്യദൈവത്തെ യഥാത്ഥമായി സ്നേഹിച്ചാരാധിച്ചു ജീവിക്കുന്നവക്ക് അവരുടെ പിൻതലമുറയോട്ട് ഒരു കടമയുണ്ട്. ആ ദൈവാരാധനയുടെയും അതിൻെറ പിമ്പിലുള്ള ദൈവിക സത്യങ്ങളുടെയും പാരമ്പര്യത്തിൽ അവരെ വളത്തുവാൻ. 6.20–25 ഔപചാരികമായ ഒരു കുടുംബാരാധനയുടെ വാചകരൂപമായിരിക്കണം. മിസ്രയീമിൽനിന്നു ദൈവം അവരെ വിടുവിച്ചതും അനന്തരം ദൈവം അവർക്കു നൽകിയ നിയമങ്ങളുമാണ് പ്രധാനമായി ഈ ഭാഗത്തു നൽകുന്ന വിശ്വാസപ്രഖ്യാപനത്തിൻെറ ഉള്ളടക്കം.

7. 1-2. നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിന്നെ കടത്തുകയും....ഏഴുമഹാജാതികളെ നിൻെറ മുമ്പിൽ നിന്നു നീക്കിക്കളകയും നിൻെറ ദൈവമായ യഹോവ അവരെ നിൻെറ കയ്യിൽ ഏൽപിക്കയും ചെയ്യുമ്പോരം....

1. ആവ. 7. 16 J. E. രേഖകളെ ആശ്രയിച്ചാണ് എഴുതപ്പെട്ടിട്ടുള്ളതു് (പുറ. 23.20–33; 34. 11–16). തീക്ഷ്ണതയുള്ള യഹോവയെ തീക്ഷ്ണതയോടെ സേവിക്കുന്ന ജനം അന്യദേവന്മാരെ സേവിക്കുന്ന ജനങ്ങളുടെ മദ്ധ്യത്തിൽ എങ്ങനെ പൊരുമാറണം ? യിസ്റായേൽ അവരുടെ വിഗ്രഹാരാധനയിലേക്കു വഴുതിപ്പോകാതിരിക്കണമെന്നതത്രെ മുഖ്യലക്ഷ്യം. അതിനു ഇവിടെ നിർദ്ദേശിക്കുന്നതു് ഇതര ജാതികളെ 'നിർമ്മൂലമാക്കിക്കളയണം.' (2); അവരുമായി 'വിവാഹബന്ധത്തിൽ ഏർപ്പെടരുതു്'

(3-4); 'അവരുടെ ബലിപീഠങ്ങൾ ഇടിച്ചുകളയണം, അവരുടെ ബിംബങ്ങൾ തകർക്കണം, അവരുടെ അശേരാപ്രതിഷ്ഠകളെ വെട്ടിക്കളയണം, അവരുടെ വിഗ്രഹങ്ങളെ തീയിൽ ഇട്ടു ചുട്ടുകളയണം' (5). ചരിത്രവസ്തുതകൾ പരിശോധിച്ചാൽ ഇങ്ങനെ രൂക്ഷതയോടെ യിസ്രായേൽ ജനം കനാനിൽ പെരുമാറിയില്ല; കനാന്യസമൂഹങ്ങളുമായി എല്ലാ തുറകളിലും അവർ സമ്പർക്കം പുലർത്തി. എന്നാൽ പില്ക്കാലത്തെ ആവർത്തന ദൈവശാസ്ത്രജ്ഞന്റെ കാഴ്ചയിൽ അങ്ങനെയുണ്ടായ സമ്പർക്കം മൂലം അവർ യഹോവാമതതീക്ഷ്ണയിൽനിന്നു വഴുതിവീണതാണു് അവരുടെ രാഷ്ട്രീയ അധഃപതനത്തിനു കാരണം. ഇതു മനസ്സിൽ വച്ചുകൊണ്ടു് പ്രസ്തുത ദൈവശാസ്ത്രജ്ഞൻ മോശെ മതപാരമ്പര്യത്തിന്റെ മൗലികപ്രമാണങ്ങൾ നിർവ്വചിച്ചു് അവ അംഗീകരിക്കുന്നതിനു ജനങ്ങളെ ആഹ്വാനം ചെയ്കയാണിവിടെ.

2. സത്യമതവിശ്വാസികളായ ജനത കായബലവും രാഷ്ട്രീയശക്തിയും ഉപയോഗിച്ചു് ഇതര മതങ്ങളെയും മതാനുസാരികളേയും ഇല്ലാതാക്കുകയോ മതപരിവർത്തനം ചെയ്യുകയോ ആണു് വേണ്ടതു് എന്ന അനുശാസനം ചരിത്രത്തിൽ യെഹൂദാ, ക്രൈസ്തവ, ഇസ്ലാമ്യമതങ്ങൾ നടപ്പിലാക്കിയിരുന്നു. കേരളത്തിൽ തന്നെ പോർട്ടുഗീസുകാരുടെ കാലത്തും ടിപ്പുവിന്റെ കാലത്തും ഈ സമീപനം പ്രാവർത്തികമാക്കി. അങ്ങനെയുള്ള പരമത അസഹിഷ്ണുത മനുഷ്യസ്വാതന്ത്ര്യത്തിന്റെ മുമ്പിൽ ദൈവത്തിന്റെ ദീർഘക്ഷമയും സഹനവും പ്രകാശിപ്പിക്കുന്ന ക്രൂശിന്റെ നിഷേധമാണു്; അതിനാൽ ദൈവനിഷിദ്ധം തന്നെയാണു് ക്രിസ്തീയ പ്രകാശത്തിൽ. ആധുനികകാലത്തു് മതസ്വാതന്ത്ര്യം മൗലിക മനുഷ്യാവകാശങ്ങളുടെ ഭാഗമായി ഐക്യ രാഷ്ട്രസമിതി പ്രഖ്യാപിക്കുന്നു. ഭാരതത്തിന്റെ ഭരണഘടനയിൽ പ്രസ്തുത അവകാശത്തിനു പൂർണ്ണ അംഗീകാരവും ലഭിച്ചിട്ടുണ്ടു്. മതങ്ങളുടെ സമത്വമല്ല, സ്വതന്ത്ര മനുഷ്യാസ്തിത്വങ്ങളുടെ സമത്വമാണു് മതസ്വാതന്ത്ര്യം മൗലിക മനുഷ്യാവകാശമാക്കിത്തീർക്കു

ന്നതു്. അതുകൊണ്ടു് എല്ലാവരുടെയും മതസ്വാതന്ത്ര്യം അംഗീകരിക്കുന്നതോടൊപ്പം സ്വന്ത മതത്തിന്റെ നിസ്തുലതയിൽ വിശ്വസിക്കുന്നതിനു് ആർക്കും സ്വാതന്ത്ര്യമുണ്ടു്. ക്രിസ്തുവിന്റെ നിസ്തുലത ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്ര ഘടകമാണല്ലോ. സ്വന്തം മതവിശ്വാസം ഇതര മതങ്ങളുടെയോ, നിരീശ്വരത്വത്തിന്റെയോ സമ്മർദ്ദത്തിൽ ബലഹീനമാകുന്നെങ്കിൽ അതിന്റെ അർത്ഥം സ്വന്ത ജീവിതത്തിലും ബുദ്ധിയിലും ഹൃദയത്തിലും അതിന്റെ വേരുറച്ചിട്ടില്ല എന്നാണു്, ഇതര സത്യങ്ങളുടെ വെളിച്ചത്തിൽ അതു് പുനർനിർവ്വചനം ചെയ്തിട്ടില്ലെന്നും. മുതിർന്ന വിശ്വാസമേ വിവിധ വിശ്വാസങ്ങളുടെ മധ്യത്തിൽ ബോധപൂർവ്വം നിലനിൽക്കൂ. സ്വന്തം മതം ആത്മാർത്ഥതയോടെ വിശ്വസിച്ചു പുലർത്തുന്നതിനും ഇതരരെ അതിലേക്കു് സ്നേഹം പ്രദർശിപ്പിച്ചും ബുദ്ധിയുപദേശിച്ചും ആകർഷിക്കുന്നതിനും എല്ലാ ക്രിസ്ത്യാനികളും ജാഗരൂകരായിരിക്കേണ്ടതാണു്. എന്നാലതു പരമത സഹിഷ്ണുതയോടു ചേർത്തുകൊണ്ടു പോകുന്നതിനു് നാം കടപ്പെട്ടിരിക്കുന്നു. (ഇതു സംബന്ധിച്ച ആമുഖോപന്യാസം കാണുക.)

7. 6. നിന്റെ ദൈവമായ യഹോവയ്ക്കു നീ ഒരു വിശുദ്ധ ജനം ആകുന്നു. ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്ത ജനമായിരിക്കേണ്ടതിനു തെരഞ്ഞെടുത്തിരിക്കുന്നു.

7. നിങ്ങൾ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തെരഞ്ഞെടുത്തതു്; നിങ്ങൾ സകല ജാതികളെക്കാളും കുറവുള്ളവരല്ലോ ആയിരുന്നതു്.

8. യഹോവ നിങ്ങളെ സ്നേഹിക്കകൊണ്ടും നിങ്ങളുടെ പിതാക്കന്മാരോടു താൻ ചെയ്ത സത്യം പാലിക്കുന്നതു കൊണ്ടുമത്രേ യഹോവ നിങ്ങളെ ബലമുള്ള കയ്യാൽ പുറപ്പെടുവിച്ചു അടിമവീടായ മിസ്രയീമിലെ രാജാവായ ഫറവോന്റെ കയ്യിൽനിന്നു വീണ്ടെടുത്തതു്.

1. ഈ ഭാഗം പുറ. 19. 5-6 ലെ J E. രേഖയോടു കട പ്പെട്ടിരിക്കുന്നു. എന്നാൽ 'തെരഞ്ഞെടുത്തു' എന്ന വാക്കു പഞ്ചഗ്രന്ഥങ്ങളിൽ ഇവിടെ ആദ്യമായാണു് ഉപയോ ഗിക്കുന്നതു്. ദൈവശാസ്ത്രപരമായ പൂർണ്ണ അർത്ഥവ്യാ പ്തിയിൽ പഴയനിയമചരിത്രത്തിൽ ആവർത്തനപ്പുസ്തക ത്തിലാണു് ആദ്യമായി ആ പദം രംഗപ്രവേശം ചെയ്യു ന്നതെന്നു പ്രസ്താവിച്ചാൽ തെററില്ല. അതിൻെറ പിന്നി ലെ ആശയം യിസ്രായേൽ പാരമ്പര്യത്തിലുടനീളം ഉണ്ടെ ങ്കിലും. കേവലം ഫറവോൻെറ അടിമകളും മാത്രമായി 'ജനമല്ലാതിരുന്ന' ഒരു ജനക്കൂട്ടത്തെ 'ജന'മാക്കിത്തീർത്ത തു് അവർ ദൈവത്തിൻെറ ലോകോദ്ദേശ്യനിവൃത്തിക്കു് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർ എന്ന ആഴമായ ഉൾ ബോധമായിരുന്നു. ഇങ്ങനെ ദൈവം യിസ്ററായേലി നെ തെരഞ്ഞെടുക്കാൻ കാരണമെന്തു്? പൂർവ്വേഷ്യൻ രാഷ്ട്രീയ ചരിത്രം അവലോകനം ചെയ്താൽ സംഖ്യാബ ലമോ സൈനിക ശക്തിയോ രാഷ്ട്രീയ സ്ഥാനമോ യി സ്ററായേൽജനത്തിനു തുലോം കുറവായിരുന്നു. ഈ പു സ്തകം എഴുതുമ്പോൾ തന്നെ അസീറിയ സാമ്രാജ്യം പ്രബ ലമായി വരികയാണു്. അതിനുമുമ്പു് ഈജിപ്ററിൻെറ സാമ്രാജ്യം. വിവിധ ലോകസാമ്രാജ്യങ്ങളുടെ മദ്ധ്യത്തിൽ അശക്തമായ ഒരു ജനക്കൂട്ടം. പിന്നെന്തേ ഈ ദൈവവി ളി? ഒരൊററ കാരണമേ ദൈവശാസ്ത്രജ്ഞനു പറയാൻ കാണുന്നുള്ളു. ദൈവസ്നേഹം. പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം ഈ സ്നേഹത്തിൻെറ ഭാഗമാണു്. മററു വേദ ഭാഗങ്ങളിൽ ഇതര സമൂഹങ്ങളെക്കാൾ യിസ്ററായേല്യ ക്കു ധാർമ്മിക ജീവിതശ്രേഷ്ഠത കൂടുതലുണ്ടായിരുന്നു എന്ന ചിന്തയും ദൈവശാസ്ത്രജ്ഞൻ നിഷേധിക്കുന്നു. യഥാർത്ഥ ത്തിൽ അവർ ദൈവത്തോടു നിരന്തരം മത്സരിക്കുന്നവ രായിരുന്നു. ദൈവത്തിൻെറ സ്നേഹോദ്ദേശ്യം മാത്രമെ അന്ത്യ വിശകലനത്തിൽ ദൈവശാസ്ത്രജ്ഞൻ ഈ തെര ഞ്ഞെടുപ്പിൻെറ പുറകിൽ കാണുന്നുള്ളു. 'ഇതാ സ്വർഗ്ഗ വും സ്വർഗ്ഗാധിസ്വർഗ്ഗവും ഭൂമിയും അതിലുള്ളതൊക്കെയും നിൻെറ ദൈവമായ യഹോവയ്ക്കുള്ളവയാകുന്നു. നിൻെറ പിതാക്കന്മാരോടുമാത്രം യഹോവയ്ക്കു് പ്രീതി തോന്നി

അവരെ സ്നേഹിച്ചു. അവരുടെശേഷം അവരുടെ സന്തതിയായ നിങ്ങളെ ഇന്നുള്ളതുപോലെ അവൻ സകലജാതികളിലുംവച്ചു തെരഞ്ഞെടുത്തു. ആകയാൽ നിങ്ങാം നിങ്ങളുടെ ഹൃദയത്തിൻെറ അഗ്രചർമ്മം പരിച്ഛേദന ചെയ്യ്‌വിൻ, ഇനിമേൽ ദുശ്ശാഠ്യമുള്ളവരാകരുതു് (ആവ. 10. 14–16).

2. ക്രൈസ്തവസഭയുടെ തെരഞ്ഞെടുപ്പിനും ദൈവവിളി സ്വീകരിച്ചു ക്രൈസ്തവസഭയിൽ പ്രവേശിക്കുന്നവരുടെ തെരഞ്ഞെടുപ്പിനും അവരുടെ ശക്തിയോ സ്ഥാനമോ നന്മയോ കാരണമല്ല. ദൈവകൃപ മാത്രമാണെന്നു് പൗലോസ് പ്രഖ്യാപിക്കുന്നു. 'സഹോദരന്മാരെ, നിങ്ങളുടെ വിളിയെ നോക്കുവിൻ. ലോകാഭിപ്രായപ്രകാരം ജ്ഞാനികാം ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു് തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ ഏതുമില്ലാത്തതു തെരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ' (1 കൊരി. 1. 26–29). ഇവിടെ ലോകത്തിൽ 'ഉള്ളതു്' 'ഇല്ലായ്മ'യാക്കുന്ന വിപ്ലവം 'ഏതുമില്ലാത്ത'തിൽകൂടി നടത്തി ദൈവകൃപ മാത്രം പ്രകടിപ്പിക്കപ്പെടണമെന്ന ദൈവോദ്ദേശ്യമാണു് തെരഞ്ഞെടുപ്പിൻെറ അടിസ്ഥാനം.

3. ദൈവത്തിൻെറ ലോകോദ്ദേശ്യത്തിൽ യിസ്രായേലിതരരാഷ്ട്രങ്ങാംക്കു എന്തുസ്ഥാനമുണ്ടു്? ഭാരതജനതയെ സംബന്ധിച്ചു ഈ ചോദ്യം ദേശീയ നേതാവായിരുന്ന ഗോവിന്ദ റണഡേ ഉന്നയിക്കയുണ്ടായി. യിസ്രായേലിനെ ദൈവം തെരഞ്ഞെടുത്തു ദീർഘകാലം അവരെ നയിച്ച ചരിത്രം മനസ്സിൽവെച്ചുകൊണ്ടു തന്നെയാണു് ഈ ചോദ്യം റണഡേ ഉന്നയിച്ചതു്. അദ്ദേഹത്തിൻെറ ഉത്തരം, ഭാരതജനതയുടെ ദീർഘചരിത്രവും അവരുടെ ദിവ്യ തെരഞ്ഞെടുപ്പു വ്യക്തമാക്കുന്നു എന്നായിരുന്നു. ദൈവത്തിനു ഓരോ മാനവജാതിയെ സം

ബന്ധിച്ചും വിശേഷവിധിയായ ഉദ്ദേശ്യമുണ്ടെന്ന പഴയനിയമപ്രവാചകന്മാരും പ്രഖ്യാപിക്കുന്നു. ഈ വെളിച്ചത്തിൽ ഭാരതത്തിൻെറ ദൈവികവിളിയും ധർമ്മവും ആരായേണ്ടതാണ്. സകല മനുഷ്യരാശിയും ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരാണെന്നു പുതിയനിയമവും ഘോഷിക്കുന്നു. എന്നാൽ ദൈവനീതിയുടെയും വിമോചനത്തിൻെറയും വെളിപ്പാടു ലോകത്തിനു നൽകിയതു യിസ്റ്റായേൽ ജനതയാണെന്നും ദൈവം യിസ്റ്റായേലിനെ അതിലേക്കു തെരഞ്ഞെടുത്തു എന്നും നിർവ്വിവാദമായ ചരിത്രവസ്തുതകൾ മുൻനിർത്തി വ്യാഖ്യാനിക്കുന്നതു് ന്യായയുക്തമാണ്. പ്രസ്തുത ദൈവികധർമ്മം ഇന്നു തുടരുന്നതിനു എല്ലാ ജാതിമതസ്ഥരെയും ക്രിസ്തുവിൽകൂടി ദൈവം ക്രൈസ്തവസഭയിലേയ്ക്കു ക്ഷണിക്കുന്നു. യിസ്റ്റായേലിൻെറ തെരഞ്ഞെടുപ്പിൽ മറഞ്ഞിരിരുന്ന സാർവ്വത്രികത ഇന്നു സഭയിൽ വ്യക്തമായിരിക്കുന്നു.

3. ദൈവത്താൽ അഥവാ ചരിത്രത്താൽ 'തെരഞ്ഞെടുക്കപ്പെട്ടവ'രാണ് തങ്ങൾ എന്നു ഒരു വ്യക്തിയോ സമുദായമോ രാഷ്ട്രമോ ജനതതിയോ വിശ്വസിക്കുമ്പോൾ അതിൽ വലിയ സാദ്ധ്യതകളും വലിയ അപകടങ്ങളുമുണ്ടു്. യിസ്റ്റായേലിലെ പ്രവാചകന്മാർ അതിലെ അപകടങ്ങൾ ശരിക്കും മനസ്സിലാക്കിയിരുന്നു. ദിവ്യതെരഞ്ഞെടുപ്പു ഉത്തരവാദിത്വത്തേക്കാൾ കൂടുതൽ പദവിയായി പരിഗണിക്കുന്നതിലടങ്ങിയിരിക്കുന്ന ദുഷ്പ്രവണതകൾ, ഇതര സമൂഹങ്ങൾക്കു ദൈവവുമായോ ചരിത്രലക്ഷ്യവുമായോ ബന്ധമില്ലെന്നു ചിന്തിക്കാനുള്ള പ്രലോഭനം, സ്വന്തം സ്ഥാപിതതാല്പര്യങ്ങളും നിലനില്പും ചരിത്രലക്ഷ്യമായി പ്രഖ്യാപിക്കാനുള്ള ചായ്‌വ്— ഈ അപകടങ്ങളെല്ലാം പ്രവാചകന്മാർ ചൂണ്ടിക്കാണിക്കുന്നു. ആധുനികകാലത്തു് മതസമുദായങ്ങളിലും രാഷ്ട്രങ്ങളിലും വർഗ്ഗങ്ങളിലും രാഷ്ട്രീയകക്ഷികളിലും ഈ ചിന്താഗതി 'വിശുദ്ധ' സമരങ്ങൾ, സമുദായകലഹങ്ങൾ, ശ്രേണീയദുഷ്പ്രഭുത്വം, ഏകകക്ഷി ആധിപത്യം ആദിയായ ദോഷങ്ങൾക്കു ഇടയാക്കിയിട്ടുണ്ടു്. അതുകൊണ്ടാണ്

പ്രസിദ്ധ ചരിത്രകാരനായ ടോയിൻബി തെരഞ്ഞെടുപ്പു ബോധം തികച്ചും സ്വാർത്ഥതയായി തള്ളിക്കളയുന്നതു്. എന്നാൽ ദൈവിക തെരഞ്ഞെടുപ്പിൻെറബോധം കൂടാതെ ചരിത്രലക്ഷ്യവും ആ ലക്ഷ്യപ്രാപ്തിയിൽ തങ്ങൾ നിർവ്വഹിക്കാൻ കടപ്പെട്ടിരിക്കുന്ന സ്വധർമ്മവും സംബന്ധിച്ച ചിന്ത വ്യക്തികൾക്കും സമൂഹങ്ങൾക്കും ഉണ്ടാകയില്ല. സ്വധർമ്മബോധത്തിൽ നിന്നാണു് സ്വയം ത്യജിച്ച ക്രിയാത്മകമായ സേവനസന്നദ്ധത മനുഷ്യരിൽ സംജാതമാകുന്നതു്. സ്വധർമ്മം സ്വാശ്രയത്തിലടിസ്ഥാനപ്പെട്ടിരിക്കയും ചരിത്രലക്ഷ്യം സ്വന്തം സർവ്വാധിപത്യമായി വ്യഖ്യാനിക്കയും ചെയ്യുന്നതാണു് അപകടം. സ്നേഹത്തിൽ ക്രൂശിക്കപ്പെടുന്ന ക്രിസ്തുയേശു ലോകത്തിൻെറ അന്തമായി പ്രഖ്യാപിക്കുന്ന സ്വധർമ്മബോധത്തിൽ ഈ അപകടം ഒഴിവാകും. തെരഞ്ഞെടുപ്പുബോധം ചരിത്ര പുരോഗതിക്കു മുഖാന്തരമായി ഭവിക്കും.

7. 10. ....തന്നെ പകെക്കുന്നവനു അവൻ താമസിയാതെ നേരിട്ടു പകരം കൊടുക്കും.

12. നിങ്ങൾ ഈ വിധികൾ കേട്ടു നടന്നാൽ...

13. അവൻ നിന്നെ സ്നേഹിച്ച് അനുഗ്രഹിച്ച് വർദ്ധിപ്പിക്കും. അവൻ...ദേശത്തു നിൻെറ ഗർഭഫലവും നിൻെറ കൃഷിഫലവും ധാന്യവും വീഞ്ഞും എണ്ണയും നിൻെറ കന്നുകാലികളുടെ പേറും ആടുകളുടെ പിളർപ്പും അനുഗ്രഹിക്കും.

14. ...വന്ധ്യനും വന്ധ്യയും നിങ്ങളിലാകട്ടെ നിൻെറ നാല്ക്കാലികളിലാകട്ടെ ഉണ്ടാകയില്ല.

15. യഹോവ സകല രോഗവും നിങ്കൽ നിന്നു അകററിക്കളയും. നീ അറിഞ്ഞിരിക്കുന്ന മിസ്രയീമ്യരുടെ ദുർവ്വ്യാധികൾ ഒന്നും അവൻ നിൻെറമേൽ വരുത്താതെ നിന്നെ ദ്വേഷിക്കുന്ന എല്ലാവർക്കും അവയെ കൊടുക്കും.

16 ആ ജാതികളെ നിന്റെ ദൈവമായ യഹോവ കുറേ ശ്ശെ കുറെശ്ശെയായി നിന്റെ മുമ്പിൽ നിന്നു നീക്കി ക്കളയും. കാട്ടുമൃഗങ്ങൾ പെരുകി നിനക്കു ഉപദ്രവമാകാ തിരിപ്പാൻ അവരെ ക്ഷണത്തിൽ നശിപ്പിച്ചുകൂടാ.

1. ഈ ഭാഗത്തെ ആശയത്തിനു പുറ. 23 ലെ രേഖയോടു കടപ്പാടുണ്ടെന്നു വിചാരിക്കാം. 'ധാന്യവും വീഞ്ഞും എണ്ണയും' പലസ്തീൻ നാട്ടിലെ പ്രധാന കാർഷികോല്പ ന്നങ്ങളാണ്. പല വേദഭാഗങ്ങളിലും അവ ഒരുമിച്ചു ചേർത്തു് ഉപയോഗിച്ചിട്ടുണ്ട്. മനുഷ്യരുടെയും ആടുമാ ടുകളുടെയും 'ഗർഭഫലം' ദൈവം അനുഗ്രഹിക്കും. രോഗ ങ്ങളും ദുർവ്യാധികളും വരാതെ ദൈവം സംരക്ഷിക്കും. കനാൻ പ്രദേശത്തു ബാൽദേവന്മാരെ ആയിരുന്നു ഈവക അനുഗ്രഹങ്ങളുടെ ദാതാക്കളായി എല്ലാ കനാന്യജനങ്ങ ളും കരുതിയതു്. ആദ്യകാലങ്ങളിൽ യഹോവ യിസ്രാ യേലിനു 'വിമോചകൻ' മാത്രമായിരുന്നു; അതുകൊണ്ടു് യിസ്രായേല്യരും കനാൻ പ്രദേശത്തു വാസം ഉറപ്പിച്ച പ്പോൾ അവരുടെ കൃഷിയുടെയും ആടുമാടുകളുടെയും അഭിവൃ ദ്ധിക്കും സന്താനലബ്ധിക്കും മററുമായി ബാൽദേവന്മാരെ ആരാധിച്ചു. കാലാന്തരത്തിൽ പ്രവാചകന്മാർ യഹോവ വിമോചകൻ മാത്രമല്ല ലോകസ്രഷ്ടാവും പരിപാലകനു മെന്ന നിലയ്ക്കു ഭൗതിക ക്ഷേമദാതാവുമാണെന്ന തത്ത്വം പ്രചരിപ്പിച്ചതോടെയാണു് ബാൽ ആരാധനയിൽനിന്നു ജനം പിന്തിരിഞ്ഞതു്. ഈ വേദഭാഗത്തു് ഒരു പടി കൂടി കടന്നു ദൈവശാസ്ത്രജ്ഞൻ പറയുന്നു: ഭൗതിക ഐ ശ്വര്യം യഹോവ മൂലമാണുണ്ടാകുന്നതു്; ബാൽ ആരാധ നക്കാർക്കു സമൃദ്ധി ഉണ്ടാകയില്ല. പ്രകൃതിയുടെ അനുഗ്ര ഹങ്ങൾ ദുഷ്ടർക്കും ശിഷ്ടർക്കും, ഒരുപോലെ സ്വർഗ്ഗസ്ഥനാ യ പിതാവു നൽകുന്നു എന്ന ക്രിസ്തുവിന്റെ വാക്കു കൾ (മത്താ. 5. 45) ഈ തരുണത്തിൽ സ്മരിക്കുന്നതു കൊള്ളാം. ദൈവം പ്രകൃതിയിൽ പ്രവർത്തിക്കുന്നില്ലെ ന്നല്ല. പ്രകൃതിയിൽകൂടി പ്രകടമാകുന്ന ദൈവസ്നേഹം ദൈവവിശ്വാസികളെയും നിരീശ്വരെയും തരംതിരിക്കു ന്നില്ല എന്നത്രെ പ്രകൃതംകൊണ്ടുദ്ദേശിക്കുന്നതു്.

2. 'താമസിയാതെ'. യഹോവയെ പകെക്കുന്ന ജന ങ്ങൾക്ക ഉടൻ ശിക്ഷാവിധിയൊന്നും ഉണ്ടാകുന്നില്ലെന്നു ചരിത്രനിരീക്ഷകനായ ആവർത്തനരചയിതാവു് ഗ്രഹിച്ചിട്ടുണ്ടു്. എന്നാൽ ഉടനല്ലെങ്കിലും അധിക കാലതാമസം കൂടാതെ ശിക്ഷാവിധി അവക്കുണ്ടാകുമെന്നാണു് ഈ ഭാഗത്തു സൂചിപ്പിക്കുന്നതു്. 'കുറേശ്ശ കുറേശ്ശ' മാത്രമെ കനാന്യവംശജരെ യഹോവ യിസ്രായേലിൻെറ മുമ്പിൽ നിന്നു ഓടിക്കൂ. വന്യമൃഗങ്ങൾ പെരുകി യിസ്രായേലിനു നാശം സംഭവിക്കാതിരിക്കാൻ യഹോവ തന്നെയാണു് കനാന്യരെ സാവധാനത്തിൽ സ്വല്പം സ്വല്പമായി മാത്രം നശിപ്പിക്കുന്നതു്. ആദിവാസികളായ കനാന്യജനങ്ങൾ വളരെക്കാലം യിസ്രായേൽ ജനതയോടൊത്തു കനാൻപ്രദേശത്തു വസിച്ച ചരിത്രവസ്തുതയോടു നീതി ചെയ്‌വാൻ ദൈവശാസ്ത്രജ്ഞൻ ഇവിടെ ഉദ്യമിക്കയാണു്. അതോടൊപ്പം തൻെറ ചരിത്രവ്യാഖ്യാനത്തിനു ഉടവു തട്ടുകയുമരുതു്. ചരിത്രത്തിൽ യഹോവയെ സേവിക്കുന്നവക്കു ഐശ്വര്യവും അല്ലാത്തവർക്കു ദുരിതങ്ങളും ഉണ്ടാകുമെന്നു് പ്രസ്താവിക്കുന്ന ഒരു കേവല ധാർമ്മിക വ്യാഖ്യാനമാണു് ആവർത്തനം പ്രഖ്യാപിക്കുന്നതു്. എന്നു വരികിലും ആവർത്തന ദൈവശാസ്ത്രജ്ഞൻതന്നെ അതിൽനിന്നു വ്യത്യസ്തമായ ഗതിവിഗതികൾ ചരിത്രത്തിൽ ദർശിക്കുന്നുണ്ടു്. അതു തൻെറ നിലപാടു തകിടംമറിക്കാൻ അനുവദിക്കുന്നില്ല എന്നുമാത്രം. ചില ചില്ലറ ഭേദരൂപങ്ങൾ കൊടുത്തുകൊണ്ടു് അതു ഉറപ്പിക്കയാണദ്ദേഹം.

8. 2 നിൻെറ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും നിൻെറ കല്പനകൾ പ്രമാണിക്കുമോ ഇല്ലയോ എന്നു നിന്നെ പരീക്ഷിച്ചു നിൻെറ ഹൃദയത്തിലിരിക്കുന്നതു അറിവാനുമായി നിന്നെ ഈ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും ഓർക്കണം.

3. അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കയും മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ

വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹിപ്പിക്കേണ്ടതിനു നീയും നിന്റെ പിതാക്കൻമാരും അറിഞ്ഞിട്ടില്ലാത്ത മന്നാകൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്തു.

4. ഈ നാല്പതു സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചുപോയില്ല. നിന്റെ കാൽ വീങ്ങിയതുമില്ല.

5. ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചു വളർത്തുന്നതുപോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചു വളർത്തുന്നു എന്നു നീ മനസ്സിൽ ധ്യാനിച്ചുകൊള്ളണം.

10. നീ ഭക്ഷിച്ചു തൃപ്തി പ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യണം.

1. നാല്പതു സംവത്സരം യിസ്രായേലിനെ യഹോവ നടത്തി. ദുരിതങ്ങൾ പലതും അവരനുഭവിച്ചു. മരുഭൂമിയിൽക്കൂടിയായിരുന്നു അവരുടെ പ്രയാണം. മരുഭൂമി മനുഷ്യന്റെ ശത്രുവായ പ്രകൃതിയുടെ പ്രതീകം. 'അഗ്നിസർപ്പവും തേളും വെള്ളമില്ലാത്ത വരൾച്ചയുള്ള വലിയതും ഭയങ്കരവുമായ മരുഭൂമി'. അവിടെ അവർ വിശപ്പറിഞ്ഞു. കാൽനടമൂലം ക്ഷീണം അനുഭവിച്ചു. ഈ അനുഭവങ്ങൾ എന്തിനു യിസ്രായേലിനു യഹോവ നൽകി? വിശേഷിച്ചും സ്വന്ത ജനമായി അവരെ ദൈവം തെരഞ്ഞെടുത്തശേഷം. അതിന്റെ ഉത്തരമാണിവിടെ കൊടുക്കുന്നതു്. യിസ്രായേലിനെ സ്വന്തജനമാക്കിത്തീർക്കുന്നതിനു മരുഭൂമിയനുഭവങ്ങളുടെ ശിക്ഷണം ഉപാധിയായിരുന്നു. അതിലൂടെയാണു് അവർ താഴ്മയും ദൈവാശ്രയവും പഠിച്ചതു്. അതിലൂടെയാണു് അവർ മനുഷ്യന്റെ സമൃദ്ധമായ ജീവനു അപ്പം മാത്രമല്ല യഥാർത്ഥ ജീവന്റെ അപ്പമായ ദൈവവചനവും വേണമെന്നു ഗ്രഹിച്ചതു്. അതിലൂടെയാണു് അവർ ദൈവനിയമങ്ങളുടെ അനുസരണം പരിശീലിച്ചതു്. അക്കാല

ത്താണ് അവർ 'കരിങ്കല്പാറയിൽ നിന്നു'' ലഭിച്ച ജലം കുടിച്ചും പിതാക്കന്മാർ അറിയാത്ത മന്നാ ഭുജിച്ചും ഏതു സാഹചര്യത്തിലും ദൈവത്തിൻെറ കൈ അവരെ താങ്ങി നടത്തുന്നതിനു പ്രാപ്തമാണെന്നു് അനുഭവിച്ചറിഞ്ഞതു്. ഈ ശിക്ഷണം അവക്കാവശ്യമായിരുന്നു. അതിൻെറ പുറകിൽ ദൈവത്തിൻെറ പിതൃവാത്സല്യം പ്രവത്തിച്ചു. 'ഒരു മനുഷ്യൻ തൻെറ മകനെ' എന്നപോലെ ദൈവം അവരെ 'ശിക്ഷിച്ചു വളർത്തു'കയായിരുന്നു. 'ശിക്ഷ'ണം കൂടാതെ 'വളർച്ച' യില്ല. ശിക്ഷണത്തിൻെറ മാർഗ്ഗത്തിൽ ദൈവാശ്രയം അഭ്യസിപ്പിച്ചു വാഗ്ദത്തനാട്ടിലെ ജീവിതത്തിനു അവരെ ദൈവം തയ്യാറാക്കി.

2. മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ട അവസരത്തിൽ യേശു ഉദ്ധരിച്ച ആവ. 8.8 ഇന്നു സവ്വസാധാരണമായി ഉദ്ധരിക്കപ്പെടുന്ന ഒരു വാക്യമാണ്: 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിൻെറ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു' (മത്താ. 4.4; ലൂക്കോ, 4. 4). മനുഷ്യൻെറ പ്രകൃതി കേവലം ഭൗതികമോ കേവലം ആത്മീയമോ അല്ല, മനുഷ്യൻ മൃഗമോ മാലാഖയോ അല്ല, ശരീരാത്മദേഹികളുടെ സമുച്ചയമാണ്. അതിനാൽ ഭൗമിക സമൃദ്ധികൊണ്ടുമാത്രം മനുഷ്യൻ തൃപ്തനാകയില്ല. അതോടൊപ്പം ആത്മികമൂല്യങ്ങളും ലക്ഷ്യങ്ങളുംകൂടെ ഉണ്ടെങ്കിൽ മാത്രമെ മനുഷ്യനു ജീവിതസാഫല്യബോധം ഉണ്ടാകൂ. അപ്പം കൂടാതെ മനുഷ്യജീവിതം അസാദ്ധ്യമാണ്; അപ്പം മാത്രം കൊണ്ടു് മനുഷ്യൻ മനുഷ്യത്വമുള്ളവനാകയില്ല. അപ്പം സാഹോദര്യത്തിൻെറ പ്രകാശനമാകുമ്പോഠം, സാഹോദര്യം അപ്പത്തിൽക്കൂടി പ്രകടമാകുമ്പോഠം മനുഷ്യത്വത്തിൻെറ ഭൗതിക ആത്മീയ വശങ്ങഠം രമ്യതയിലായി ജീവിതം സമൃദ്ധമാകും. സാഹോദര്യത്തിനു ആത്മീയ സ്വഭാവമുണ്ടു്, ദൈവവചനത്തിൽ ആത്മീയടിസ്ഥാനവുമുണ്ടു്. അപ്പവും സാഹോദര്യവും ദൈവദർശനവും ഒരു മനുഷ്യയാഥാർത്ഥ്യത്തിൻെറ മൂന്നു അവിഭാജ്യഘടകങ്ങ

ളാണ്. ജീവിതം അർത്ഥപൂർണ്ണമാക്കുന്നതിനു്, ആത്മ സാക്ഷാത്ത്ക്കാരമാർഗ്ഗവും ശാരീരികസംതൃപ്തിയുടെ മാർഗ്ഗവും തമ്മിൽ തെരഞ്ഞെടുക്കുന്നതിനു മനുഷ്യർ നിർബ്ബന്ധിതരാകരുതു്. മനുഷ്യത്വത്തിൻെറ സ്വഭാവം ഇത്ര ലളിതമായും ഭാവനാ സമ്പന്നതയോടുംകൂടെ വിവരിക്കുന്ന ഒരു ചൊല്ലു വേറെ ഉണ്ടോ എന്നു സംശയിക്കണം.

3. യേശുക്രിസ്തു മരുഭൂമിയിലെ തൻെറ പരീക്ഷാസന്ദർഭത്തിൽ ഉപയോഗിച്ച മററു രണ്ടു വാക്യങ്ങളും ആവർത്തന പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികളാണ്. 'നിൻെറ ദൈവമായ യഹോവയെ ഭയപ്പെട്ടു അവനെ സേവിക്കണം' (ആവ. 6.13) – ഈ വാക്യം യേശു സന്ദർഭമനുസരിച്ചു പരിഭാഷപ്പെടുത്തിയതു് ഇപ്രകാരമാണ്: 'നിൻെറ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവൂ' (മത്താ. 4.10; ലൂക്കോ. 4.8). 'നിങ്ങളുടെ ദൈവമായ യഹോവയെ പരീക്ഷിക്കരുതു്' (ആവ. 6. 17; മത്താ. 4. 7; ലൂക്കോ. 4. 12). യേശുക്രിസ്തു ആവർത്തന നിയമങ്ങളും, വിശേഷിച്ച് ഒന്നാം കല്പനയുടെ വിശദീകരണ ഭാഗങ്ങളും, എന്തുമാത്രം പഠിക്കയും ധ്യാനിക്കയും ചെയ്തിരുന്നു എന്നു ഇതു തെളിയിക്കുന്നു.

4. മരുഭൂമിയിൽ അഭ്യസിച്ച ദൈവാശ്രയം വാഗ്ദത്ത നാട്ടിൽ തുടർന്നു നിലനിർത്തണം. സമൃദ്ധി ദൈവദാനമാണെന്നു ബോധമുള്ളവർ ദൈവത്തിനു സ്തോത്രം അർപ്പിക്കും. സ്വന്തം പ്രയത്നം മൂലമാണു് വാഗ്ദത്തനാട്ടു് അവക്കവകാശമായിത്തീർന്നതെന്നു വിചാരിക്കുമ്പോഴും ഉണ്ടാകുന്ന നിഗളം ദൈവാശ്രയബോധത്തിനും സ്തോത്ര മനോഭാവത്തിനും വിരുദ്ധമാണ്.

**9.4 നിൻെറ ദൈവമായ യഹോവ അവരെ നിൻെറ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞശേഷം: എൻെറ നീതിനിമിത്തം ഈ ദേശം കൈവശമാക്കുവാൻ യഹോവ എന്നെ കൊണ്ടുവന്നു എന്നു നിൻെറ ഹൃദയത്തിൽ പറയരുതു്. ആ ജാതിയു**

ടെ ദുഷ്ടതനിമിത്തമത്രേ യഹോവ അവരെ നിന്റെ മു
മ്പിൽ നിന്നു നീക്കിക്കളയുന്നതു്.

5. നീ അവരുടെ ദേശം കൈവശമാക്കുവാൻ ചെല്ലുന്നതു
നിന്റെ നീതി നിമിത്തവും നിന്റെ ഹൃദയപരമാർത്ഥത
നിമിത്തവുമല്ല, ആ ജാതിയുടെ ദുഷ്ടതനിമിത്തവും
അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്ന നിന്റെ പി
താക്കന്മാരോടു യഹോവ സത്യം ചെയ്ത വചനം നിവൃ
ത്തിക്കേണ്ടതിനും അത്രേ നിന്റെ ദൈവമായ യഹോവ അവ
രെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയുന്നതു്.

6. ആകയാൽ നിന്റെ ദൈവമായ യഹോവ നിനക്കു ആ
നല്ല ദേശം അവകാശമായി തരുന്നതു നിന്റെ നീതി നിമി
ത്തമല്ലെന്നു അറിഞ്ഞു കൊൾക. നീ ദുശ്ശാഠ്യമുള്ള ജന
മല്ലോ.

1. കനാൻ ദേശത്തു യിസ്രായേൽ യഹോവയെ നിര
സിക്കുന്നതു രണ്ടു വിധത്തിൽ അഹങ്കരിച്ചാണ്. ഒന്നു്,
കനാൻ പ്രദേശത്തു അവർക്കു ലഭിച്ച സാമ്പത്തികാഭിവൃദ്ധി
അടിസ്ഥാനമാക്കി 'എന്റെ ശക്തിയും എന്റെ കയ്യുടെ
ബലവും ഈ സമ്പത്തുണ്ടാക്കി' (8.17) എന്നു 'നിഗളിക്ക'
(8.14). രണ്ടു്, കനാനിലെ ശക്തരായ ജനസമൂഹങ്ങളു
ടെ മേൽ വിജയം ഉണ്ടാകുമ്പോൾ 'എന്റെ നീതി നിമി
ത്തം ഈ ദേശം അവകാശമാക്കുവാൻ യഹോവ എന്നെ
കൊണ്ടുവന്നു' എന്നു സ്വയം പ്രശംസിക്ക. ഏതു കാല
ത്തും സ്വയം കേന്ദ്രമാക്കുന്ന സമൂഹവും വ്യക്തിയും വീഴു
ന്നു. അഹങ്കാരത്തിന്റെ രണ്ടു പ്രതിഭാസങ്ങളാണ് സ്വാ
ശ്രയവും സ്വയനീതിയും. അതോടെ എല്ലാ പ്രകാരത്തി
ലും അധഃപതനം ആരംഭിക്കുന്നു, ആത്മീയമായി മാത്ര
മല്ല ഭൗതികമായും.

2. കനാന്യജാതികളെ നീക്കി ആ പ്രദേശം യിസ്രായേ
ലിനു നൽകുന്നതു് യിസ്രായേല്യരുടെ നീതികൊണ്ട
ല്ലെങ്കിൽ പിന്നെ അതിനുള്ള കാരണം എന്തു ? ഒന്നാമ

ത്തു്, കനാന്യ സമുദായങ്ങളുടെ 'ദുഷ്ടത' യുടെ മേൽ ദൈവത്തിൻെറ ശിക്ഷാവിധിയായി അതു വ്യാഖ്യാനിക്കാം. രണ്ടാമത്തു്, ദൈവം പിതാക്കന്മാർ വഴി യിസ്റായേലിനോടു ചെയ്ത വാഗ്ദാനം യഥാർത്ഥമാക്കുകയാണ് അതു മൂലം. ദൈവത്തിൻെറ ന്യായവിധിയും വിശ്വസ്തതയും നിരന്തരം ചരിത്രത്തിൽ പ്രവർത്തിക്കുന്നു. രണ്ടു മാർഗ്ഗത്തിലും ദൈവനീതിയുടെ ചരിത്രമാണ് മാനവചരിത്രം.

9.6 ....നീ ദുശ്ശാഠ്യമുള്ള ജനമല്ലോ.

7. നീ മരുഭൂമിയിൽ വെച്ചു നിൻെറ ദൈവമായ യഹോവയെ കോപിപ്പിച്ചു എന്നോർക്ക, മറന്നുകളയരുത്....

8. ഹോരേബിലും നിങ്ങൾ യഹോവയെ കോപിപ്പിച്ചു. അതുകൊണ്ടു യഹോവ നിങ്ങളെ നശിപ്പിപ്പാൻ വിചാരിക്കും വണ്ണം നിങ്ങളോടു കോപിച്ചു.

16. ഞാൻ നോക്കിയാറെ നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവയോട് പാപം ചെയ്ത് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി യഹോവ നിങ്ങളോടു കൽപിച്ച വഴി വേഗത്തിൽ വിട്ടുമാറിയിരിക്കുന്നത് കണ്ടു.

17. അപ്പോൾ ഞാൻ പലക രണ്ടും എൻെറ കയ്യിൽനിന്നു നിങ്ങൾ കാൺകെ ഉടെച്ചുകളഞ്ഞു....

19. .... എന്നാൽ ആ പ്രാവശ്യവും എൻെറ അപേക്ഷ കേട്ടു.

22. തബേരിയിലും മസ്സായിലും കിബ്രോത്ത്ഹത്താവയിലും വെച്ചുനിങ്ങൾ യഹോവയെ കോപിപ്പിച്ചു.

23. ....യഹോവ നിങ്ങളെ കാദേശ്–ബർന്നേയിൽ നിന്നയച്ചപ്പോഴും നിങ്ങൾ ദൈവമായ യഹോവയുടെ കൽപനയോടു മറുത്തു....

26. ഞാൻ യഹോവയോടു അപേക്ഷിച്ചുപറഞ്ഞത് ---

28. ഈ ജനത്തിൻെറ ശഠതയും അവരുടെ അകൃത്യവും പാപവും നോക്കരുതേ .......

10. 4 ... യഹോവ മുമ്പിലത്തെ എഴുത്തുപോലെ പലകകളിൽ എഴുതി അവയെ എൻെറ അടുക്കൽ തന്നു.

10. ....ആ പ്രാവശ്യവും യഹോവ എൻെറ അപേക്ഷ കേട്ടു: നിന്നെ നശിപ്പിക്കാതിരിക്കാൻ യഹോവയ്ക്ക് സമ്മതമായി.

1. ആവത്തനനിയമത്തിനു മുഖവുരയായ ആവ. 5. 1_11. 32ൽ 9, 7_10. 11 ലെ സംബോധനരൂപം 'നിങ്ങൾ' എന്ന ബഹുവചനമാണ്. അതുകൊണ്ടു് ആ ഭാഗം ആവത്തനചരിത്രകാരൻ മൂലഗ്രന്ഥത്തോടു ചേർത്തതാണെന്നത്രെ അനുമാനം. ഈ ഭാഗത്തു യിസ്രായേൽ യഹോവയോടു മത്സരിച്ച അഞ്ചു സന്ദർഭങ്ങൾ എടുത്തുപറഞ്ഞിരിക്കുന്നു. മോശെ ഹോരേബ് പവ്വതത്തിൽ ആയിരുന്നപ്പോൾ ജനം പൊന്നുകൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചതു് (പുറ. 32.1_6); മസ്സയിൽ യഹോവയെ പരീക്ഷിച്ചതു് (പുറ. 17. 1_7; ആവ 6.16); കാദേശ്_ബന്നേയിൽ യഹോവയുടെ കല്പന ജനം തിരസ്ക്കരിച്ചതു് (ആവ. 1. 19_35); തബേരയിൽ ജനം യഹോവക്കെതിരായി പിറുപിറുത്തതു് (സംഖ്യ. 11.1_3); കിബ്രോത്തു്ഹത്താവയിൽ ജനം മിസ്രായീമിലെ ഇറച്ചിക്കലങ്ങൾക്കുവേണ്ടി നിലവിളിച്ചതു് (സംഖ്യ. 11.4_6).

2. ഇവിടെ പുറ. 32_34 ലെ J. E. രേഖയെ ആശ്രയിച്ചാണ് യിസ്രായേൽജനം കാളക്കുട്ടിയെ നിമ്മിച്ചാരാധിച്ചതും അതിന്മേൽ ദൈവകോപവും മോശെയുടെ മാദ്ധ്യസ്ഥം, മുഖാന്തരം ദൈവം കൃപ കാണിക്കുന്നതുമായ സംഭവം വിവരിക്കുന്നതു്. ആവത്തന ചരിത്രകാരൻ

ചില ഭേദഗതികഠം വരുത്തിയിട്ടുണ്ട്. ഒന്നു ശ്രദ്ധേയമാണു്. പുതിയ പലകകളുമായി യഹോവയെ സമീപിച്ച മോശെയ്ക്കു യഹോവ പുറപ്പാട്ടുപുസ്തകത്തിൽ കൊടുക്കുന്നതു് ആദ്യത്തെ പത്തുകല്പനകഠം (പുറ. 20) അല്ല, പുതിയ പത്തു കല്പനകളാണു് (34. 12_26). ഇവിടെ ആദ്യത്തെ പത്തു കല്പനകഠം തന്നെയാണു് യഹോവ എഴുതിക്കൊടുക്കുന്നതു് (10. 4). പുറ. 34 ഹിസ്കിയാവു് രാജാവിൻെറ നവീകരണ നിയമങ്ങഠം പ്രതിബിംബിക്കുന്നു എന്നാണു് പണ്ഡിതാഭിപ്രായം (2 രാജാ. 18). ഹിസ്കിയാവു പൂജാഗിരികഠം നശിപ്പിക്കയും (2 രാജാ. 18.4) മൂന്നു പ്രധാന പെരുനാളുകഠം യെരുശലേമിൽ കേന്ദ്രീകരിക്കയും (പുറ. 34.22_24)ചെയ്തു. എങ്കിലും യോശിയാരാജാവു ചെയ്തതുപോലെ എല്ലാ ആരാധനകളും യെരുശലേം ദേവാലയത്തിൽ കേന്ദ്രീകരിച്ചില്ല. ആവർത്തനചരിത്രകാരൻ പൂർണ്ണ കേന്ദ്രീകരണവാദിയാണു്. യോശിയായുടെ കാലത്തു ദേവാലയത്തിൽ കണ്ടുകിട്ടിയ നിയമഗ്രന്ഥം കേന്ദ്രീകരണം അനുശാസിച്ചു. അതനുസരിച്ചായിരുന്നു യോശിയായുടെ നവീകരണം. അതിൻെറ വെളിച്ചത്തിൽ ഹിസ്കിയാവിൻെറ നവീകരണം ഭാഗികവും അപര്യാപ്തവുമായിരുന്നു. അതുകൊണ്ടു ആ നവീകരണമോ അതിൻെറ നിയമങ്ങളോ പരാമർശിക്കാതെ വിട്ടുകളയുന്നതു് ഉത്തമമെന്നു ആവർത്തനചരിത്രകാരൻ തീരുമാനിച്ചു. അതിൽ അതിശയപ്പെടാനില്ല. പുറ. 32 ലെ കാളക്കുട്ടിയും യെരോബെയാം ബെഥേലിലും ദാനിലും പ്രതിഷ്ഠിച്ച കാളക്കുട്ടികളും തമ്മിലുള്ള ബന്ധം പണ്ഡിതലോകം പരിശോധനയ്ക്കു വിഷയമാക്കിയിട്ടുണ്ട്. യെരോബെയാമിൻെറ കാളക്കുട്ടികളായിരിക്കണം ഹോറേബിലെ കാളക്കുട്ടിയുടെ പശ്ചാത്തലം. കാള കനാന്യദേവൻെറ ഒരു വാഹനമായിരുന്നു, യെരോബെയാമിൻെറ കാളക്കുട്ടികളുടെ പുറത്തു ഒരു ദേവനുമില്ലായിരുന്നു. അതിനാൽ ഒരു പക്ഷെ യഹോവയുടെ പെട്ടകത്തിൻെറ സ്ഥാനത്തു യഹോവയുടെ വാഹനമായിട്ടായിരിക്കാം കാളയെ യെരോബെയാം പരിഗണിച്ചതു്. ഏതായാലും കാലാന്ത

രത്തിൽ ജനം കാളകളെ യഹോവയുടെ സാദൃശ്യമായി ട്ടാണ് നമസ്കരിച്ചതു്. യഹോവാരാധന ബാൽആരാധനയുമായി കൂട്ടിക്കുഴയ്ക്കുന്നതിനു ഇടയായി. അതുകൊണ്ടാണ് ഉത്തരയിസ്രായേൽ രാഷ്ട്രം അസീറിയായ്ക്കു അടിമയായതു് എന്നു ദൈവശാസ്ത്രജ്ഞന്മാർ വ്യാഖ്യാനിച്ചു (2 രാജാ. 17). പ്രസ്തുത പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് പുറപ്പാടു വിവരണം. അതേ പാരമ്പര്യമാണ് ആവർത്തനചരിത്രകാരനും പിന്തുടരുന്നതു്. യെരോബയാമിന്റെ പാപം ആവർത്തനചരിത്രകാരന്റെ തൂലിക അങ്ങേയററം യഹോവയോടു മത്സരമായി കരുതുന്നു. പല പ്രാവശ്യം അതു അപഹസിച്ചു എഴുതുന്നുമുണ്ടു്.

3. മനുഷ്യന്റെ സ്വഭാവത്തിൽ നിരന്തരം പ്രകടമാകുന്ന ആത്മീക മത്സരബുദ്ധി അഥവാ പാപം ദൈവശാസ്ത്രത്തിലെ മുഖ്യ പ്രശ്നമാണ്. യിസ്രായേലിന്റെ പാപം സംബന്ധിച്ചു ദൈവവും മോശെയും തമ്മിൽ ഉണ്ടാകുന്ന വാദപ്രതിവാദം ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളാണ് ഉന്നയിക്കുന്നതു് (പുറ 32.11_13; ആവ. 9.27_29; 'വിമോചകനായ ദൈവം' എന്ന ഗ്രന്ഥത്തിൽ പുറ. 32 11_13 ന്റെ വ്യാഖ്യാനം നോക്കുക). ഒരുവശത്തു പാപത്തിനെതിരെ ദൈവകോപവും ദിവ്യ ശിക്ഷാവിധിയും ഉണ്ടാകണം. യഹോവ യിസ്രായേലിനെ 'നശിപ്പിപ്പാൻ വിചാരിക്കുംവണ്ണം' യഹോവ കോപിക്കുന്നു (9.8). യിസ്രായേൽ വംശജരെ പുറംതള്ളി മോശെയുടെ വംശത്തെ സ്വന്തജനമായി തെരെഞ്ഞെടുക്കാമെന്നു ദൈവം നിർദ്ദേശിക്കുന്നു (9. 14). യഹോവയുടെ ആത്യന്തിക ലക്ഷ്യത്തിൽ സഹകാരിയായ മോശെയ്ക്കു ആ മാർഗ്ഗം ഉത്തമമായി തോന്നുന്നില്ല. പുതിയ ആയുധവും തുരുമ്പുപിടിക്കുകയില്ലേ? ഏതായാലും മോശെ യഹോവയോടു അപേക്ഷിച്ചതനുസരിച്ചു് 'ആ പ്രാവശ്യവും' (9. 19) ദൈവം യിസ്രായേലിനെ നശിപ്പിക്കുന്നില്ല. പിന്നെയും യിസ്രായേൽ പലപ്രാവശ്യം ദൈവത്തോടു മത്സരിക്കുന്നു. ഒരു മാനവസമുദായവും

ദൈവജനമായിരിപ്പാൻ യോഗ്യമല്ല, ശക്തവുമല്ല. ഈ വസ്തുതയുടെ മുമ്പിൽ ദൈവത്തിന്റെ പ്രതികരണം എന്തായിരിക്കണം? മോശെയുടെ വാദമുഖങ്ങൾ (9.26–29) ശ്രദ്ധേയമാണ്. ഒന്നാമത്തു് ദൈവം ചരിത്രം ഓർക്കും. ദൈവം തന്റെ മഹത്വംകൊണ്ടു് 'വീണ്ടെടുത്ത' ജനത്തെ നശിപ്പിക്കുമോ? ദൈവത്തെ സേവിച്ച യിസ്രായേലിന്റെ പിതാക്കന്മാരെ ദൈവത്തിനു വിസ്മരിക്കാമോ? അതു ദൈവം ലോകത്തിൽ ആദിമുതൽ ചെയ്ത പ്രവർത്തനങ്ങൾ നിരർത്ഥകവും നിഷ്ഫലവുമായി തള്ളുകയാണ്. അങ്ങനെ സ്വന്തം പൂർവ്വകാല ചരിത്രം ദൈവം നിഷേധിക്കുമോ? രണ്ടാമത്തു്, ദൈവം ജയിക്കും. യിസ്രായേലിനെ നശിപ്പിച്ചാൽ ദൈവത്തിന്റെ 'കഴിവില്ലായ്മ'യായി അതു മിസ്രയീമ്യരും മററും 'പറ'യുകയില്ലേ? അതിൽ വാസ്തവമുണ്ടല്ലോ. ലോകത്തിൽ ദൈവനാമം മഹത്വപ്പെടേണ്ടതിനു പകരം ലോകർ ദൈവത്തിന്റെ അപ്രാപ്തി ചൊല്ലി ആ നാമം അപഹസിക്കാൻ ദൈവം അനുവദിക്കുമോ? ആത്യന്തികമായി ദൈവം പരാജയപ്പെടാൻ സാദ്ധ്യമല്ല. മൂന്നാമത്തു്, ദൈവം വിശ്വസ്തൻ. ദൈവം യിസ്രായേലിനോടു് (യിസ്രായേലിൽക്കൂടി മനുഷ്യവർഗ്ഗത്തോടാകമാനവും) ചെയ്ത വാഗ്ദാനം ദൈവത്തിനു നിറവേററാതെ വിശ്വസ്തത പാലിക്കാൻ സാദ്ധ്യമല്ല. ഈ പല കാരണങ്ങളാൽ ഒരൊററ മാർഗ്ഗമേ ദൈവത്തിനു ശേഷിച്ചിട്ടുള്ളു. യിസ്രായേലിന്റെ 'അകൃത്യവും പാപവും മോചിക്കാതെ' ദൈവകൃപയിൽ അവരെ ദൈവത്തിന്റെ 'ജന'വും 'അവകാശ'വുമായി പിന്നെയും സ്വീകരിച്ചു നയിക്കുക. മോശെയുടെ ന്യായവാദം ദൈവം അംഗീകരിക്കുന്നു. 'ആ പ്രാവശ്യവും യഹോവ എന്റെ അപേക്ഷ കേട്ടു. നിന്നെ നശിപ്പിക്കാതിരിപ്പാൻ യഹോവെക്കു സമ്മതമായി' (10.10). പിന്നെയും ദൈവകല്പനകൾ പുതുക്കിഎഴുതി യിസ്രായേലിനു നല്കി ദൈവകൃപ വെളിപ്പെടുത്തി ദൈവം അവരെ നയിക്കാൻ തീരുമാനിക്കുന്നു (10 11). ദൈവകൃപ മാത്രമാണ് ലോകത്തിൽ ദൈവോദ്ദേശ്യനിവൃത്തിക്കു അടിസ്ഥാനം എന്നു വിവക്ഷ.

**10. 5. അനന്തരം ഞാൻ തിരിഞ്ഞു പർവ്വതത്തിൽ നിന്നിറങ്ങി ഞാൻ ഉണ്ടാക്കിയിരുന്ന പെട്ടകത്തിൽ പലക വെച്ചു.**

ജനങ്ങളുടെ മദ്ധ്യെ ദൈവം വസിക്കുന്നു. ഈ സത്യത്തിൻെറ ദൃശ്യ ചിഹ്നമാണ് പെട്ടകം. ദൃശ്യതയില്ലാതെ ആത്മീയ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാൻ മനുഷ്യനു അസാദ്ധ്യമാണ്. ഇവിടെ മററു മതങ്ങളെ അപേക്ഷിച്ചു രണ്ടു പ്രധാന വ്യത്യാസങ്ങളുണ്ടു്. ഒന്നു്: ദൈവം അരൂപിയായതിനാൽ ദൈവ സാദൃശ്യം പ്രകടമാക്കുന്ന രൂപമല്ല അതിൽ അടക്കം ചെയ്തിരിക്കുന്നതു്, ദൈവത്തിൻെറ 'വചനങ്ങ'ളാണ്. ദൈവരൂപമില്ലാതെ ദൈവശബ്ദത്തിനു പ്രാധാന്യം കൊടുക്കുന്ന ആവ. 4. 12 നോടു യോജിക്കുന്നു. ദൈവവചനങ്ങൾ 'അടയാളമായി നിൻെറ കൈമേൽ കെട്ടേണം; അവ നിൻെറ കണ്ണുകൾക്കു മദ്ധ്യെ പട്ടയമായി ഇരിക്കണം; അവയെ നിൻെറ കട്ടിളകളിൻമേലും പടിവാതിലുകളിലും എഴുതണം' (ആവ. 6.8_9) എന്ന കല്പനയ്ക്കു അനുയോജ്യമായി ജനങ്ങൾക്കു ഒരു പൊതു 'അടയാള'മാണ് കല്പനപ്പലക വെച്ച പെട്ടകം. രണ്ടു്: പ്രയാണം ചെയ്യുന്ന യിസ്രായേൽജനത്തോടുകൂടെ പ്രയാണം ചെയ്യുന്ന ദൈവസാന്നിദ്ധ്യത്തിൻെറ പ്രതീകമാണു് പെട്ടകം. മാത്രമല്ല, യിസ്രായേലിൻെറ പ്രയാണം നയിക്കുന്ന സാന്നിദ്ധ്യമാണു് പെട്ടകം സൂചിപ്പിക്കുന്നതു്. 'പെട്ടകം പുറപ്പെടുമ്പോൾ മോശെ: യഹോവേ, എഴുന്നേൽക്കണമെ, നിൻെറ ശത്രുക്കൾ ചിതറുകയും നിന്നെ പകെക്കുന്നവർ നിൻെറ മുമ്പിൽ നിന്നു ഓടിപ്പോകയും ചെയ്യട്ടെ എന്നു പറയും. അതു വിശ്രമിക്കുമ്പോൾ അവൻ: യഹോവേ, അനേകായിരമായ യിസ്രായേലിൻെറ അടുക്കൽ മടങ്ങി വരേണമെ എന്നു പറയും' (സംഖ്യ 10. 35_36). പരിവർത്തനത്തെ നയിക്കുന്ന ദൈവമാണു് യഹോവാ. നിശ്ചലമായ അമൂർത്തതയോ നിശ്ചലമായ മൂർത്തീകരണമോ അല്ല. യഹോവ ജനത്തിൻെറ വിശ്രമസ്ഥാനം മാത്രമല്ല, ചരിത്ര സമരങ്ങളിൽ ജനങ്ങളുടെ നായകനും കൂടെയാണു്.

10. 17. നിങ്ങളുടെ ദൈവമായ യഹോവ ദൈവാധി ദൈവവും കർത്താധി കർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാ ദൈവമല്ലോ. അവൻ മുഖം നോക്കുന്നില്ല, പ്രതിഫലം വാങ്ങുന്നതുമില്ല. അവൻ അനാഥർക്കും വിധവമാർക്കും ന്യായം നടത്തിക്കൊടുക്കുന്നു. പരദേശിയെ സ്നേഹിച്ച് അവന്നു അന്നവും വസ്ത്രവും നൽകുന്നു.
19. ആകയാൽ നിങ്ങൾ പരദേശിയെ സ്നേഹിപ്പിൻ, നിങ്ങളും മിസ്രയീം ദേശത്തു പരദേശികളായിരുന്നുവല്ലോ.

20. നിന്റെ ദൈവമായ യഹോവയെ നീ ഭയപ്പെടേണം. അവനെ സേവിക്കേണം. അവനോടു ചേർന്നിരിക്കേണം. അവന്റെ നാമത്തിൽ സത്യം ചെയ്യേണം.

21. അവൻ ആകുന്നു നിന്റെ പുകഴ്ച. അവൻ ആകുന്നു നിന്റെ ദൈവം. നീ കണ്ണാലെ കണ്ടിട്ടുള്ള മഹത്തവും ഭയങ്കരവുമായ കാര്യങ്ങളെ നിനക്കുവേണ്ടി ചെയ്തത് അവൻ തന്നെ.

യിസ്രായേലിന്റെ ജീവിതാനുഭവങ്ങളിൽ കൂടി ദൈവം അവർക്കു വെളിപ്പെടുത്തിയ ദൈവ സ്വഭാവം ചുരുങ്ങിയ വാചകങ്ങളിൽ ഈ ഭാഗം വിവരിക്കുന്നു, അതിന്റെ വെളിച്ചത്തിൽ മനുഷ്യന്റെ ജീവിതലക്ഷ്യം എന്തെന്നും. ഒന്നു്: യഹോവ 'ദൈവവും കർത്താധി കർത്താവും' ആകുന്നു. യഹോവ മനുഷ്യനല്ല, ഒരു സൃഷ്ടിയോ സൃഷ്ടികളിലെ ഏതെങ്കിലും ശക്തിയോ അല്ല. അവയ്ക്കതീതമായി അവയുടെ 'കർത്താവാ'ണു്. ലോകത്തിൽ എല്ലാ കർത്തൃത്വങ്ങൾക്കും മേൽ കർത്തൃത്വമുള്ളവൻ. 'വല്ലഭനും ഭയങ്കരനുമായ മഹാ ദൈവം' എന്ന പ്രയോഗം ദൈവത്തിന്റെ അതിശായിയത്വം വർണ്ണിക്കുന്നു. ശക്തിയിലും വിശുദ്ധിയിലും മഹാൻ. അതുകൊണ്ടു് സൃഷ്ടിയായ മനുഷ്യനു് 'ഭയം' കൂടാതെ ദൈവത്തെ ദർശിപ്പാൻ കഴികയില്ല; ആ അർത്ഥത്തിൽ ദൈവം 'ഭയങ്കരൻ' തന്നെ. ദൈവഭക്തിയിൽ സ്നേഹംപോലെ ഭയവും ഒരു പ്രധാന ഘടക

മാണ്. യെശയ്യാവിൻെറ ദൈവദർശനവും ദർശകൻെറ വെളിപ്പാടും ഇതിൽ യോജിക്കുന്നു (യെശ. 6. 1–5; വെളി. 4. 8–11) രണ്ട്: അതിശായിയായ ദൈവം 'മുഖപക്ഷ' മില്ലാത്ത നീതിയുടെ ഉറവിടം. ലോക സമൂഹങ്ങളിൽ അനാഥൻ, വിധവ, പരദേശി തുടങ്ങിയ അരക്ഷിതക്കു ന്യായവും മറ്റിതർക്കു വിമോചനവും ദൈവം നൽകുന്നു. മനുഷ്യർ ദൈവനീതി അനുകരിപ്പാൻ കടപ്പെട്ടിരിക്കുന്നു. മൂന്ന്: മനുഷ്യ ജീവിതത്തിൻെറ ജന്മസാഫല്യം ദൈവത്തെ ഭക്തിയോടാരാധിച്ച് ലോകത്തിൽ ദൈവഹിതം അനുസരിക്കുന്നതിൽ സ്ഥിതിചെയ്യുന്നു. ദൈവം മനുഷ്യൻെറ 'മഹത്വം', 'പുകഴ്ച'. വ്യക്തികളായും സമൂഹങ്ങളായും മനുഷ്യത്വത്തിൻെറ ആത്യന്തിക അർത്ഥവും അന്തവും ദൈവം തന്നെ. ഈ മൂന്നു സത്യങ്ങളാണ് പല രൂപങ്ങളിൽ ഇതേവരെ മോശെ തൻെറ പ്രഭാഷണങ്ങളിൽ വ്യക്തമാക്കിയതു്. അവ ആവർത്തന ന്യായപ്രമാണ (ആവ. 12–26അ) ത്തിൻെറ പശ്ചാത്തലം. അവയുടെ പ്രകാശത്തിലാണ് ന്യായപ്രമാണം അനർത്ഥമായി ഭേദിക്കുന്നതു്.

11.26 ഇതാ ഞാൻ ഇന്നു അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പാകെ വെയ്ക്കുന്നു.

27,28. ...ദൈവമായ യഹോവയുടെ കല്പനകൾ നിങ്ങൾ അനുസരിക്കുന്നു എങ്കിൽ അനുഗ്രഹവും നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയെ വിട്ടുമാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യ ദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നു എങ്കിൽ ശാപവും വരും.

29. നീ കൈവശമാക്കാൻ ചെല്ലുന്ന ദേശത്തു നിൻെറ ദൈവമായ യഹോവ നിന്നെ കടത്തിയ ശേഷം ഗെരിസീം മലമേൽവെച്ചു അനുഗ്രഹവും എബാൽ മലമേൽവെച്ചു ശാപവും പ്രസ്താവിക്കണം.

1. മനുഷ്യർ തെരഞ്ഞെടുക്കാനായി ദൈവം അവൻെറ മുമ്പാകെ ഭിന്നവഴികൾ വെച്ചിരിക്കുന്നതിൻെറ ഫലമാണ് മനുഷ്യസ്വാതന്ത്ര്യം. അനുഗ്രഹത്തിൻെറയും ശാപത്തിൻെറയും വഴികളാണവ. സത്യദൈവാരാധനയുടെയും ദൈവനീതിയുടെയും പാതയിൽ അനുഗ്രഹം. അന്യപാതകളിൽ ശാപം. അനുഗ്രഹം എന്ന പദത്തിനു ഈ അദ്ധ്യായത്തിൽ നൽകിയിരിക്കുന്ന നിർവ്വചനം ഭൗതിക ഐശ്വര്യം എന്നാണ്. കനാൻദേശം കൈവശമാക്കാൻ പൊരുതുന്ന പടയിൽ വിജയം (11.8, 23_25); അവിടെ ദീർഘായുസ്സ് (11.9); 'ധാന്യവും വീഞ്ഞും എണ്ണയും' കഠിനാദ്ധ്വാനം കൂടാതെ ധാരാളമായി ലഭിക്കത്തക്കവണ്ണം 'തക്കസമയത്തു ....മുൻമഴയും പിൻമഴയും'; നിലത്തു 'നാൽക്കാലികൾക്കു പുല്ല്'; ജനത്തിനു 'തൃപ്തിയാകുംവണ്ണം' തീൻ (11.14_15) ആദിയായവ. പഴയനിയമം ശരീരവും ആത്മാവും തമ്മിൽ വേർതിരിച്ചു ചിന്തിക്കുന്നില്ല; അതുപോലെ ഭൗമികവും ആത്മീകവുമായ അനുഗ്രഹങ്ങൾ തമ്മിലുള്ള വേർതിരിവും യിസ്റായേൽ ദൈവശാസ്ത്രത്തിലില്ല. അതുകൊണ്ടു് മുകളിൽ വിവരിച്ച ലൗകികാനുഗ്രഹങ്ങൾ 10.17_21 ൽ, പ്രതിപാദിച്ച ആത്മീകാനുഗ്രഹങ്ങളുടെ അണബന്ധമായിട്ടാണ് ഗ്രഹിക്കേണ്ടതു്. ദൈവഭക്തി, ദൈവനീതി, ദൈവമഹത്വം ഇവയിൽ മനുഷ്യത്വത്തിൻെറ ആത്മീയ സാക്ഷാത്ക്കാരം ഉണ്ടാകുന്നതോടൊപ്പം സാമ്പത്തിക രാഷ്ട്രീയ അഭിവൃദ്ധിയും മനുഷ്യനു് ഉണ്ടാകുമെന്നത്രെ ഇവിടെ സമർത്ഥിച്ചിരിക്കുന്നതു്. മറുവശത്തു, ദൈവശാപത്തിൽ ഭൗതികത്തകർച്ച പ്രധാന ഘടകമാണ്. അന്യദേവന്മാരെ നമസ്കരിച്ചാൽ 'മഴ പെയ്യാതിരിക്കേണ്ടതിനു അവൻ (യഹോവ) ആകാശത്തെ അടച്ചുകളയും. ഭൂമി അനുഭവം തരാതിരിക്കും'; കനാൻദേശത്തു നിന്നു അവർ 'വേഗം നശിച്ചുപോകും' (11.17). സത്യദൈവത്തിൽനിന്നു അന്യപ്പെടുക എന്നാൽ ദൈവസൃഷ്ടികളായ സമൂഹത്തിൻെറയും പ്രകൃതിയുടെയും അന്തസത്തയിൽനിന്നുംകൂടെ അന്യപ്പെടുക എന്നാണർത്ഥം. അതുകൊണ്ടു് പ്രകൃതിക്ഷോഭവും സാമൂഹ്യനാശവും ദൈവശാപത്തിലടങ്ങിയിരിക്കു

ന്നു എന്നു്. 'മലക'ളെ സാക്ഷിയാക്കിയത്രെ അനുഗ്രഹവും ശാപവും പ്രഖ്യാപിക്കപ്പെടുന്നതു്. ഭൂപ്രകൃതിയിൽനിന്നു വേറിട്ടുനില്ക്കുന്ന മനുഷ്യനില്ല; ദൈവാനുഗ്രഹവും ശാപവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെയും ഉൾക്കൊള്ളുന്നു.

2. പുതിയനിയമത്തിൽ യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പുമൂലം മനുഷ്യൻ ദൈവത്തോടു നിരക്കുക മാത്രമല്ല ചെയ്യുന്നതു്. മനുഷ്യാളത്തം ക്രിസ്തുയേശുവിൽ കേന്ദ്രീകരിക്കുന്നതോടൊപ്പം മനുഷ്യന്റെ സാമൂഹ്യബന്ധങ്ങൾ നീതിയിലും സമാധാനത്തിലും വ്യവസ്ഥ ചെയ്യപ്പെട്ടും, സർവ്വസൃഷ്ടിയും പുതുക്കപ്പെട്ടും. ദൈവവും അയല്ക്കാരനും പ്രകൃതിയുമായി സാർവ്വത്രികമായ ഒരു രമ്യതയാണു് ദൈവരാജ്യത്തിന്റെ അനുഭവം. ദൈവത്തിന്റെ വീണ്ടെടുപ്പിൽ 'ദൈവപുത്രന്മാരുടെ വെളിപ്പാ'ടും 'ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു' സൃഷ്ടിയുടെ വിടുതലും ഒരുമിച്ചുണ്ടാകുമെന്നു പൗലോസ് പ്രഖ്യാപിക്കുന്നു (റോമ. 8.19_20).

# 3. ന്യായപ്രമാണ ചട്ടങ്ങളും വിധികളും

**ആവ. 12.1_26. 15**

ന്യായപ്രമാണ നിയമങ്ങളുടെ വിശദാംശമാണ് അടുത്ത പതിനഞ്ച് അദ്ധ്യായങ്ങളിൽ ആവർത്തനപ്പുസ്തകം പ്രതിപാദിക്കുന്നത്. മതം, ഭരണക്രമം, കുടുംബം, സമൂഹം എന്നീ നാലു മേഖലകൾ അധികരിച്ചുള്ളതാണ് നിയമങ്ങൾ. അനുക്രമമായിട്ടല്ല വിഷയങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്. പല പാരമ്പര്യങ്ങൾ കൂട്ടിച്ചേർത്തതായതിനാൽ ഒരു വിഷയംതന്നെ പലയിടങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ ആവർത്തന ദൈവശാസ്ത്രജ്ഞന് സ്വാഭാവികമായ ഒരു പൊതു സമീപനമുണ്ട്. ആമുഖോപന്യാസങ്ങളിൽ ഈ പൊതു സമീപനം ചർച്ച ചെയ്തുകഴിഞ്ഞു. ക്രിസ്തീയ വിശ്വാസത്തിന്റെയും ആധുനിക സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെയും പ്രകാശത്തിൽ അവ വിലയിരുത്തുകയും ചെയ്തു. അവ ആവർത്തിക്കേണ്ട ആവശ്യമില്ല. സ്ഥലപരിമിതി നിമിത്തം വിശദമായ വാക്യം പ്രതി വാക്യ വ്യാഖ്യാനത്തിനും മുതിരുന്നില്ല. ആവർത്തന ന്യായപ്രമാണത്തിലെ പ്രത്യേകം ചില നിയമങ്ങളും നിയമഭേദഗതികളുമാണ് നമ്മുടെ ശ്രദ്ധ അർഹിക്കുന്നത്.

## i മതാചാരനിയമങ്ങൾ

**(ആവ. 12. 1_17. 7).**

12.4 നിങ്ങളുടെ ദൈവമായ യഹോവയെ ആ വിധത്തിൽ സേവിക്കേണ്ടതല്ല.

5. നിങ്ങളുടെ ദൈവമായ യഹോവാ തൻെറ നാമം സ്ഥാ
പിക്കേണ്ടതിനു നിങ്ങളുടെ സകല ഗോത്രങ്ങളിലുംവെ
ച്ചു തെരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങാം തിരുനിവാ
സ സന്ദർശനത്തിനായി ചെല്ലണം.

6. അവിടെതന്നെ നിങ്ങളുടെ ഹോമയാഗങ്ങാം, ഹനന
യാഗങ്ങാം, ദശാംശങ്ങാം, നിങ്ങളുടെ കയ്യിലെ ഉദർച്ചാർ
പ്പണങ്ങാം, നിങ്ങളുടെ നേർച്ചകാം, സ്വമേധാദാനങ്ങാം,
നിങ്ങളുടെ ആടുമാടുകളുടെ കടിഞ്ഞൂലുകാം എന്നി
വയെ നിങ്ങാം കൊണ്ടുചെല്ലണം. അവിടെ....

11. ....നിങ്ങളുടെ ദൈവമായ യഹോവ തൻെറ നാമം
സ്ഥാപിപ്പാൻ തെരഞ്ഞെടുക്കുന്ന സ്ഥലത്തു....

13. നിനക്കു ബോധിക്കുന്നേടത്തൊക്കെയും നിൻെറ
ഹോമയാഗങ്ങാം കഴിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊാംക·

14. യഹോവ നിൻെറ ഗോത്രങ്ങളിൽ ഒന്നിൽ തെരഞ്ഞെ
ടുക്കുന്ന സ്ഥലത്തു നീ നിൻെറ ഹോമയാഗങ്ങാം കഴി
ക്കണം.

18. അവയെ നിൻെറ ദൈവമായ യഹോവ തെരഞ്ഞെടു
ക്കുന്ന സ്ഥലത്തു...

21. നിൻെറ ദൈവമായ യഹോവ തൻെറ നാമം സ്ഥാ
പിപ്പാൻ തെരഞ്ഞെടുക്കുന്ന സ്ഥലം...

26. നിൻെറ പക്കലുള്ള വിശുദ്ധ വസ്തുക്കളും നി
ൻെറ നേർച്ചകളും മാത്രം നീ എടുത്തുകൊണ്ടു യഹോ
വ തെരഞ്ഞെടുക്കുന്ന സ്ഥലത്തേക്കു പോകണം. അ
വിടെ...

31. നിൻെറ ദൈവമായ യഹോവയെ അങ്ങനെ സേവി
ക്കേണ്ടതല്ല. യഹോവ വെറുക്കുന്ന സകല മ്ലേച്ഛത
യും അവർ തങ്ങളുടെ ദേവപൂജയിൽ ചെയ്തു തങ്ങ
ളുടെ പുത്രീപുത്രൻമാരെപ്പോലും അവർ തങ്ങളുടെ ദേ
വൻമാർക്കു അഗ്നിപ്രവേശം ചെയ്യിച്ചുവല്ലോ.

1. ആവർത്തനപ്പുസ്തകത്തിൽ ഈ ഭാഗത്തും മററുഭാഗങ്ങളിലും (ആവ. 14.23_25; 15.20; 16.2, 5_7, 11, 16 കാണുക). ഉറപ്പിക്കുന്ന കാര്യം യിസ്ററായേൽ ജനത്തിൻെറ ആരാധനകളും മതാചാരങ്ങളും 'യഹോവ തെരഞ്ഞെടുക്കുന്ന' ഒരൊററ 'സ്ഥലം' കേന്ദ്രമാക്കിയിരിക്കണമെന്നത്രെ. യോശിയാരാജാവിൻെറ നവീകരണം നടപ്പാക്കിയ പ്രധാനനിയമം ഇതാണ്. യിസ്ററായേലിൻെറ എല്ലാ മതകർമ്മാനുഷ്ഠാനങ്ങളും യാഗങ്ങളും സ്തോത്രശുശ്രൂഷകളും നേർച്ചകളും പെരുനാളുകളും മതപരമായി പ്രാധാന്യമുള്ള കുടുംബയോഗങ്ങളും യെരുശലേം ദേവാലയത്തിൽ ആയിരിക്കണമെന്നായിരുന്നു യോശീയായുടെ അനുശാസനം. യെരുശലേമാണ് ദൈവം തെരഞ്ഞെടുത്ത സ്ഥലമെന്നു ഈ വേദഭാഗത്തു പ്രസ്താവമില്ല. മോശെ മോവാബ് ദേശത്തുവച്ചു യിസ്ററായേൽ ജനത്തിനു നല്കിയ നിയമം എന്ന നിലയ്ക്കു സ്ഥലനാമം പ്രസക്തമല്ലല്ലോ. ദാവീദിൻെറ രാജധാനിയും ദാവീദിനോടു ദൈവം ചെയ്ത ഉടമ്പടിയും ആസ്ഥാനവും ശലോമോൻ ദേവാലയം പണിയുന്നതിനു ദൈവംതന്നെ തെരഞ്ഞെടുത്ത സ്ഥലവും യെരുശലേമായിരുന്നതിനാൽ യെരുശലേം ഈ നിയമത്തിലെ ദൈവം തെരഞ്ഞെടുത്ത സ്ഥലമായി തീരുമാനിച്ചതു് സ്വാഭാവികം മാത്രമാണ്. ഈ കേന്ദ്രീകരണത്തിൻെറ ഉദ്ദേശ്യം വ്യക്തമാണ്. കനാനിൽ യിസ്ററായേൽ പല സ്ഥലങ്ങളിലും യഹോവാരാധന നടത്തിയപ്പോൾ ബാൽദേവപൂജയുമായി അവരുടെ ആരാധന കൂട്ടിക്കുഴഞ്ഞുപോയി, 'ഉയർന്ന പർവ്വതങ്ങളിന്മേലും, കുന്നുകളിന്മേലും എല്ലാ പച്ചമരത്തിൻ കീഴിലും' (12.2) കനാന്യജനങ്ങൾ അവരുടെ ബാൽപൂജ നടത്തി. യഹോവാമതവും ബാൽമതവും ചേർന്നു ചില സങ്കരങ്ങളും ഉണ്ടായി. യഹോവാരാധന പലപ്പോഴും ബാൽപൂജയുടെ രൂപം പ്രാപിച്ചു. അന്യദേവപൂജയിൽ വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. ദേവപ്രസാദത്തിനായി 'പുത്രീപുത്രന്മാ'രെ അഗ്നിപ്രവേശം ചെയ്യിച്ചു നരബലിയും നടത്തി. 'യഹോവയെ ആ വിധത്തിൽ സേവിക്കേണ്ടതല്ല' (12.4,31). യഹോവാമത

ത്തിന്നു ഇവയൊക്കെ 'മ്ലേച്ഛത' യാണ് (12.31). ഈ പൂജാ'സ്ഥലങ്ങളൊക്കെയും' (12.2) നശിപ്പിച്ചു മതകർമ്മാനുഷ്ഠാനങ്ങൾ ഒരു സ്ഥലത്തു ആയാൽ ജനങ്ങളുടെ മതാചാരങ്ങൾ നിയന്ത്രിച്ചു ശുദ്ധീകരിക്കാൻ കഴിയും.

2. യിസ്രായേൽ ജനതയുടെ ആരാധനാ'സ്ഥലം' ഏകമായിരിക്കണമെന്ന നിയമം വേദപുസ്തകത്തിലെ മററു നിയമാവലികളിലില്ല. 'ഞാൻ എൻെറ നാമത്തിൻെറ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിൻെറ അടുക്കൽവന്നു നിന്നെ അനുഗ്രഹിക്കും' എന്നത്രെ JE രേഖ (പുറ. 20. 24). ആരാധന യെരൂശലേമിൽ കേന്ദ്രീകരിച്ചതോടെ രണ്ടു പ്രധാന പ്രശ്നങ്ങൾ പൊന്തിവന്നു. ഒന്നു്: വിവിധ ആരാധനാകേന്ദ്രങ്ങളിൽ ശുശ്രൂഷ ചെയ്തുപോന്ന ലേവ്യാ പുരോഹിതന്മാർക്കു ജീവസന്ധാരണമാർഗ്ഗം നഷ്ടപ്പെട്ടു. അതുകൊണ്ടാണു് അവരെ സാമ്പത്തിക അരക്ഷിതത്വംമൂലം വിഷമിക്കുന്നവരെപ്പോലെ പരിഗണിച്ചു് ജനങ്ങളുടെ ദാനധർമ്മങ്ങളുടെ അംശികളാക്കണമെന്ന നിയമം ഉളവായതു് (12. 12, 18_19; 14. 27, 29). രണ്ടു്: ആരാധന വികേന്ദ്രീകരിച്ചിരുന്ന കാലത്തു് ആടുമാടുകളെ കൊല്ലുന്നതെല്ലാം യഹോവക്കു യാഗമായി മതകർമ്മമായിട്ടായിരുന്നു; ഇറച്ചി അവർ ഭക്ഷിച്ചും പോന്നു. യാഗങ്ങൾ യെരൂശലേമിൽ മാത്രം ആയിത്തീർന്നതോടെ അതു സാദ്ധ്യമല്ല. അതുകൊണ്ടു് മൃഗങ്ങളെ യാഗത്തിന്നു കൊല്ലേണ്ടതുമാത്രം കേന്ദ്രസ്ഥാനത്തുവെച്ചു് (12. 27); മാംസം ഭക്ഷിക്കാൻ മൃഗങ്ങളെ എവിടെവെച്ചും കൊല്ലാം, ശുദ്ധിയില്ലാത്ത മൃഗങ്ങൾ, രക്തം ഇവ ഭക്ഷിക്കാതിരിക്കണമെന്ന വ്യവസ്ഥ പാലിക്കണമെന്നേയുള്ളു (12 .15, 20_23). അങ്ങനെ ദൈനംദിന ജീവിതത്തിലെ ചില കാര്യങ്ങൾ മതേതര മേഖലയിലേക്കു മാറുന്നു.

3. ക്രൈസ്തവസഭക്കു് ആരാധനയുടെ കേന്ദ്രം ഒരു 'സ്ഥല'മല്ല, ഒരു 'ആൾ' അത്രെ—ദൈവവും മനുഷ്യനുമായ യേശുക്രിസ്തു. യേശു യെരൂശലേം ദേവാലയവും അ

തിലെ യാഗങ്ങളും സ്വന്തം ക്രൂശിലെ യാഗത്തിൽ പൂർത്തീകരിച്ചു നീക്കിക്കളഞ്ഞു. അതിനാൽ യേശുക്രിസ്തുവിൽ ക്രിസ്തീയാരാധന കേന്ദ്രീകരിക്കപ്പെടുന്നു. ഏതു സ്ഥലത്തു ആരാധന നടത്തിയാലും ആ ഏക ആത്മീയ കേന്ദ്രത്തിലായിരിക്കണം. വേദപുസ്തകവും അതിലടിസ്ഥാനപ്പെട്ട വിശ്വാസപ്രമാണങ്ങളും കുർബ്ബാന ശുശ്രൂഷയിലെ സ്ഥാപനവാചക രൂപങ്ങളും എല്ലാം ആ കേന്ദ്രം സംരക്ഷിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടതാണ്.

13. 2, 3. നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേററു, നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്നു പറഞ്ഞുകൊണ്ട് ഒരടയാളമോ അത്ഭുതമോ മുന്നറിയിക്കയും. അവർ പറഞ്ഞ അടയാളമോ അത്ഭുതമോ സംഭവിക്കയും ചെയ്താൽ ആ പ്രവാചകൻെറയോ സ്വപ്നക്കാരൻെറയോ വാക്കു നീ കേട്ടനുസരിക്കരുത്....

8, 9. നീയോ നിൻെറ പിതാക്കൻമാരോ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്നു നിൻെറ അമ്മയുടെ മകനായ നിൻെറ സഹോദരനോ നിൻെറ മകനോ മകളോ നിൻെറ മാർവ്വിടത്തിലുള്ള ഭാര്യയോ നിൻെറ പ്രാണസ്നേഹിതനോ രഹസ്യമായിപ്പറഞ്ഞു നിന്നെ വശീകരിപ്പാൻ നോക്കിയാൽ അവനോടു യോജിക്കയോ അവൻെറ വാക്കു കേൾക്കുകയോ ചെയ്യരുത്.

13. 16. നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്കണമെന്നു പറയുന്ന നീചൻമാർ തങ്ങളുടെ പട്ടണത്തിലെ നിവാസികളെ വശീകരിച്ചിരിക്കുന്നു...എങ്കിൽ നീ ആ പട്ടണത്തിലെ നിവാസികളെ... കൊന്നു അതിലുള്ളതൊക്കെയും ... ശപഥാർപ്പിതമായി സംഹരിക്കണം.

1. യഹോവയായ ദൈവത്തെ അല്ലാതെ അന്യദൈവങ്ങളെ നമസ്കരിക്കരുതു് എന്ന കല്പനയാണ് യിസ്രാ

യേലിനു പരമപ്രധാനം. മതം, കുടുംബം, നഗരജീവിതം എന്നീ മൂന്നു ജീവിതമേഖലകളെ അതെങ്ങനെ ബാധിക്കുന്നു എന്നു് ഇവിടെ വ്യക്തമാക്കുന്നു. ഏതു മതബോധവും ആത്മീയാധികാരവും വിലയിരുത്താൻ ഒരൊററ മാനദണ്ഡമാണുള്ളതു്. പ്രവാചകന്മാരും ദർശകരും 'അടയാളമോ അത്ഭുതമോ' പ്രവർത്തിച്ചു എന്നുവരാം; അവരുടെ 'മുന്നറിയിപ്പു' പ്രകാരം ചരിത്രസംഭവങ്ങൾ നടന്നു എന്നും വരാം. എന്നാൽ അതു് അവർ സത്യപ്രവാചകരും ദർശകരുമാണെന്നതിനു തെളിവാകയില്ല. അതെല്ലാം ഉണ്ടെങ്കിലും അവർ യഹോവയെ വിട്ടു് അന്യദൈവങ്ങളെ സേവിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിച്ചാൽ അവർ അസത്യം പ്രചരിപ്പിക്കുന്ന 'ദോഷം' തന്നെ. യഹോവയെ മാത്രം ആരാധിക്കുന്നോ ഇല്ലയോ എന്നതാണു് എല്ലാററിനും അളവുകോൽ. കുടുംബജീവിതത്തിലും സഖിത്വബന്ധങ്ങളിലും സ്നേഹം ഏററം വിലയുള്ളതുതന്നെ. എന്നാൽ യഥാർത്ഥ സ്നേഹം അടിസ്ഥാനപ്പെട്ടിരിക്കുന്നതു് യഹോവാഭക്തിയിലാണു്. അതുകൊണ്ടു് യഹോവയുടെ സേവയിൽനിന്നു അന്യദേവസേവയ്ക്കു പ്രേരിപ്പിക്കുന്ന സ്നേഹം സത്യസ്നേഹമല്ല. അതു നിഷിദ്ധമാണു്. യേശുവും പറയുന്നു: 'ആരെങ്കിലും സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും സഹോദരന്മാരെയും സഹോദരികളെയും എന്നല്ല സ്വജീവനെത്തന്നെയും വെറുക്കാതെ എൻെറ അടുക്കൽ വരുന്നെങ്കിൽ എൻെറ ശിഷ്യനായിരിക്കാൻ സാധിക്കയില്ല' (ലൂക്കോ 14 26, poc തർജ്ജമ). സാമൂഹ്യ വ്യവസ്ഥിതികളുടെ അടിത്തറയും യഹോവഭക്തിയാണു്. അതുകൊണ്ടു് ഏതെങ്കിലും ഗ്രാമമോ പട്ടണമോ യഹോവയെ വിട്ടു അന്യദേവന്മാരെ സേവിക്കണമെന്നു പറയുന്ന 'നീചന്മാ'രുടെ വാക്കു ശ്രവിച്ചു് അവരുടെ പിന്നാലെ പോയാൽ ആ സമൂഹത്തിനു നിലനില്ക്കാൻ അവകാശമില്ല.

2. അന്യദേവന്മാരെ സേവിക്കുന്നതിനു പ്രേരിപ്പിക്കുന്ന പ്രവാചകന്മാരോടും കുടുംബാംഗങ്ങളോടും സ്നേഹിത

രോടും അത്തരം പ്രേരണയ്ക്കു വശംവദരാകുന്ന സമൂഹങ്ങളോടും യഹോവാ സംഹാരരുദ്രനായിട്ടാണ് ഈ അദ്ധ്യായത്തിൽ പ്രത്യക്ഷപ്പെടുന്നതു്. പാപത്തിനെതിരെ ദൈവകോപം ഉണ്ടെന്നതു് സത്യംതന്നെ, യിസ്രായേൽ ജനത വിഗ്രഹാരാധനയ്ക്കുള്ള പ്രേരണകളോടും പ്രവണതകളോടും സമരംചെയ്യേണ്ടതു അവരുടെ ആത്മീയതയുടെ ആരോഗ്യകരമായ വളർച്ചയ്ക്കു ആവശ്യവുമാണ്. ഏതു മതസമുദായത്തിനും ഏതുകാലത്തും ഉഗ്രശിക്ഷണം കൂടാതെ പുരോഗതി സാദ്ധ്യമല്ല, യഹോവാമതത്തിന്റെ പരിശുദ്ധി സംരക്ഷിക്കാൻ ഇവിടെ അനുശാസിക്കുന്ന യിസ്രായേലിന്റെ ശിക്ഷണം വളരെ കർക്കശമാണ്. അതു് അവർക്കു ലഭിച്ച വെളിപ്പാടിന്റെ നിലവാരത്തിനും ദൈവബോധത്തിനും അനുയോജ്യമായിരുന്നു. വിഗ്രഹാരാധനക്കാരെയും വിഗ്രഹാരാധനയ്ക്കു പ്രേരിപ്പിക്കുന്നവരെയും 'കൊന്നു' ദോഷം നീക്കിക്കളയാനാണു് ന്യായപ്രമാണം കല്പിക്കുന്നതു്. മതതീക്ഷ്ണതതന്നെ ഒരുതരം വിഗ്രഹരൂപം പ്രാപിക്കയാണിവിടെ. ഈ ന്യായപ്രമാണവും അതിലെ വിധികളും ചട്ടങ്ങളും വിലയിരുത്തുന്നതിനു് ഇന്നു നമ്മുടെ മാനദണ്ഡം കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശാണു്. അവിടെ പാപത്തോടു ക്രോധവും പാപിയോടു കൃപയും ഒരുമിച്ചു വരുന്നു, ക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്റെ ദീർഘക്ഷമ ക്രിസ്തുവിനെ ക്രൂശിച്ച മനുഷ്യരുടെ സ്വാതന്ത്ര്യംപോലും അങ്ങേയററം ആദരിക്കുന്നു.

3. ക്രൈസ്തവസഭയിൽ ധാർമ്മികരോഷത്തിനും ശിക്ഷണത്തിനും സ്ഥാനമുണ്ടു്. ദുർമ്മാർഗ്ഗത്തിൽ ജീവിക്കുന്ന സഭാംഗത്തെ ഭ്രഷ്ടാക്കണമെന്നു പൗലോസ് കൊരിന്ത്യസഭയെ ഉപദേശിക്കുന്നു. അപ്രകാരം ചെയ്യുമ്പോഠം 'ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ' (1കൊരി. 5 13) എന്നാണു് പൗലോസ് എഴുതുന്നതു്. 'അങ്ങനെ നിന്റെ മദ്ധ്യേനിന്നു ദോഷം നീക്കിക്കളയണം' (13. 6) എന്ന ആവർത്തനനിയമം ആവർത്തിക്കുന്ന വാക്യം പൗലോസ് ഉദ്ധരിക്കയായിരിക്കണം. എ

ന്നാൽ പൗലോസ് നിർദ്ദേശിക്കുന്ന സഭാദൃഷ്ട് സഭയുടെ ധാർമ്മിക നിലവാരം പുലർത്തുകമാത്രമല്ല ദുർമ്മാർഗ്ഗിയുടെ നന്മയും ലാക്കാക്കിയുള്ളതാണ് (1 കൊരി 5.4–5).

14.1 ... മരിച്ചവനുവേണ്ടി നിങ്ങളെ മുറിവേൽപിക്കയോ നിങ്ങൾക്കു മുൻകഷണ്ടിയുണ്ടാക്കുകയോ ചെയ്യരുത്.
3. മ്ലേച്ഛമായ യാതൊന്നിനെയും തിന്നരുത്....

22,23, ആണ്ടുതോറും ... നീ നിന്റെ ധാന്യത്തിന്റെയും വീഞ്ഞിന്റെയും എണ്ണയുടെയും ദശാംശവും നിന്റെ ആടുമാടുകളുടെ കടിഞ്ഞൂലുകളെയും അവന്റെ സന്നിധിയിൽവെച്ചു തിന്നണം.

24. ....നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ വെച്ചു തിന്ന് നീയും നിന്റെ കുടുംബവും സന്തോഷിക്കണം.

28. മൂന്ന് ആണ്ടുകൂടുമ്പോൾ മൂന്നാം സംവത്സരത്തിൽ നിനക്കുള്ള വിളവിന്റെ ദശാംശം ഒക്കെയും വേർതിരിച്ചു സംഗ്രഹിക്കണം.... ലേവ്യനും നിന്റെ പട്ടണങ്ങളിലുള്ള പരദേശിയും അനാഥനും വിധവയും വന്നു തൃപ്തരാകണം.

1. മരിച്ചവരെ ചൊല്ലി കനാന്യ സമൂഹങ്ങളുടെ ആചാരങ്ങൾ അനുഷ്ഠിക്കാൻ ഇടയാകരുത്. യിസ്രായേലിന്ന ആഹരിക്കാൻ അനുവദിച്ചിരിക്കുന്ന 'ശുദ്ധി'യുള്ള മാംസവും വിലക്കിയിരിക്കുന്ന 'അശുദ്ധ' മാംസവും സംബന്ധിച്ച പട്ടിക ലേവ്യ 11.2–23 ലേതുതന്നെയാണ്. കനാന്യജനങ്ങൾ അവരുടെ യാഗങ്ങളിൽ സാധാരണ അർപ്പിച്ച മൃഗങ്ങളായിരിക്കാം അശുദ്ധമായി തള്ളിക്കളഞ്ഞിരിക്കുന്നത്. ഭക്ഷണ കാര്യങ്ങളോടുബന്ധിച്ച ശുദ്ധിയും അശുദ്ധിയും ഇവിടെ ധാർമ്മികമല്ല, ഭാരതത്തിലെ ജാതിക്കെട്ടിലെപ്പോലെ ഔപചാരിക ആചാരങ്ങളിൽ അടിസ്ഥാനപ്പെട്ടതാണ്. ഈ ആചാരങ്ങളിൽ അന്തർലീനമായ വിശുദ്ധി, അശുദ്ധി തരംതി

റിവ് യേശു തിരസ്കരിക്കുന്നു. പകരം ധാർമ്മിക വിശുദ്ധിയാണ് യേശു അനുശാസിക്കുന്നത്. 'പുറത്തുനിന്നു മനുഷ്യൻെറ അകത്തുചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ? അതു അവൻെറ ഹൃദയത്തിലല്ല വയറ്റിലത്രെ ചെല്ലുന്നതു്. പിന്നെ മറപ്പുരയിലേക്കു പോകുന്നു. ഇങ്ങനെ സകല ഭോജ്യങ്ങൾക്കും ശുദ്ധി വരുത്തുന്നു എന്നു പറഞ്ഞു. മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധമാക്കുന്നതു്. അകത്തു മനുഷ്യരുടെ ഹൃദയത്തിൽനിന്നുതന്നെ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത. ചതി, ദുഷ്കർമ്മം, വിടക്കുകണ്ണു്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു് മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും അവൻ പറഞ്ഞു' (മക്കൊ. 7.18_23). പത്രൊസിനോടു ദർശനത്തിൽ ദൈവം ആവശ്യപ്പെടുന്നതു് 'സകലവിധ' ജന്തുക്കളെയും 'അറുത്തു തിന്നാ'നാണു്. കാരണം, 'ദൈവം ശുദ്ധീകരിച്ചതു നീ മലിനമെന്നു വിചാരിക്കരുതു്'. യിസ്രായേലിനു അശുദ്ധഭക്ഷണം ഭുജിക്കുന്ന ഇതരജനങ്ങൾ മ്ലേച്ഛരായിരുന്നല്ലോ. ആ സമീപനം തികച്ചും അബദ്ധമാണെന്നു ദൈവം സ്പഷ്ടമാക്കുന്നു (അപ്പോ പ്ര. 10.11_16).

2. കുടുംബമായിരുന്നു യിസ്രായേൽ സഭയുടെ അടിസ്ഥാന ഘടകം. 'ഞാനും എൻെറ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും' (യോശുവാ 24.15) എന്ന യോശുവായുടെ വാക്കുകൾ അന്വർത്ഥമാണു്. കുടുംബാചാരങ്ങളിലൂടെയാണു് പുതിയ തലമുറയ്ക്കു യഹോവയുടെ വിമോചനം സംബന്ധിച്ച ബോധനം യിസ്രായേൽ ജനം നൽകിയതു് (6.20). കുടുംബജീവിതത്തിലാണു് യഹോവ യഥാർത്ഥമായിരുന്നതു്. 'നീയും നിൻെറ കുടുംബവും'. കുടുംബമായി സ്തോത്രശുശ്രൂഷയും സന്തോഷവുമാണു് ഈ വേദഭാഗത്തു ന്യായപ്രമാണം നിയമിച്ചിരിക്കുന്നതു്. കുടുംബമായി അവർക്കു യഹോവ

നൽകിയ ധാന്യത്തിലും ആടുമാടുകളിലും ദശാംശം സം ഗ്രഹിച്ചുവെച്ച്, അതുംകൊണ്ടു ആണ്ടുതോറും സ്തോത്രശ്രു ശ്രൂഷയും ഭോജനപ്പാർട്ടീയും നടത്തി ആനന്ദിക്കുന്നതി നായി യെരുശലേം ദേവാലയത്തിൽ പോകണം. യെ രുശലേം ദൂരെയാണെങ്കിൽ അവ വിററു പണമാക്കി ക്കൊണ്ടു പോകയും യെരുശലേമിൽ 'ആടോ വീഞ്ഞോ മദ്യമോ' വിലകൊടുത്തുവാങ്ങി 'നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു തിന്നു നീയും നി ന്റെ കുടുംബവും സന്തോഷിക്കണം.' (26). ക്രിസ്തീയ സഭയിലെ സ്തോത്രശ്രുശ്രൂഷയായ കുർബ്ബാനയിൽ അപ്പ വും വീഞ്ഞും ഭുജിച്ചാണു് നാം ദൈവത്തിനു സ്തോത്രം ചെയ്യുന്നതു്. പൗലൊസിന്റെ ലേഖനങ്ങളിൽ ക്രിസ്തീ യ വിശ്വാസി നിരന്തരം സ്തോത്രം ചെയ്യുകയും സന്തോ ഷിക്കയും വേണമെന്ന പ്രസ്താവന പലയിടങ്ങളിലുമു ണ്ടു്. 'വീഞ്ഞു കുടിച്ചു മത്തരാകാതെ ആത്മാവു നിറ ഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീ ക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു് എല്ലായ്പ്പോഴും എല്ലാ ററിനുംവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ' (എഫെ. 5.19_20). 'കർത്താവിൽ സന്തോഷിപ്പിൻ .... കർത്താ വിൽ എപ്പോഴും സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെ യും, പറയുന്നു' (ഫിലി 3.1; 4.4)

3. മൂന്നാം ആണ്ടിൽ ദശാംശം അശരണരായ പരദേശി, അനാഥൻ, വിധവ എന്നിവർ തിന്നു സന്തോഷിച്ചു തൃപ്ത രാകത്തക്കവണ്ണം ഓരോ പട്ടണത്തിലും അവർക്കു വിഭാ ഗിച്ചു കൊടുക്കണം. ഒരു കുടുംബത്തിന്റെ സന്തോഷ ത്തിൽ അവർ അയല്ക്കാരെ വിസ്മരിക്കരുതു്. പ്രത്യേകി ച്ചു പാവങ്ങളെ.

4. ദശാംശം സംബന്ധിച്ച വേദപുസ്തകത്തിൽ ഏററവും ആദ്യത്തെ ചട്ടങ്ങളാണിവിടെ കൊടുത്തിരിക്കുന്നതു്.

പില്ക്കാലത്തെ നിയമമനുസരിച്ച് (സംഖ്യാ 18. 21–32; ലേവ്യാ 27. 30–33). ദശാംശം ലേവ്യർക്കുള്ളതാണ്. ദശാംശം ലാഘവത്വം പ്രാപിച്ച് കേവലം ഒരു ചടങ്ങായി നിരർത്ഥകമാകാമെന്നു യേശുക്രിസ്തു പ്രസ്താവിക്കുന്നതു് ഈ തരുണത്തിൽ സ്മരണീയമാണ്. 'തുളസി, ചതകുപ്പ, ജീരകം എന്നിവയുടെ ദശാംശം കൊടുക്കയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കരുണ, വിശ്വസ്തത എന്നിവ അവഗണിക്കയും ചെയ്യുന്ന' പരീശരെ യേശു ശാസിക്കുന്നു (മത്താ. 23. **23 p o c** തർജ്ജമ. ലൂക്കോ. 11. 42)

15.1 ഏഴേഴു ആണ്ടു കൂടുമ്പോഴും നീ ഒരു വിമോചനം ആചരിക്കണം.

2. വിമോചനത്തിന്റെ ക്രമം എന്തെന്നാൽ: കൂട്ടുകാരനു വായിപ്പ കൊടുത്തവനെല്ലാം അതു ഇളച്ചു കൊടുക്കണം
4. ദരിദ്രൻ നിങ്ങളുടെ ഇടയിൽ ഉണ്ടാകയില്ല താനും

6. .... നീ അനേക ജാതികൾക്കു വായിപ്പ കൊടുക്കും എന്നാൽ നീ വായിപ്പ വാങ്ങുകയില്ല.
7,8. ദരിദ്രനായ സഹോദരൻ നിങ്ങളുടെ ഇടയിൽ ഉണ്ടെങ്കിൽ ... നിന്റെ കൈ അവനുവേണ്ടി തുറന്നു അവനു വന്ന ബുദ്ധിമുട്ടിനു ആവശ്യമായതു വായിപ്പ കൊടുക്കണം.

10. നീ അവനു കൊടുത്തേ മതിയാവൂ. കൊടുക്കുമ്പോൾ ഹൃദയത്തിൽ വ്യസനം തോന്നരുത്.
11. ദരിദ്രൻ ദേശത്തു അററുപോകയില്ല.

1. വിമോചന സംവത്സരമാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദന വിഷയം. മതാചാര നിയമങ്ങളുടെ കൂട്ടത്തിൽ അതു ചേർത്തിരിക്കുന്നതു് ശ്രദ്ധേയമാണ് സാഹോദര്യം തനിയാത്മീയ മേഖലയിൽ മാത്രം ഒതുക്കി നിർത്തേണ്ട ഒരു കേവല വികാരമല്ല, അതു ഭൗതിക ജീവിതത്തിൽ പ്രകടമാകണമെന്നു ന്യായപ്രമാണം നിർബ്ബ

ന്ധിക്കുന്നു. ദാരിദ്ര്യം ഒരു ആത്മീയ പ്രശ്നമായിത്തന്നെ യിസ്രായേൽ സഭ വ്യാഖ്യാനിക്കുന്നു. ദാരിദ്ര്യവും അടിമത്തവും യഹോവയ്ക്കു എതിരായ സാമൂഹ്യ പാപമാണെന്നും അവ നീക്കുന്നതിനു യഹോവയുടെ ജനം ജാഗരൂകരായിരിക്കണമെന്നും അത്രെ അടിസ്ഥാന സമീപനം. ഈ സമീപനം ക്രൈസ്തവ സഭയ്ക്കു ഇന്നു ഭാരതത്തിൽ വിശേഷാൽ പ്രസക്തമാണ്.

2. യിസ്രായേൽ ജനത്തിൻെറ ഇടയിൽ സാഹോദര്യ ബന്ധം പുലർത്തുന്ന സാമ്പത്തിക വ്യവസ്ഥകളാണ് ഈ ഭാഗത്തുള്ളതു്. ഒന്നാമതു് ദരിദ്രരായ യിസ്രായേല്യർക്കു തിരികെ തൊഴിൽ ചെയ്തു സ്വന്തം കാലിൽ നില്ക്കത്തക്കവണ്ണം ധനികർ പണം കടം കൊടുത്തു സഹായിക്കണമെന്നു ന്യായപ്രമാണം നിർബ്ബന്ധിക്കുന്നു; ഏഴേഴു വർഷം കൂടുമ്പോഴും കടനിവാരണം പ്രഖ്യാപിച്ചു കടഭാരം തീർക്കയും വേണം. വിമോചന സംവത്സരം സമീപമായതുകൊണ്ടു് ആവശ്യക്കാർക്കു വായ്പ കൊടുക്കാതിരിക്കയുമരുതു്. നിലവിലിരിക്കുന്ന സാമൂഹ്യ വ്യവസ്ഥിതികളിൽ ദരിദ്രരെ കരകയററുന്നതിനു ദാനധർമ്മങ്ങളെക്കാളും പലിശ കുറഞ്ഞ കടവായ്പയാണ് കൂടുതൽ സഹായകരമെന്നു് ഇന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. (സാഹോദര്യത്തിനു് യിസ്രായേലിൽ പരിധിയുണ്ടായിരുന്നു. ഇതര ജാതിയിൽപ്പെട്ടവർക്കും ഇതര രാജ്യക്കാർക്കും പലിശയ്ക്കു വായ്പ കൊടുക്കയും 'ബുദ്ധിമുട്ടി'ച്ചു അവരിൽനിന്നു അതു തിരികെ ഈടാക്കുകയും ചെയ്യുന്നതിനു നിയമം വിരോധിക്കുന്നില്ല).

3. ദാരിദ്ര്യത്തോടു രണ്ടു സമീപനങ്ങളാണ് ഈ വേദഭാഗത്തു കാണുന്നതു്. ഒന്നു്: സാഹോദര്യ നീതി സാമ്പത്തിക ഘടനയിൽ പ്രകടമാക്കി ദാരിദ്ര്യം നിശ്ശേഷം നീക്കി സകലർക്കും സമൃദ്ധിയായി ജീവിക്കാൻ സാധിക്കുന്ന ഒരു നില ഉണ്ടാക്കുക. 'ദരിദ്രൻ നിങ്ങളുടെ ഇടയിൽ ഉണ്ടാകയില്ലതാനും'. സാമ്പത്തിക ഘടന അങ്ങനെ നീതിപൂർവ്വമാക്കി ദാരിദ്ര്യം ഉച്ചാടനം ചെയ്യുകയാ

ണ് സമൂഹത്തിന്റെ ലക്ഷ്യമായിരിക്കേണ്ടത്. നിയമനിർമ്മാണവും ജനപ്രക്ഷോഭണവും ഒരുമിച്ചു നീങ്ങിയാൽ കാർഷീക വ്യാവസായിക ബന്ധങ്ങൾ പൂർവ്വാധികം നീതിപൂർവ്വമാക്കാമെന്നു കേരളത്തിൽ ഭൂനിയമങ്ങൾ നടപ്പാക്കിയതിലൂടെ തെളിയിക്കപ്പെട്ടു. എന്നാൽ അതിനു ക്രൈസ്തവ സഭയുടെ ആത്മീയ പിന്തുണ വേണ്ടപോലെ ഉണ്ടായിരുന്നില്ല. ആത്മീയത്വം ലോകത്തിന്റെ രൂപാന്തരം സാധിക്കണമെന്ന ബോധം കേരള സഭകളിൽ രൂഢമല്ലാഞ്ഞതിന്റെ ഫലമാണത്. സഭയുടെ സ്ഥാപിത താല്പര്യങ്ങൾ നിലവിലിരിക്കുന്ന അനീതിപരമായ വ്യവസ്ഥിതിയോടെ കൂട്ടിപ്പിണഞ്ഞു കിടക്കുന്നതു് ഒരു നവ ആത്മീയ ദർശനം ഉണ്ടാകുന്നതിനു തടസ്സമാണ്. രണ്ട്: ഏതു വ്യവസ്ഥിതി വന്നാലും ദാരിദ്ര്യത്തിലേക്കു തള്ളപ്പെടുന്ന ഒരു കൂട്ടർ ഉണ്ടാകും. 'ദരിദ്രൻ ദേശത്തു അററുപോകയില്ല'. അതുകൊണ്ടു നിലവിലിരിക്കുന്ന വ്യവസ്ഥിതിയിൽ തന്നെ ക്രിയാത്മകമായ വികസന പ്രവർത്തനങ്ങൾ മൂലം ദരിദ്രർക്കു തൊഴിൽ അവസരങ്ങളും സ്വയം വികസന മാർഗ്ഗങ്ങളും തുറക്കുക. ഭാവിയിൽ നീതിപൂർവ്വമായ സമൂഹം ഉണ്ടാകുമെന്നു പറഞ്ഞു ഇന്നത്തെ ദരിദ്രരുടെ ദുരിത നിവാരണം നിരർത്ഥമാക്കരുതു്. സമ്പത് വ്യവസ്ഥിതിയിൽ പരിവർത്തനം, നിലവിലിരിക്കുന്ന വ്യവസ്ഥിതിയിൽ ദുരിതനിവാരണം — ഈ രണ്ടു സമീപനങ്ങളും ഒരുമിച്ചു കൊണ്ടുപോകണം.

**15.12. നിന്റെ സഹോദരനായ ഒരു എബ്രായ പുരുഷനോ എബ്രായ സ്ത്രീയോ നിനക്കുതന്നെത്താൻ വിററിട്ടു ആറു സംവത്സരം നിന്നെ സേവിച്ചാൽ ഏഴാം സംവത്സരത്തിൽ നീ അവനെ സ്വതന്ത്രനായി വിട്ടയയ്ക്കണം.**

**13,14. അവനെ സ്വതന്ത്രനായി വിട്ടയയ്ക്കുമ്പോൾ.... അവനു ഔദാര്യമായി ദാനം ചെയ്യണം.**

17. ഞാൻ നിന്നെ വിട്ടുപോകയില്ല എന്നു നിന്നോടു പറഞ്ഞാൽ അവൻ എന്നും നിനക്കു ദാസനായിരിക്കണം. നിൻെറ ദാസിക്കും അങ്ങനെതന്നെ ചെയ്യണം.

1. എബ്രായ അടിമകാംക്ക ഏഴാം സംവത്സരത്തിൽ സ്വാതന്ത്ര്യരായി പോകാം. ഒരു അടിമ സ്വാതന്ത്ര്യനായി പോകുമ്പോാം യജമാനൻ അവൻെറ സ്വത്തിൽ നിന്ന സ്വാതന്ത്ര്യമായി ജീവിതം ആരംഭിക്കാനുള്ള വക അവന നൽകണമെന്നാണ് വ്യവസ്ഥ. അടിമയുടെ അദ്ധ്വാന ഫലമായും കൂടെയാണല്ലോ യജമാനൻ സ്വത്താജ്ജിച്ചത്ത്. സ്വാതന്ത്ര്യനാകാൻ മനസ്സില്ലാത്ത അടിമക്കു ആയുഷ്ക്കാല അടിമയായി തുടരുന്നതിന നിയമം അനുവദിക്കുന്നു. അടിമത്തം സാഹോദര്യത്തിന വിരുദ്ധമാണെന്ന തത്ത്വം നിയമത്തിൽ അന്തർലീനമാണ്. സൃഷ്ടിപ്പിൽ മനുഷ്യന ഇതര മനുഷ്യരുടെമേൽ കർത്തൃത്വം അനുവദിക്കുന്നില്ല, പ്രകൃതിയിലെ മററു സൃഷ്ടികളുടെ മേൽ മാത്രമാണ് ആ കർത്തൃത്വം. എന്നാൽ സാമൂഹ്യ ചരിത്രം രാഷ്ട്രങ്ങളുടെയും വർഗ്ഗങ്ങളുടെയും വ്യക്തികളുടെയും ദുഷ്പ്രഭുത്വങ്ങളുടെ കഥയാണ്.

2. ഈ ഭാഗത്ത് അടിമ പുരുഷനായാലും സ്ത്രീയായാലും നിയമം ഒന്നുതന്നെയാണ്, എന്ന എടുത്തുപറയുന്നതു ശ്രദ്ധിക്ക. ആവത്തന ന്യായപ്രമാണത്തിലെ ഒരു പ്രത്യേകതയാണതു്. ഇതിനുമുമ്പുള്ള ന്യായപ്രമാണ നിയമങ്ങാം പുരുഷനായ അടിമയെ മാത്രമെ പരിഗണിച്ചിരുന്നുള്ള. ആവത്തനനിയമം യിസ്രായേലിൻെറ സാമൂഹ്യബോധത്തിലുണ്ടായ വളർച്ച സൂചിപ്പിക്കുന്നു. ആവത്തന നിയമാവലിയിൽ യിസ്രായേലിൻെറ എല്ലാ പെരുനാളുകളിലും സ്ത്രീയും പുരുഷനോടൊപ്പം പങ്കുനൽകുന്നുണ്ട് (ആവ. 12.18) ശിക്ഷയിലും ഈ സമത്വം ഉണ്ട് (ആവ. 13.8)

15.19. നിൻെറ മാടുകളിലും ആടുകളിലും കടിഞ്ഞൂലായി പിറക്കുന്ന ആണിനെ ഒക്കെയും നിൻെറ ദൈവമായ യഹോവക്കു ശുദ്ധീകരിക്കണം.

20. യഹോവ തെരഞ്ഞെടുക്കുന്ന സ്ഥലത്തു നീയും നിന്റെ കുടുംബവും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു ആണ്ടുതോറും തിന്നണം.

16.1 ആബീബുമാസം ആചരിച്ചു നിന്റെ ദൈവമായ യഹോവക്കു പെസഹാ കൊണ്ടാടണം. ആബീബ് മാസത്തിലല്ലോ നിന്റെ ദൈവമായ യഹോവ രാത്രിയിൽ നിന്നെ മിസ്രയീമിൽനിന്നു പുറപ്പെടുവിച്ചത്.

3. ......നീ കഷ്ടതയുടെ ആഹാരമായ പുളിപ്പില്ലാത്താ അപ്പം ഏഴു ദിവസം തിന്നണം. ത്വരിതപ്പാടോടുകൂടിയല്ലോ നീ മിസ്രയീംദേശത്തുനിന്നു പുറപ്പെട്ടത്.

5. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ഏതെങ്കിലും ഒരു പട്ടണത്തിൽവെച്ചു പെസഹായെ അറുത്തുകൂടാ.

6. നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തെരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചുമാത്രം സന്ധ്യാ സമയത്തു, നീ മിസ്രയീമിൽനിന്നു പുറപ്പെട്ട നേരത്തു തന്നെ, സൂര്യൻ അസ്തമിക്കുമ്പോൾ പെസഹാ അറക്കണം. നിന്റെ ദൈവമായ യഹോവ തെരെഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു അതിനെ ചുട്ടുതിന്നണം.

10. എന്നിട്ടു നിന്റെ ദൈവമായ യഹോവക്കു വാരോത്സവം ആചരിച്ച്... നിന്റെ സ്വമേധാ ദാനങ്ങൾ അവനു അർപ്പിക്കണം.

11. നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തെരഞ്ഞെടുക്കുന്ന സ്ഥലത്തുവച്ചു ........ സന്തോഷിക്കണം.

13. കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖരിച്ചു കഴിയുമ്പോൾ നീ ഏഴു ദിവസം കൂടാരപ്പെരുന്നാൾ ആചരിക്കണം.

15. യഹോവ തെരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു നിന്റെ ദൈവമായ യഹോവക്കു ഏഴു ദിവസം പെരുന്നാറം ആചരിക്കണം.

16. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിലും വാരോത്സവത്തിലും കൂടാരപ്പെരുന്നാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരണം.

1, മതപരമായ ശുദ്ധീകരണ ശുശ്രൂഷകറം, ഉത്സവങ്ങറം, പെരുന്നാളുകറം ഇവയെല്ലാം 'നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തെരഞ്ഞെടുക്കുന്ന സ്ഥലത്തു്' (അതായതു് യെരൂശലേം ദേവാലയത്തിൽ) മാത്രമായിരിക്കേണമെന്നു പല പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. ആവർത്തന നിയമത്തിന്റെ പ്രത്യേകത ആരാധനാകേന്ദ്രീകരണമാണെന്ന അഭിപ്രായത്തിനു ഇതു ഉപോൽബലകമാണു്. കേന്ദ്രീകരണം ആചാരക്രമങ്ങളിൽ പല വ്യതിയാനങ്ങറംക്കു ഇടയാക്കി. ആടുമാടുകളുടെ കടിഞ്ഞൂലുകറം എട്ടാം നാറം യാഗം കഴിക്കണമെന്നാണു് മുമ്പുണ്ടായിരുന്ന നിയമം (പുറ. 22.30). യെരൂശലേമിൽ ആചാരങ്ങറം കേന്ദ്രീകരിച്ചതോടുകൂടെ അതു് അസാദ്ധ്യമായിത്തീർന്നു. അതുകൊണ്ടാണു് ചടങ്ങു് 'ആണ്ടുതോറും' എന്നു ഭേദപ്പെടുത്തിയതു്. ദശാംശവുംകൊണ്ടു് കുടുംബമായി ഏതായാലും ജനം യെരൂശലേമിൽ പോകണം. അപ്പോറം കടിഞ്ഞൂലുകളുടെ യാഗവും നടത്താം. മനുഷ്യരുടെ കടിഞ്ഞൂലുകളുടെ ശുദ്ധീകരണം (പുറ. 13.1–2) സംബന്ധിച്ച ആവർത്തനനിയമത്തിൽ ഒരു പ്രസ്താവനയുമില്ല. ഈ നിയമത്തിനു പില്ക്കാലത്തുണ്ടായ രൂപത്തിൽ (സംഖ്യ 18. 15–18) കടിഞ്ഞൂലായ ആടുമാടുകളുടെ യാഗമാംസം മുഴുവൻ പുരോഹിതന്റെ അവകാശമാണു്. ഇവിടെ കുടുംബവും ആശ്രിതരുംകൂടെ അവ പങ്കിട്ടു ഭക്ഷിച്ചു സന്തോഷിക്കുയാണു്.

2. യിസ്റായേൽ കനാനിൽ പ്രവേശിച്ചശേഷം മൂന്നു കാർഷിക പെരുനാളുകൾ കനാന്യരുടെ പക്കൽനിന്നു സ്വീകരിച്ച് യഹോവയുടെ വിമോചന പ്രക്രിയയുടെ സ്മാരകങ്ങളായി രൂപാന്തരപ്പെടുത്തി. വസന്തകാലത്തു് (അബീബ്മാസത്തിൽ) ധാന്യം മുളയ്ക്കും. ആ കാലത്താണു് പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും കൊണ്ടാടുന്നതു്. പുറപ്പാടു പുസ്തകത്തിൽ ഇവ രണ്ടും വ്യത്യസ്ത പെരുന്നാളുകൾ ആണു്. (പുറ 23. 15; 34. 18). ഇവിടെ രണ്ടുംകൂടെ ഒരു പെരുന്നാളായി. ഇതു കൂടാതെ 'വയലിൽ വിതെച്ച വിതയുടെ ആദ്യഫലമെടുക്കുന്ന കൊയ്ത്തുപെരുനാളും ആണ്ടറുതിയിൽ വയലിൽ നിന്റെ വേലയുടെ ഫലം കൂട്ടിത്തീരുമ്പോൾ കായ്കനിപെരുനാളും' ഉണ്ടു് (പുറ. 23. 16; 34. 22_24).

സ്വന്തം വീട്ടിലോ സമീപമുള്ള ആരാധനാകേന്ദ്രത്തിലോ നടത്താതെ ഇപ്പോൾ യെരുശലേമിൽ നടത്തേണ്ടതുകൊണ്ടു പുറപ്പാടു പുസ്തകത്തിൽ കൊടുത്തിരിക്കുന്ന പെസഹായുടെ ആചാരക്രമങ്ങളിൽ ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടു്. പെസഹായാഗം ആട്ടിൻകുട്ടി (പുറ. 12. 5) ആയിരിക്കണമെന്ന നിർബ്ബന്ധം ത്യജിച്ച്, അതു ആടോ മാടോ ആകാം (16.2). പെസഹാകുഞ്ഞാടിന്റെ രക്തം 'വീടുകളുടെ വാതിലിന്റെ കട്ടളക്കാൽ രണ്ടിന്മേലും കുറുമ്പടിമേലും പുരട്ടണ'മെന്ന ആചാരം (പുറ. 12. 7) യെരുശലേമിൽ സാധ്യമല്ലല്ലോ. മിസ്രയീമിൽ നിന്നു യിസ്റായേലിന്റെ പുറപ്പാടു് 'തത്രപ്പാടോടുകൂടി' യായിരുന്നു എന്നു ഓർക്കുന്നതിനാണു് പെസഹാ (16. 3). എന്നാൽ 'വിളയിൽ അരിവാൾ ഇടുവാൻ ആരംഭിക്കുന്ന' കാലത്തായതുകൊണ്ടു് 'കൊയ്ത്തുപെരുന്നാൾ' (പുറ. 23. 16) 'ആദ്യഫലപെരുന്നാൾ' (സംഖ്യ. 28.26) എന്നും പേരുകളുണ്ടു്.

ഏഴ് ആഴ്ചവട്ടം എണ്ണി (16. 9) തീയതി തീരുമാനിക്കുന്നതുകൊണ്ടാണു് രണ്ടാമത്തെ പെരുനാളിനു് 'വാരോത്സവം' എന്നു നാമകരണം ചെയ്തിരിക്കുന്നതു്. പൊ

ത്തുവെ മിസ്റയീമിലെ അവരുടെ അടിമത്തം ഓർപ്പിക്കു ന്ന ഒരു ആചാരം (16.12). ഹോറേബ് പർവ്വതത്തിൽ യഹോവ അവർക്കു കല്പന നൽകിയതിന്റെ ഓർമ്മയ്ക്കാ യിട്ടത്രെ അതു കാലാന്തരത്തിൽ പരിണമിച്ചതു്. ജനം സ്വമേധാദാനങ്ങൾ യഹോവയ്ക്കു അർപ്പിച്ചു സ്തോത്രം ചെയ്തു കൂട്ടമായി സന്തോഷിക്കുന്ന അവസരം തന്നെ (16. 10).

'കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖ രിച്ചു കഴിയുമ്പോൾ' (16 13) കൂടാരപ്പെരുനാൾ. കായ്കനിപെരുനാൾ എന്നും പറയും (പുറ. 23. 16). യിസ്രാ യേൽ മരുഭൂമിയിൽ കൂടാരത്തിൽ വസിച്ചകാലം ഓർക്കു ന്നു. 'ഞാൻ യിസ്രയേൽമക്കളെ മിസ്റയീം ദേശത്തു നിന്നു കൊണ്ടുവന്നപ്പോൾ അവരെ കൂടാരങ്ങളിൽ പാ ർപ്പിച്ചു എന്നു നിങ്ങളുടെ സന്തതികൾ അറിവാൻ നി ങ്ങൾ ഏഴുദിവസം കൂടാരങ്ങളിൽ പാർക്കണം' (ലേവ്യ. 23.43).

3. യഹോവയോടു തീക്ഷ്ണമായ ഭക്തി യിസ്റാ യേൽ വംശജരെ കനാന്യദേവന്മാരെ വന്ദിക്കുന്നതിൽനി ന്നു കുറെയൊക്കെ അകററിനിർത്തി. എന്നാൽ കനാന്യ രെപ്പോലെതന്നെ അവർക്കും കൃഷിചെയ്തു് ഉപജീവനം തേടേണ്ടിയിരുന്നു. കൃഷിഫലങ്ങൾ യഹോവയുടെ അ നുഗ്രഹമാണു്, ബാലിന്റെയല്ല എന്നു വ്യക്തമാക്കത്തക്ക വണ്ണം അവർ കനാന്യരുടെ കാർഷികപെരുന്നാളുകളെ രൂപാന്തരപ്പെടുത്തി യഹോവയ്ക്കു സ്തോത്രപ്പെരുന്നാളുകൾ ആക്കി. കൂടാതെ നിരന്തരം ലക്ഷ്യരഹിതമായി കറ ങ്ങിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ കാലചക്രമാണു് ക നാന്യർ അവരുടെ പെരുന്നാളുകളിൽകൂടെ ഘോഷിച്ച തു്. യിസ്റായേൽ അതു് ചരിത്രത്തിൽ യഹോവയു ടെ ദൃഢലക്ഷ്യം പ്രഖ്യാപിക്കുന്ന പെരുന്നാളുകളാക്കി മാ ററി. നിർമൽ മിൻസ് എന്ന ഭാരതീയ ദൈവശാസ്ത്ര ജ്ഞൻ മദ്ധ്യഭാരതത്തിലെ ആദിവാസികൾക്കു ക്രിസ്തു മതം പ്രദാനം ചെയ്തതു്, ലക്ഷ്യമില്ലാതെ തിരിയുന്ന പ്ര

കൃതിചക്രത്തിൽനിന്നു് ലക്ഷ്യനിർഭരമായ ചരിത്രത്തി ലേക്കുള്ള രൂപാന്തരമാണെന്നു് പ്രസ്താവിച്ചിട്ടുള്ളതു് അ ത്ഥവത്താണു്. ഹൈന്ദവസംസ്ക്കാരത്തിന്റെ അടി സ്ഥാനചിഹ്നം ചക്രമാണു്– ജനനമരണചക്രം, കാല ചക്രം. ഹൈന്ദവ പെരുന്നാളുകൾ, പ്രാചീന കലാരൂപ ങ്ങൾ തുടങ്ങിയവ ചാക്രികബോധത്തിന്റെ പ്രകടന ങ്ങളുമായിരുന്നു. ചരിത്രബോധത്തിലേക്കുള്ള കാൽവെ യ്പ്പ് അങ്ങുമിങ്ങും ഉണ്ടായിരുന്നു. അതു ഭാരതത്തി ന്റെ നവോത്ഥാനത്തോടുകൂടി ശക്തമായിട്ടുണ്ടു്. ഈ പരിവർത്തനം ത്വരിതപ്പെടുത്താൻ ഭാരത ക്രൈസ്തവസ ഭയ്ക്കു കടമയുണ്ടു്. ക്രിസ്തുവിന്റെ ക്രൂശിന്റെയും ഉയിർ ത്തെഴുന്നേല്പിന്റെയും പുനരാഗമനത്തിന്റെയും ചരിത്ര പ്രകാശത്തിൽ അവ പുനർനിർവ്വചനം ചെയ്തു ക്രൈസ്തവ വിശ്വാസത്തിന്റെ പ്രഖ്യാപന മാദ്ധ്യമങ്ങളായി അവ സ്വീകരിച്ചുകൂടെ ? യഹോവാമതം അങ്ങേയററം പുല ർത്തിയ ആവർത്തന നിയമംതന്നെ ഈ സമീപനം സാധൂ കരിക്കുന്നു എന്നതു പ്രസ്താവ്യമാണു്.

4. യിസ്രായേൽമതത്തിലെ മൂന്നു പെരുന്നാളുകളും ക്രൈ സ്തവസഭയിൽ പുതിയ രൂപത്തിൽ നിലവിലുണ്ടു്. പെസഹാ പെരുന്നാൾ യേശുവിന്റെ വിമോചനയാഗം ഓർപ്പിക്കുന്ന വിശുദ്ധ സംസ്സർഗ്ഗ ശുശ്രൂഷയായി ഭവിച്ചു. 'നമ്മുടെ പെസഹായും അറക്കപ്പെട്ടിരിക്കുന്നു; ക്രിസ്തുത ന്നെ. ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, സ്വ ച്ഛതയും സത്യവുമായ പുളിപ്പില്ലായ്മ കൊണ്ടുതന്നെ ഉത്സവം ആചരിക്ക' (1 കൊരി. 5. 7–8). വാരോത്സവം, പെന്തിക്കോസ്തു, പരിശുദ്ധാത്മവർഷ പെരുന്നാളായി ഭവിച്ചു. കൊയ്ത്തുപെരുന്നാൾ ഗ്രാമസഭകളിൽ നടന്നു പോന്നു; ഇന്നു വ്യാവസായിക വിഭവങ്ങളും കൂടെ ഉൾ പ്പെടുത്തി പല സഭകളിലും നടക്കുന്നുമുണ്ടു്. സഭാജീ വിതത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും പ്രധാന ഘട്ടങ്ങളിൽ ദൈവത്തെ സ്മരിക്കുന്നതുപോലെ രാഷ്ട്രച രിത്രത്തിലെ മുഖ്യ ഘട്ടങ്ങൾ ഓർത്തും ദൈവത്തെ സ്തുതി ക്കുന്നതിനാണല്ലോ സ്വാതന്ത്ര്യദിന ശുശ്രൂഷ തുടങ്ങിയവ

സഭകാം ഏർപ്പെട്ടത്തിയിരിക്കുന്നതു്. വ്യക്തിയായും കുടുംബമായും ഒരു മനുഷ്യൻെറ പ്രധാന ജീവിതഘട്ടങ്ങാം ദൈവകൃപയുമായി ബന്ധിക്കുകയാണു് ഇടവക കൂട്ടായ്മയുടെയും പട്ടത്തപശ്രുശ്രൂഷയുടെയും മുഖ്യലക്ഷ്യം.

## ii. ഭരണാധിപരുടെ ധർമ്മം (ആവ. 16. 18_18. 22)

16. 18 നിൻെറ ദൈവമായ യഹോവ നിനക്കു തരുന്ന എല്ലാ പട്ടണങ്ങളിലും ഗോത്രം തോറും ന്യായധിപന്മാരെയും പ്രമാണികളെയും നിയമിക്കണം. അവർ ജനത്തിനു നീതിയോടെ ന്യായപാലനം ചെയ്യണം.

19. ന്യായം മറിച്ചുകളയരുത്. മുഖംനോക്കരുത്. സമ്മാനം വാങ്ങരുത്. സമ്മാനം ജ്ഞാനികളുടെ കണ്ണു കുരുടാക്കുകയും നീതിമാന്മാരുടെ കാര്യം മറിച്ചുകളകയും ചെയ്യുന്നു.

20. നീ ജീവിച്ചിരുന്നു് നിൻെറ ദൈവമായ യഹോവ നിനക്കു തരുന്ന ദേശം കൈവശമാക്കേണ്ടതിന്നു് നീതിയെ തന്നെ പിന്തുടരണം.

17. 8 നിൻെറ പട്ടണത്തിൽ കൊലപാതകമാകട്ടെ വസ്തു സംബന്ധിച്ച വ്യവഹാരമാകട്ടെ അടികലശലാകട്ടെ ഇങ്ങനെയുള്ള ആവലാതി കാര്യങ്ങാം വല്ലതും വിധിപ്പാൻ നിനക്കു പ്രയാസം ഉണ്ടായാൽ നീ പുറപ്പെട്ടു നിൻെറ ദൈവമായ യഹോവ തെരഞ്ഞെടുക്കുന്ന സ്ഥലത്തു പോകണം.

9. ലേവ്യരായ പുരോഹിതന്മാരുടെ അടുക്കലും അന്നുള്ള ന്യായാധിപൻെറ അടുക്കലും ചെന്നു ചോദിക്കണം, അവർ നിനക്കു വിധി പറഞ്ഞുതരും.

10 .... അവർ പറഞ്ഞുതരുന്ന വിധിപോലെ നീ ചെയ്യണം.

1. ഏതു സമൂഹത്തിലും നീതി നടത്തുന്നതിനു ക്രമീക രണങ്ങരം കാണും. ആദ്യകാലങ്ങളിൽ അതു ലളിതമാ ണു്. യിസ്രായേലിൽ അധികാരം കുടുംബതലവന്മാ രിൽ നിക്ഷിപ്തമായിരുന്നു. പൊതുപ്രശ്നങ്ങരം അവർ 'പട്ടണവാതില്ക്കൽ' സമ്മേളിച്ചു തീരുമാനിക്കും, എ ന്നാൽ സമൂഹം സങ്കീർണ്ണസ്വഭാവം കൈക്കൊള്ളുന്നതനു സരിച്ചു ഭരണവും നീതിന്യായ നിർവ്വഹണവും വിപുല മാകും. പൂർണ്ണസമയം വിധിനടത്തുന്ന ഭരണാധിപർ വേണം. യിസ്രായേലിൽ യെഹോശാഫാത്തു അങ്ങനെ വിപുലമായ ഒരു ക്രമീകരണം ചെയ്തതായി വായിക്കു ന്നു. 'അവൻ ദേശത്തു പട്ടണംതോറും യെഹൂദ്യയിലെ ഉറപ്പുള്ള പട്ടണങ്ങളിലൊക്കെയും ന്യായാധിപന്മാരെ നിയമിച്ചു...യെരൂശലേമിലും യെഹോശാഫത്തു ലേവ്യ രിലും പുരോഹിതന്മാരിലും യിസ്രായേലിന്റെ പിതൃ ഭവനതലവന്മാരിലും ചിലരെ യഹോവയുടെ ന്യായ പാലത്തിനായിട്ടും വ്യവഹാരം തീർക്കേണ്ടതിനായിട്ടും നിയമിച്ചു.....അതതു പട്ടണത്തിൽ പാർക്കുന്ന നിങ്ങളുടെ സഹോദരന്മാർ വിവിധ രക്തപാതകങ്ങളെയും ന്യായ പ്രമാണത്തെയും കല്പനയെയും ചട്ടങ്ങളെയും വിധികളെ യും സംബന്ധിച്ചു ഏതൊരു വ്യവഹാരവും നിങ്ങളുടെ മുമ്പാകെ കൊണ്ടുവന്നാൽ നിങ്ങരം അവക്കു ബുദ്ധി ഉപദേശിച്ചുകൊടുക്കണം'' (ദിന. 19. 5, 8_10). ആവ ർത്തന നിയമത്തിലും അതേപ്രകാരം ഒരു ക്രമീകരണമാ ണുള്ളതു്. ഒരുപക്ഷെ ഈ ക്രമീകരണം യെഹോശാഫാ ത്തിനു മുമ്പു ഉണ്ടായിരുന്നിരിക്കണം. നിയമിക്കപ്പെട്ട ന്ന 'ന്യായാധിപന്മാരും പ്രമാണികളും' (16. 18) 'മൂപ്പ ന്മാരും ന്യായാധിപന്മാരും' (21. 2) ചേർന്നു ഓരോ സ്ഥ ലത്തും ന്യായപാലനം നടത്തും. കൊലപാതകം, വസ്തു തക്കം, അടികലശൽ എന്നിവയാണു് കേസുകരം. അ വയിൽ സങ്കീർണ്ണപ്രശ്നങ്ങരം ഉരംക്കൊള്ളുന്നവയുടെമേൽ വിധി നടത്തുന്നതിനു ഒരു കേന്ദ്രകോടതിയുണ്ടു്. 'ലേ വ്യരായ പുരോഹിതന്മാരും' ന്യായാധിപന്മാരും ചേർന്നു ള്ള ഒരു പരമകോടതിയാണിതു് (17.9). അവരുടെ തീരുമാനത്തിന്മേൽ അപ്പീലില്ല. ഭരണകൂടം ആധുനിക

കാലത്തു മാത്രമാണ് മതേതരസ്വഭാവം പ്രാപിക്കാൻ തുടങ്ങിയതു്. അതുവരെ മതപുരോഹിതന്മാർക്കു നീതി ന്യായനടത്തിപ്പിൽ എല്ലാ സമൂഹങ്ങളിലും പങ്കുണ്ടായിരുന്നു.

2. 'മോശെ' ഇവിടെ ന്യായാധിപന്മാൎക്കു നല്കുന്ന ഉപദേശം യെഹോശാഫാത്തിന്റേതുതന്നെയാണ്. 'നിങ്ങൾ ചെയ്യുന്നതു സൂക്ഷിച്ചുകൊൾവിൻ. നിങ്ങൾ മനുഷ്യൎക്കല്ല, യഹോവെക്കുവേണ്ടിയാണ് ന്യായപാലനം ചെയ്യുന്നതു്. ന്യായപാലനത്തിൽ അവൻ നിങ്ങളോടുകൂടെ ഇരിക്കുന്നു. ആകയാൽ യഹോവാഭയം നിങ്ങളിൽ ഇരിക്കട്ടെ. സൂക്ഷിച്ചു പ്രവൎത്തിച്ചുകൊൾവിൻ. നമ്മുടെ ദൈവമായ യഹോവെക്കുടെ പക്കൽ അന്യായവും മുഖപക്ഷവും കൈക്കൂലിവാങ്ങുന്നതും ഇല്ലല്ലോ'(2 ദിന. 19 6_7). ഭരണകൂടവും അതിലെ നീതിന്യായ കോടതിയും സ്വഭാവത്തിൽതന്നെ അധികാരവൎഗ്ഗ താല്പര്യത്തിന്റെ കേവല ഉപാധിയാണെന്ന മാർക്സിസ്റ്റു സിദ്ധാന്തം ഇവിടെ നൽകിയിരിക്കുന്ന നിയമതത്ത്വത്തിനു വിരുദ്ധമാണ്. വർഗ്ഗചൂഷണവും അധികാരപ്രമത്തതയും നിലവിലുള്ള സമൂഹത്തിൽ ഭരണകൂടവും നിയമപാലനവും പൊതുസമൂഹത്തിന്റെ നന്മ ലാക്കാക്കി നീതി പ്രവൎത്തിക്കാൻ കടപ്പെട്ടിരിക്കുന്നു. അതാണ് ദൈവം അവൎക്കു നിയോഗിച്ചിരിക്കുന്ന ധൎമ്മം. എന്നാൽ അവ വികലമായി അനീതിക്കു കൂട്ടുനില്ക്കാമെന്ന വസ്തുത വിസ്മരിക്കുന്നുമില്ല. അതു അവയുടെ സ്വധർമ്മത്തിൽ നിന്നു വ്യതിചലനമാണ്. അതു വരാതെ സൂക്ഷിക്കാനാണ് മോശെയുടെ ഉപദേശം.

**17.14,15: നിന്റെ ദൈവമായ യഹോവ നിനക്കുതരുന്ന ദേശത്തു നീ ചെന്ന് അതിനെ കൈവശമാക്കി അവിടെ കുടിപാർത്തശേഷം: എന്റെ ചുററുമുള്ള സകല ജാതികളെയുംപോലെ ഞാൻ ഒരു രാജാവിനെ എന്റെമേൽ ആക്കുമെന്നു പറയുമ്പോൾ നിന്റെ ദൈവമായ യഹോവ തെരഞ്ഞെടുക്കുന്ന രാജാവിനെ നിന്റെമേൽ ആക്കണം,**

നിൻെറ സഹോദരൻമാരുടെ ഇടയിൽനിന്നു ഒരുത്തനെ നിൻെറമേൽ രാജാവാക്കണം. നിൻെറ സഹോദരനല്ലാത്ത അന്യജാതിക്കാരനെ നിൻെറമേൽ ആക്കിക്കൂടാ.

16. എന്നാൽ അവന് കുതിര അനവധി ഉണ്ടാകരുത്. അധികം കുതിര സമ്പാദിക്കേണ്ടതിന് ജനം മിസ്റയീമിലേക്ക് മടങ്ങിപ്പോവാൻ അവൻ ഇടവരുത്തരുത്. ഇനിമേൽ ആ വഴിക്കു തിരിയരുത് എന്നു യഹോവ നിങ്ങളോടു കല്പിച്ചിട്ടുണ്ടല്ലോ.

17. അവൻെറ ഹൃദയം മറിഞ്ഞു പോകാതിരിപ്പാൻ അനേകം ഭാര്യമാരെ അവൻ എടുക്കരുത്. വെള്ളിയും പൊന്നും അധികമായി സമ്പാദിക്കയുമരുത്.

18. അവൻ തൻെറ രാജാസനത്തിൽ ഇരിക്കുമ്പോൾ ലേവ്യരായ പുരോഹിതൻമാരുടെ പക്കൽനിന്നു ഈ ന്യായപ്രമാണം വാങ്ങി അതിൻെറ ഒരു പകർപ്പ് ഒരു പുസ്തകത്തിൽ എഴുതിഎടുക്കണം.

19,20. ഈ ന്യായപ്രമാണത്തിലെ സകല വചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചുനടന്നു തൻെറ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന് അത് അവൻെറ കൈവശം ഇരിക്കയും അവൻെറ ഹൃദയം സഹോദരൻമാരുടെ മീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പന വിട്ടു ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെയും ഇരിക്കേണ്ടതിനും അവനും അവൻെറ പുത്രൻമാരും യിസ്റായേലിൻെറ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിനായി അവൻ തൻെറ ആയുഷ്ക്കാലമൊക്കെയും അത് വായിക്കുകയും വേണം.

രാജത്വവും രാജധർമ്മവുമാണ് ഇവിടെ വിഷയങ്ങൾ. രാജവാഴ്ച ഉളവായി അതിൻെറ വിവിധ അനുഭവങ്ങളുടെ പ്രകാശത്തിൽ എഴുതപ്പെട്ടതായതുകൊണ്ടു ഈ നിയമങ്ങൾക്കു വിശേഷാൽ പ്രാധാന്യം കല്പിക്കണം. രാജാവിനെ വേണമെന്നു ദൈവമല്ല ജനങ്ങളാ

ണു് തീരുമാനിക്കുന്നതു്. ദൈവം ആ ജനഹിതത്തിനു കീഴ്വഴങ്ങുന്നു എന്നുമാത്രം. ജനഹിതം മാനിക്കേണ്ടതു് ആവശ്യമെങ്കിലും രാജാവു വേണമെന്ന ജനത്തിൻെറ അപേക്ഷ രാജാവായ യഹോവയെ തിരസ്കരിക്കുന്നതിനു സമമാണെന്നും രാജത്വത്തിൻെറ ആവിർഭാവം രാജാവിനുചുററും ജനങ്ങളെ ചൂഷണം ചെയ്യുന്ന ഒരു അധികാരവർഗ്ഗം ഉയർന്നുവരുന്നതിനു ഇടയാക്കുമെന്നും ശക്തമായ ഭാഷയിൽ പ്രഖ്യാപിക്കുന്ന ഒരു പാരമ്പര്യം പഴയനിയമത്തിലുണ്ടു്. 'സകല ജാതികൾക്കുമുള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഞങ്ങൾക്കു ഒരു രാജാവിനെ നിയമിച്ചുതരണമെന്നു' ജനം ശമൂവേലിനോടു അപേക്ഷിക്കുന്നു. ശമൂവേലിനു മാത്രമല്ല ദൈവത്തിനും അതനിഷ്ടമായി. ദൈവം ശാമൂവേലിനോടു: 'ജനം നിന്നോടു പറയുന്ന സകലത്തിലും അവരുടെ അപേക്ഷ കേൾക്ക. അവർ നിന്നെയല്ല എന്നെയാകുന്നു ത്യജിച്ചിരിക്കുന്നതു്'. മാത്രമല്ല യഹോവയുടെ ആഗ്രഹപ്രകാരം ശമൂവേൽ 'രാജാവിൻെറ ന്യായം' എന്തായിരിരിക്കുമെന്നു അവക്കു ഏററം യാഥാർത്ഥ്യബോധത്തോടെ വിവരിച്ചുകൊടുക്കുന്നു. ജനങ്ങൾക്കു ഒരു പുതിയ അടിമത്തം ഉളവാകും; ജനം പുതിയ ചൂഷണങ്ങൾക്കു വിധേയമാകും; രാജത്വം ഒരു ഭാരമായി ജനങ്ങൾക്കു് അനുഭവപ്പെടും. 'അവൻ നിങ്ങളുടെ പുത്രന്മാരെ തനിക്കു തേരാളികളും കുതിരച്ചേവകരും ആക്കും. അവൻെറ രഥങ്ങൾക്കുമുമ്പെ അവർ ഓടേണ്ടിവരും. അവൻ അവരെ ആയിരത്തിനും അമ്പതിനും അധിപന്മാരാക്കും. തൻെറ നിലം കൃഷിചെയ്യാനും തൻെറ വിള കൊയ്യാനും തൻെറ പടക്കോപ്പും തേർക്കോപ്പും ഉണ്ടാക്കുവാനും അവരെ നിയമിക്കും. അവൻ നിങ്ങളുടെ പുത്രിമാരെ തൈലക്കാരത്തികളും വെപ്പുകാരത്തികളും അപ്പക്കാരത്തികളും ആയിട്ടു എടുക്കും. അവൻ നിങ്ങളുടെ വിശേഷമായ നിലങ്ങളും മുന്തിരിത്തോട്ടങ്ങളും ഒലിവുതോട്ടങ്ങളും എടുത്തു തൻെറ ഭൃത്യന്മാക്കു കൊടുക്കും. അവൻ നിങ്ങളുടെ ദാസന്മാരെയും ദാസിമാരെയും നിങ്ങളുടെ കോമള യുവാക്കളെയും നിങ്ങളുടെ കഴുതകളെയും പിടിച്ചു തൻെറ വേ

ലക്കു ആകും. അവൻ നിങ്ങളുടെ ആടുകളിൽ പത്തി ലൊന്നു എടുക്കും. നിങ്ങരം അവന്റെ ദാസന്മാരായിത്തീരും' (1 ശമു. 8 11-17). ഈ പാരമ്പര്യം ആവർത്തന നിയമം സ്വീകരിച്ചിരിക്കുന്നു. രാജത്വത്തിൽ അടിമത്തവും ചൂഷണവും കുറയ്ക്കുന്നതിനുള്ള മുഖാന്തരങ്ങളാണ് രാജധർമ്മമായി ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. രാജാക്കന്മാരെമാററി രാജത്വം ജനങ്ങളുടെ ഇടയിൽ വിഭജിക്കപ്പെട്ടിരിക്കുന്ന ജനാധിപത്യകാലത്തും ഇവിടെ കൊടുത്തിരിക്കുന്ന ഭരണകൂടധർമ്മം സംഗതമാണ്. രാജാവിനു പകരം രാഷ്ട്രീയനേതാക്കരം എന്നോ ഗവൺമെൻറു ഉദ്യോഗസ്ഥന്മാരെന്നോ വ്യാഖ്യാനിക്കണമെന്നുമാത്രം.

2. അനവധി കുതിരകരംക്കുവേണ്ടിയുള്ള കമ്പം അധികാര പ്രമത്തത സൂചിപ്പിക്കുന്നു. അമിതാധികാരം ദുഷ്പ്രഭുത്വത്തിനു വേഗം വഴിതെളിക്കും. രാജാവിനു കുതിരകരം തിരക്കി ജനം തിരികെ മിസ്റയീമിലേക്കു പോകുന്ന അപകടം ഒഴിവാക്കണം. ഈജിപ്തിൽ നിന്നാണ് ശലോമോനു കുതിരകളെ കച്ചവടക്കാർ വാങ്ങിക്കൊണ്ടുവന്നത് (1 രാജാ. 10. 28). ഇതു അക്ഷരപ്രകാരം വ്യാഖ്യാനിക്കാം. ഒരു പുതിയ അടിമത്തം ജനത്തിനു അനുഭവമാകുമെന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതു നമുക്കു ഇന്നു കൂടുതൽ സഹായകരമായിരിക്കും. സമ്പത്തു വർദ്ധിപ്പിക്കയെന്ന രാഷ്ട്രീയ നേതാക്കളുടെ മോഹമാണ് അഴിമതിയായി രൂപം പ്രാപിക്കുന്നത്. അനേകം ഭാര്യമാർ അധികാരികളുടെ ഭോഗാസക്തിയും സുഖലോലുപതത്വവും സൂചിപ്പിക്കുന്നു. ഒരു പക്ഷെ ശലോമോനേയോ യിസ്രായേലിലെ ചില രാജാക്കന്മാരെയോ മനസ്സിൽ വെച്ചുകൊണ്ടായിരിക്കും ഈ ഭാഗം എഴുതിയതു് (1 രാജാ 10. 11). അമിതാധികാരം, അധികസമ്പത്തു്, സുഖലോലുപത്വം ഇവ മൂലമാണ് ഭരണാധിപതികരം അഹങ്കരിച്ചു ജനങ്ങളിൽനിന്നു അകലുന്നതു എന്ന സത്യം എക്കാലവും സത്യമത്രെ. ഇന്നത്തെ രാഷ്ട്രീയരംഗം ഇതിൽ കൂടുതൽ യഥാതഥബോധത്തോടുകൂടെ വിവരിക്കാൻ സാദ്ധ്യമല്ലതന്നെ. രാജസ്ഥാനത്തുണ്ടാകാ

വുന്ന ഈ ദൂഷിപ്പിനെല്ലാം പ്രതിവിധിയായിട്ടത്രെ നീതി അനുശാസിക്കുന്ന ന്യായപ്രമാണം നിലകൊള്ളുന്നതു്. അധികാരം നിയമത്തിനു വിധേയമായിരിക്കണം. അധികാരികൾ നിർമ്മിക്കുന്ന നിയമത്തിനല്ല, സകല അധികാരങ്ങൾക്കും അതീതമായ ദൈവനിയമത്തിനു്. രാജാവു് ദൈവത്തിൻെറ ന്യായപ്രമാണം നിരന്തരം വായിച്ചു ഹൃദിസ്ഥമാക്കണമെന്നാണു് നിർദ്ദേശം. ഇതു മതിയായ പ്രതിവിധിയോ? യിസ്രായേലിൽ രാജാവിനെ നീതിനിയമങ്ങൾ ഓർപ്പിക്കുന്നതിനു പുരോഹിതനും പ്രവാചകനും കടമയുണ്ടായിരുന്നു. ഇക്കാലത്തു ജനാധിപത്യ സമ്പ്രദായത്തിൽ അധികാര ദുർവിനിയോഗം തടയുന്നതിനു മററു പല മാർഗ്ഗങ്ങളുമുണ്ടു്. ഉൽബുദ്ധരായ ജനങ്ങളാണു് പ്രധാനം. ലോക്(ജന)നീതി മൂലമാണു് രാജനീതി ന്യായമാർഗ്ഗത്തിൽ ചരിക്കുന്നതു് എന്ന ഗാന്ധിജിയുടെയും ജയപ്രകാശിൻെറയും സിദ്ധാന്തം ഈ അവസരത്തിൽ സ്മരണീയമത്രെ.

3. ഏലിയാവു് ആഹാബിനെയും നാഥാൻ ദാവീദിനെയും അഭിമുഖീകരിച്ചു് അവരുടെ അനീതിയും അക്രമവും അവരോടു തുറന്നു പറയുന്നു (1 രാജാ. 21, 2 ശമു. 12. 7). ഭരണകൂടത്തോടു് ഈ പ്രവാചക ശുശ്രൂഷ തുടന്നു ചെയ്യേണ്ടതു് ഇന്നത്തെ ക്രൈസ്തവസഭയുടെ ധർമ്മമാണു്.

18. 1 ലേവ്യരായ പുരോഹിതൻമാർക്കും ലേവിഗോത്രത്തിനും യിസ്രായേലിനോടു കൂടെ ഓഹരിയും അവകാശവും ഉണ്ടാകരുതു്. യഹോവയുടെ ദഹനയാഗങ്ങളും അവൻെറ അവകാശവുംകൊണ്ടു് അവൻ ഉപജീവനം കഴിക്കണം.

2. ....അവൻ (യഹോവ) തന്നെ അവരുടെ അവകാശം.

6. ഏതു യിസ്രായേൽ പട്ടണത്തിലെങ്കിലും പരദേശിയായി പാർത്തിരുന്ന ഒരു ലേവ്യൻ അവിടെനിന്നു

യഹോവ തെരഞ്ഞെടുക്കുന്ന സ്ഥലത്തേക്കു വന്നാൽ.... തന്റെ ലേവ്യരായ സഹോദരൻമാരെയുംപോലെ അവനും ....ശുശ്രൂഷ ചെയ്യാം....

ആവർത്തന എഴുത്തുകാരനു ലേവ്യരാണ് പുരോഹിതവർഗ്ഗം. പൗരോഹിത്യ ശുശ്രൂഷ അവരുടെ ഉപജീവനമാർഗ്ഗമായിരിക്കണമെന്നാണ് നിയമം. ക്രൈസ്തവസഭയും ഈ പ്രമാണമാണ് പൊതുവെ സ്വീകരിച്ചിരിക്കുന്നതു്. പൗലൊസ് കൂടാരപ്പണി ചെയ്തു സഭാശുശ്രൂഷ നിറവേററിയെങ്കിലും സഭാശുശ്രൂഷകർക്കു ജീവസന്ധാരണം നല്കുന്നതു സഭയായിരിക്കണമെന്ന പ്രമാണം പൗലൊസ് ശരിവയ്ക്കുന്നു (1 കൊരി. 9 3_14). ദൈവസാന്നിദ്ധ്യവും ദൈവോദ്ദേശ്യവും സംബന്ധിച്ച ജനങ്ങളെ ഉദ്ബുദ്ധരാക്കുന്നതിൽ അവരും സാമൂഹ്യസേവനം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെപ്പോലെയോ അതിലധികമായോ ജനസേവകർതന്നെ. യെരൂശലേമിൽ യിസ്രായേലിന്റെ ആരാധനകളെല്ലാം കേന്ദ്രീകരിച്ച സമയത്തു വിവിധ ആരാധനാകേന്ദ്രങ്ങളിൽ ശുശ്രൂഷ ചെയ്തുപോന്ന ലേവ്യപുരോഹിതന്മാർക്കു ഉപജീവനമാർഗ്ഗം ഇല്ലാതായി. അവരെ ദരിദ്രരെയും വിധവകളെയും പരദേശികളെയുംപോലെ ജനം സഹായിക്കണമെന്ന നിർദ്ദേശം അതുമൂലം ആവിർഭവിച്ചു എന്നു കണ്ടല്ലോ. അവരിൽ മനസ്സുള്ളവർക്കു യെരൂശലേമിലെ പുരോഹിത സംഘത്തിൽ ചേരുന്നതിനു വിരോധമില്ലെന്നാണ് ഇവിടെ പ്രസ്താവിക്കുന്നതു്. എന്നാൽ യെരൂശലേമിലെ പുരോഹിതവൃന്ദം അങ്ങനെ വന്നവരെ സ്വാഗതം ചെയ്തതായി തോന്നുന്നില്ല (2 രാജാ. 23.9).

18. 9. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ പഠിക്കരുതു്.

10. നിന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആ

ഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്.

17. അന്നു യഹോവ എന്നോടു അരുളിച്ചെയ്തതെന്തെന്നാൽ....

18. എന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ച് എൻെറ വചനങ്ങളെ അവൻെറ നാവിന്മേൽ ആക്കും. ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടുപറയും.

20. എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എൻെറ നാമത്തിൽ അഹങ്കാരത്തോടുകൂടെ പ്രസ്താവിക്കയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം.

21. അത് യഹോവ അരുളിചെയ്യാത്ത വചനം എന്നു ഞങ്ങറം എങ്ങനെ അറിയും എന്ന് നിൻെറ ഹൃദയത്തിൽ പറഞ്ഞാൽ

22. ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അതു യഹോവ അരുളിച്ചെയ്തതല്ല; പ്രവാചകൻ അതു സ്വയംകൃതമായി സംസാരിച്ചതത്രേ; അവനെ പേടിക്കരുത്.

1. 'ജാതികളുടെ മ്ലേച്ഛതകറം' ഒഴിഞ്ഞിരിക്കണം. ഇവിടെ ഇതര മതങ്ങളിലുണ്ടായിരുന്ന ചില സമ്പ്രദായങ്ങളാണ് മ്ളേച്ഛതയായി വിവരിച്ചിരിക്കുന്നതു്. കേരളത്തിൽ മക്കളെ അഗ്നിപ്രവേശം ചെയ്യിക്കുന്നതൊഴിച്ചു മററെല്ലാ സമ്പ്രദായങ്ങളും—പ്രശ്നം, മുഹൂർത്തം, ആഭിചാരം, ക്ഷുദ്രം, മന്ത്രവാദം, വെളിച്ചപ്പാട്ട്, ലക്ഷണം,

അഞ്ജനം—ഹൈന്ദവരുടെ ഇടയിൽ നിലനിന്നുപോരു ന്നു. അതിൽ പലതും കേരള സുറിയാനി ക്രിസ്ത്യാനിക ളുടെ ഇടയിൽ പണ്ടേക്കാലം മുതൽ ഉണ്ടായിരുന്നതായി ലെസ്‌ലി ബ്രൌൺ തുടങ്ങിയ കേരളസഭാ ചരിത്രകാരർ രേഖപ്പെടുത്തിയിട്ടിട്ടുണ്ട്. സാധു ജാതികളിൽ നിന്നു ക്രിസ്ത്യാനികളായവരിൽ ചിലർ ഈ വക സമ്പ്രദായ ങ്ങൾ തുടരുകയാണ്. സത്യ ദൈവത്തിനു വിധേയമല്ലാ ത്ത ആത്മീയ ശക്തികൾ ലോകത്തിൽ വ്യാപരിച്ചു മനു ഷ്യജീവിതം നിയന്ത്രിക്കുന്നു എന്നും സന്മാർഗ്ഗപാത അ ന്വേഷിക്കാതെ അവയെ പ്രീണിപ്പിച്ചു മനുഷ്യജീവിതം സുകരമാക്കണമെന്നും ഉള്ള തത്ത്വമാണ് ഈ 'മ്ലേച്ഛതക' ളുടെ പിമ്പിലുള്ളതു്. ഇതു തികച്ചും അന്ധവിശ്വാസങ്ങ ളത്രെ. ദൈവത്തിൽ അവിശ്വാസം പ്രഖ്യാപിക്കുന്ന അന്ധവിശ്വാസങ്ങൾ.

2. മുകളിൽ കൊടുത്ത മ്ലേച്ഛതകളുടെ പട്ടികയിൽ നി ന്നു വ്യത്യസ്തമാണ് യിസ്രായേലിലെ പ്രവാചകരും പ്രവചനങ്ങളും എന്നു ഈ ഭാഗം സ്പഷ്ടമാക്കുന്നു. എന്നാൽ ആ രംഗത്തും തരംതിരിവ് ആവശ്യം. പ്രവാചകൻ മുന്ന റിയിക്കുന്ന സംഭവങ്ങൾ നടക്കുന്നില്ലെങ്കിൽ പ്രവചനം 'സ്വയംകൃതി' യാണ്, ദൈവത്തിൽ നിന്നല്ല എന്നു തീ ർച്ചയാണെന്നത്രെ പ്രസ്താവന. തീർച്ചയാണോ? യിരമ്യാ പ്രവാചകൻ ദീർഘദർശനം ചെയ്തതു പലതും നടന്നില്ല. യോനാ സത്യമായി പ്രവചിച്ച വചനത്തിനു വിരുദ്ധ മായി സംഭവം നടന്നതിൽ യോനായ്ക്കു ദൈവത്തോടു കോ പമുണ്ടായി. മനുഷ്യന്റെ ദൈവീക മാനസാന്തരത്തി ലേക്കും ജീവിതത്തിന്റെ ധാർമ്മിക രൂപാന്തരത്തിലേ ക്കും പ്രവചനം പ്രേരിപ്പിക്കുന്നുണ്ടോ എന്നതാണ് ദൈ വീക പ്രവചനത്തിന്റെ യഥാർത്ഥ മാനദണ്ഡമെന്നു പഴയ നിയമ ഗ്രന്ഥങ്ങൾ സാക്ഷിക്കുന്നു. പ്രവാചകൻ മുന്നറി യിച്ചതുപോലെ സംഭവങ്ങൾ നടന്നാലും യഹോവയിൽ നിന്നു ജനത്തെ പിന്തിരിപ്പിക്കുന്നുവെങ്കിൽ സത്യ പ്രവാ ചകനല്ലെന്നു ആവ. 13. 3 ൽ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. അ ന്യ സംസ്കാരങ്ങളിൽ നടപ്പിലിരുന്ന മന്ത്രവാദികളിൽ

നിന്നും കള്ളപ്രവാചകന്മാരിൽ നിന്നും സത്യപ്രവാചകന്മാരെ തിരിച്ചറിയുന്നതു് കനാനിൽ കുടിപാർത്ത യിസ്ററായേൽ ജനത്തിന്നു ഒരു സജീവ പ്രശ്നമായിരുന്നു എന്നു ഈ രണ്ടു ഭാഗങ്ങളും വ്യക്തമാക്കുന്നു.

3. മോശെയുടെ ജീവിതകാലം കഴിഞ്ഞു ദൈവഹിതം വെളിപ്പെടുത്തുന്ന പ്രവാചകന്മാർ യിസ്ററായേലിൽ ഉണ്ടാകുമെന്ന ദൈവ വാഗ്ദാനം ഈ ഭാഗത്തുണ്ടു് (18.18). യിസ്ററായേൽ ചരിത്രത്തിൽ തുടർച്ചയായി ദൈവം എഴുന്നേല്പിച്ച പ്രവാചകന്മാരിൽക്കൂടിയാണല്ലോ ദൈവം മനുഷ്യവംശത്തിന്നു തന്റെ വചനം നൽകിയതു്. അപ്പോ. പ്ര. 3. 22 ൽ പത്രോസ് ഈ വാക്യം ഉദ്ധരിച്ചു് അതു യേശുക്രിസ്തുവിൽ നിവൃത്തിയായി എന്നു പ്രഖ്യാപിക്കുന്നു. പാപത്തിന്റെ കലർപ്പില്ലാത്ത ദൈവവചനം മനുഷ്യകുലത്തിന്നു നൽകിയതു് യേശുക്രിസ്തുവാണ്. അതുകൊണ്ടു് ആവ. 18.18 ലെ വാഗ്ദാനത്തിന്റെ നിവൃത്തി പരമമായി യേശുക്രിസ്തുവിലാണു് ഉണ്ടായതു് എന്ന പ്രഖ്യാപനം അന്വർത്ഥം തന്നെ.

## iii. ക്രിമിനൽ കുററനിയമങ്ങൾ

(ആവ. 19. 1_20; 21. 1_9)

19.2 ... നിന്റെ ദൈവമായ യഹോവ നിനക്ക് അവകാശമായി തരുന്ന ദേശത്തിൽ മൂന്നു പട്ടണങ്ങളെ വേർതിരിക്കണം.

3. ആരെങ്കിലും കൊല ചെയ്തുപോയാൽ അവിടേക്കു ഓടിപ്പോകേണ്ടതിനു നീ ഒരു വഴി ഉണ്ടാക്കയും നിന്റെ ദൈവമായ യഹോവ നിനക്കു അവകാശമായി തരുന്ന ദേശം മൂന്നായി ഭാഗിക്കയും വേണം.

4,6. .... ഒരുത്തൻ പൂർവ്വദ്വേഷം കൂടാതെ അബദ്ധവശാൽ കൂട്ടുകാരനെ കൊന്നുപോയെങ്കിൽ .... കൊലചെയ്തവനെ രക്ത പ്രതികാരകൻ മനസ്സിന്റെ ഉഷ്ണ

ത്തോടെ പിന്തുടർന്നു വഴിയുടെ ദൂരം നിമിത്തം അവനെ പിടിച്ചു അവൻെറ ജീവനെ നശിപ്പിക്കാതിരിപ്പാൻ അവൻ ആ പട്ടണങ്ങളിൽ ഒന്നിൽ ഓടിപ്പോയി ജീവനോടിരിക്കണം. അവന് അവനോടു പൂർവ്വദ്വേഷമില്ലാതിരുന്നതുകൊണ്ടു മരണശിക്ഷക്കു ഹേതുവില്ല.

14. .... നിൻെറ അവകാശത്തിൽ പൂർവ്വന്മാർ വെച്ചിരിക്കുന്നതായ കൂട്ടുകാരൻെറ അതിർ നീക്കരുത്.

15. മനുഷ്യർ ചെയ്യുന്ന യാതൊരു അകൃത്യത്തിനോ പാപത്തിനോ അവൻെറ നേരെ ഏകസാക്ഷി നിൽക്കരുത്. രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴിയാൽ കാര്യം ഉറപ്പാക്കണം.

18. സാക്ഷി കള്ളസാക്ഷി എന്നും സഹോദരൻെറ നേരെ കള്ളസാക്ഷ്യം പറഞ്ഞു എന്നും കണ്ടാൽ അവൻ സഹോദരനു വരുത്തുവാൻ നിരൂപിച്ചതുപോലെ നിങ്ങൾ അവനോടു ചെയ്യണം.

20. ഇനി നിങ്ങളുടെ ഇടയിൽ അതുപോലെ ദോഷം നടക്കാതിരിക്കേണ്ടതിനു ശേഷമുള്ളവർ കേട്ടു ഭയപ്പെടണം. നിനക്കു കനിവു തോന്നരുത്. ജീവനു പകരം ജീവൻ. കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്, കൈക്കു പകരം കൈ, കാലിനു പകരം കാൽ.

1. ക്രിമിനൽ നടപടി നിയമങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. കരുതിക്കൂട്ടി സഹോദരനെ കൊന്നവനു മരണശിക്ഷ കൊടുക്കണം; അബദ്ധവശാൽ കൊലചെയ്തവനു ജീവഹാനി വരുത്തരുത്. പ്രതികാരകൻെറ കൈയ്യിൽ ഉടൻ അകപ്പെട്ടു കൊല്ലപ്പെടാതെ അവൻെറ നിരപരാധിത്വം തെളിയിക്കാൻ ഒരു അവസരമാണ് 'സങ്കേതനഗരങ്ങൾ' (ആവ. 35.11) നൽകുന്നത്. 'യാഗപീഠ'മായിരുന്നു ആദ്യകാലത്തു സങ്കേതം (പുറ. 21.12–14). കൊല്ലപ്പെട്ട മനുഷ്യൻെറ അടുത്ത ബന്ധക്കാർ രക്തപ്രതികാരമായി കൊലപാതകിയെ കൊല്ലുന്ന പതിവ് എല്ലാ

പ്രാകൃത ഗോത്ര സാമൂഹ്യ ക്രമത്തിലും ഉണ്ട്. നിയമിക്കപ്പെട്ട ന്യായാധിപരും എഴുതപ്പെട്ട നിയമവും ആവിർഭവിച്ചെങ്കിലും രക്തപ്രതികാരകനാണ് ഇവിടെ കൊലപാതകൻെറ മരണശിക്ഷ നടപ്പിൽ വരുത്തുന്നത്. ഈ നിയമത്തിൽ പ്രാചീന രക്ത പ്രതികാര പാരമ്പര്യത്തിൻെറ ഒരു കണ്ണി നില്ക്കുന്നു. ആധുനിക് ക്രിമിനൽ നടപടി ക്രമം അനുസരിച്ച് ശിക്ഷ വിധിക്കുന്നതും നടത്തുന്നതും ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരാണ്. മൂന്നു അഭയ പട്ടണങ്ങൾ 'യോർദ്ദാനക്കരെ കിഴക്കു' വേർതിരിച്ചതാണ് (ആവ. 4. 41–42). ഇവിടെ ആദ്യം മൂന്നു പട്ടണങ്ങളും പിന്നീടു യിസ്രായേൽ വംശജരുടെ പ്രദേശത്തിൻെറ അതിർ വിശാലമാകുമ്പോൾ മൂന്നുകൂടെയും വേർതിരിക്കണമെന്നാണ് നിർദ്ദേശം.

2. ഏതു കുററം ശിക്ഷിക്കുന്നതിനും 'രണ്ടോ മൂന്നോ' സാക്ഷികൾ വേണമെന്നാണ് ക്രിമിനൽ നടപടി ക്രമം. കള്ളസാക്ഷിക്കു കഠിനശിക്ഷയും നിശ്ചയിക്കുന്നു. ന്യായപ്രമാണ നീതിക്കു രണ്ട് അടിസ്ഥാന പ്രമാണങ്ങളുണ്ട്. ഒന്ന്: കുററമില്ലാത്ത രക്തം ചിന്തിട്ടു നിൻെറ മേൽ (സമൂഹത്തിനു) രക്തപാതകം ഉണ്ടാകരുത് (19. 10), രണ്ട്: കുററം ചെയ്തവനു കുററത്തിനു സമമായ ശിക്ഷ ലഭിക്കണം (19. 20); അതിൽ 'കനിവു പാടില്ല'. (19. 13,20). 'ശേഷമുള്ളവർ കേട്ടു ഭയപ്പെട്ടു' (20) കുററങ്ങളിൽ നിന്നു ഒഴിയാൻ ഇടയാകണമെന്നതാണ് ഇതിൽ അന്തർലീനമായ ഉദ്ദേശ്യം. ഇന്നും ഭരണകൂടങ്ങൾ ഈ സമീപനം സ്വാഭാവിക നീതിയായി പരിഗണിക്കുന്നു. കുററക്കാരൻെറ പരിതസ്ഥിതി, മനുഷ്യത്വത്തോടു കനിവ്, അവൻെറ ധാർമ്മിക നവീകരണം, ഇവയൊക്കെക്കൂടെ കണക്കിലെടുക്കണമെന്ന തത്ത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ക്രിമിനൽ നിയമം പ്രതികാര നീതിയുടെ പ്രതിബിംബമാണ്. അതുകൂടാതെ സാമൂഹ്യക്രമം നിലനില്ക്കുമെന്നായിരുന്നു ടോൾസ്റ്റോയിയുടെ അഭിപ്രായം. അതിനിയും തെളിയിക്കപ്പെട്ടിട്ടില്ലതന്നെ. ഭരണകൂടം 'ദോഷം പ്രവർത്തിക്കുന്നവൻെറ ശിക്ഷയ്ക്കായി പ്രതി

കാരിയായ ദൈവ ശുശ്രൂഷക്കാരൻ തന്നെ' (റോമ 13. 4) എന്നത്രെ പൗലൊസ് പ്രസ്താവിക്കുന്നതു്.

3. ആവർത്തനനിയമം മാത്രമെ 'കൂട്ടുകാരന്റെ അതിർ നീക്കരുതു്' എന്ന അനുശാസിക്കുന്നുള്ളു (14). 'പൂർവ്വന്മാർ വെച്ചിരിക്കുന്ന' എന്ന വിശേഷണഭാഗം പ്രധാനമാണു്. ഏതു നിലവിലിരിക്കുന്ന ഭൂനിയമവും അംഗീകരിക്കണമെന്നല്ല, പൂർവ്വന്മാർ നീതി പൂർവ്വമായി വെച്ച അതിർ നീക്കരുതെന്നാണു്. അതു നീക്കി മററുള്ളവരുടെ ഭൂസ്വത്തു സ്വന്തമാക്കിയാൽ ദുഷ്പ്രഭുത്വവും ചൂഷണവും അനീതിയും ആവിർഭവിക്കും. ഈ ഭൂസ്വത്താസക്തിയെ പ്രവാചകന്മാർ അങ്ങേയററം അപലപിച്ചു. 'തങ്ങൾ മാത്രം ദേശമദ്ധ്യേ പാർക്കത്തക്കവണ്ണം മററാർക്കും സ്ഥലമില്ലാതാകുവോളം വീടോടുവീടുചേർക്കയും വയലോടു വയൽ കൂട്ടുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം' (യെശ. 5. 8). 'അവർ വയലുകളെ മോഹിച്ചു പിടിച്ചുപറിക്കുന്നു. അവർ വീടുകളെ മോഹിച്ചു കൈക്കലാക്കുന്നു. അങ്ങനെ അവർ പുരുഷനെയും അവന്റെ ഭവനത്തെയും മനുഷ്യനെയും അവന്റെ അവകാശത്തെയും പീഡിപ്പിക്കുന്നു' (മീഖാ. 2. 2). അങ്ങനെ അനീതിപരമായിത്തീർന്ന ഭൂസ്വത്തുനിയമം നീതിപൂർവ്വമാക്കുന്നതിനു നിലവിലിരിക്കുന്ന അതിരുകൾ നീങ്ങുകതന്നെ വേണം, ജനങ്ങൾ സംഘടിച്ചു നീക്കണം. ഭാരതത്തിൽ പൊതുസ്വത്തായിക്കിടന്ന ഭൂപ്രദേശങ്ങളാണു് ഭൂപ്രഭുക്കൾ ബലാൽ ഭരണാധിപരുടെ സഹായത്തോടെ കൈയടക്കിയതു്. അവരാണു് അതിർ നീക്കിയതു്. അതുകൊണ്ടു ഭൂനിയമപരിഷ്ക്കാരങ്ങൾ മൂലം ഭൂനിയമം ഇന്നു കൂടുതൽ നീതിപൂർവ്വമാക്കണമെന്ന മുറവിളി തികച്ചും 'ന്യായ'മാണു്.

## iv യുദ്ധനിയമങ്ങൾ (ആവ. 20. 1–20; 21. 10–14)

**20. 2. നിങ്ങൾ പടയേൽപാൻ അടുക്കുമ്പോൾ പുരോഹിതൻ വന്നു ജനത്തോടു് സംസാരിച്ചു........**

5. പിന്നെ പ്രമാണികൾ ജനത്തോട് പറയേണ്ടത് എന്തെന്നാൽ: ആരെങ്കിലും ഒരു പുതിയ വീടു പണിയിച്ചു ഗൃഹപ്രവേശം കഴിക്കാതെ ഇരിക്കുന്നുവെങ്കിൽ അവൻ പടയിൽ പട്ടുപോകയും മററാരുത്തൻ ഗൃഹപ്രവേശം കഴിക്കയും ചെയ്യാതിരിക്കേണ്ടതിന് അവൻ വീട്ടിലേക്ക് മടങ്ങിപ്പോകട്ടെ.

6. ആരെങ്കിലും ഒരു മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം അനുഭവിക്കാതെ ഇരിക്കുന്നുവെങ്കിൽ അവൻ പടയിൽ പട്ടുപോകയും മറെറാരുത്തൻ അതിന്റെ ഫലം അനുഭവിക്കയും ചെയ്യാതിരിക്കേണ്ടതിന് അവൻ വീട്ടിലേക്ക് മടങ്ങിപ്പോകട്ടെ.

7. ആരെങ്കിലും ഒരു സ്ത്രീയെ വിവാഹത്തിന് നിശ്ചയിച്ചു അവളെ പരിഗ്രഹിക്കാതിരിക്കുന്നു എങ്കിൽ അവൻ പടയിൽ പട്ടുപോകയും മറെറാരുത്തൻ അവളെ പരിഗ്രഹിക്കയും ചെയ്യാതിരിക്കേണ്ടതിന് അവൻ വീട്ടിലേക്ക് മടങ്ങിപ്പോകട്ടെ.

9. ....ഇങ്ങനെ പ്രമാണികൾ ജനത്തോടു പറഞ്ഞുതീർന്നശേഷം അവർ സൈന്യാധിപരെ സേനാമുഖത്ത് ആക്കണം.

10. നീ ഒരു പട്ടണത്തോടു യുദ്ധം ചെയ്‌വാൻ അടുത്തുചെല്ലുമ്പോൾ സമാധാനം എന്നു വിളിച്ചുപറയണം.

11. സമാധാനം എന്നു മറുപടി പറഞ്ഞ് വാതിൽ തുറന്നാൽ അതിലുള്ള ജനം എല്ലാം നിനക്ക് ഊഴിയ വേലക്കാരായി സേവ ചെയ്യണം.

12. ....യുദ്ധം ചെയ്യുന്നു എങ്കിൽ അതിനെ നിരോധിക്കണം.

13. അതിലുള്ള പുരുഷ പ്രജയെ ഒക്കെയും വാൾതലയാൽ കൊല്ലണം.

14. ....കൊള്ള നിനക്ക് അനുഭവിക്കാം.

15. ....വളരെ ദൂരമായിരിക്കുന്ന എല്ലാ പട്ടണങ്ങളോടും ഇങ്ങനെ ചെയ്യണം.

16,17 നിനക്ക് അവകാശമായി തരുന്ന ജാതികളുടെ പട്ടണങ്ങളിലോ ... ശ്വാസമുള്ള ഒന്നിനെയും ജീവനോടു വെയ്ക്കാതെ ... ശപഥാർപ്പിതമായി സംഹരിക്കണം.

19. ഒരു പട്ടണം പിടിപ്പാൻ അതിനോടു യുദ്ധം ചെയ്ത് വളരെക്കാലം നിരോധിക്കേണ്ടിവന്നാൽ അതിൻെറ ചുററുമുള്ള വൃക്ഷങ്ങളെ കോടാലികൊണ്ട് വെട്ടിനശിപ്പിക്കരുത്. അവയുടെ ഫലം നിനക്ക് തിന്നാവുന്നതാകയാൽ അവയെ വെട്ടിക്കളയരുത്. നീ പറമ്പിലെ വൃക്ഷത്തെ നിരോധിപ്പാൻ അത് മനുഷ്യനാകുന്നുവോ?

1. യുദ്ധത്തിനു ജനത്തെ തയ്യാറാക്കുന്നതു പുരോഹിതൻ, സൈന്യത്തെ തെരെഞ്ഞെടുക്കുന്നതു് ജനപ്രമാണികൾ. ജനപ്രമാണികളാണു് സൈനിക മേധാവികളെ നിയോഗിക്കുന്നതും. ഭീരുക്കളെ സൈന്യത്തിൽ ചേക്കാതിരിക്കുന്നതു സ്വാഭാവികമാണു്. വീടു പണിതു ഗൃഹപ്രവേശം ചെയ്യാത്തവർ, വിവാഹനിശ്ചയം കഴിഞ്ഞു വിവാഹം കഴിക്കാത്തവർ, മുന്തിരിത്തോട്ടം നട്ടിട്ടു അതിൻെറ ഫലം അനുഭവിക്കാത്തവർ—ഇവരെയും സൈനികസേവനത്തിൽനിന്നു ഒഴിവാക്കും. യിസ്രായേൽ നിയമത്തിൻെറ മനുഷ്യാത്മകത്വമാണു് ഇവിടെ പ്രകടമാകുന്നതു്. ഒരു പട്ടണത്തോടോ ജനത്തോടോ യുദ്ധത്തിനു പോകുമ്പോൾ പലവിധത്തിലാണു് അവർ പെരുമാറേണ്ടതു്. ദൂരെയുള്ള പട്ടണങ്ങളെ സംബന്ധിച്ചിടത്തോളം സമാധാനമായി കീഴടങ്ങുന്നവരെ ഊഴിയ വേലക്കാരാക്കുക. പടപൊരുതുന്ന പട്ടണം നിരോധിക്ക. പരാജയപ്പെടുത്തിയാൽ പുരുഷന്മാരെ കൊന്നിട്ടു സ്ത്രീകളെയും കുഞ്ഞുങ്ങളെയും വസ്തുവകകളെയും കൊള്ളയായി അനുഭവിക്കാം. യിസ്രായേലിനു വാഗ്ദത്താവകാശമായ കനാന്യ പട്ടണങ്ങളോടു കാരുണ്യം പാടില്ല. അവി

ട്ടത്തെ ജനങ്ങളെയും മററു ജീവജാലങ്ങളെയും ശപഥാർപ്പിതമായി സംഹരിക്കണം. അവരുമായി യുദ്ധം മതത്തിൻെറ ശപഥശുദ്ധികൂടി മുൻനിർത്തിയുള്ളതത്രെ. പട്ടണം നിരോധിക്കുമ്പോഠം ചുററുപാടുമുള്ള ഫലവൃക്ഷങ്ങഠം നശിപ്പിക്കരുതെന്നു പ്രത്യേകം നിഷ്ക്കർഷയുണ്ട്. പ്രകൃതിയെ ആദരിക്കണം; പ്രകൃതിയല്ല മനുഷ്യനാണ് ശത്രു.

2. മനുഷ്യാളത്തത്തിൻെറയും പ്രകൃതിയുടെയും ചില മൗലികാവകാശങ്ങഠം വ്യക്തമായി ന്യായപ്രമാണം അംഗീകരിക്കുന്നു. അങ്ങനെയുള്ള മതബോധം, യുദ്ധമാണ് മനുഷ്യജീവിതത്തിൻെറ ആത്യന്തിക ജന്മസാഫല്യമുഖാന്തരമെന്നു കരുതുന്നില്ല. ഒരു സമൂഹത്തിലെ സകലരെയും സകല സാമൂഹ്യസ്ഥാപനകളെയും ഹോമിക്കാൻ തക്കവണ്ണം ജീവിതത്തിൻെറ പ്രാഥമിക അന്തമല്ല യുദ്ധം. മാത്രമല്ല, സമാധാനപരമായ നയതന്ത്രങ്ങഠംമൂലം രാഷ്ട്രീയ ലക്ഷ്യങ്ങഠം സാധിക്കുന്നതിനു മതം എപ്പോഴും രാഷ്ട്രങ്ങളെ പ്രേരിപ്പിക്കയും ചെയ്യും. മതം ഇപ്രകാരം യുദ്ധത്തിൻെറ ക്രൂരതകഠം കുറയ്ക്കുന്നതിനു ഉപാധിയാണ്. ഇതൊരു വശം. എതിർവശത്തു മതം പ്രവേശിക്കുന്നതോടെ ചില യുദ്ധങ്ങഠം ദൈവനിയോഗമായി ഭവിച്ചു മതവികാരങ്ങളുടെ സമ്മർദ്ദത്തിൽ ശപഥാർപ്പിതമായി ശത്രുസംഹാരം നടത്തണമെന്ന ആശയത്തിനു മൂർച്ചകൂട്ടി, യുദ്ധം പൂർവ്വാധികം ക്രൂരതരമാക്കുന്നു. ഇവ രണ്ടും ഈ വേദഭാഗത്തു തെളിവായി കാണാം. യിസ്റായേൽ ചരിത്രത്തിൽ തന്നെ കനാന്യ പ്രദേശം അവർ കയ്യടക്കി കഴിഞ്ഞു് രാജാക്കന്മാർ യുദ്ധം സംഘടിപ്പിക്കാൻ തുടങ്ങിയതോടെ യുദ്ധം മതേതര സ്വഭാവമുള്ളതായിത്തീർന്നു. അപ്പോഠം മതശപഥപ്രകാരമുള്ള സമരങ്ങഠം അവസാനിച്ചു. എന്നാൽ 'യിസ്റായേൽ'രാഷ്ട്രം അശ്ശൂരിനു അടിമയായി പോയ അവസ്ഥയിൽ 'വിശുദ്ധ സമര'പാരമ്പര്യം ആവർത്തന രചയിതാവു് തിരികെ കൊണ്ടുവരാൻ ശ്രമിക്കയാണിവിടെ.

3. യേശുക്രിസ്തുവിനെ ക്രൂശിച്ച ശക്തികളിൽ അക്കാലത്തെ യിസ്റായേൽ മതവും പങ്കാളിയായിരുന്നു. അതുകൊണ്ടു ദൈവം മതങ്ങൾക്കും മതസമുദായങ്ങൾക്കും അതീതനാണെന്ന സിദ്ധാന്തം ക്രിസ്തീയ പ്രമാണമാണു്. എന്നാൽ അതു കാലക്രമേണയായിട്ടാണു് ക്രൈസ്തവ സഭയിൽ തന്നെ പുരോഗതി പ്രാപിച്ചതു്. 'കുരിശുയുദ്ധ' സിദ്ധാന്തം ഇന്നു പൂർവ്വാപര വിരുദ്ധതയായി സഭകൾ പൊതുവെ തള്ളിക്കളയുന്നു. കൂടാതെ ക്രൈസ്തവ വെളിച്ചത്തിൽ ഏതു യുദ്ധവും പാപമാണെന്ന സിദ്ധാന്തത്തിനു് ഇന്നു് സാർവ്വത്രിക അംഗീകാരം ലഭിച്ചിട്ടുണ്ടു്, സ്വദേശം ആക്രമിക്കുന്നവരെ പ്രതിരോധിക്കുന്നതിനും, സ്ഥാപിത സമൂഹത്തിലെ നിയമം തന്നെ അനീതിക്കും അക്രമത്തിനും ഉപാധിയായിത്തീരുമ്പോൾ ചില സന്ദർഭങ്ങളിൽ സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടിയും ആയുധസമരം നീതീകരിക്കാമെന്നു വിചാരിക്കുന്ന ക്രൈസ്തവർ ഉണ്ടു്. നിലവിലിരിക്കുന്ന അക്രമത്തിനും അനീതിക്കും വഴങ്ങിക്കൊടുത്തുകൊണ്ടു നിലനിർത്തുന്ന സമാധാനമാർഗ്ഗം സായുധ സമരത്തെക്കാൾ പാപകരമായി അവർ കരുതുന്നു. അവരും, സായുധ സമരം പാപമാണെന്നു സമ്മതിക്കും. അതിനാൽ അതു് അക്രമരഹിതമായ സമരതന്ത്രങ്ങളെല്ലാം നിഷ്ഫലമാകുമ്പോൾ അററകൈയായിട്ടേ ഉപയോഗിക്കാവൂ എന്നത്രെ സിദ്ധാന്തിക്കുന്നതു്. അന്തർദേശീയ രംഗത്തും ദേശീയ സാമൂഹ്യ സ്ഥിതികളിലും പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കത്തക്കവണ്ണം രാഷ്ട്രീയ സ്ഥാപനകളും അക്രമരഹിത സമര തന്ത്രങ്ങളും ആവിഷ്ക്കരിക്കാൻ സമാധാന പ്രേമികൾ ചെയ്യുന്ന എല്ലാ ഉദ്യമങ്ങളെയും സഭ ഇന്നു പിന്താങ്ങുന്നുമുണ്ടു്. കുരിശുയുദ്ധ സിദ്ധാന്തം അക്രൈസ്തവം, സായുധ സമരം പാപമായതിനാൽ കഴിവതും ഒഴിവാക്കണം, ജനമുന്നേററത്തിനു സഹായിക്കുന്ന അക്രമരഹിത സമരതന്ത്രങ്ങൾ ആവിഷ്ക്കരിക്കണം — ഇവയാണു് ഇന്നു ക്രൈസ്തവ ലക്ഷ്യങ്ങൾ.

21. 1. നിൻെറ ദൈവമായ യഹോവ നിനക്കു അവകാശമായി തരുന്ന ദേശത്തു വയലിൽ ഒരുത്തനെ കൊന്നിട്ടിരിക്കുന്നതു കാണുകയും അവനെ കൊന്നവൻ ആരെന്നു അറിയാതിരിക്കയും ചെയ്താൽ നിൻെറ മൂപ്പന്മാരും ന്യായാധിപതിമാരും....

5. പിന്നെ ലേവ്യരായ പുരോഹിതന്മാർ അടുത്തു ചെല്ലണം....

6. കൊല്ലപ്പെട്ടവനു അടുത്ത പട്ടണത്തിലെ മൂപ്പൻമാർ എല്ലാവരും താഴ്വരയിൽ വെച്ചു കഴുത്തൊടിച്ച പശുക്കിടാവിന്മേൽ തങ്ങളുടെ കൈകഴുകി: ഞങ്ങളുടെ കൈകൾ ആ രക്തം ചിന്തീട്ടില്ല, ഞങ്ങളുടെ കണ്ണ് അതു കണ്ടിട്ടുമില്ല.

7. യഹോവേ, നീ വീണ്ടെടുത്തിട്ടുള്ള നിൻെറ ജനമായ യിസ്രായേലിനോടു ക്ഷമിക്കേണമെ. നിൻെറ ജനമായ യിസ്രായേലിൻെറ മദ്ധ്യേ കുററമില്ലാത്ത രക്തം ഇരിപ്പാൻ ഇടവരരുതേ എന്നു പറയണം. എന്നാൽ ആ രക്തപാതകം അവരോടു മോചിക്കപ്പെടും.

9. ഇങ്ങനെ യഹോവ ഹിതമായുള്ളതു ചെയ്തു കുററമില്ലാത്ത രക്തം നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയണം.

1. ഈ വേദഭാഗം ക്രിമിനൽ കുററ നിയമാവലിയുടെ കൂടെ വരേണ്ടതാണ്. വ്യക്തികൾ ചെയ്യുന്ന പാപത്തിനും, ഉത്തരവാദിത്വം ആർക്കെന്ന തിട്ടമില്ലാത്ത പാപത്തിനും സമൂഹത്തിനു് ഉത്തരവാദിത്വമുണ്ട്; ചൊരിയപ്പെടുന്ന 'കുററമില്ലാത്ത രക്തം' സമൂഹത്തിനാകെ ശാപം വരുത്തും. ഈ ആശയങ്ങൾ ഈ ഭാഗത്തു ദൃഢമൂലമാണ്. സമൂഹം മാത്രമല്ല ആ രക്തം വീണ ഭൂമിതന്നെ ശാപഗ്ര

സ്തമായി ഭവിക്കുന്നു (ഉല്പ 4. 10) എന്നത്രെ യിസ്രായേൽ ചിന്താഗതി അങ്ങനെയുളവാകുന്ന ശാപം നീക്കിക്കളയുന്നതിനാണ് കൊലപാതകനെ സമൂഹം ശിക്ഷിക്കുന്നത്. കൊലപാതകൻ ആരെന്നു നിശ്ചയമില്ലെങ്കിലും ശാപം നിലനില്ക്കുന്നു; അതു നീക്കിക്കളയുന്നതിനു ന്യായപ്രമാണം അനുശാസിച്ച മതകർമ്മമാണ് ഇവിടെ വിവരിക്കുന്നത്. മൂപ്പന്മാർക്കും ന്യായാധിപന്മാർക്കും ലേവ്യ പുരോഹിതന്മാർക്കും ഈ കർമ്മത്തിൽ സാമൂഹ്യ പ്രതിനിധികൾ എന്ന നിലയ്ക്കു പങ്കുണ്ട്. ലേവ്യനാണ് കർമ്മ പുരോഹിതൻ. ജീവനുപകരം ജീവൻ എന്ന നീതി വെച്ചു പശുക്കിടാവിനെ കൊല്ലുന്നു. പട്ടണപ്രതിനിധികൾ വ്യക്തിപരമായി കുററമില്ലാത്തവരെന്നു കൈ കഴുകി സത്യം ചെയ്യുന്നുവെങ്കിലും അവരുടെ പട്ടണം ചെയ്ത കുററത്തിനു അവർ ദൈവത്തോടു മാപ്പപേക്ഷിക്കുന്നു. രക്തത്തിൻെറയും രക്തം പ്രതിനിധീകരിക്കുന്ന ജീവൻെറയും ഏക അവകാശി ദൈവമാണല്ലോ. ദൈവം പട്ടണത്തിനു ക്ഷമ നൽകി ശാപം നീക്കും.

2. സാമൂഹ്യപാപം എന്ന സിദ്ധാന്തം ക്രിസ്തുസഭ ഇനിയും ഗ്രഹിച്ചിട്ടില്ല ജാതിഭേദം, ദാരിദ്ര്യം, മനുഷ്യാവകാശ ധ്വംസനം തുടങ്ങിയവ സാമൂഹ്യ പാപങ്ങളാണ്. ഈ ദോഷങ്ങൾ പരമ്പരാഗതമായ സാമൂഹ്യ ഘടനകളിലാണ് തുടരുന്നത്. പല തലമുറകളുടെ പാപശക്തികൾ കൂടിച്ചേർന്ന ഘടനകളാണവ. അതുകൊണ്ട് പലപ്പോഴും ഇന്നു ജീവിക്കുന്ന വ്യക്തികളിൽ ആരു് അവയ്ക്കു ഉത്തരവാദികളെന്നു നിർണ്ണയിക്കാൻ നിർവ്വാഹമില്ലാത്ത പാപങ്ങളാണവ. എന്നാൽ അവ പുലർത്തുന്ന വ്യവസ്ഥിതിക്കു സമൂഹം ഉത്തരവാദിത്വം സ്വീകരിക്കണം. സമൂഹത്തിൻെറ നാമത്തിൽ സഭ അവയ്ക്കു ദൈവത്തോടു മാപ്പു ചോദിക്കാൻ കടപ്പെട്ടിരിക്കുന്നു. അതോടൊപ്പം പ്രസ്തുത പാപങ്ങൾ ഇല്ലാതാക്കുന്ന നീതിപൂർവ്വമായ സാമൂഹ്യ വ്യവസ്ഥിതിയ്ക്കുവേണ്ടി അശ്രാന്തം പരിശ്രമിക്കുന്നതിനു ദൈവക്ഷമ പ്രചോദനമായി ഭവിക്കണം.

## V. സാമൂഹ്യനിയമങ്ങൾ. (ആവ. 21.11–24.21)

21. 11 ആ ബദ്ധന്മാരുടെ കൂട്ടത്തിൽ സുന്ദരിയായൊരു സ്ത്രീയെ കണ്ടുഭാര്യയായി എടുപ്പാൻ തക്കവണ്ണം അവളോടു പ്രേമം ജനിക്കുന്നു എങ്കിൽ നീ അവളെ വീട്ടിൽ കൊണ്ടുവരണം.

12. അവൾ തലമുടി ചിരക്കെയും നഖം മുറിക്കയും ബദ്ധവസ്ത്രംമാറി നിന്റെ വീട്ടിൽ പാർത്ത് ഒരുമാസം തന്റെഅപ്പനെയും അമ്മയെയും കുറിച്ചു ദുഃഖിക്കയും ചെയ്തശേഷം നീ അവളുടെ അടുക്കൽ ചെന്ന് അവൾക്കു ഭർത്താവായും അവൾ നിനക്കു ഭാര്യയായും ഇരിക്കണം.

14. എന്നാൽ നിനക്കവളോടു ഇഷ്ടമില്ലാതെയായെങ്കിൽ അവളെ സ്വതന്ത്രയായി വിട്ടയക്കണം. അവളെ ഒരിക്കലും വിലയ്ക്കു വില്ക്കരുത്. നീ അവളെ പരിഗ്രഹിച്ചതു കൊണ്ടു അവളോടു കാഠിന്യം പ്രവർത്തിക്കരുത്.

1. 20-ാം അദ്ധ്യായത്തിലെ യുദ്ധനിയമങ്ങളുടെ കൂട്ടത്തിൽ പെടുന്നവയാണിതും. എന്നാൽ സാമൂഹ്യനിയമങ്ങളുടെ തുടക്കവും കുറിക്കുന്നു. പടയിൽ പരാജിതരായ ജനത്തിന്മേൽ ജയാളിക്കു പൂർണ്ണ അവകാശമുണ്ടെന്ന പാരമ്പര്യനിയമം ഇവിടെ നിലനില്ക്കുന്നു. എന്നാൽ യുദ്ധത്തിൽ പിടിക്കപ്പെട്ട സ്ത്രീകളെ ഭോഗവസ്തുക്കളായി ഉപയോഗിച്ചശേഷം ചവററുകൊട്ടയിൽ തള്ളിക്കളയാനുള്ള അവകാശം യിസ്രായേല്യർക്കില്ല. ബദ്ധന്മാരുടെ കൂട്ടത്തിൽ ഒരു സ്ത്രീയോടു 'പ്രേമം' ഉണ്ടായാൽ അവളെ 'ഭാര്യ'യായി സ്വീകരിക്കാം. പക്ഷേ അവളുടെ ചില മാനസീകാവശ്യങ്ങൾ വകവെച്ചു കൊടുത്തുകൊണ്ടുവേണം. ഒരു മാസത്തേക്കു നഷ്ടപ്പെട്ട മാതാപിതാക്കൾക്കുവേണ്ടി വിലപിക്കാൻ അവൾക്കു സമയം നൽകണം. അവൾ സ്വജാതിയെ പൂർണ്ണമായി തിരസ്ക്കരിക്കുന്നതിന്റെ അടയാളമായിട്ടാണ് പഴയ തലമുടി നഖം, വസ്ത്രം ഇവയെല്ലാം മാററുന്നതു്. യിസ്രായേല്യൻ അവളെ ഭാര്യയായി സ്വീകരിച്ചശേഷം അവളോ

ടയാരംക്ക് ഇഷ്ടമില്ലാതായാൽ മററു ബദ്ധന്മാരെപോലെ അടിമയായി വില്ലരുതു്. അവരം തൻെറ ഭാര്യയായിരുന്നതിനാൽ സ്വാതന്ത്ര്യത്തിനു അവകാശിയാണു്. സൗന്ദര്യപ്രേമം മനുഷ്യത്വസ്നേഹമായി ഭവിച്ചാൽ പിന്നെ അടിമസ്ത്രീയായാലും മനുഷ്യത്വത്തിൻെറ അവകാശങ്ങരം അവരംക്കു ലഭിക്കണം. ഭാര്യാഭർത്തൃനിയമങ്ങരം യുദ്ധനിയമങ്ങരംക്കു അതീതമാണു്.

2. ഈ വേദഭാഗവും ആവ. 7. 3 – ഉം വിവിധമതാനുസാരികരം തമ്മിൽ വിവാഹബന്ധം സംബന്ധിച്ച പ്രശ്നം ഉന്നയിക്കുന്നു. ഭാരതസഭകളിൽ ക്രിസ്ത്യാനികളും ഇതര മതാനുസാരികളും തമ്മിൽ വിവാഹബന്ധം ഉണ്ടാകാറുണ്ടു്. ഭാരതസഭകരം വിവിധ രീതിയിലാണു് അതിലന്തർലീനമായ പ്രശ്നങ്ങരം കൈകാര്യം ചെയ്യുന്നതു്. ദൈവശാസ്ത്രപരമായി ആലോചിച്ചാൽ മാമോദീസാ, കുർബ്ബാന എന്നീ വീണ്ടെടുപ്പിൻെറ കൂദാശകരംപോലെ സഭയിൽ പ്രത്യേകം സ്ഥാപിച്ചിരിക്കുന്ന കൂദാശയല്ല വിവാഹം. സൃഷ്ടിയിങ്കൽ മാനവ സമുദായത്തിനാകമാനം അനുഭവിക്കുവാൻ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു കൂദാശയാണതു് (ഉല്പ. 1. 27–28; 2. 24) എന്നു സ്പഷ്ടമത്രെ. അതുകൊണ്ടു് അതിനു മതേതര സ്വഭാവമുണ്ടു്, വിവാഹജീവിതത്തിൽ പാപംമൂലം ഉളവായ മാലിന്യങ്ങളിൽനിന്നു വിടുവിച്ചു മാനവസംസ്ക്കാരമായി വിവാഹത്തെ ശുദ്ധീകരിക്കാനും അനുഗ്രഹിക്കുവാനും സഭയ്ക്കു കടമയുണ്ടെന്നല്ലാതെ വിവാഹത്തിൻെറ മതേതര സ്വഭാവം ഇല്ലാതാക്കാൻ സഭയ്ക്കവകാശമില്ലതന്നെ. കുടുംബജീവിതം മാനുഷികമായി ധന്യമാക്കുന്നതിനു ക്രിസ്തായടിസ്ഥാനം അത്യന്താപേക്ഷിതമാണെന്നു സഭ വിശ്വസിക്കുന്നു, ഉപദേശിക്കുന്നു. എന്നാൽ വിവാഹവും കുടുംബവും സാർവ്വത്രിക മനുഷ്യത്വത്തിൻെറ ഘടകങ്ങളാണു്, മനുഷ്യത്വത്തിൻെറ വളർച്ചയുടെ ഉപാധികളാണു്. ക്രിസ്ത്യാനികരംക്കുമാത്രമല്ല എല്ലാമനുഷ്യർക്കും.

21. 15, 16. ഒരുത്തി ഇഷ്ടയായും മററവരം അനിഷ്ടയോ യും ഇങ്ങനെ ഒരാരക്ക് രണ്ടു ഭാര്യമാർ ഉണ്ടായിരി ക്കയും ആദ്യജാതൻ അനിഷ്ടയുടെ മകൻ ആയ ിരിക്കുക യും ചെയ്താൽ .... ഇഷ്ടയുടെ മകന് ജേഷ്ഠാവകാശം കൊടുത്തുകൂടാ.

17. തനിക്കുള്ള സകലത്തിലും രണ്ടു പങ്ക് അനിഷ്ട യുടെ മകനു കൊടുത്തു അവനെ ആദ്യജാതനെന്ന് സ്വീ കരിക്കണം .... ജേഷ്ഠാവകാശം അവനുള്ളതാകുന്നു.

18, 20. അപ്പൻെറയോ അമ്മയുടെയോ വാക്കു കേരക്കാ തെയും അവർ ശാസിച്ചാലും അനുസരിക്കാതെയുമിരി ക്കുന്ന ശഠനും മത്സരിയുമായ മകൻ ഒരുത്തനുണ്ടെ ങ്കിൽ അവനെ പിടിച്ച് പട്ടണത്തിലെ മൂപ്പൻമാരുടെ അ ടുക്കൽ പട്ടണവാതിക്കൽ കൊണ്ടുപോയി: ഞങ്ങളുടെ ഈ മകൻ .... തിന്നിയും കുടിയനും ആകുന്നു എന്ന്...പറയ ണം.

21 പിന്നെ പട്ടണക്കാർ എല്ലാവരും അവനെ കല്ലെറിഞ്ഞു കൊല്ലണം.

കുടുംബജീവിതത്തിൽ പരസ്പരം ഉത്തരവാദിത്വ ങ്ങരം ഉണ്ടു്. അതു കുടുംബാംഗങ്ങളുടെ ഇഷ്ടാനിഷ്ടങ്ങരം ക്കു അതീതമായി ധാർമ്മിക നിയമമാണു്. മാതാപി താക്കരംക്കു മക്കളോടും മക്കരംക്കു മാതാപിതാക്കളോടുമു ള്ള കടമകരം അത്തരത്തിൽ ദിവ്യധർമ്മമത്രെ. ബഹു ഭാര്യാത്വം യിസ്രായേലിൽ നടപ്പിലിരുന്നു. അതു കുടും ബബന്ധങ്ങളിൽ പല പ്രശ്നങ്ങരംക്കും വഴിതെളിച്ചതാ യി പഴയനിയമ രേഖകരം തെളിയിക്കുന്നു. അക്കൂട്ട ത്തിലൊന്നാണു് ഇവിടെ വിവരിക്കുന്നതു്. ആദ്യജാത ൻെറ അവകാശം അവൻെറ അമ്മയോടു ഇഷ്ടക്കുറവുള്ള തുകൊണ്ടു എടുത്തുകളയരുതു് എന്നാണു് അനുശാസനം. അമ്മയപ്പന്മാരെ ധിക്കരിച്ചു ദുർമ്മാർഗ്ഗിയായി നടക്കുന്ന മക്കരംക്കു മരണശിക്ഷയാണു് ന്യായപ്രമാണം വിധിച്ചി രിക്കുന്നതു്. എന്നാൽ ഇവിടെ പ്രസ്തുത ശിക്ഷ അന്ത്യ

മായി തീരുമാനിക്കേണ്ടതു് മൂപ്പന്മാരാണ്, മാതാപിതാക്കളല്ല എന്നതു ശ്രദ്ധേയമത്രെ. മാതാപിതാക്കളുടെ അധികാരം പരിമിതമാക്കപ്പെട്ടിരിക്കുന്നു. ഏതായാലും ഈ കഠിനശിക്ഷ എന്നെങ്കിലും നടപ്പിലാക്കിയതായി രേഖയില്ല. സദൃശ്യവാക്യങ്ങളിൽ മക്കൾ അമ്മയപ്പന്മാരെ അനുസരിക്കാഞ്ഞാൽ അവക്കു നാശമുണ്ടാകുമെന്നു മുന്നറിയിപ്പുണ്ടു്; ശിക്ഷ വിധിക്കുന്നതായി കാണുന്നില്ല 'മകനെ കുടിയനും അതിഭക്ഷകനും ദരിദ്രരായിത്തീരും നിന്നെ ജനിപ്പിച്ച അപ്പൻെറ വാക്കു കേൾക്ക നിൻെറ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുതു്'' (സദൃ. 23. 19, 21) 'അപ്പനെ പരിഹസിക്കയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും' (സദൃ. 30. 17). അമ്മയപ്പന്മാർ എപ്പോഴും നല്ല മാർഗ്ഗമെ മക്കൾക്കു ഉപദേശിക്കു എന്ന വിശ്വാസമാണ് ഈ വേദഭാഗങ്ങളിലെല്ലാം ഉള്ളതു്. അതു എപ്പോഴും സത്യമാണോ? വിശേഷിച്ചു മാതാപിതാക്കൾ മക്കളുടെ ഭൗമിക സുരക്ഷിതത്വം കാംഷിച്ചു പ്രവത്തിക്കുക സ്വാഭാവികമായതിനാൽ സത്യാന്വേഷികളുടെ അരക്ഷിതാവസ്ഥ മക്കൾ അനുഭവിക്കുന്നതു് പലപ്പോഴും അവർക്കു സഹിച്ചുകൂടാ. സാമ്പത്തിക ശ്രേയസ്സിലേക്കു നയിക്കുന്നതിനു സാമൂഹ്യസേവനത്തിൽനിന്നും സഭാസേവനത്തിൽനിന്നും മക്കളെ വിലക്കുന്ന മാതാപിതാക്കളും വിരളമല്ല.

**21. 22.** ഒരുത്തൻ മരണയോഗ്യമായ പാപം ചെയ്തിട്ടു അവനെ കൊന്ന് ഒരു മരത്തിൽ തൂക്കിയാൽ അവൻെറ ശവം മരത്തിൻമേൽ രാത്രിമുഴുവനും ഇരിക്കരുത്. അന്നുതന്നെ അത് കുഴിച്ചിടണം. തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തനാകുന്നു. നിൻെറ ദൈവമായ യഹോവ നിനക്ക് അവകാശമായി തരുന്ന ദേശം നീ അശുദ്ധമാക്കരുത്.

1. 'മരണയോഗ്യമായ പാപം ചെയ്യുന്ന'വരെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് ആവത്തനനിയമം. അങ്ങനെ

കൊന്നുകഴിഞ്ഞ് ജനം കണ്ടു ഭയപ്പെടുവാൻ ശവം മരത്തിന്മേൽ തൂക്കി പ്രദർശിപ്പിക്കുന്ന പതിവു ഉണ്ടായിരുന്നോ? അതോ, ചില കുററങ്ങൾക്കു തൂക്കിക്കൊല്ലുന്ന പതിവുണ്ടായിരുന്നോ? അധർമ്മിയുടെ അകൃത്യത്താൽ ഭൂമി അശുദ്ധമാകുന്നതിനാൽ അതു ദൈവം ശുദ്ധമാക്കി എന്നു തെളിയുംവരെ കുററക്കാരനെ കൊന്നു മരത്തിന്മേൽ തൂക്കുന്ന ഒരു കനാന്യമതാചാരം ഇവിടെ സൂചിപ്പിക്കുന്നതായും അഭിപ്രായമുണ്ട്. 'കൊയ്ത്തുകാലത്തിൻെറ ആദ്യദിവസങ്ങളായ യവക്കൊയ്ത്തിൻെറ ആരംഭത്തിൽ' ശൗലിൻെറ ഏഴു മക്കളെ ഗിബെയോന്യർ തൂക്കിക്കൊന്നിട്ടു 'ആകാശത്തുനിന്നു അവരുടെമേൽ മഴ പെയ്യുംവരെ' ശവം കാത്തതായി നാം വായിക്കുന്നു (2 ശമു. 21.9–11). ഇതു നിഷിദ്ധമായ ആചാരമാണെന്നാണോ ഈ ഭാഗം പ്രഖ്യാപിക്കുന്നതു്? ദൈവം നല്കിയ ജീവിതം ഉത്തരവാദിത്വബോധത്തോടെ നയിക്കുന്നതിനു പകരം അതു വേണ്ടാ എന്നു മനുഷ്യൻതന്നെ തിരുമാനിക്കുന്നതാണ് ആത്മഹത്യ. അതു ദൈവമുമ്പാകെ പാപമായിട്ടത്രെ യിസ്രായേലും ക്രൈസ്തവസഭയും പരിഗണിച്ചിട്ടുള്ളതു്. ഇവിടെ 'തൂങ്ങി മരിക്കുന്നവൻ' എന്ന പ്രയോഗംകൊണ്ടു ആത്മഹത്യ ചെയ്തവൻ എന്നാണോ അർത്ഥമാക്കുന്നതു്? ഈ ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരങ്ങൾ പണ്ഡിതലോകം നല്കുന്നില്ല.

2. യേശുക്രിസ്തുവിൻെറ ക്രൂശാരോഹണത്തോടു ബന്ധിച്ചു ഈ ആവർത്തനഭാഗം പുതിയനിയമത്തിൽ ചർച്ചയ്ക്കു വിഷയമാകുന്നുണ്ട്, 'അന്നു ഒരുക്കനാളും ആ ശാബ്ബത്തു നാൾ വലിയതും ആകകൊണ്ടു' യേശുവിൻെറ ശരീരം മരത്തിൽ തൂങ്ങിക്കിടക്കരുതെന്നു യെഹൂദർ പീലാത്തോസിനോടു പറയുന്നു (യോഹ. 19. 31). അതു് ഈ ആവർത്തനനിയമം ഓർത്തുകൊണ്ടായിരിക്കണം. 'നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു' (അപ്പോ. പ്ര. 5.30). 'അവനെ അവർ മരത്തിന്മേൽ തൂക്കിക്കൊന്നു. ദൈവം

അവനെ മൂന്നാംനാറം ഉയിർത്തെഴുന്നേല്പിച്ചു' (അപ്പോ. പ്ര. 10.39_40). ആവർത്തനനിയമമനുസരിച്ചു പാപത്തിനു മനുഷ്യൻെറമേൽ വീഴുന്ന ദൈവശാപത്തിൻെറ ഉച്ചകോടിയാണു് മരത്തിന്മേൽ തൂക്കിക്കൊല. പ്രസ്തുത ശാപത്തിൽ ക്രിസ്തു മനുഷ്യനോടു തന്നെത്താൻ ഏകീകരിച്ചു. അതുകൊണ്ടു യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പിൽ കൂടി ശാപഗ്രസ്തമായ മനുഷ്യൻെറ പൂർണ്ണ വിമോചനം ദൈവം സാധിച്ചിരിക്കുന്നു. 'മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതു പോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു, ന്യായപ്രമാണത്തിൻെറ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കു വാങ്ങി' (ഗലാ. 3:13).

22.1 സഹോദരൻെറ കാളയോ ആടോ തെററി ഉഴലുന്നതു കണ്ടാൽ അതിനെ വിട്ടൊഴിയാതെ സഹോദരൻെറ അടുക്കൽ എത്തിച്ചുകൊടുക്കണം....

3. അങ്ങനെതന്നെ .... സഹോദരൻെറ പക്കൽനിന്നു കാണാതെ പോയിട്ടു് നീ കണ്ടെത്തിയ ഏതൊരു വസ്തുവിൻെറയും കാര്യത്തിൽ ചെയ്യണം. നി ഒഴിഞ്ഞുകളയേണ്ടതല്ല.

4. സഹോദരൻെറ കഴുതയോ കാളയോ വഴിയിൽ വീണു കിടക്കുന്നതു് നീ കണ്ടാൽ വിട്ടു ഒഴിഞ്ഞു കളയാതെ അതിനെ എഴുന്നേൽപിപ്പാൻ അവനെ സഹായിക്കണം.

6. ...ഒരു പക്ഷിക്കൂടു് നീ വഴിയിൽവെച്ചു കണ്ടാൽ ....നീ കുഞ്ഞുങ്ങളോടുകൂടെ തള്ളയെ പിടിക്കരുതു്.... തള്ളയെ വിട്ടുകളയണം. കുഞ്ഞുങ്ങളെ എടുത്തുകൊള്ളാം.

8. ഒരു പുതിയ വീടുപണിതാൽ നിൻെറ വിട്ടുമുകളിൽ നിന്നു് വല്ലവനും വീണിട്ടു് വീട്ടിൻമേൽ രക്തപാതകം വരാതിരിക്കേണ്ടതിനു് നീ അതിനു് കൈമതിൽ ഉണ്ടാക്കണം.

1. സാഹോദര്യം സാമൂഹ്യ ഉത്തരവാദിത്വമായിട്ടാണ് പ്രകടമാകേണ്ടത്. സാഹോദര്യം കേവലം വികാരാവേശമല്ല, പൊതു ഭൗതികജീവിതത്തെ ബാധിക്കുന്ന ഒരു പ്രവർത്തനപരിപാടിയാണ്. സ്വയം പാർക്കാൻ വീടു പണിയുമ്പോഴും സാമൂഹ്യ ഉത്തരവാദിത്വം വിസ്മരിക്കരുത്. മനുഷ്യബന്ധങ്ങളിൽ മാത്രമല്ല, ഇതര ജീവജാലങ്ങളോടു സമീപനത്തിലും മനുഷ്യത്വം കാട്ടണം. 'കാള മെതിക്കുമ്പോൾ അതിനു മുഖക്കൊട്ട കെട്ടരുത്' (25,4); 'നീതിമാൻ തന്റെ മൃഗത്തിന്റെ പ്രാണാനുഭവം അറിയുന്നു. ദുഷ്ടന്മാരുടെ ഉള്ളമോ ക്രൂരമത്രെ' (സദൃ 12.10).

2. പൊതു സമൂഹത്തിന്റെ ഉത്തരവാദിത്വങ്ങൾ കഴിയുമെങ്കിൽ ഏറ്റെടുക്കാതെ 'ഒഴിഞ്ഞുകളയാ'നുള്ള പ്രലോഭനം ആധുനിക കാലത്തു വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ചു തനിക്കുതാൻ പോരുമെന്ന ചിന്താഗതിയിൽ അടിസ്ഥാനപ്പെട്ട പട്ടണസമൂഹത്തിൽ. പുരോഹിതനും ലേവ്യനും കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു മുറിവേററു വഴിയിൽ അർദ്ധപ്രാണനായി കിടക്കുന്ന മനുഷ്യനെ 'കണ്ടിട്ടു മാറി കടന്നുപോയി' (ലൂക്കാ. 10.30–32). നമ്മെ നേരിട്ടു ബന്ധിക്കാത്ത അന്യകാര്യങ്ങളിൽ തലയിടാതെ ഒഴിഞ്ഞുമാറാനുള്ള സ്വാഭാവികമായ ഒരു മനോഭാവമാണ് സാഹോദര്യനിഷേധമായി ഇവിടെ വ്യാഖ്യാനിക്കുന്നത്. 'നീ ഒഴിഞ്ഞുകളയേണ്ടതല്ല' എന്നു മനസ്സാക്ഷിയുടെ ശബ്ദം ശ്രവിക്കേണ്ട പല സന്ദർഭങ്ങളും നമ്മുടെ ജീവിതത്തിലുണ്ട്.

22.3. പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്.

9. നിന്റെ മുന്തിരിത്തോട്ടത്തിൽ വേറൊരുവക വിത്ത് ഇടരുത്.

10. കാളയെയും കഴുതയെയും ഒന്നിച്ച് പൂട്ടി ഉഴരുത്. ആട്ടുരോമവും ചണവും കൂട്ടിക്കലർന്ന വസ്ത്രം ധരിക്കരുത്.

സൃഷ്ടിവ്യവസ്ഥിതിയിൽ ദൈവം നിയമിച്ചിരിക്കുന്ന വ്യത്യാസങ്ങാം ആദരിക്കണമെന്നാണു് ഈ വേദഭാഗം നിർദ്ദേശിക്കുന്നതു്. സൃഷ്ടി അചഞ്ചലമായി പരിഗണിക്കപ്പെട്ടിരുന്ന കാലത്തു് ഉളവായ ഒരു നിയമമാണിതു്. ഇന്നു സൃഷ്ടിചലനാത്മകമായി നാം ദർശിക്കുന്നു. സൃഷ്ടിയുടെ പരിണാമം അനുസ്യൂതം തുടരുന്നു. പ്രകൃതിയുടെയും ചരിത്രത്തിൻെറയും പരിണാമത്തിൽ ആവിർഭവിക്കുന്ന വ്യക്തിഭാവങ്ങാംക്കെല്ലാം പരിണാമപ്രക്രിയയിൽ ചില വിശേഷ ധർമ്മങ്ങാം നിറവേററാനുണ്ടെന്നു സൂചിപ്പിക്കുന്നതായി ഇന്നു നമുക്കു് ഈ വാക്യങ്ങാം വ്യാഖ്യാനിക്കാം. മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്ത്രീധർമ്മവും പുരുഷധർമ്മവും വ്യത്യസ്തമെന്നു ഈ വേദഭാഗം പ്രഖ്യാപിക്കുന്നു. ഇതിൽ സത്യമുണ്ടു്. എന്നാൽ ആ വ്യത്യസ്ത വ്യക്തിധർമ്മങ്ങളൊന്നും അതേപടി നിശ്ചലമായി നിലനിർത്താനുള്ളതല്ല. കാർഷികശാസ്ത്രത്തിലും മാനവശാസ്ത്രത്തിലും പല സങ്കലിത പ്രതിഭാസങ്ങളും ഉണ്ടായിക്കൊണ്ടാണിരിക്കുന്നതു്. സ്ത്രീത്വവും പുരുഷത്വവും എല്ലാ മനുഷ്യവ്യക്തിയിലും സമ്മേളിച്ചിരിക്കുന്നതായിട്ടത്രെ ശാസ്ത്രം കാണുന്നതു്. ശസ്ത്രക്രിയമൂലം സ്ത്രീ പുരുഷനും പുരുഷൻ സ്ത്രീയുമായി മാറുന്നുമുണ്ടല്ലോ. പരധർമ്മം തള്ളി സ്വധർമ്മം കൊള്ളണമെന്ന ഹൈന്ദവ നിയമത്തിനു സമമാണു് ഈ ന്യായപ്രമാണനിയമം എന്നു പ്രസ്താവിക്കാം. ജീവിതധർമ്മം സംബന്ധിച്ച ഒരു മഹൽ സത്യം അതിൽ അന്തർലീനമാണു്. എന്നാൽ സ്വധർമ്മസിദ്ധാന്തം ഭാരതത്തിൽ അനീതിപരമായ ജാതിക്കെട്ടു പുലർത്തുന്നതിനു ഉപകരണമായി എന്നു ഓർത്തിരിക്കേണ്ടതാണു്. അതുപോലെ വെള്ളക്കാർക്കും കറുത്തവർക്കും അവരുടേതായ വംശധർമ്മം ഉണ്ടെന്നു ശഠിക്കുന്ന ധർമ്മശാസ്ത്രം ദക്ഷിണാഫ്രിക്കയിൽ 'അപ്പർതീഡ്' എന്നു ദൂഷിച്ച രാഷ്ട്രീയസാമൂഹ്യസിദ്ധാന്തത്തിനു് പിന്തുണ നൽകുന്നു. അതുകൊണ്ടു നാം ക്രിസ്തുവിൽ മാനവസമൂഹത്തിൻെറ ഏകത്വത്തിൽ നിന്നാണു് മനുഷ്യസമൂഹങ്ങളുടെ വിവിധ ധർമ്മ നിർവ്വചനത്തിലേക്കു് വരേണ്ടതു്. സൃഷ്ടിവ്യവസ്ഥിതി

പാപം വികലമാക്കിയതുകൊണ്ട് ഇനി വീണ്ടെടുപ്പിൻ വ്യവസ്ഥിതിയിലാണ് നാം ധർമ്മശാസ്ത്രം ആരംഭിക്കേണ്ടതു്. സൃഷ്ടിയുടെ രക്ഷിതാവായ ക്രിസ്തുവിൻെറ പ്രകാശത്തിലാണ് നമ്മുടെ വിശേഷ ധർമ്മങ്ങൾ നാം കണ്ടെത്തേണ്ടതു്.

22. 13, 14 ഒരു പുരുഷൻ ഒരു സ്ത്രീയെ പരിഗ്രഹിച്ച് അവളുടെ അടുക്കൽ ചെന്ന ശേഷം ........അവളിൽ കന്യകാലക്ഷണം കണ്ടില്ല എന്ന് പറഞ്ഞ് അവളുടെ മേൽ നാണക്കേടു ചുമത്തി അപവാദം പറഞ്ഞുണ്ടാക്കിയാൽ............

22. ഒരു പുരുഷൻെറ ഭാര്യയായ സ്ത്രീയോടുകൂടെ ഒരുത്തൻ ശയിക്കുന്നതു കണ്ടാൽ....

23. വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന കന്യകയായ യുവതിയെ ഒരുത്തൻ പട്ടണത്തിൽവച്ചു കണ്ടു അവളോടുകൂടെ ശയിച്ചാൽ........

25. വയലിൽവച്ച് കണ്ടു ബലാൽക്കാരം ചെയ്ത് അവളോടുകൂടെ ശയിച്ചാൽ ....

28. വിവാഹനിശ്ചയം കഴിയാത്ത കന്യകയായ യുവതിയോടുകൂടെ ശയിക്കയും........

24. 1 ഒരു പുരുഷൻ ഒരു സ്ത്രീയെ തെരഞ്ഞെടുത്തു വിവാഹം ചെയ്തശേഷം അവളിൽ ദൂഷ്യമായ വല്ലതും കണ്ടിട്ട് അവനു അവളോടു അനിഷ്ടം തോന്നിയാൽ ഒരു ഉപേക്ഷണപത്രം എഴുതി കയ്യിൽ കൊടുത്ത് അവളെ വീട്ടിൽ നിന്നയക്കണം.

4........ അവളെ പിന്നെയും ഭാര്യയായി പരിഗ്രഹിച്ചുകൂടാ........

25. 5 സഹോദരൻ ഒന്നിച്ചു പാർക്കുമ്പോൾ അവരിൽ ഒരുത്തൻ മകനില്ലാതെ മരിച്ചുപോയാൽ....ഭർത്താവിൻെറ

സഹോദരൻ അവളുടെ അടുക്കൽ ചെന്ന് അവളെ ഭാര്യയായി പരിഗ്രഹിച്ചു അവളോട് ദേവരധർമ്മം നിവർത്തിക്കണം...

1. എല്ലാ മാനവസമൂഹങ്ങളും സ്ത്രീപുരുഷബന്ധം പാരമ്പര്യമര്യാദകളാലും നിയമങ്ങളാലും നിയന്ത്രിക്കുന്നു. വിവാഹബന്ധത്തിന്റെ ആത്മാർത്ഥത, വംശതുടർച്ച, സ്വത്തവകാശം, കുടുംബമാതൃക ഇവയെല്ലാം പരസ്പരവും പൊതുസമൂഹവുമായും ബന്ധിച്ച നിലകൊള്ളുന്നു. അതുകൊണ്ടാണ് സമൂഹം മനുഷ്യന്റെ ലൈംഗികബന്ധങ്ങൾ നിയമത്തിനു വിധേയമാക്കുന്നത്. യിസ്രായേൽ സാമൂഹ്യചരിത്രത്തിൽ സ്ത്രീപുരുഷബന്ധം നിയന്ത്രിക്കുന്ന നിയമാവലിയുടെ വിശദരൂപം ആദ്യമായി നമുക്ക് ലഭിക്കുന്നത് ഈ വേദഭാഗത്താണ്. പുറ. 21, 22–ൽ കൊടുത്തിരിക്കുന്ന നിയമങ്ങൾ ഇവയ്ക്കുമുമ്പ് നിലവിലിരുന്നതാണ്. പക്ഷേ ഒന്നോ രണ്ടോ നിയമങ്ങൾ മാത്രമാണ് അവിടെ രേഖപ്പെടുത്തിയിട്ടുള്ളത്.

2. ചരിത്രരേഖയെന്നതിൽ കഴിഞ്ഞ് ഈ ആവർത്തന നിയമങ്ങൾക്കു ഇന്നു പ്രാധാന്യമുണ്ടോ ? ഏകഭാര്യാനിയമം ഈ ഘട്ടത്തിൽ നടപ്പിൽ വന്നിട്ടില്ല. വിവാഹത്തിനു കെട്ടുറപ്പും ഇല്ല. വിവാഹവും വിവാഹമോചനവും പുരുഷന്റെ തീരുമാനങ്ങളാണ്. ചാരിത്ര്യശുദ്ധി സ്ത്രീകൾക്കാണ് കൂടുതൽ നിഷ്ക്കർഷിക്കുന്നത്. സ്ത്രീപുരുഷ ഭേദത്തിൽ മനുഷ്യത്വം ദൈവം സൃഷ്ടിച്ചു, സ്ത്രീപുരുഷവേഴ്ചയിൽക്കൂടെ മനുഷ്യനു് ജീവിതസഖിത്വവും സന്താനഫലവും കുടുംബജീവിതവും ഉണ്ടാകണമെന്നു ദൈവം ഉദ്ദേശിക്കുന്നു. സൃഷ്ടിവ്യവസ്ഥിതിയിലെ ഈ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിന് നിലവിലിരിക്കുന്ന സാമൂഹ്യ പരിതസ്ഥിതിയും മനുഷ്യരുടെ നീതിബോധനിലവാരവും പശ്ചാത്തലമാക്കി ഓരോ കാലഘട്ടത്തിലും നിയമങ്ങൾ വ്യത്യസ്തങ്ങളായി ഉണ്ടാകണം. അതുകൊണ്ടു് ഈ രംഗത്തു് ഏതെങ്കിലും നിയമാവലി അന്തിമമായി ദൈവികമെന്നു പ്രഖ്യാപിക്കാൻ പാടുള്ളതല്ല. ലൈം-

ഗികബന്ധങ്ങൾ മനുഷ്യാളത്തത്തിൻെറ അവിഭാജ്യഘട കമായതിനാൽ മനുഷ്യാളത്തത്തോടു ആദരവു് ഏതു നിയമാവലിക്കും അടിസ്ഥാന ക്രിസ്തീയപ്രമാണമായിരിക്കണം. കുടുംബജീവിതമാണു് പരസ്പര വിശ്വസ്തതയും ഉത്തരവാദിത്വവും സ്നേഹവും ക്ഷമയും പരിശീലിക്കുന്ന കളരി. കുടുംബം സമൂഹത്തിൻെറയും സഭയുടെയും അടിസ്ഥാന ഘടകവുമത്രെ. സ്വാതന്ത്ര്യം, സമത്വം, സഖിത്വം ഇവ സമൂഹത്തിൽ യഥാർത്ഥമാക്കത്തക്കവണ്ണം വിവാഹവും കുടുംബജീവിതവും സംബന്ധിച്ച മര്യാദകളും നിയമങ്ങളുമാണു് ഏതു സമൂഹത്തിനും ആവശ്യം. ഈ മേഖലയിൽ പരമ്പരാഗതമായ എല്ലാ നിയമങ്ങളും അനീതിപരമായി വെല്ലുവിളിക്കപ്പെടുന്ന ആധുനികലോകത്തിൽ ക്രൈസ്തവധർമ്മശാസ്ത്രം സ്ത്രീപുരുഷബന്ധം, വിവാഹം, കുടുംബം ഇവയുടെ ക്രിസ്തീയ ലക്ഷ്യങ്ങൾ ഇന്നു സാധിക്കത്തക്ക കുടുംബമാതൃകകളും നീതിനിയമങ്ങളും ആരായേണ്ടതാവശ്യമായിരിക്കുന്നു.

23. 1, 2 ഷണ്ഡൻ യഹോവയുടെ സഭയിൽ പ്രവേശിക്കരുതു്. അവൻെറ പത്താം തലമുറ പോലും യഹോവയുടെ സഭയിൽ പ്രവേശിക്കരുതു്.

3–6 ഒരു അമ്മോന്യനോ മോവാബ്യനോ യഹോവയുടെ സഭയിൽ പ്രവേശിക്കരുതു്....നിങ്ങൾ മിസ്രയീമിൽനിന്നു വരുമ്പോൾ അവർ അപ്പവും വെള്ളവുംകൊണ്ടു് വഴിയിൽ നിങ്ങളെ വന്നെതിരേൽക്കായ്കകൊണ്ടും നിന്നെ ശപിപ്പാൻ അവർ മെസൊപൊത്താമ്യയിലെ പെഥോരിൽനിന്നു ബെയോരിൻെറ മകനായ ബിലെയാമിനെ നിനക്കു വിരോധമായി കൂലിക്കു വിളിച്ചതുകൊണ്ടും തന്നെ ... നിൻെറ ദൈവമായ യഹോവ നിന്നെ സ്നേഹിച്ചതുകൊണ്ടു് നിൻെറ ദൈവമായ യഹോവ ശാപം നിനക്കു് അനുഗ്രഹമാക്കിത്തീർത്തു. ആകയാൽ നിൻെറ ആയുഷ്കാലത്തൊരിക്കലും അവരുടെ സമാധാനത്തിനും ഗുണത്തിനും വേണ്ടി ചിന്തിക്കരുതു്.

**7 ഏദോമ്യരെ വെറുക്കരുത്. അവൻ നിന്റെ സഹോദരനല്ലോ.**

**7. 8. മിസ്രയീമിനെ വെറുക്കരുത്. നീ അവന്റെ ദേശത്ത് പരദേശിയായിരുന്നുവല്ലോ. മൂന്നാം തലമുറയായി അവർക്ക് ജനിക്കുന്ന മക്കൾക്ക് യഹോവയുടെ സഭയിൽ പ്രവേശിക്കാം.**

1. New English Bible അനുസരിച്ച് ലിംഗം ഉടയ്ക്കപ്പെടുകയോ മുറിയ്ക്കപ്പെടുകയോ ചെയ്തവനും ക്രമരഹിതമായ ലിംഗവേഴ്ചയിൽ ജനിച്ചവനുമാണ് ആദ്യത്തെ രണ്ടുവാക്യങ്ങളിൽ യിസ്രായേൽ ആരാധന സ്ഥലത്തു പ്രവേശനം നിഷേധിച്ചിരിക്കുന്നത്. ശാരീരിക വൈകല്യമുള്ള ആരെയും പുരോഹിതസമൂഹത്തിൽ അംഗമാക്കരുതെന്നാണ് ലേവ്യാനിയമം (ലേവ്യ 21. 16-23). ബാബേൽ പ്രവാസ പ്രവാചകൻ ഷണ്ഡന്മാർക്കു യിസ്രായേൽ സഭയിൽ അംഗത്വം വിശേഷാൽ നൽകുന്നു (യെശ 56. 3-5). അമ്മോന്യരും മോവാബ്യരും യിസ്രായേലിന്റെ പുരാതന ശത്രുക്കളാണ്. അതുകൊണ്ടു അവർ യഹോവയുടെ ശത്രുക്കളുമാണെന്നാണ് ആവർത്തനദൈവശാസ്ത്രജ്ഞൻ ചിന്തിക്കുന്നതു്. അവരെ തികച്ചും യിസ്രായേൽ പുറം തള്ളി (നെഹ. 13). ഇതു പ്രതിഷേധിച്ചാണ് മോവാബ്യസ്ത്രീയായ രൂത്തിന്റെ കഥ എഴുതപ്പെട്ടതു്. യിസ്രായേലിന്റെ ശത്രുക്കളെ ഉൾക്കൊള്ളുകയും യിസ്രായേലിനെ തന്റെ വഴിയിലേക്കു തിരിക്കുന്നതിനു അവരെ ആയുധമാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ കർതൃത്വവും കൃപയും പ്രവാചകന്മാരിൽ ചിലർ ദർശിച്ചു. ഏതായാലും ക്രൈസ്തവസഭയുടെ ശത്രുക്കളെല്ലാം ക്രിസ്തുവിന്റെ ശത്രുക്കളാണെന്ന സിദ്ധാന്തം ക്രൈസ്തവദൈവശാസ്ത്രം തള്ളിക്കളയേണ്ടതാണ്. തള്ളിക്കളഞ്ഞിട്ടുണ്ട്. സഭയുടെ നവീകരണത്തിനു പലപ്പോഴും ദൈവം സഭയുടെ ശത്രുക്കളെയാണു വിനിയോഗിക്കുന്നതു്. അവരിൽക്കൂടി ദൈവം ലോകത്തിൽ തന്റെ ഉദ്ദേശ്യസാധ്യത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഏശാ

വുവഴി എദോമ്യരുമായി യിസ്റായേലിനു രക്തസ ഹോദര്യമുണ്ട്. എന്നാൽ യിസ്റായേലിനെ പീഡിപ്പിച്ച മിസ്റയീമ്യരെ സഭയിൽ സ്വീകരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാണു്. ക്രമരഹിതമായ ജനനവും ശാരീരിക വൈകല്യങ്ങളും ജാതീയസ്വഭാവവും ക്രൈസ്തവ സഭയുടെ അംഗത്വത്തിനു ബാധകമല്ല. ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്ന ആർക്കും ക്രിസ്തുവിന്റെ ശരീരമായ സഭയിൽ പൂർണ്ണപ്രവേശനമുണ്ടല്ലോ. ക്രൈസ്തവസഭയിൽ അന്തർലീനമായ സാർവ്വത്രികത്വം ഇതത്രെ.

2. 'മോവാബ് രാജാവു് ശിപ്പോരിന്റെ മകനായ ബാലാക്കു്' യിസ്റായേലിനെ ശപിക്കാൻ പെഥോരിലെ 'ബെയോരിന്റെ മകനായ ബിലയാമി'നെ നിർബ്ബന്ധിച്ചു കൂട്ടിക്കൊണ്ടുവന്നു. ബിലയാമിന്റെ ആത്മാവിൽ യഹോവയുടെ സമ്മർദ്ദം ഹേതുവായി ശപിക്കുന്നതിനുപകരം യിസ്റായേലിനെ ബിലയാം പല പ്രാവശ്യം അനുഗ്രഹിച്ചു. ഈ കഥ സംഖ്യാ 22–24—ൽ സവിസ്തരം കൊടുത്തിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്കു ഒരു ശാപവും ഭയപ്പെടേണ്ടതില്ല. ശാപം തന്നെ ദൈവം അനുഗ്രഹമായിമാററും എന്നാണു് ആവർത്തന ദൈവശാസ്ത്രജ്ഞൻ പ്രസ്താവിക്കുന്നതു്. പ്രപഞ്ചത്തിലുള്ള ഒരു ശക്തിയും, എത്ര പൈശാചിക ശക്തിയായിരുന്നാലും, ദൈവത്തിന്റെ കർത്തൃത്വത്തിൽ നിന്നു പുറത്തല്ലെന്നത്രെ യിസ്റായേലിന്റെയും ക്രൈസ്തവസഭയുടെയും ദൈവശാസ്ത്രം പ്രഖ്യാപിക്കുന്നതു്.

23.14. നിന്റെ ദൈവമായ യഹോവ …നിന്റെ പാളയത്തിനു മദ്ധ്യേ നടക്കുന്നു; നിങ്കൽ വൃത്തികേടു കണ്ടിട്ടു അവൻ നിന്നെ വിട്ടകലാതിരിപ്പാൻ നിന്റെ പാളയം ശുദ്ധിയുള്ളതായിരിക്കണം.

'ശുദ്ധം' എന്ന പദത്തിനു ഇവിടെ 'വൃത്തി' അഥവാ വിസർജ്ജവസ്തുക്കൾ മലിനമാക്കാത്ത ശരീരം, സ്ഥ

ലം എന്നർത്ഥമാണ്. ദൈവം വൃത്തിയിൽ തല്പരനാണെന്നതു ശ്രദ്ധേയ സത്യമത്രെ. ശുദ്ധം എന്നപദത്തിനു് വേദപുസ്തകത്തിൽ മററും മൂന്നു അർത്ഥങ്ങളുണ്ടു്, ആരാധനയിലും മതകർമ്മങ്ങളിലും അനുഷ്ടിക്കേണ്ട ആചാരങ്ങളിൽ നിഷ്ക്കർഷയാണു് ഒന്നു്, മനുഷ്യന്റെ ധാർമ്മിക ജീവിതത്തിന്റെ ശുദ്ധിയാണു് മററൊന്നു്. ദൈവത്തിനായി വേർതിരിക്കപ്പെട്ടിരിക്കുന്നതിനും വിശുദ്ധം എന്നു പറയാം. ദൈവത്തിനായി വേർതിരിക്കപ്പെട്ടവർ വൃത്തിയുള്ളവരും, മതാചാരങ്ങളിൽ കൃത്യനിഷ്ഠയുള്ളവരും, ധാർമ്മിക ജീവിതം ചെയ്യുന്നവരുമായിരിക്കണമെന്നത്രെ പഞ്ചഗ്രന്ഥങ്ങൾ അനുശാസിക്കുന്നതു്. ദൈവം സകല സൃഷ്ടിയിൽനിന്നും വേറിട്ടുനിലകൊള്ളുകയും സകല സൃഷ്ടിയെയും ശുദ്ധീകരിക്കുന്നവനുമായതിനാൽ 'പരിശുദ്ധൻ' അത്രെ.

23. 15. യജമാനനെ വിട്ടു നിന്റെ അടുക്കൽ ശരണം പ്രാപിപ്പാൻ വന്ന ദാസനെ യജമാനന്റെ കയ്യിൽ ഏല്പിക്കരുതു്. അവൻ നിന്റെ പട്ടണങ്ങളിൽ ഏതിലെങ്കിലും തനിക്കു ബോധിച്ചേടത്തു നിന്നോടുകൂടെ പാർക്കട്ടെ. അവനെ ഞെരുക്കം ചെയ്യരുതു്.

പീഡനം സഹിക്കവെയ്യാതെ യജമാനന്റെ പിടിയിൽനിന്നു ഓടി യിസ്രായേല്യരെ ശരണം പ്രാപിക്കുന്ന അടിമയ്ക്കു് അഭയം നൽകുന്ന കടമ ന്യായപ്രമാണം അനുശാസിക്കുന്നു. ആധുനിക കാലത്തു ഭരണകൂടത്തിന്റെ പീഡനം ഭയന്നു സ്വദേശംവിട്ടുഓടി മററുരാജ്യങ്ങളെ ശരണം പ്രാപിക്കുന്നവരുടെ സംഖ്യ ഒട്ടും കുറവല്ല. അവർക്കു് അഭയം നൽകി സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം പല രാഷ്ട്രങ്ങളും അവരുടെ നിയമാവലിയിൽ അംഗീകരിക്കുന്നു. അന്താരാഷ്ട്രീയരംഗത്തു അഭയാർത്ഥികളുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിനു ഐക്യരാഷ്ട്ര സമിതി മുൻകൈ എടുക്കുന്നു എന്നതും പ്രസ്താവ്യമാണു്,

23.17. യിസ്റായേൽ പുത്രിമാരിൽ ഒരു വേശ്യ ഉണ്ടാകരുത്. യിസ്റായേൽ പുത്രന്മാരിൽ പുരുഷ മൈഥുനക്കാരനും ഉണ്ടാകരുത്.

18. വേശ്യയുടെ കൂലിയും നായുടെ വിലയും നിന്റെ ദൈവമായ യഹോവയുടെ ആലയത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടുവരരുത്, ഇവ രണ്ടും നിന്റെ ദൈവമായ യഹോവയ്ക്കു അറപ്പാകുന്നു.

കനാന്യമതങ്ങളിൽ അവരുടെ പൂജാഗിരികളോടനുബന്ധിച്ച ദേവദാസികളായി പ്രതിഷ്ഠിക്കപ്പെട്ട സ്ത്രീകൾ വേശ്യാവൃത്തി ചെയ്തുപോന്നു. മനുഷ്യരുടെ ഗർഭഫലവും കാർഷിക ഫലവും വർദ്ധിക്കുന്നതിനു അവർ അനുഷ്ഠിച്ച ലിംഗപൂജയുടെ ഭാഗമായിരുന്നു ഈ വേശ്യാവൃത്തി ഈ ജീവിതവൃത്തി സ്വീകരിച്ചവരായ സ്ത്രീകൾ മാത്രമല്ല പുരുഷന്മാരും ഉണ്ടായിരുന്നു. അവരുടെ കൂലിയാണു 'നായുടെ വില' എന്നു മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നതു് എന്നു New English Bible വ്യക്തമാക്കുന്നു. ചിലപ്പോഴൊക്കെ യിസ്രായേലും ഈ വക കർമ്മങ്ങളിൽ കനാന്യപൂജാകേന്ദ്രങ്ങളെ അനുകരിച്ചു. യിസ്റായേൽ ജനങ്ങൾ 'വേശ്യാസ്ത്രീകളോടുകൂടെ വേറിട്ടു പോകുന്നും ദേവദാസികളോടു കൂടെ ബലികഴിക്കയും' ചെയ്യുന്നു എന്നു ഹോശേയായും (ഹോശേ. 4 14) രെഹബയാമിന്റെ വാഴ്ചക്കാലത്തു പുരുഷ മൈഥുനക്കാർ ദേശത്തുണ്ടായിരുന്നതായി (1 രാജാ. 14.24) ആവർത്തനചരിത്രകാരനും രേഖപ്പെടുത്തുന്നു. യോശിയായുടെ നവീകരണനിയമം കൊണ്ടു് ഈ വക വഷളത്തങ്ങൾ വിലക്കി; യഹോവയുടെ ആലയത്തിലുണ്ടായിരുന്ന ദേവദാസരുടെ വീടുകൾ ഇടിച്ചുകളഞ്ഞു (2 രാജാ. 23.7).

23.19 പണത്തിനോ ആഹാരത്തിനോ വായിപ്പ കൊടുക്കുന്ന യാതൊരു വസ്തുവിനോ സഹോദരനോടു പലിശ വാങ്ങരുത്.

20. അന്യനോടു പലിശ വാങ്ങാം,

24. 6 തിരികല്ലാകട്ടെ അതിൻെറ മേൽക്കല്ലാകട്ടെ ആരും പണയം വാങ്ങരുത്. അതു ജീവനെ പണയം വാങ്ങുകയല്ലോ.

10. കൂട്ടുകാരനു എന്തെങ്കിലും വായിപ്പ കൊടുക്കുമ്പോൾ അവൻെറ പണയം വാങ്ങുവാൻ വീടിനകത്തു കടക്കരുത്.

11. നീ പുറത്തു നിൽക്കണം. വായിപ്പ വാങ്ങിയവൻ പണയം നിൻെറ അടുക്കൽ പുറത്തു കൊണ്ടുവരണം.

12. അവൻ ദരിദ്രനാകുന്നുവെങ്കിൽ നീ അവൻെറ പണയം കൈവശംവെച്ചുകൊണ്ടു ഉറങ്ങരുത്.

13. അവൻ തൻെറ വസ്ത്രം പുതച്ചു ഉറങ്ങി നിന്നെ അനുഗ്രഹിക്കേണ്ടതിനു സൂര്യൻ അസ്തമിക്കുമ്പോൾ പണയം നീ അവനു മടക്കിക്കൊടുക്കണം. അതു നിൻെറ ദൈവമായ യഹോവയുടെ മുമ്പാകെ നിനക്കു നീതിയായിരിക്കും.

17. വിധവയുടെ വസ്ത്രം പണയം വാങ്ങുകയുമരുത്.

1. സഹോദരനെ ജീവിതാവശ്യങ്ങളിൽ സഹായിക്കുന്നതിനാണ് ഉള്ളവർ ചെറിയ കൈവായ്പകൾ ഇല്ലാത്തവൎക്കു കൊടുക്കുന്നതു്. കൂടുതലും പണമല്ല ജീവസന്ധാരണത്തിനാവശ്യമായ ആഹാരസാധനങ്ങളും വസ്തുവകകളുമാണ്. യിസ്രായേല്യർക്കു ഇങ്ങനെ കൊടുക്കുന്ന വായ്പകൾക്കു പലിശ വാങ്ങരുതു്. സാഹോദര്യം സ്വജനതയുടെ വൃത്തത്തിൽ ഇവിടെ പരിമിതപ്പെട്ടിരിക്കുന്നു. പരദേശികളോടു പലിശ വാങ്ങാം. സഹോദരനു കൊടുക്കുന്ന വായ്പയ്ക്കു ഉറപ്പായി വാങ്ങുന്ന പണയം ഒരു മനുഷ്യൻെറ ഉപജീവനമാൎഗ്ഗം മുട്ടിക്കുന്ന ഉപകരണങ്ങളാകരുതു്. പണയം പുതപ്പോ വസ്ത്രമോ മററു ദിനം പ്രതി ആവശ്യമുള്ള വസ്തുക്കളോ ആണെങ്കിൽ അതു് അന്നുതന്നെ മടക്കിക്കൊടുക്കണം. വിധവകൾ കൂടുതൽ അരക്ഷിതരാകയാൽ നിയമം അവരെ കൂടുതൽ രക്ഷിക്കുന്നു.

യഹോവയുടെ നീതിവെച്ചാലോചിച്ചാൽ, ഒരു മനുഷ്യ ൻെറ ജീവസന്ധാരണവും ശാരീരിക സൗഖ്യവും അവ ൻെറയോ അവളുടെയോ മൗലികാവകാശങ്ങളാണ്; കൂടാ തെ സാമൂഹ്യ നിയമം ചൂഷണത്തിൽ നിന്നു അരക്ഷിത രായ ജനങ്ങളെ സംരക്ഷിക്കാനുള്ള ഉപകരണമായിരി ക്കണം.

2. മുതലാളിത്ത വ്യവസ്ഥിതിയിൽ വ്യവസായത്തി നും കച്ചവടത്തിലും പണം മുടക്കി ലാഭമുണ്ടാക്കാനാണ് ആളുകൾ പണം വായ്പ എടുക്കുന്നതു്. അതു ഈ വേദ ഭാഗത്തു പ്രതിപാദിക്കുന്ന വായ്പ അല്ലെന്നു പ്രത്യക്ഷ മാണ്. അതുകൊണ്ടാണ് പണം പലിശക്കു കൊടുക്കുന്ന തു് അക്രൈസ്തവമാണെന്ന മദ്ധ്യനൂററാണ്ടിലെ ചിന്താഗ തി മുതലാളിത്തം ആവിർഭവിച്ചതോടെ യൂറോപ്പിലെ നവീകരണസഭകൾ തള്ളിക്കളഞ്ഞതു്. പണം മുടക്കി ലാഭമുണ്ടാക്കുകയാണെങ്കിൽ മുടക്കാൻ പണം വായ്പ കൊടുത്ത ആളിനോ സ്ഥാപനത്തിനോ ലാഭത്തിൻെറ ഒരു പങ്കു ലഭിക്കുന്നതു് നീതിയാണെന്നത്രെ ഇതു സംബ ന്ധിച്ചു ആവിർഭവിച്ച പ്രോട്ടസ്റ്റൻറ് സിദ്ധാന്തം. പണം കടം വാങ്ങി അനാവശ്യമായ സാമൂഹ്യാചാരങ്ങൾക്കു ചെലവഴിക്കുന്ന പതിവ് ഭാരത ഗ്രാമീണർക്കുണ്ടെങ്കിലും, പൊതുവെ അവർക്കു കൂലിവേലയോ, ഗ്രാമവ്യവസായ മോ കൃഷിയോ മൂലം ലഭിക്കുന്ന വരുമാനം സ്വന്തം കുടും ബത്തിൻെറ ജീവസന്ധാരണത്തിനു മതിയാകാത്തതുകൊ ണ്ടാണ് അവർ കടഭാരത്തിലാകുന്നതു്. ഈ പരിതസ്ഥി തിയിൽ തൊഴിൽ ചെയ്തു കൂടുതൽ വരുമാനമാർഗ്ഗം ഉണ്ടാ ക്കുന്നതിനു പലിശകൂടാതെ സഹകരണ സംഘങ്ങൾവഴി അവർക്കു ഗവണ്മെൻറ് വായ്പ ലഭ്യമാക്കേണ്ടതാണ്.

23.24. **കൂട്ടുകാരൻെറ മുന്തിരിത്തോട്ടത്തിലൂടെ പോ കുമ്പോൾ ഇഷ്ടംപോലെ മുന്തിരിപ്പഴം തൃപ്തിയാംവ ണ്ണം നിനക്കു തിന്നാം. എങ്കിലും നിൻെറ പാത്രത്തിൽ ഇടരുതു്.**

25. കൂട്ടുകാരന്റെ വിളഭൂമിയിൽ കൂടി പോകുമ്പോറം നിനക്കു കൈകൊണ്ടു കതിർ പറിക്കാം. എങ്കിലും കൂട്ടുകാരന്റെ വിളയിൽ അരിവാറം വെക്കരുത്.

1. വിശപ്പടക്കാൻ ആഹാരം ഏതു മനുഷ്യന്റെയും പ്രാഥമികാവശ്യവും പ്രാഥമികാവകാശവുമാണ്. അതിനു വേണ്ടി ആരുടെ മുന്തിരിത്തോട്ടത്തിലും വിളഭൂമിയിലും കയറുന്നതു് കളവാകയില്ല. ന്യായപ്രമാണപ്രകാരം അതു മനുഷ്യത്വത്തോടു ചെയ്യുന്ന പ്രാഥമിക നീതിമാത്രമാണ്. മനുഷ്യർക്കു അത്യന്താപേക്ഷിതമായ ആഹാരസാധനങ്ങറം മററുള്ളവർക്കാവശ്യത്തിനു ഇല്ലാത്തപ്പോറം സ്വന്തം കുടുംബത്തിനു ആവശ്യമുള്ളതിൽ കവിഞ്ഞു കയ്യടക്കി വയ്ക്കുന്നതു് കളവാണെന്ന തത്ത്വവും ഈ വാക്യത്തിൽ അന്തർലീനമല്ലേ? വിളഭൂമിയിൽക്കൂടി പോകുമ്പോറം യേശുവിന്റെ ശിഷ്യന്മാർ അവരുടെ വിശപ്പടക്കാൻ കതിർ പറിച്ചു തിന്നു. അതു ശബ്ബത്തിലായിരുന്നതുകൊണ്ടു വിഹിതമല്ലെന്നായിരുന്നു വിമർശനം. അപ്പോറം യേശു പറയുന്നതു് ഒരു മതാചാരവും വിശപ്പടക്കുക എന്ന മനുഷ്യന്റെ പ്രാഥമികാവകാശത്തിനു വിരുദ്ധമായി നിലനില്ക്കാൻ പാടില്ലെന്നാണ്. 'ദാവീദ് തനിക്കും കൂടെയുള്ളവർക്കും മുട്ടുണ്ടായി വിശന്നപ്പോറം ചെയ്തതെന്തു്? അവൻ അബ്യാഥാർ പുരോഹിതന്റെ കാലത്തു ദൈവാലയത്തിൽ ചെന്നു, പുരോഹിതന്മാൎക്കല്ലാതെ ആർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്നു, കൂടെയുള്ളവർക്കും കൊടുത്തു എന്നു നിങ്ങറം ഒരിക്കലും വായിച്ചിട്ടില്ലയോ എന്നു ചോദിച്ചു (മർക്കോ. 2. 26; മത്താ. 22. 1_8; ലൂക്കോ. 6. 1_5).

2. ഭക്ഷണം, വസ്ത്രം, ഭവനം, പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യസഹായം തുടങ്ങിയ മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങറം അവരുടെ അവകാശമാണ്. അവ ലഭിക്കുവാൻ തക്കവണ്ണം ഏതു സമൂഹവും വ്യവസ്ഥ ചെയ്യണം. അങ്ങനെ ചെയ്യുന്നതിനു മതം സമ്പദ്‌വ്യവസ്ഥിതിയുടെമേലും രാഷ്ട്രീയരംഗത്തും സമ്മർദ്ദം ചെലുത്ത

ണം. അതു് സഭയുടെ ക്രിസ്തീയ മാനവികതയുടെയും ദൈവനീതിബോധത്തിൻെറയും നിർബന്ധമാണു്. ഈ നിഗമനങ്ങളിലാണു് നാം എത്തുക.

> 24.5 ഒരു പുരുഷൻ പുതുതായി ഒരു സ്ത്രീയെ പരിഗ്രഹിച്ചിരിക്കുമ്പോൾ അവൻ യുദ്ധത്തിന് പോകരുത്. അവൻെറമേൽ യാതൊരു ഭാരവും വെയ്ക്കരുത്. അവൻ ഒരു സംവത്സരത്തേക്ക് വീട്ടിൽ സ്വതന്ത്രനായിരുന്നു താൻ പരിഗ്രഹിച്ച ഭാര്യയെ സന്തോഷിപ്പിക്കണം.

ന്യായപ്രമാണം ക്രമരഹിതമായ സ്ത്രീപുരുഷബന്ധം വിലക്കുന്നതു്, ക്രമീകൃതമായ വൈവാഹിക ജീവിതത്തിൻെറയും ലൈംഗികവേഴ്ചയുടെയും സന്തോഷം അങ്ങേയററം മനുഷ്യർക്ക യഥാർത്ഥമാക്കുന്നതിനാണു്. നവദമ്പതികളുടെ മധുവിധു ഒരാണ്ടത്തേക്കാണു് ഈ ഭാഗത്തു നിർദ്ദേശിക്കുന്നതു്. ആ കാലത്തേക്കു ഭരണകൂടം പുരുഷനെ സൈനിക സേവനത്തിൽനിന്നു ഒഴിവാക്കണം. അയാളെ വീട്ടിൽനിന്നകററുന്ന മററു ചുമതലകൾ സമൂഹവും അയാളുടെമേൽ വെയ്ക്കരുതു്. സമൂഹവും രാഷ്ട്രവും കുടുംബംപോലെ നിലവിലിരിക്കുന്ന പ്രാഥമിക സാമൂഹ്യ ഘടകങ്ങൾക്കു വേണ്ടിയാണു് നിലകൊള്ളേണ്ടതു് എന്ന തത്ത്വവും ഇവിടെ സമർത്ഥിച്ചിരിക്കുന്നു. പ്രാഥമിക സാമൂഹ്യ ഘടകങ്ങളാണു് മാനവജീവിതം അർത്ഥപുഷ്ടിയുള്ളതാക്കിത്തീർക്കുന്നതു്.

> 24.7. ആരെങ്കിലും തൻെറ സഹോദരൻമാരായ യിസ്രായേൽ മക്കളിൽ ഒരുത്തനെ മോഷ്ടിച്ച് അവനോട് കാഠിന്യം പ്രവർത്തിക്കയോ അവനെ വിലയ്ക്ക് വിൽക്കുകയോ ചെയ്യുന്നത് കണ്ടാൽ മോഷ്ടാവ് മരണശിക്ഷ അനുഭവിക്കണം.

പുറ 21.16 ലെ നിയമത്തിൻെറ വേറൊരു ഭാഷ്യമാണിതു്. ബലഹീന മനുഷ്യരെ ശക്തർ മോഷ്ടിച്ചു അടിമയാക്കി കഠിനാദ്ധ്വാനം ചെയ്യിക്കയോ കഠിനമാ

യ ദേഹോപദ്രവം ചെയ്ത ശിക്ഷിക്കയോ വിൽക്കുക യോ ചെയ്യുന്ന പതിവ് മദ്ധ്യപൂർവ്വേഷ്യൻ ജനസമൂഹ ങ്ങളിൽ നടപ്പിലിരുന്നു. പത്തു കല്പനകളിലെ 'മോ ഷ്ടിക്കരുത്' (5.19) എന്ന നിയമം തന്നെ ഇതു വില ക്കുന്നതിനു ഉളപ്പായതാണെന്ന അഭിപ്രായം പണ്ഡിത ന്മാരുടെ ഇടയിലുണ്ട്. ഇതര ആളത്തം ആദരിക്കുന്ന സാഹോദര്യഭാവം പരൻെറ ശാരീരിക സ്വാതന്ത്ര്യം ഹ നിക്കയില്ല. എല്ലാ മനുഷ്യരും സഹോദരരാണെന്ന ബോധമുള്ളിടത്ത് ഈ മനോഭാവം എല്ലാ മനുഷ്യരോടു മുണ്ടാകും. കേരള ചരിത്രത്തിൽ ആദ്യമായി പാശ്ചാത്യ ക്രിസ്തീയ മിഷനറിമാരാണ് ഭൂപ്രദേശങ്ങളോടുകൂടെ ക്രയ വിക്രയം ചെയ്യപ്പെട്ടിരുന്ന മൺറോതുരുത്തിലെ അടിമ കളെ വിമോചിപ്പിച്ചത്. പിന്നീട് പൊതുനിയമം പാസ്സാക്കി അടിമത്തം വിലക്കി. എന്നാൽ പല രൂപ ങ്ങളിൽ പുരാതന അടിമത്തം ഇന്നും നിലനിൽക്കുന്നു. പുരാതന അടിമത്തംപോലെതന്നെ മനുഷ്യരെ ചൂഷണം ചെയ്യുന്ന നിയമപരമായ ഘടനകൾ ആധുനിക സമൂ ഹത്തിൽ ഉണ്ടല്ലോ.

24.8. കുഷ്ഠരോഗത്തിൻെറ ബാധാകാര്യത്തിൽ ....

9. നിങ്ങൾ മിസ്റയീമിൽനിന്ന് പുറപ്പെട്ടശേഷം നി ൻെറ ദൈവമായ യഹോവ വഴിയിൽവെച്ചു മിര്യാമിനോട് ചെയ്തത് ഓർത്തുകൊൾക.

കുഷ്ഠരോഗബാധ സൂക്ഷിക്കണമെന്ന ആദിനിയമ ത്തോടു ലേവ്യരായ പുരോഹിതന്മാരുടെ നിർദ്ദേശമനുസ രിച്ചു പ്രവർത്തിക്കണമെന്ന ഉപദേശം ആവർത്തനചരിത്ര കാരൻ കൂട്ടിച്ചേർത്തതാണെന്നത്രെ അനുമാനം. മിര്യാ മിനു കുഷ്ഠരോഗം ബാധിച്ച കഥ സംഖ്യ 12. 9_14 ൽ ഉണ്ട്.

24.14. നിൻെറ സഹോദരൻമാരിലോ നിൻെറ ദേശത്തു നിൻെറ പട്ടണത്തിലുള്ള പരദേശികളിലോ ദരിദ്രനും അഗതിയുമായ കൂലിക്കാരനെ നീ പീഡിപ്പിക്കരുത്.

15. അവൻെറ കൂലി അന്നേക്കന്നു കൊടുക്കണം. സൂര്യൻ അതിൻമേൽ അസ്തമിക്കരുത്. അവൻ ദരിദ്രനും അതിനായി ആശിച്ചുകൊണ്ടിരിക്കുന്നവനുമല്ലോ. അവൻ നിനക്ക് വിരോധമായി യഹോവയോട് നിലവിളിപ്പാനും അത് നിനക്ക് പാപമായിത്തീരുവാനും ഇടവരുത്തരുത്.

മററുള്ളവരുടെ ഭൂമിയിൽ കൂലിവേല ചെയ്ത് ഉപജീവനം കഴിക്കുന്നവക്കു ന്യായമായ കൂലി അന്നന്നു കൊടുക്കണമെന്നാണ് ന്യായപ്രമാണവിധി. കൂലിവേലക്കാരൻ അടിമയല്ലെങ്കിലും ഭൂരഹിതനാകയാൽ അയാളെ പീഡിപ്പിക്കാനും കൂലി സമയത്തു കൊടുക്കാതെ കഷ്ടത്തിലാക്കാനും ഭൂവുടമക്കു കഴിയും. കൂലിവേലക്കാരുടെ നിലവിളി യഹോവയുടെ സന്നിധിയിൽ ഭൂവുടമയുടെ 'പാപ'മായി പരിഗണിക്കപ്പെട്ടം. നിയമപരിധിയിൽ യിസ്രായേല്യരായ കൂലിവേലക്കാരെ മാത്രമല്ല പ്രദേശത്തു പാക്കുന്ന പരദേശികളെയും ഉൾപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധേയമാണു്.

24.14. മക്കൾക്കുപകരം അപ്പൻമാരും അപ്പൻമാർക്കുപകരം മക്കളും മരണശിക്ഷ അനുഭവിക്കരുത്. താന്താൻെറ പാപത്തിന് താന്താൻ മരണശിക്ഷ അനുഭവിക്കണം.

പ്രാചീന സമൂഹങ്ങളിൽ സാമൂഹ്യ മര്യാദാലംഘനങ്ങൾക്കു കുററം ചെയ്തവരെ മാത്രമല്ല അവരുടെ കുടുംബങ്ങളെയും ശിക്ഷിക്ക പതിവായിരുന്നു. ആ വിധത്തിലായിരുന്നു യിസ്രായേൽ സമൂഹത്തിലെ പതിവും. എന്നാൽ ഇന്നു് എല്ലാ രാഷ്ട്രങ്ങളിലെയും ക്രിമിനൽ നിയമാവലിയിൽ കുററത്തിനു ഉത്തരവാദിത്വം കുററം ചെയ്ത വ്യക്തിക്കുമാത്രമാണെന്ന പ്രമാണം അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഹിററ്ലറിൻെറയും സ്റ്റാലിൻെറയും ഭരണ

ത്തിനുകീഴിൽ വ്യക്തികൾ ചെയ്ത കുററത്തിനു അവരുടെ കുടുംബങ്ങളെ ശിക്ഷിക്കുന്ന പതിവുണ്ടായിരുന്നു. ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥക്കാലത്തു ഇന്ത്യയിലും അമ്മാതിരി അതിക്രമങ്ങൾ ഭരണകൂടം നടത്തി. യുദ്ധത്തിലും സാമുദായിക കലഹങ്ങളിലും ജനസമുദായങ്ങൾ തമ്മിലാണു് സമരം എന്ന പ്രമാണം മുൻനിർത്തി വ്യക്തികൾ ചെയ്ത അപരാധത്തിനു അവരുടെ സമുദായങ്ങളെ ശിക്ഷിക്കുക സാധാരണമാണല്ലോ. ഇതെല്ലാം നിയമരാഹിത്യത്തിൻെറ വകഭേദങ്ങളായി പരിഷ്കൃത രാഷ്ട്രങ്ങൾ കരുതുന്നു.

2. ഒരു വ്യക്തി ചെയ്ത ക്രിമിനൽ കുററത്തിനു ആ വ്യക്തിമാത്രം ഉത്തരവാദിയും ശിക്ഷാർഹനുമാണെന്ന തത്വം യിസ്രായേൽ നിയമാവലിയിൽ എന്നാണു് രൂഢമൂലമായതു എന്നു പ്രസ്താവിക്ക പ്രയാസമാണു്. B.C. എട്ടാം നൂററാണ്ടിൽ അമസ്യാവു യെഹൂദയിൽ രാജാവായപ്പോൾ 'തൻെറ അപ്പനായ രാജാവിനെ കൊന്ന ഭൃത്യന്മാരെ'യല്ലാതെ അവരുടെ മക്കളെ കൊന്നില്ല. 'പുത്രന്മാർക്കു പകരം പിതാക്കന്മാരും പിതാക്കന്മാർക്കു പകരം പുത്രന്മാരും മരണശിക്ഷ അനുഭവിക്കരുതു്; താന്താൻെറ പാപത്തിനു താന്താൻ മരണശിക്ഷ അനുഭവിക്കണം എന്നു യഹോവ കല്പിച്ചതായി മോശെയുടെ ന്യായപ്രമാണപ്പുസ്തകത്തിൽ എഴുതിയിരിക്കുന്നതു അനുസരിച്ചു അവൻ ആ കുലപാതകരുടെ മക്കളെ കൊല്ലാതിരുന്നു' (2 രാജാ. 14.5–6) എന്നാണു് ആവർത്തന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നതു്. മുമ്പുണ്ടായിരുന്ന ഒരു പാരമ്പര്യം ലംഘിക്കാൻ ഒരുങ്ങിയ അമസ്യാവിൻെറ പ്രവർത്തനമാണു് ഈ നിയമം ആവർത്തനന്യായപ്രമാണത്തിൽ ഉൾക്കൊള്ളിക്കാൻ ഇടയാക്കിയതു് എന്നു വിചാരിക്കുന്ന പണ്ഡിതന്മാരുണ്ടു്. ഉത്തരവാദിത്വവ്യക്തിത്വം എന്ന ആശയം യിരെമ്യാ യെഹസ്കേൽ പ്രവാചകന്മാരാണു് യിസ്രായേലിൽ ശക്തിമത്തായി ഉറപ്പിച്ചതു്. ബാബേൽ പ്രവാസകാലത്തു്, 'അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ലു പുളിച്ചു എന്നു അവർ അന്നാ

ളിൽ ഇനി പറകയില്ല. ഓരോരുത്തൻ താന്താൻെറ അകൃത്യം നിമിത്തമത്രെ മരിക്കുന്നതു് പച്ചമുന്തിരിങ്ങാ തിന്നുന്നവൻെറ പല്ലേ പുളിക്കുകയുള്ളു' (യിരെ, 31.29–30); 'പാപം ചെയ്യുന്ന ദേഹി മരിക്കും. മകൻ അപ്പൻെറ അകൃത്യം വഹിക്കേണ്ടാ. അപ്പൻ മകൻെറ അകൃത്യം വഹിക്കേണ്ടാ. നീതിമാൻെറ നീതി അവൻെറമേലും ദുഷ്ടൻെറ ദുഷ്ടത അവൻെറ മേലും ഇരിക്കും.' (യോഹ. 18.20). ദൈവമുമ്പാകെ മനുഷ്യവ്യക്തി സ്വതന്ത്രമാണു്, അവൻ ചെയ്യുന്ന തീരുമാനത്തിനു അവൻ മാത്രമാണു് ഉത്തരവാദിത്വമുള്ളതു്. അതുകൊണ്ടു് വ്യക്തിയുടെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും സമൂഹവും ഭരണകൂടവും അവരുടെ നിയമാവലിയിൽ അംഗീകരിക്കണം.

3. ഈ തത്ത്വവും ഒരു പരിധിക്കപ്പുറത്തു അബദ്ധമാകും. സർവ്വതന്ത്രസ്വതന്ത്രമായ ഒരു മനുഷ്യവ്യക്തിയുമില്ല. കുടുംബപാരമ്പര്യം, പരിശീലനം, സാമൂഹ്യ പരിതസ്ഥിതി ഇവയെല്ലാം ഒരു മനുഷ്യൻെറ തീരുമാനങ്ങളെ സ്വാധീനിക്കും. അവൻ തന്നെ ചെയ്യുന്ന അതിക്രമങ്ങളുടെയോ നന്മകളുടെയോ സ്വാഭാവിക ഫലങ്ങൾ അവനോടു ബന്ധിക്കപ്പെട്ടിരിക്കുന്ന സമൂഹവും അനുഭവിക്കും. ആരു ചെയ്ത കുററത്തിനും സമൂഹം ഒരളവിൽ ഉത്തരവാദിയായതിനാലാണല്ലോ ഏതു ക്രിമിനൽ പുള്ളിക്കും കോടതിയിൽ വക്കീലുണ്ടായിരിക്കണമെന്നു ക്രിമിനൽ നിയമം നിഷ്ക്കർഷിക്കുന്നതും, ചിലപ്പോൾ സമൂഹത്തിൻെറ ചെലവിൽ സൗജന്യമായി വക്കീലന്മാരെ കോടതി നിയോഗിക്കുന്നതും. എന്നാൽ തീരുമാനം വ്യക്തിയുടേതായതിനാൽ വ്യക്തിയാണു് തൻെറ കുററങ്ങൾക്കു് ഉത്തരവാദി എന്ന തത്ത്വം സമൂഹത്തിൽ വ്യക്തിസ്വാതന്ത്ര്യത്തിനു പ്രധാനമത്രെ.

24.17. പരദേശിയുടെയും അനാഥൻെറയും ന്യായം മറിച്ചു കളയരുതു്. വിധവയുടെ വിസ്ത്രം പണയം വാങ്ങുകയുമരുതു്.

19. നിൻെറ വയലിൽ വിളവു കൊയ്തിട്ടു ഒരു കററ വയലിൽ മറന്നു പോയാൽ അതിനെ എടുപ്പാൻ മടങ്ങിപ്പോ൦ രുത്.... അതു പരദേശിക്കും അനാഥനും വിധവയ്ക്കും ഇരിക്കട്ടെ.

20. ഒലിവുവൃക്ഷത്തിൻെറ ഫലം തല്ലുമ്പോൾ കൊമ്പു തല്ലിപ്പറിക്കരുത്. അതു പരദേശിക്കും അനാഥനും വിധവയ്ക്കും ഇരിക്കട്ടെ.

21. മുന്തിരിത്തോട്ടത്തിലെ പഴം അറുത്തെടുക്കുമ്പോൾ കാലാ പെറുക്കരുത്. അതു പരദേശിക്കും അനാഥനും വിധവയ്ക്കും ഇരിക്കട്ടെ.

പരദേശി, അനാഥൻ, വിധവ എന്നിവർ സമൂഹത്തിൽ അരക്ഷിതരും ദുർബ്ബലരുമാണ്. അവക്കു സമൂഹം തന്നെ ജീവിക്കാൻ വകയും സംരക്ഷണവും നൽകണമെന്ന പ്രമാണമാണ് ഇവിടെ അംഗീകരിച്ചിരിക്കുന്നതു്. ക്ഷേമരാഷ്ട്രങ്ങളിൽ ഇതു സാമൂഹ്യ വ്യവസ്ഥിതിയിൽ തന്നെ നടപ്പിൽ വരുത്തിയിട്ടുണ്ടു്. ദാനധർമ്മങ്ങൾ മാത്രമല്ല, അവക്കു സമൂഹം 'ന്യായ'വും നടത്തിക്കൊടുക്കണം. അവക്കു സ്വതവേ നീതിന്യായ കോടതിയെ സമീപിക്കാനുള്ള പ്രയാസം; സമീപിച്ചാൽ തന്നെ സമൂഹത്തിൽ പ്രബലർക്കെതിരായി ന്യായം ലഭിക്കാൻ പ്രയാസം. ഇതു മനസ്സിൽ കണ്ടുകൊണ്ടാണ് ദുർബ്ബലരുടെ ന്യായം മറിച്ചുകളയരുതെന്നു പ്രത്യേകം ആവർത്തനനിയമം നിഷ്ക്കർഷിക്കുന്നതു്.

25.1 മനുഷ്യർക്കു തമ്മിൽ വ്യവഹാരം ഉണ്ടായിട്ടു് അവർ ന്യായാസനത്തിൽ വരികയും അവരുടെ കാര്യം വിസ്തരിക്കയും ചെയ്യുമ്പോൾ നീതിമാനെ നീതീകരിക്കയും കുററക്കാരനെ കുററം വിധിക്കയും വേണം.

3. നാല്പത് അടി അടിപ്പിക്കാം. അതിൽ കവിയരുത്. കവിഞ്ഞു അടിപ്പിച്ചാൽ സഹോദരൻ നിൻെറ കണ്ണിനു നിന്ദിതനായിത്തീർന്നേക്കാം.

1. കേസ് വിസ്തരിച്ച നീതിമാനെ നീതീകരിച്ചും കുററവാളിയെ ശിക്ഷിച്ചും ന്യായം നടത്തണമെന്നു നിയമം ഇവിടെ പ്രത്യേകം നിഷ്ക്കർഷിക്കുന്നു. ആവ. 16,18–20 ൻെറ ഒരാവത്തനമാണീ ഭാഗം. അടിശിക്ഷ സംബന്ധിച്ച നിയമം ആവർത്തന ദൈവശാസ്ത്രജ്ഞൻെറ മനുഷ്യത്വത്തോടുള്ള ആദരവിൻെറ വേറൊരു ദൃഷ്ടാന്തമാണ്. ചില കുററങ്ങൾക്കു ശിക്ഷ ചാട്ടവാറുകൊണ്ടടിയാണ് വിധിച്ചിരിക്കുന്നതു്. എന്നാൽ ഒരു ശാരീരിക ശിക്ഷയും കുററവാളിയുടെ മനുഷ്യത്വം നിന്ദിക്കയോ നിഷേധിക്കയോ ചെയ്യുന്ന രീതിയിലാകരുതു്. കുററവാളി സാഹോദര്യ പ്രമാണം ലംഘിച്ചിരിക്കുന്നതിനാൽ അതിലേക്കു തിരികെ കൊണ്ടുവരുന്നതിനുള്ള ശിക്ഷണമായിട്ടാണ് ശിക്ഷ; സാഹോദര്യത്തിൽ നിന്നു പുറം തള്ളുന്നതിനല്ല. ഇതു ആധുനിക ശിക്ഷാനിയമങ്ങളിലെല്ലാം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്ന ഒരു പ്രമാണമാണ്. ഈ വീക്ഷണ കോണിൽ നിന്നാലോചിച്ചാൽ ആവർത്തന നിയമം ധാരാളമായി അനുശാസിക്കുന്ന മരണശിക്ഷ തന്നെ ഇന്നു ചോദ്യം ചെയ്യപ്പെട്ടിരിക്കയാണ്. ഒരു ശിക്ഷയും യാദൃശ്ചികമായിപ്പോലും നാല്പതടിയിൽ കവിഞ്ഞു പോകാതിരിക്കാൻ മുപ്പത്തിഒമ്പതടിയാണ് യിസ്രായേലിൽ ശിക്ഷ വിധിച്ചുകൊണ്ടിരുന്നതു്. പൗലോസ് യെഹൂദരാൽ 'ഒന്നു കുറയ നാല്പതു അടി അഞ്ചു വട്ടം കൊണ്ടു' (2 കൊരി 11, 24).

25. 4 കാളെ മെതിക്കുമ്പോൾ അതിനു മുഖക്കൊട്ട കെട്ടരുതു്.

മെതിയിൽ നിന്നു ആവശ്യമുള്ളതു തിന്നത്തക്കവണ്ണം സ്വാതന്ത്ര്യം കാളക്കുണ്ടായിരിക്കണം. സകല ജീവനോടും ആദരവു് മനുഷ്യത്വത്തിൻെറ വിശേഷതയായി പ്രഖ്യാപിക്കുന്ന ആൾബേർട്ടു് ഷ്വയിററ്സറിൻെറ ധർമ്മശാസ്ത്രമാണ് ഇവിടെ സ്മരണയിൽ വരുന്നതു്. കൃഷിമൃഗങ്ങളോടു ക്രൂരമായി വർത്തിക്കയും കൂലിവേലക്കാരോടു സാഹോദര്യഭാവം പുലർത്തുകയും ചെയ്യുക സാധ്യ

മല്ല. ഏതു വേലക്കാരനും തന്റെ തൊഴിൽകൊണ്ട് ഉപജീവനം നേടാൻ അവകാശമുണ്ടെന്നു് ഈ വാക്യം സമർത്ഥിക്കുന്നതായി പൗലോസ് വാദിക്കുന്നു. 'ഉഴുന്നവൻ ആശയോടെ ഉഴുകയും മെതിക്കുന്നവൻ പതം കിട്ടും എന്നുള്ള ആശയോടെ മെതിക്കയും വേണ്ടതാകയാൽ നമുക്കു വേണ്ടി എഴുതിയിരിക്കുന്നതത്രെ' (1 കൊരി 9. 8_10).

25.13. നിന്റെ വഞ്ചിയിൽ തൂക്കം ഏറിയതും കുറഞ്ഞതുമായ രണ്ടു തരം പടി ഉണ്ടാകരുത്.

14. നിന്റെ വീട്ടിൽ മുറൂക്കവും ഇളപ്പവുമായ രണ്ടുതരം പറയും ഉണ്ടാകരുത്.

കച്ചവടത്തിൽ സത്യവും വിശ്വസ്തതയും ഈ വാക്യങ്ങൾ അനുശാസിക്കുന്നു. ഇരുത്താപ്പുനയം അപലപനീയമാണ്, 'യഹോവക്കു വെറുപ്പാകുന്നു'.

25. 17. നിങ്ങൾ മിസ്രയിമിൽനിന്നു പുറപ്പെട്ടു വരുമ്പോൾ വഴിയിൽവച്ചു അമാലേക്കു നിന്നോടു ചെയ്തത് .... ഓർത്തുകൊൾക.

19. ആകയാൽ ... നീ അമാലേക്കിന്റെ ഓർമ്മയെ ആകാശത്തിൻ കീഴിൽ നിന്നു മായിച്ചു കളയണം. ഇതു മറന്നുപോകരുത്.

1. യിസ്രായേലിന്റെ നിത്യ ശത്രുക്കളാണ് അമാലേക്യർ. ഫറവോന്റെ സൈന്യത്തിൽ നിന്നു രക്ഷപെട്ട യിസ്രായേൽ ജനം ആദ്യം യുദ്ധം ചെയ്യേണ്ടിവന്നതു് അമാലേക്യരോടായിരുന്നു. യോശുവായുടെ നേതൃത്വത്തിൽ അമാലേക്യരെ യിസ്രായേൽ തോല്പിച്ചു. അവിടെത്തന്നെ യിസ്രായേലും അമാലേക്യരും നിത്യശത്രുക്കളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. 'യഹോവ മോശയോടു: നീ ഇതു ഓർമ്മെക്കായിട്ടു ഒരു പുസ്തകത്തിൽ എഴുതി യോശുവായെ കേൾപ്പിക്ക. ഞാൻ അമാലേക്കിന്റെ ഓർമ്മ ആകാശത്തിന്റെ കീഴിൽ നിന്നു അശേഷം മായിച്ചു കള

യും എന്നു കല്പിച്ചു' ( പുറ. 17. 8_14). ഇതു് 1ശമു. 15.2 ൽ സൂചിപ്പിച്ചിരിക്കുന്നു. ദാവീദിന്റെ കാലത്തു് അമാലേക്യരുടെ നിരന്തര ശല്യം യിസ്രായേല്യർക്കു ഉണ്ടായി (1 ശമു. 14, 15, 27, 30, 31 അ). യിസ്രായേൽ 'ക്ഷീണിച്ചും തളർന്നുമിരിക്കുമ്പോൾ പിമ്പിൽ പിന്നണിയിലുള്ള ബലഹീനരെ ഒക്കെയും സംഹരിച്ചു' ഒരു സംഭവം ഈ വേദഭാഗത്തു വിവരിച്ചിരിക്കുന്നു. അതു ഏതു സംഭവമാണെന്നു വ്യക്തമല്ല. ഒരു പക്ഷെ ആവർത്തനപ്പുസ്തകം രചിക്കുമ്പോഴേക്കു അമാലേക്യർ നാമാവശേഷമായിപ്പോയിരിക്കണം.

2. ക്രൈസ്തവ ജനത്തിനു നിത്യശത്രുത്വമുള്ളതു് സാത്താനോടു മാത്രമാണു്. സാത്താനാണെങ്കിൽ മററു ജനങ്ങളിലും മതങ്ങളിലും മാത്രമല്ല ക്രൈസ്തവ സഭയുടെ ഉള്ളിലും നിരന്തരം പ്രവൎത്തിച്ചു ശല്യം ചെയ്യുന്നു. ഇതര ജനങ്ങളിലും മതങ്ങളിലും സഭയിലേതിൽനിന്നു വ്യത്യസ്തമായിട്ടാണെങ്കിലും ദൈവവും പ്രവർത്തിക്കുന്നു. അതുകൊണ്ടു സഭയെ എതിർക്കുന്നവർ ദൈവത്തെ എതിർക്കുന്നു എന്നു നിശ്ചയിക്കാനും സാദ്ധ്യമല്ല. ഒരു പക്ഷെ ദൈവം സഭയെ ശുദ്ധീകരിക്കുന്നതിനു ഇതര ജനങ്ങളെയും മതങ്ങളെയും ഉപയോഗിക്കയാണെന്നു വരാം. ക്രിസ്തുവിനു വിരോധമായി സഭയിലോ ഇതര സമൂഹങ്ങളിലോ ഉയർന്നു വരുന്ന സകലത്തോടും പോരാടുന്നതാണു് ക്രൈസ്തവജനത്തിന്റെ ധർമ്മം. സാത്താൻ നാമാവശേഷമാകുന്നതു് പാപവും മരണവും നീക്കി തന്റെ രാജ്യം ലോകത്തിൽ സ്ഥാപിക്കുന്ന ക്രിസ്തുവിന്റെ പ്രത്യാഗമനത്തിങ്കൽ മാത്രമാണു്.

## vi സ്തോത്രശുശ്രൂഷകൾ (26. 1_15)

26.1,2 നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിന്റെ നിലത്തിൽ നിന്നു ഉണ്ടാകുന്നതായി നിലത്തിലെ എല്ലാവക കൃഷിയുടെയും ആദ്യഫലം കു

റേശ്ശ എടുത്തു ഒരു കൊട്ടയിൽ വെച്ചു കൊണ്ടുപോകണം.

4. പുരോഹിതൻ ആ കൊട്ട നിൻെറ കയ്യിൽ നിന്നു വാങ്ങി നിൻെറ ദൈവമായ യഹോവയുടെ യാഗപീഠത്തിൻെറ മുമ്പിൽ വയ്ക്കേണം.

5,10. പിന്നെ നിൻെറ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ പ്രസ്താവിക്കേണ്ടതു എന്തെന്നാൽ: എൻെറ പിതാവു ദേശാന്തരിയായൊരു അരാമ്യനായിരുന്നു. ചുരുക്കം ചിലരോടുകൂടി അവൻ മിസ്രയീമിലേക്കു ഇറങ്ങിച്ചെന്നു പരദേശിയായി പാർത്തു. അവിടെ വലിപ്പവും ബലവും പെരുപ്പവുമുള്ള ജനമായിത്തീർന്നു. എന്നാൽ മിസ്രയീമ്യർ ഞങ്ങളോടു തിന്മചെയ്തു ഞങ്ങളെ പീഡിപ്പിച്ചു ഞങ്ങളെക്കൊണ്ടു കഠിനവേല ചെയ്യിച്ചു. അപ്പോൾ ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയോടു നിലവിളിച്ചു. യഹോവ ഞങ്ങളുടെ നിലവിളി കേട്ടു ഞങ്ങളുടെ കഷ്ടതയും പ്രയാസവും ഞെരുക്കവും കണ്ടു. യഹോവ ബലമുള്ള കയ്യാലും നീട്ടിയ ഭുജത്താലും മഹാഭയങ്കര പ്രവൃത്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും കൂടെ ഞങ്ങളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചു ഞങ്ങളെ ഈ സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുവന്നു; പാലും തേനും ഒഴുകുന്ന ഈ ദേശം ഞങ്ങൾക്കു തന്നുമിരിക്കുന്നു. ഇതാ യഹോവേ, നീ എനിക്കു തന്നിട്ടുള്ള നിലത്തിലെ ആദ്യഫലം ഞാൻ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നു.

10. പിന്നെ ... യഹോവയുടെ സന്നിധിയിൽ നമസ്കരിക്കണം.

11. നിൻെറ ദൈവമായ യഹോവ നിനക്കും നിൻെറ കുടുംബത്തിനും തന്നിട്ടുള്ള എല്ലാ നന്മയിലും നീയും ലേവ്യനും നിങ്ങളുടെ മദ്ധ്യേയുള്ള പരദേശിയും സന്തോഷിക്കണം.

1. യിസ്രായേൽ ജനത്തിൻെറ ആദ്യഫലശുശ്രൂഷക്രമമാണു് ഇവിടെ വിവരിക്കുന്നതു്. 'എല്ലാവക കൃഷിയുടെയും ആദ്യഫലത്തിൽ കുറച്ചു' ദൈവമുമ്പാകെ സമർപ്പിച്ചു് ദൈവം തന്നിട്ടുള്ള 'എല്ലാ നന്മ'യ്ക്കുംവേണ്ടി കുടുംബമായി അയല്ക്കാരോടുചേർന്നു സ്തോത്രം ചെയ്തു സന്തോഷിക്കുന്നു. പ്രകൃതിയുടെ സ്രഷ്ടാവും കൃഷിഫലങ്ങളുടെ ദാതാവും ബാൽ ദേവനല്ല യഹോവയായ ദൈവം തന്നെ. ഈ പരിജ്ഞാനം യിസ്രായേലിനു ഉണ്ടാകുന്നതു് കനാനിൽ ജീവിതം പുരോഗമിച്ചശേഷം പ്രവാചകന്മാരിൽകൂടിയാണു്. ഈ പരിജ്ഞാനമാണു് കൃഷിഫലപ്രാപ്തിക്കു കനാന്യരോടുചേർന്നു ബാലിനെ ആരാധിക്കുന്നതിൽനിന്നു അവരെ മോചിപ്പിച്ചതു്. എന്നാൽ പ്രകൃതിയല്ല മാനവചരിത്രമാണു് യിസ്ഠായേൽ മതത്തിനു പ്രധാനം. പ്രകൃതിതന്നെ മനുഷ്യൻെറ കാർഷികപ്രയത്നത്താൽ മനുഷ്യചരിത്രത്തിൻെറ ഭാഗമാകുകയാണല്ലോ. പ്രകൃതിശക്തികളെ സംഭരിച്ചു മനുഷ്യൻെറ താല്പര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും വിധേയമാക്കുന്ന ചരിത്രപ്രക്രിയയിലൂടെയാണു് മനുഷ്യചരിത്രം പുരോഗമിച്ചിട്ടുള്ളതു്. എന്നാൽ പ്രകൃതിയുടെ അടിമത്തത്തിൽനിന്നു മനുഷ്യവിമോചനം സാധിച്ച യന്ത്രങ്ങൾതന്നെയാണു് ഇന്നു മനുഷ്യരെ അടിമയാക്കാൻ മനുഷ്യർ ഉപയോഗിക്കുന്നതു്. ചരിത്രത്തിൽ മനുഷ്യരുടെ അടിമത്തത്തിൽ നിന്നാണു് മനുഷ്യർക്കു വിമോചനം ഉണ്ടാകേണ്ടതു്. യഹോവ ചരിത്രത്തിൻെറ കർത്താവു്, യഹോവ ചരിത്രത്തിൽ മനുഷ്യരെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുന്നു, എന്ന സത്യം അന്നെന്നപോലെ ഇന്നും സുവിശേഷമാണു്. ആദ്യഫല ശുശ്രൂഷ യഹോവയായ ദൈവം പ്രകൃതിയുടെയും ചരിത്രത്തിൻെറയും കർത്താവെന്ന വസ്തുത പരസ്യമായി യിസ്ഠായേൽ ഏററുപറയുന്ന സന്ദർഭമായിരുന്നു. ഇന്നു ക്രൈസ്തവസഭയ്ക്കും അങ്ങനെ ആയിരിക്കേണ്ടതാണു്.

2. യിസ്ഠായേലിൻെറ ഒരു വിശ്വാസപ്രമാണമാണു് ഇവിടെ കൊടുത്തിരിക്കുന്നതു്. ആവർത്തന രചനകാലു

ത്തിനു വളരെ മുമ്പുതന്നെ രൂപപ്പെട്ട ഒരു വിശ്വാസ പ്ര ഖ്യാപനമാണിതെന്നു ചിന്തിക്കുന്ന പണ്ഡിതന്മാരുണ്ട്. ക്രിസ്തീയ വിശ്വാസപ്രമാണം യേശുക്രിസ്തുവിൻെറ ജനനം, ജീവിതം, മരണം, ഉയിർപ്പ് ഇവ ദൈവത്തിൻെറ മഹൽ വിമോചനപ്രക്രിയയുടെ ഭാഗങ്ങളായി വിവരിക്കുന്നു. യിസ്രായേലിൻെറ വിശ്വാപ്രമാണം പിതാവായ യാക്കോബിൻെറ ചരിത്രം തുടങ്ങി യഹോവ അവരുടെ ചരിത്രത്തിൽ പ്രവത്തിച്ച അത്ഭുതങ്ങളാണ് വിവരിക്കുന്നതു്, മെസെപ്പൊത്താമ്യായിലെ അരാം നാഹോരിൻെറ പട്ടണം. യാക്കോബിൻെറ അമ്മ റിബേക്കയുടെ ജന്മസ്ഥലം. അവിടെയാണല്ലോ സ്വന്ത ദേശത്തുനിന്നു വളരെദൂരെ ലാബാൻെറ പുത്രിമാരെ ഭാര്യമാരായി സ്വീകരിച്ചു വളരെക്കാലം ലാബാനെ സേവിച്ചു യാക്കോബ് പാത്തതു് (ഉല്പ. 29–31). 'യാക്കോബ് ആരാംദേശത്തിലേക്കു ഓടിപ്പോയി. യിസ്രായേൽ ഒരു ഭാര്യക്കുവേണ്ടി സേവചെയ്തു. ഒരു ഭാര്യക്കുവേണ്ടി ആടുകളെ പാലിച്ചു' (ഹോശേ 12.12). അതുകൊണ്ടായിരിക്കണം 'ദേശാന്തരിയായ ഒരു ആരാമ്യ'നെന്നു യാക്കോബിനെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നതു്, ഈ വിശ്വാസത്തിൽ മിസ്രയീമിൽനിന്നു് യിസ്രായേൽ മക്കളുടെ വിടുതൽ പ്രസ്താവിക്കയും സീനായി പർവ്വതത്തിൽ യിസ്രായേലുമായി യഹോവ ചെയ്ത നിയമത്തെപ്പററി ഒന്നും പറയാതിരിക്കയും ചെയ്യുന്നതു എന്തുകൊണ്ടാണു്? യോശുവാ 24–ലെ വിശ്വാസ പ്രഖ്യാപന ചരിത്രത്തിലും സീനായി നിയമം രേഖപ്പെടുത്തിയിട്ടില്ല. മിസ്രയീമിൽനിന്നു വിടുവിക്കപ്പെട്ടവരും സീനായ് വെളിപ്പാടു ലഭിച്ചവരും വേറിട്ട രണ്ടു ഗോത്രങ്ങളായിരുന്നു എന്നും അവർ പില്ക്കാലത്തു ഒരുമിച്ച് യിസ്രായേൽ ഗോത്ര ഫെഡറേഷൻ രൂപീകരിച്ചശേഷമാണ് അവ രണ്ടും ഒരു സമൂഹത്തിൻെറ ചരിത്രമായതെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അങ്ങനെയെങ്കിൽ ഇവിടെ കൊടുത്തിരിക്കുന്ന വിശ്വാസപ്രമാണരൂപത്തിനു വളരെ പുരാതനത്വമുള്ളതായി പരിഗണിക്കണം.

3. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് 'നിദ്രകൊണ്ടവരിൽ ആദ്യഫലം' (1 കൊരി 15. 20); ക്രിസ്ത്യാനികൾക്കു ലഭിക്കുന്ന പരിശുദ്ധാത്മാവ് പൂർണ്ണ വീണ്ടെടുപ്പായ പുത്രത്വത്തിന്റെ 'ആദ്യദാനം' (റോമ 8.23); ക്രൈസ്തവസഭ 'സൃഷ്ടികളിൽ ഒരുവിധം ആദ്യഫലം' (യാക്കോ. 1. 18) ചരിത്രത്തിന്റെ അന്ത്യത്തിൽ വരാനിരിക്കുന്ന ദൈവരാജ്യത്തിന്റെ ആദ്യഫലങ്ങളാണ് ഉയിർത്തെഴുന്നേറ്റ ക്രിസ്തു, ഉയിർപ്പിന്റെ ആത്മീയാനുഭവങ്ങൾ, ക്രൈസ്തവസഭയുടെ കൂട്ടായ ജീവിതം എന്നിവ.

26. 12 ദശാംശം എടുക്കുന്ന കാലമായ മൂന്നാം സംവത്സരത്തിൽ നിന്റെ അനുഭവത്തിലൊക്കെയും ദശാംശം എടുത്തു ലേവ്യനും പരദേശിയും അനാഥനും വിധവയും നിന്റെ പട്ടണങ്ങളിൽവെച്ചു തൃപ്തിയാംവണ്ണം തിൻമാൻ കൊടുത്തു തീർന്നശേഷം നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ പറയേണ്ടത് എന്തെന്നാൽ:

13,14. നീ എന്നോടു കല്പിച്ചിട്ടുള്ള കല്പനപ്രകാരമൊക്കെയും ഞാൻ വിശുദ്ധമായത് എന്റെ വീട്ടിൽനിന്നു കൊണ്ടുവന്നു ലേവ്യനും പരദേശിക്കും അനാഥനും വിധവയ്ക്കും കൊടുത്തിരിക്കുന്നു. ഞാൻ നിന്റെ കല്പന ലംഘിക്കയോ മറന്നുകളകയോ ചെയ്തിട്ടില്ല. എന്റെ ദുഃഖത്തിൽ ഞാൻ അതിൽനിന്ന് തിന്നിട്ടില്ല. അശുദ്ധനായിരുന്നപ്പോൾ ഞാൻ അതിൽനിന്ന് ഒന്നും നീക്കിവച്ചിട്ടില്ല. മരിച്ചവന് അതിൽനിന്നു ഒന്നും കൊടുത്തിട്ടില്ല.

15. നിന്റെ വിശുദ്ധ വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്നു നോക്കി നിന്റെ ജനമായ യിസ്രായേലിനെയും ....ദേശത്തെയും അനുഗ്രഹിക്കണമെ.

1. ദശാംശ സമർപ്പണ ശുശ്രൂഷയാണ് ഇത്. യെരുശലേം ദേവാലയത്തിൽ ആരാധനകളെല്ലാം കേന്ദ്രീകരിക്കുകയാണ് ആവർത്തനന്യായപ്രമാണം എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ നവീകരണനിയമം ആവിർഭ

വിക്കുന്നതിനു മുമ്പു് അവരവരുടെ പട്ടണത്തിൽതന്നെ ആരാധനസ്ഥലത്തു ദശാംശം കൊണ്ടുവന്നു അർപ്പണ ശുശ്രൂഷ നടത്തുകയായിരുന്നു പതിവു്. ഇനി അതു പാടില്ല. അതുകൊണ്ടു ഇവിടെ നിർദ്ദേശിക്കുന്നതു് വേറൊരു നടപടി ക്രമമാണു്. മൂന്നാംവർഷംതോറും ഓരോ കുടുംബവും അവരുടെ സാമ്പത്തിക വരുമാനത്തിന്റെ ദശാംശം സാധനങ്ങളായി ശേഖരിച്ചു് അവരവരുടെ ചുററുപാടിൽ അധിവസിക്കുന്ന ലേവ്യൻ, പരദേശി, ദരിദ്രൻ, വിധവ എന്നീ ദുർബല ജനവിഭാഗങ്ങൾക്കു പങ്കിട്ടുകൊടുക്കണം. (ആവ. 14. 28–29 കാണുക). അതുകഴിഞ്ഞു് യെരുശലേം ദേവാലയത്തിൽ ചെന്നു് ദശാംശം സ്വന്തമായി എടുക്കാതെ ദൈവനാമത്തിൽ സാധുക്കൾക്കു വിതരണം ചെയ്തതായി ശപഥം ചെയ്തു് നമസ്കാരങ്ങൾ നടത്തി കുടുംബത്തിന്മേലും ദേശത്തിന്മേലും തുടർന്നു ദൈവികാനുഗ്രഹങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. (ആവ. 16 ലെ കൂടാരപ്പെരുനാളുമായി ബന്ധമുണ്ടായിരുന്നോ?). ദശാംശം യഹോവയ്ക്കു വിശുദ്ധമായി വേർതിരിക്കണമെന്നതു് യിസ്രായേൽ മതത്തിന്റെ നീക്കപ്പെടാൻ പാടില്ലാത്ത തത്ത്വമാണു്. പ്രയാസം വരുമ്പോൾ സ്വന്തമായി അനുഭവിക്ക, മതാചാരപ്രകാരം അശുദ്ധനായിരിക്കുമ്പോൾ കൈകാര്യം ചെയ്ക, മൃതരായ പിതൃക്കൾക്കു സമർപ്പിക്ക—ഈ മൂന്നുമാർഗ്ഗങ്ങളിലാണു് ദശാംശവസ്തുക്കൾ അശുദ്ധമായി ഭവിക്കുന്നതു്. ദൈവത്തിനായി വേർതിരിക്കപ്പെട്ട വിശുദ്ധീകരിച്ച ദശാംശം ദൈവനാമത്തിൽ പാവങ്ങൾക്കു വിതരണം ചെയ്യുമ്പോൾ അതു വിശുദ്ധമായിത്തന്നെ നിലകൊള്ളുന്നു. ദൈവത്തിനു സമർപ്പിക്കുന്നതും ദുർബ്ബല ജനങ്ങൾക്കു വിതരണം ചെയ്യുന്നതും ഒരുപോലെ 'വിശുദ്ധ'മാണെന്ന ദൈവശാസ്ത്രസത്യം ശ്രദ്ധേയമത്രെ. മനുഷ്യത്വത്തോടാദരവും നീതിയും ദൈവാരാധനയുടെ വേറൊരു രൂപമാണു്. വിശുദ്ധിയും നീതിയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണു്. ഈ സത്യം മതാനുഷ്ഠാനങ്ങളിൽകൂടി സ്പഷ്ടമാക്കുന്ന ഒരു ശുശ്രൂഷക്രമമത്രെ ഈ വേദഭാഗത്തു കാണുന്നതു്.

2. ദൈവഭക്തിയുടെയും സ്നേഹത്തിൻെറയും മറുവശമാണ് മനുഷ്യസ്നേഹവും സേവനവും എന്ന ആശയം യേശുക്രിസ്തു പൂർവ്വാധികം ശക്തമായി പഠിപ്പിച്ചിട്ടുണ്ട്. പൂർണ്ണഹൃദയത്തോടെ ദൈവത്തെയും കൂട്ടുകാരനെ നിന്നെപ്പോലെതന്നെയും സ്നേഹിക്കണമെന്ന രണ്ടു കല്പനകളും ഒരുമിച്ച് ഒന്നായിക്കണ്ട് അനുസരിക്കുന്നതിലാണ് നിത്യജീവൻ സ്ഥിതിചെയ്യുന്നത് എന്ന ന്യായശാസ്ത്രിയുടെ വാക്കുകൾ യേശുക്രിസ്തു ശരിവയ്ക്കുന്നു. അതോടൊപ്പം ജീവിതയാത്രയിൽ മുറിവേററു അരക്ഷിതാവസ്ഥയിൽ കിടക്കുന്ന മനുഷ്യനെ ശുശ്രൂഷിക്കുന്ന ശമര്യാക്കാരനാണ് മനുഷ്യസ്നേഹത്തിൻെറ മാതൃകയെന്നും യേശു വ്യക്തമാക്കുന്നു (ലൂക്കോ. 10. 25_37). ധനവാൻെറയും ലാസറിൻെറയും ഉപമയിൽ യേശുക്രിസ്തുവിൻെറ ഈ സമീപനം ന്യായപ്രമാണത്തിൽ ('മോശെയുടെയും പ്രവാചകന്മാരുടെയും വാക്കി'ൽ) അന്തർലീനമാണെന്നു യേശു പ്രസ്താവിച്ചു (ലൂക്കോ. 16. 31). 'നേടുന്നതിലൊക്കെയും പതാരം കൊടുത്തുവരുന്ന'തുകൊണ്ട് ദൈവമുമ്പാകെ സ്വയം നീതികരിക്കാൻ തുനിയുന്ന പരീശനെ യേശുക്രിസ്തു അപഹസിക്കുന്നു (ലൂക്കോ. 18.10_14). വരവിൻെറ ദശാംശം മാത്രമല്ല, ദൈവത്തിനും ദരിദ്രജനസേവനത്തിനുമായി മാററി വിശുദ്ധമായി വേർതിരിക്കേണ്ടതു് ഒരു ഭക്തൻെറ സകല സമ്പാദ്യവുമാണ്. അതിൻെറ പിന്നിൽ അവൻെറ ജീവിതം മുഴുവൻെറയും ദൈവസമർപ്പണമാണുണ്ടായിരിക്കേണ്ടതു്, 'നിനക്കുള്ളതൊക്കെയും വിററു ദരിദ്രർക്കു പകുത്തുകൊടുക്ക.... പിന്നെ വന്നു എന്നെ അനുഗമിക്ക' (ലൂക്കോ. 18. 22). സ്വച്ഛജടമാംസിതൈലംകൊണ്ടു യേശുവിൻെറ കാൽ പൂശിയ മറിയയെ, 'ഈ തൈലം മുന്നൂറു വെള്ളിക്കാശിനു വിററു ദരിദ്രർക്കു കൊടുക്കേണ്ടതു് എന്നു പറഞ്ഞു' വിമർശിച്ച ഈസ്കാരേ്യാത്ത് യൂദയെ യേശുക്രിസ്തു ശാസിക്കുന്നു. (യോഹ. 12.1_8). സാമൂഹ്യശുശ്രൂഷയുടെ അന്തരാത്മം സ്പഷ്ടമാക്കുന്ന ദൈവഭക്തിയും ആരാധനയും സാമൂഹ്യശുശ്രൂഷയിൽ ഇല്ലാതാക്കാൻ പാടില്ലതന്നെ. സ്തോത്രശുശ്രൂഷമൂലം സാമൂഹ്യശുശ്രൂഷ പൂർണ്ണമാക്കണം.

# 4. ഉടമ്പടി പൂർത്തീകരിക്കുന്നു.

**ആവ. 26. 16–28. 68**

മദ്ധ്യപൂർവ്വേഷ്യയിലെ പ്രാചീന പാരമ്പര്യമനുസരിച്ച് ഉണ്ടാകിയിരിക്കുന്ന ഒരു ഉടമ്പടിയുടെ രൂപമാണ് ആവർത്തനനിയമത്തിനുള്ളത് എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജാവായ ദൈവവും യിസ്രായേൽ ജനതയും തമ്മിൽ ചെയ്യുന്ന ഉടമ്പടി. വ്യവസ്ഥകൾ വിശദമായി പ്രസ്താവിച്ചുകഴിഞ്ഞു. അവയനുസരിച്ച് ഇരുകൂട്ടരും പെരുമാറുമെന്നു 'വാമൊഴിയാ'ൽ സത്യം ചെയ്യണം. ഉടമ്പടിയിൽ പ്രവേശിച്ചതായി ഇരുകൂട്ടരും പ്രഖ്യാപിക്കണം. വാമൊഴിമൂലം ചെയ്ത ഉടമ്പടി കല്ലിൽ എഴുതി സ്ഥിരമാക്കണം. ഉടമ്പടിക്കു സാക്ഷികൾ വേണം. യാഗകർമ്മം നടത്തി യാഗാർപ്പിതം ഒരുമിച്ചു ജനം ഭക്ഷിക്കുമ്പോൾ ഉടമ്പടി ആത്മീയധർമ്മമായി. ഉടമ്പടി അനുസരിച്ചാലുണ്ടാകുന്ന അനുഗ്രഹവും ലംഘിച്ചാൽ വരുന്ന ശാപവും ഉറക്കെ പ്രഖ്യാപിക്കണം. ഉടമ്പടി എഴുതിവയ്ക്കുന്നതുകൂടാതെ അതിലെ വ്യവസ്ഥകൾ കൂടെക്കൂടെ വായിക്കുന്നതിനും ഓർപ്പിക്കുന്നതിനും ഏർപ്പാടുണ്ടാകണം. അങ്ങനെയാണ് ഉടമ്പടിയുടെ ചടങ്ങു പൂർത്തിയാകുന്നത്.

26. 16. ഈ ചട്ടങ്ങളും വിധികളും ആചരിപ്പാൻ നിന്റെ ദൈവമായ യഹോവ ഇന്നു നിന്നോടു കല്പിക്കുന്നു. നീ അവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ പ്രമാണിച്ചു നടക്കണം.

17. യഹോവ നിനക്കു ദൈവമായിരിക്കുമെന്നും നീ അവന്റെ വഴികളിൽ നടന്നു അവന്റെ ചട്ടങ്ങളും കല്പനകളും വിധികളും പ്രമാണിച്ച് അവന്റെ വചനം അ

നുസരിക്കണമെന്നും നീ ഇന്ന് അരുളപ്പാടു കേട്ടിരിക്കു
ന്നു.

18. 19 യഹോവ അരുളിച്ചെയ്തതുപോലെ നീ അവനു സ്വന്തജനമായി അവന്റെ സകല കല്പനകളും പ്രമാണിച്ച് നടക്കുമെന്നും താൻ ഉണ്ടാക്കിയ സകല ജാതികൾക്കും മീതെ നിന്നെ പുകഴ്ചയ്ക്കും കീർത്തിക്കും മാനത്തിനുമായി ഉന്നതമാക്കേണ്ടതിനു താൻ കല്പിച്ചതുപോലെ നിന്റെ ദൈവമായ യഹോവയ്ക്കു വിശുദ്ധജനമായിരിക്കുമെന്നും ഇന്നു നിന്റെ വാമൊഴി വാങ്ങിയിരിക്കുന്നു.

യഹോവയും യിസ്രായേൽജനവും സത്യംചെയ്ത് ഉടമ്പടി അംഗീകരിക്കുന്നു. ആദ്യം യഹോവ സത്യംചെയ്യുന്നു: 'ഞാൻ നിനക്കു ദൈവമായിരിക്കും. നിങ്ങൾ എന്റെ ചട്ടങ്ങളും വിധികളും അനുസരിച്ചു ജീവിച്ചു എന്റെ ജനമായിരിക്കണം. നിങ്ങൾ മനുഷ്യവർഗ്ഗത്തിൽ എന്റെ മഹത്വമായിരിക്കുന്നതനുസരിച്ച് നിങ്ങളെ ഭൂമിയിൽ സകല ജാതികൾക്കുംമീതെ ഞാൻ ഉന്നതമാക്കും'. അതിനു പ്രത്യുത്തരമായി യിസ്രായേൽ സത്യംചെയ്തു: 'ഞങ്ങൾ നിന്റെ സ്വന്തജനമായി നിന്റെ സകല കല്പനകളും പ്രമാണിക്കും. ഞങ്ങൾ നിനക്കു വിശുദ്ധജനമായിരിക്കും'. ഇരുകൂട്ടരും 'വാമൊഴി' യാൽ സത്യംചെയ്തു ഉടമ്പടിയിൽ പ്രവേശിച്ചിരിക്കുന്നു.

27.2. നിങ്ങൾ യോർദ്ദാൻ കടന്നു നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് എത്തുന്ന ദിവസം നീ വലിയ കല്ലുകൾ നാട്ടി അവയ്ക്കു കുമ്മായം തേക്കണം.

3. ........നീ ന്യായപ്രമാണത്തിന്റെ വചനങ്ങളെല്ലാം അവയിൽ എഴുതണം.

4.... ഈ കല്ലുകൾ ഏബ്ബാൽ പർവ്വതത്തിൽ നാട്ടുകയും അവയ്ക്കു കുമ്മായം തേക്കുകയും വേണം.

5. അവിടെ നിൻെറ ദൈവമായ യഹോവയ്ക്കു കല്ലു കൊണ്ടു ഒരു യാഗപീഠം പണിയണം. അതിന്മേൽ ഇരുമ്പു തൊടുവിക്കരുത്.

6. ചെത്താത്ത കല്ലുകൊണ്ടു നിൻെറ ദൈവമായ യഹോവയ്ക്കു യാഗപീഠം പണിയണം. അതിന്മേൽ നിൻെറ ദൈവമായ യഹോവയ്ക്കു ഹോമയാഗങ്ങളം അർപ്പിക്കണം.

7. സമാധാനയാഗങ്ങളും അർപ്പിച്ച് അവിടെവെച്ചു തിന്നുകയും നിൻെറ ദൈവമായ യഹോവയുടെ സന്നിധിയിൽ സന്തോഷിക്കയും വേണം.

8. ആ കല്ലുകളിൽ ഈ ന്യായപ്രമാണത്തിൻെറ വചനങ്ങളൊക്കെയും നല്ല തെളിവായി എഴുതണം.

1. മൂലഗ്രന്ഥത്തിൽ 26–ാം അദ്ധ്യായത്തിൻെറ തുടച്ച് 28–ാം അദ്ധ്യായം ആയിരുന്നു എന്നും പില്ക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ട ഒരു പുരാതന പാരമ്പര്യമാണ് 27–ാം അദ്ധ്യായമെന്നും അനുമാനിക്കപ്പെടുന്നു. 27. 1–3 ലെ കല്പന അതേപടി യിസ്രായേൽ യോശുവായുടെ നേതൃത്വത്തിൽ യോർദ്ദാൻ കടന്നശേഷം അനുസരിച്ചു പ്രവർത്തിച്ചതായിട്ടാണ് ആവർത്തന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നതു്. യോശുവാ ഏബ്ബാലിൽ ചെത്താത്ത കല്ലുകൊണ്ടു യാഗപീഠം പണിതു ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിച്ചു. കല്ലുകളിൽ ന്യായപ്രമാണചട്ടങ്ങൾ എഴുതി. യിസ്രായേലിൽ പകുതിപേർ ഗെരീസീം പർവ്വതത്തിൻെറ വശത്തും പകുതി എബ്ബാൽ പർവ്വതത്തിൻെറ വശത്തും നിന്നു ജനത്തെ അനുഗ്രഹിച്ചു. അതിനുശേഷം അനുഗ്രഹശാപ വചനങ്ങൾ വായിച്ചു (യോശു 8. 30–35). എന്നാൽ എബ്ബാൽ പർവ്വതത്തിൽ യാഗപീഠം പണിതു് അവിടെ യാഗങ്ങൾ കഴിക്കണമെന്ന കല്പന യെരുശലേമിൽ ആരാധന കേന്ദ്രീകരിക്കണമെന്ന ആവ. 12–ലെ കല്പനയുമായി ചേരുന്നില്ല. യെരുശലേമിനു പ്രാധാന്യമുണ്ടാകുന്നതിനു മുമ്പു ശേഖേ

മിനട്ടത്തു എബ്ബാൽ ആയിരുന്നോ യഹോവ യിസ്റാ യേലിൻെറ ആരാധനസ്ഥായി തെരഞ്ഞെടുത്ത സ്ഥലം?

2. ന്യായപ്രമാണം കല്ലലകകളിൽ ദൈവം എഴുതികൊ ടുത്തതു് മോശെ പെട്ടകത്തിൽവെച്ചതായി രേഖപ്പെടു ത്തീയിട്ടുണ്ടു് (ആവ. 10, 2, 5). അതു നശിച്ചുപോയതു കൊണ്ടായിരിക്കണം ഇവിടെ അതു കല്ലിലെഴുതി പർവ്വ തത്തിൽ നാട്ടുന്നതു്. യാഗം കഴിച്ചു യാഗാർപ്പിതം ഭുജി ച്ച് യഹോവയുടെ ജനമായതിൽ ജനം സന്തോഷി ക്കുന്നു.

27.9. മോശെയും ലേവ്യരായ പുരോഹിതന്മാരും എല്ലാ യിസ്റായേലിനോടും: യിസ്റായേലേ, മിണ്ടാതിരുന്നു കേൾക്ക. ഇന്നു നീ നിൻെറ ദൈവമായ യഹോവയുടെ ജനമായിത്തീർന്നിരിക്കുന്നു.

10. ആകയാൽ നിൻെറ ദൈവമായ യഹോവയുടെ വാക്ക് അനുസരിച്ചു...

ഹോരേബ് പർവ്വതത്തിലാണു് യഹോവയും യിസ്റാ യേൽ ജനവുമായി ആദ്യം ഉടമ്പടി ഉണ്ടാകുന്നതു്. അ വിടെവെച്ചാണു് യിസ്റായേൽ ദൈവജനമായിത്തീ ന്നതു്. എന്നാൽ ഒരിക്കലായി അവസാനിക്കുന്ന ഒരു അനുഭവമല്ലാ അതു്. ആത്മീയാനുഭവങ്ങൾ 'ഇന്നു' എ ന്നു പറയാവുന്ന എല്ലാക്കാലത്തും പുതുക്കിക്കൊണ്ടിരി ക്കണം. അതുകൊണ്ടു മോവാബ്യ് പർവ്വതത്തിലും യോ ർദ്ദാൻ കടന്നശേഷവും അവർ പഴയ ഉടമ്പടിയും അതി ൻെറ ഉത്തരവാദിത്വങ്ങളും സ്മരിച്ചു പിന്നെയും ദൈവ ജനമായിത്തീരുന്നു. പുതിയനിയമത്തിലും ക്രിസ്തുവി ൻെറ ജനത്തിനു നിരന്തരം ഈ പുതുക്കത്തിൻെറ അനു ഭവം ഉണ്ടാകണം.

27. 14. അപ്പോൾ ലേവ്യർ എല്ലാ യിസ്റായേലിനോടും ഉറക്കെ വിളിച്ചു പറയേണ്ടതു്:

15...ശപിക്കപ്പെട്ടവൻ. ജനമെല്ലാം, ആമേൻ എന്നു പറയണം.

16. ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം, ആമേൻ എന്നു പറയണം.

1. 27. 15_26 ൽ കൊടുത്തിരിക്കുന്ന ശാപവചനങ്ങൾ ഏതോ പുരാതന ആരാധന ക്രമത്തിൽനിന്നെടുത്തു് ചില ഭേദങ്ങൾ വരുത്തി ചേർത്തതായിരിക്കാമെന്നത്രെ പണ്ഡിതാഭിപ്രായം, ഇവിടെ കൊടുത്തിരിക്കുന്ന പല ശാപവചനങ്ങൾക്കും 12_26 അദ്ധ്യായങ്ങളിൽ കൊടുത്തിരിക്കുന്ന നിയമങ്ങളോടു ആശയപരമായി ബന്ധമുണ്ടെങ്കിലും വാചകരൂപങ്ങളിൽ വ്യത്യാസമുണ്ടു്. വിവാഹനിശ്ചയമോ വിവാഹമോ കഴിഞ്ഞ സ്ത്രീയുമായി അന്യപുരുഷൻ ശയിക്കുന്നതാണു് ആവർത്തന നിയമത്തിൽ ഏററം നിഷിദ്ധം. ഇവിടെ അതു പരാമർശിക്കുന്നുപോലുമില്ല. സ്വന്തം കുടുംബത്തിൽ ഏതേതു ബന്ധുക്കളുമായിട്ടാണു് വേഴ്ച പാടില്ലാത്തതു് എന്നാണു് ഈ ഭാഗം പ്രഖ്യാപിക്കുന്നതു്. കൂടാതെ ആവർത്തനനിയമം യിസ്രായേൽ സമൂഹത്തിനു നൽകുന്ന ന്യായപ്രമാണമാണു്. ഇവിടെ വ്യക്തികൾക്കാണു് പ്രധാനം, സമൂഹം ഒരിടത്തും പ്രകടമല്ല. ഇക്കാരണങ്ങളാൽ ആവ. 12_26 ൻെറ യഥാർത്ഥ തുടർച്ചയല്ല ഈ ഭാഗമെന്നു അനുമാനം.

2. ശാപവചനങ്ങളടങ്ങുന്ന ഈ ആരാധനക്രമം വിഗ്രഹാരാധനയിലും അനീതിവ്യവസ്ഥിതിയിലും പരസ്യമായി ജീവിക്കുന്ന ഇതര ജനങ്ങളെയോ മററു യിസ്രായേല്യരെയോ ശപിക്കാനുള്ളതല്ല. പരസ്യമായി ദൈവാരാധന നടത്തുകയും രഹസ്യമായി വിഗ്രഹാരാധനയിലും ന്യായപ്രമാണലംഘനത്തിലും ജീവിക്കുകയും ചെയ്യുന്നവരുടെ സ്വയം പരിശോധനയും മാനസാന്തര

വുമാണ് ഇവിടെ പ്രധാന്യലക്ഷ്യം. ആരാധനക്കാർ ദൈവസന്നിധിയിൽ നില്ക്കാൻ അവകാശമുണ്ടോ എന്നു തന്നെത്താൻ ചോദിക്കുന്ന സന്ദർഭമാണിതു്. സങ്കീ 15,24 എന്നിവപോലെ ഒരു ദേവാലയ പ്രവേശക നമസ്കാര ക്രമമായി ഇതു പരിഗണിക്കാം. 'യഹോവേ നിന്റെ കൂടാരത്തിൽ ആർ പാൎക്കും? നിന്റെ വിശുദ്ധ പൎവ്വതത്തിൽ ആർ വസിക്കും?' (സങ്കീ. 15. 1; 24. 3). ഈ ചോദ്യത്തിനു ന്യായപ്രമാണത്തിന്റെ ഉത്തരം പ്രഖ്യാപിക്കുകയാണ് ഈ ആരാധനക്രമം. മനസ്സാക്ഷിയിൽകൂടി ദൈവത്തിന്റെ കുറ്റാരോപണവും ശാപവും നിരന്തരം അനുഭവിക്കുന്നവരാണ് മനുഷ്യരെല്ലാം. അതുകൊണ്ടു് 'ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ' (27.26) എന്ന വാക്യം എല്ലാമനുഷ്യരെയും ഉൾക്കൊള്ളിച്ചുകൊണ്ടു പൗലോസ് ഗലാത്യ. 3.10 ൽ ഉദ്ധരിക്കുന്നു. ഈ ശാപം 'നമുക്കുവേണ്ടി ശാപമായിത്തീൎന്ന' (ഗലാ. 3.13) ക്രിസ്തുവിൽ നീങ്ങിപ്പോയി എന്നത്രെ ക്രിസ്തീയ സുവിശേഷം.

28. 2. നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ടനുസരിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിനക്കു സിദ്ധിക്കും.

15. എന്നാൽ നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ടു, ഞാൻ ഇന്നു നിന്നോടാജ്ഞാപിക്കുന്ന അവന്റെ കല്പനകളും ചട്ടങ്ങളും പ്രമാണിച്ചു നടക്കാഞ്ഞാൽ ഈ ശാപം ഒക്കെയും നിനക്കു ഭവിക്കും.

2, 3 പട്ടണത്തിൽനിന്നു അനുഗ്രഹിക്കപ്പെടും, വയലിൽ നീ അനുഗ്രഹിക്കപ്പെടും.

16. പട്ടണത്തിൽ നീ ശപിക്കപ്പെടും. വയലിലും ശപിക്കപ്പെട്ടിരിക്കും.

4. നിൻെറ ഗർഭഫലവും കൃഷിഫലവും മൃഗങ്ങളുടെ ഫലവും നിൻെറ കന്നുകാലികളുടെ പേറു, ആടുകളുടെ പിറപ്പും അനുഗ്രഹിക്കപ്പെടും.

18. നിൻെറ ഗർഭഫലവും കൃഷിഫലവും കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും ശപിക്കപ്പെട്ടിരിക്കും.

5. നിൻെറ കൊട്ടയും മാവു കുഴയ്ക്കുന്ന തൊട്ടിയും അനുഗ്രഹിക്കപ്പെടും.

17. നിൻെറ കൊട്ടയും മാവുകുഴയ്ക്കുന്ന തൊട്ടിയും ശപിക്കപ്പെട്ടിരിക്കും.

6. അകത്തു വരുമ്പോൾ അനുഗ്രഹിക്കപ്പെടും. പുറത്തു പോകുമ്പോൾ അനുഗ്രഹിക്കപ്പെടും.

19. അകത്തു വരുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും. പുറത്തു പോകുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും.

7. നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിൻെറ മുമ്പിൽ തോല്ക്കുമാറാക്കും. അവർ ഒരു വഴിയായി നിൻെറ നേരെ വരും, ഏഴു വഴിയായി നിൻെറ മുമ്പിൽനിന്നും ഓടിപ്പോകും.

25. ശത്രുക്കളുടെ മുമ്പിൽ യഹോവ നിന്നെ തോൽക്കുമാറാക്കും. നീ ഒരു വഴിയായി അവരുടെ നേരെ ചെല്ലും ഏഴുവഴിയായി അവരുടെ മുമ്പിൽനിന്നു ഓടിപ്പോകും.

8. യഹോവ നിൻെറ കളപ്പുരയിലും നീ തൊടുന്ന എല്ലാററിലും നിനക്ക് അനുഗ്രഹം കൽപിക്കും. യഹോവ നിനക്കു തരുന്ന ദേശത്ത് അവൻ നിന്നെ അനുഗ്രഹിക്കും.

20, 21.........നീ വേഗത്തിൽ മുടിഞ്ഞുപോകുംവരെ നിൻെറ കൈ തൊടുന്ന എല്ലാററിലും യഹോവയുടെ ശാ

പവും പരിഭ്രമവും പ്രാക്കും അയക്കും. നീ കൈവശ
മാക്കുവാൻ ചെല്ലുന്ന ദേശത്ത് നിന്ന് നിന്നെ മുടിച്ചു
കളയുംവരെ യഹോവ നിനക്ക് മഹാമാരി പിടിപ്പിക്കും.

12. തക്കസമയത്ത് നിൻെറ ദേശത്തിന് മഴ തരുവാനും നി
ൻെറ വേല ഒക്കെയും അനുഗ്രഹിപ്പാനും യഹോവ നിന
ക്കു് തൻെറ നല്ല ഭണ്ഡാരമായ ആകാശം തുറക്കും.

23. നിൻെറ തലയ്ക്കു മീതെയുള്ള ആകാശം ചെമ്പും
നിനക്കു കീഴുള്ള ഭൂമി ഇരുമ്പും ആകും. യഹോവ
നിൻെറ ദേശത്തിലെ മഴയെ പൊടിയും പൂഴിയും ആ
ക്കും. നീ നശിക്കുംവരെ അതു ആകാശത്തുനിന്ന് നിൻെറ
മേൽ പെയ്യും.

12, 13. നീ അനേക ജാതികൾക്ക് വായ്പ കൊടുക്കും എ
ന്നാൽ നീ വായ്പ വാങ്ങുകയില്ല. യഹോവ നിന്നെ വാലല്ല
തലയാക്കും. നീ ഉയർച്ചതന്നെ പ്രാപിക്കും. താഴ്ച പ്രാപി
ക്കയില്ല.

43, 44 നിൻെറ ഇടയിലുള്ള പരദേശി നിനക്കു മീതെ
ഉയർന്നു വരും. നീയോ താണുപോകും. അവർ നിന
ക്ക് വായിപ്പ തരും. അവനു വായിപ്പ കൊടുപ്പാൻ നി
നക്ക് ഉണ്ടാകയില്ല. അവൻ തലയും നീ വാലുമായിരി
ക്കും.

ന്യായപ്രമാണങ്ങൾ അനുസരിക്കുന്നവർക്കു അനുഗ്രഹങ്ങ
ളും ലംഘിക്കുന്നവർക്കു ശാപങ്ങളും സമാന്തര രൂപത്തി
ലാണ് ഈ വേദഭാഗങ്ങളിൽ കാണുന്നത്. ഒരുപക്ഷെ
ഇത്രയുമായിരിക്കാം മൂലഗ്രന്ഥത്തിലുണ്ടായിരുന്ന അനുഗ്ര
ഹ ശാപവചനങ്ങൾ. സാമ്പത്തിക രാഷ്ട്രീയ അനുഗ്രഹ
ങ്ങളും ശാപങ്ങളുമാണ് ഇവിടെ വിവരിച്ചിരിക്കുന്ന
തു്. അവ ആത്മീയ അനുഗ്രഹങ്ങളുടെ ഭാഗമായിട്ടാണ്
യിസ്റായേൽ കണ്ടതു് എന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ട
ല്ലോ.

28.9,10 നിന്നെ തനിക്കു വിശുദ്ധ ജനമാക്കും. യഹോവയുടെ നാമം നിൻെറമേൽ വിളിച്ചിരിക്കുന്നു എന്നു ഭൂമിയിലുള്ള സകല ജാതികളും കണ്ടു നിന്നെ ഭയപ്പെടും.

58. ... ഈ ന്യായപ്രമാണത്തിലെ സകല വചനങ്ങളും പ്രമാണിച്ച് അനുസരിച്ചു നടക്കാഞ്ഞാൽ യഹോവ നിൻെറമേലും നിൻെറ സന്തതിയുടെമേലും നീണ്ടുനില്ക്കുന്ന അപൂർവ്വമായ മഹാബാധകളും നീണ്ടുനില്ക്കുന്ന വല്ലാത്ത രോഗങ്ങളും വരുത്തും.

68. നീ ഇനി കാണുകയില്ല എന്നു ഞാൻ നിന്നോടു പറഞ്ഞ വഴിയായി യഹോവ നിന്നെ കപ്പൽ കയററി മിസ്രയീമിലേക്കു മടക്കിക്കൊണ്ടുപോകും. അവിടെ നിങ്ങളെ ശത്രുക്കൾക്കു അടിയാരും അടിയാട്ടികളുമായി വില്പാൻ നിർത്തും. എന്നാൽ വാങ്ങുവാൻ ആരും ഉണ്ടാകയില്ല.

1. യിസ്രായേലിനു ദൈവം 'യഹോവ' എന്ന തൻെറ നാമം വെളിപ്പെടുത്തി (പുറ. 3. 14_15; 6. 3). ലോകചരിത്രത്തിൽ തൻെറ ഉദ്ദേശ്യനിവൃത്തിക്കായി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനാണ് ദൈവമെന്ന്. ഈ സത്യത്തിനു ലോകത്തിൽ സാക്ഷികളായി യിസ്രായേൽ ജീവിക്കുന്നതാണ് അവരെ സംബന്ധിച്ചിടത്തോളം ഏററം മുഖ്യമായ അനുഗ്രഹം. ജാതികളുടെ ഇടയിൽ യഹോവയുടെ നാമം അറിയിക്കുന്ന ജാതിയായിരിക്കുക (28. 9_10). യഹോവയുടെ സാക്ഷികൾ എന്ന സ്ഥാനം അവരിൽനിന്നു ദൈവം എടുത്തുകളയുമെന്നതു് അവക്കുണ്ടാവുന്നതിലേക്കും ഭയങ്കരമായ ശാപം. 'മഹാബാധക'ളും 'രോഗങ്ങ'ളും സാരമുള്ള ശിക്ഷകളല്ല. മിസ്രയീമിലെ അടിമത്തത്തിലേക്കുതന്നെ യിസ്രായേൽ തിരികെ പോകുമെന്നാണ് അവസാനശാപം. അവിടെ അവരുടെ സ്ഥിതി മുമ്പിലത്തേക്കാൾ കൂടുതൽ പരിതാപകരമായിരിക്കും. ('കപ്പലിൽ കയററി' എന്നു മലയാളത്തിൽ ഉള്ളതു 'നെടുവീർപ്പോടെ' എന്നാണ് പുതിയ

ഇംഗ്ലീഷ് വേദപുസ്തകം പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. വന്നവഴിയെ തിരികെ പോകയാണെങ്കിൽ മരുഭൂമിയിൽ കൂടിയാണല്ലോ പോകേണ്ടതു്.) അക്ഷരപ്രകാരം മിസ്റയീമിലേക്കു പോകുമെന്നല്ല ഇവിടെ അർത്ഥമാക്കുന്നതു്. അവരുടെ ചരിത്രം അർത്ഥവത്താക്കിത്തീർത്തതും അവർക്കു മഹത്വം നൽകിയതുമായ യഹോവയുടെ ജനമെന്ന നില അവർക്കില്ലാതായി ഭവിക്കുമെന്നത്രെ വിവക്ഷ.

2. യേശുവിനെ ക്രൂശിച്ചതോടെ ഈ ശാപം യിസ്രായേൽ ജാതിക്കു ഉണ്ടായി എന്നാണ് പൗലോസ് പ്രസ്താവിക്കുന്നതു്. ദൈവം ഒരു പുതിയ യിസ്രായേലായ ക്രൈസ്തവസഭയെ യേശുക്രിസ്തുവിൻെറ പിതാവെന്ന തൻെറ പുതിയ നാമത്തിനു സാക്ഷിയായി തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ വിശ്വാസത്തിൽ നിലനില്ക്കുന്നില്ലെങ്കിൽ സഭയെയും ദൈവം സ്വന്തജനമെന്ന സ്ഥാനത്തുനിന്നു നീക്കിക്കളയുമെന്നു് പൗലോസ് മുന്നറിയിപ്പു നൽകുന്നു. 'ഞെളിയാതെ ഭയപ്പെടുക. സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും. ആകയാൽ ദൈവത്തിൻെറ ദയയും ഖണ്ഡിതവും കാൺക. വീണവരിൽ ദൈവത്തിൻെറ ഖണ്ഡിതവും നിന്നിലോ നീ ദയയിൽ നിന്നാൽ ദയയും തന്നെ. അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും' (റോമ. 11.20_22).

28.29. കുരുടൻ അന്ധതമസ്സിൽ തപ്പിനടക്കുന്നതു പോലെ നീ ഉച്ചസമയത്തു തപ്പിനടക്കും.

36. യഹോവ നിന്നെയും നിൻെറമേൽ ആക്കിയ രാജാവിനെയും ഒരു ജാതിയുടെ അടുക്കൽ പോകുമാറാക്കും. അവിടെ നീ മരവും കല്ലുമായ അന്യദൈവങ്ങളെ സേവിക്കും.

41. നീ പുത്രൻമാരെയും പുത്രിമാരെയും ജനിപ്പിക്കും. എങ്കിലും അവർ നിനക്കു ഇരിക്കയില്ല. അവർ പ്രവാസത്തിലേക്കു പോകേണ്ടിവരും.

49. യഹോവ ദൂരത്തുനിന്നു ഭൂമിയുടെ അറുതിയിൽനിന്നു, ഒരു ജാതിയെ കഴുകൻ പറന്നുവരുന്നതുപോലെ നിന്റെമേൽ വരുത്തും. അവർ നീ അറിയാത്ത ഭാഷ പറയുന്ന ജാതി.

50. വൃദ്ധനെ ആദരിക്കയോ ബാലനോടു കനിവു തോന്നുകയോ ചെയ്യാത്ത ഉഗ്രമുഖമുള്ള ജാതി.

65. ആ ജാതിയുടെ ഇടയിൽ നിനക്കു സ്വസ്ഥത കിട്ടുകയില്ല. നിന്റെ കാലിനു വിശ്രമസ്ഥലം ഉണ്ടാകയില്ല. അവിടെ യഹോവ നിനക്കു വിറയ്ക്കുന്ന ഹൃദയവും മങ്ങുന്ന കണ്ണും നിരാശയുള്ള മനസ്സും തരും.

യഹോവയുടെ ചട്ടങ്ങൾ അനുസരിക്കാത്തതിന്റെ ഫലം എല്ലാ ജീവിതരംഗങ്ങളിലും ശാപമാണ്. പ്രകൃതി ശപിക്കപ്പെട്ടിരിക്കും. അതിലുമുപരിയായി മനുഷ്യത്വമില്ലാത്ത മററു ജാതികൾ യിസ്രായേൽജനത്തെ പരാജയപ്പെടുത്തി അവരെ അങ്ങേയററം ഞെരുക്കും. അസിറിയൻ സാമ്രാജ്യത്തിലും ബാബിലോണ്യ സാമ്രാജ്യത്തിലും യിസ്രായേൽജനം സഹിച്ച ദുരിതങ്ങൾ ഓർത്തുകൊണ്ടാണ് ഈ ഭാഗത്തു ശാപങ്ങൾ വിവരിച്ചിരിക്കുന്നത് എന്നു സ്പഷ്ടമത്രെ. ആത്മീയമായി നട്ടുച്ചയ്ക്കു കൂരിരുട്ടു അനുഭവിക്കുമെന്ന ശാപവചനം അവരുടെ അധഃപതനത്തിനു പററിയ ചിത്രമാണ്.

## 5. ദൈവകൃപയും മനുഷ്യരുടെ തെരഞ്ഞെടുപ്പും

**ആവ 28. 69_30. 20.**

ഈ വേദഭാഗം മോശെയുടെ മൂന്നാം പ്രഭാഷണമാണ്. 'യഹോവ... അവരുടെ ദേശത്തുനിന്നു പറിച്ചുകളകയും ഇന്നുള്ളതുപോലെ അവരെ മറെറാരു ദേശത്തേക്കു തള്ളിവിടുകയും ചെയ്തു' (29. 27). 'ഇന്നുള്ളതുപോലെ' എന്ന പദപ്രയോഗം ഈ പ്രഭാഷണം രചിച്ചതു് ബാബേൽ പ്രവാസകാലത്തുതന്നെയായിരിക്കണമെന്ന അനുമാനത്തിനു ഇട നൽകുന്നു. യഹോവയെ അനുസരിക്കാതെ ജീവിച്ചതിൻെറ ഫലമായി യഹോവ ചിതറിച്ച ഒരു യിസ്രായേൽ ജനത്തെയാണു് രചനകർത്താവിൻെറ ഭാവനയിലുള്ളതു്. 'ഞാൻ ഈ നിയമവും സത്യബന്ധവും ചെയ്യുന്നതു നിങ്ങളോടു മാത്രമല്ല, ഇന്നു നമ്മോടുകൂടെ നമ്മുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നില്ക്കുന്നവരോടും ഇന്നു ഇവിടെ നമ്മോടുകൂടെ ഇല്ലാത്തവരോടുംതന്നെ' (29 13_14). ആവ. 12_26, 28 അദ്ധ്യായങ്ങൾ ഉൾപ്പെടുന്ന എഴുതപ്പെട്ട ഒരു ന്യായപ്രമാണപ്പുസ്തകം ആശ്രയിച്ചാണു് പ്രഭാഷണം രചിക്കുന്നതു്. 'ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ശാപം ഒക്കെ', 'ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമത്തിലെ സകല ശാപങ്ങളും (29. 19, 20, 26), 'ഈ ന്യായപ്രമാണപ്പുസ്തകത്തിലെഴുതിയിരിക്കുന്ന അവൻെറ കല്പനകളും ചട്ടങ്ങളും' (30.10) എന്ന പ്രയോഗങ്ങൾ ഇതു സ്പഷ്ടമാക്കുന്നു. ന്യായപ്രമാണം ലംഘിച്ചതിനു ന്യായപ്രമാണപ്പുസ്തകത്തിലെഴുതിയിരിക്കുന്നതുപോലെ യഹോവയുടെ ശിക്ഷയാണു് യിസ്രായേൽ ജനത്തിൻെറ പ്രവാസമെന്നത്രെ ദൈവശാസ്ത്രജ്ഞൻ പ്രഖ്യാപിക്കുന്നതു്.

ദൈവക്രോധം ഒട്ടും ലഘൂകരിക്കാതെ പൂർവ്വാധികം കഠിനമാക്കിയാണ് പ്രഭാഷണം. ന്യായപ്രമാണത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന യിസ്രായേലിനെ സംബന്ധിച്ചു 'യഹോവ ആകാശത്തിൻ കീഴിൽനിന്നു അവന്റെ നാമം മായിച്ചുകളയും' (29.19) എന്നാണ് വിധിച്ചിരിക്കുന്നത്. എന്നാൽ അനുതപിച്ചു യഹോവങ്കലേക്കു തിരിഞ്ഞു ന്യായപ്രമാണം പിന്നെയും അനുസരിക്കാൻ തയ്യാറാകുമെങ്കിൽ യഹോവ യിസ്രായേൽജനത്തെ തിരികെ കൂട്ടിച്ചേർക്കയും അവരുടെമേൽ അനുഗ്രഹങ്ങൾ ചൊരികയും ചെയ്യുമെന്ന ശക്തമായ പ്രത്യാശയും ഈ പ്രഭാഷണത്തിലുണ്ട് (30. 1–10). 'നിന്റെ ദൈവമായ യഹോവയുടെ വാക്കുകേട്ട് ഈ ന്യായപ്രമാണപ്പുസ്തകത്തിൽ എഴുതിയിരിക്കുന്ന അവന്റെ കല്പനകളും ചട്ടങ്ങളും വിധികളും പ്രമാണിക്കയും നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്ക് പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ തിരികയും ചെയ്താൽ യഹോവ നിന്റെ പിതാക്കന്മാരിൽ പ്രസാദിച്ചിരിക്കുന്നതുപോലെ നിന്നിലും നന്മക്കായിട്ടു വീണ്ടും പ്രസാദിക്കും' (30.10). ഈ പ്രഭാഷണത്തിലെ ഒന്നുരണ്ടു ഭാഗങ്ങൾ മാത്രം നമുക്കു ഇവിടെ ചിന്തിക്കാം.

> 28.69 ഹോരേബിൽവെച്ചു യിസ്രായേൽ മക്കളോടു ചെയ്ത നിയമത്തിനുംപുറമെ മോവാബ് ദേശത്തുവെച്ചു അവരോടു ചെയ്‌വാൻ യഹോവ മോശെയോടു കല്പിച്ച നിയമത്തിന്റെ വചനങ്ങൾ ഇവതന്നെ.

ഹോരേബ് (സീനായ്) പർവ്വതത്തിൽവെച്ചു യഹോവ ചെയ്ത നിയമം പുതിയ തലമുറയുമായി പുതുക്കയും പൂർവ്വാധികം വ്യക്തമാക്കയും ചെയ്യുന്നു എന്ന രീതിയിലാണ് ഇതേവരെ ഉണ്ടായിരുന്ന പ്രഭാഷണങ്ങൾ. ഇവിടെ മോവാബ് ദേശത്തുവച്ച് ദൈവം മോശയിൽകൂടെ യിസ്രായേലുമായി വേറൊരു നിയമംതന്നെ ഉണ്ടാക്കുന്നു എന്നാത്രെ പ്രസ്താവന. ദൈവം മനുഷ്യജാതിയുമായി ചെയ്യുന്ന ഉടമ്പടികളിൽ പിൻതുടർച്ചയും

തികച്ചും പുതുമയും എപ്പോഴും ഉണ്ട്. ഒരുവശത്തു ദൈവത്തിന്റെ രക്ഷീകപ്രവർത്തനത്തിനും ദൈവജനത്തിനും തുടരുന്ന ഒരു ചരിത്രമുണ്ട്. വേറൊരുവശത്ത്, തികച്ചും പുതുതാണ് ഓരോ ദിവ്യപ്രവർത്തനവും എന്നതിനാൽ ആ ചരിത്രം ഇടമുറിയാത്തതെന്നു പറഞ്ഞുകൂടാ. പഴയ യിസ്രായേലും പുതിയ യിസ്രായേലായ ക്രൈസ്തവസഭയും ഒരു തുടരുന്ന ചരിത്രത്തിന്റെ രണ്ടു കണ്ണികളാണ്; എന്നാൽ സഭ തികച്ചും പുതിയനിയമമാണുതാനും. ക്രൈസ്തവസഭയുടെ ചരിത്രത്തിൽ ഉണ്ടായ നവീകരണങ്ങൾ ആലോചിച്ചാലും പിന്തുടർച്ചയും ഇടമുറിയലും ഒരുപോലെ കാണാം.

> 29. 1 യഹോവ മിസ്രയീം ദേശത്തുവെച്ചു നിങ്ങൾ കാൺകെ ഫറവോനോടും അവന്റെ സകല ഭൃത്യൻമാരോടും അവന്റെ സർവ്വദേശത്തോടും ചെയ്തത് ഒക്കെയും നിങ്ങൾ കണ്ടുവല്ലോ; നിങ്ങൾ കണ്ണാലെ കണ്ട വലിയ പരീക്ഷകളും അടയാളങ്ങളും മഹാത്ഭുതങ്ങളും തന്നെ.
>
> 3. എങ്കിലും തിരിച്ചറിയുന്ന ഹൃദയവും കാണുന്ന കണ്ണും കേൾക്കുന്ന ചെവിയും യഹോവ നിങ്ങൾക്കു ഇന്നുവരെയും തന്നിട്ടില്ല.

മോശെയുടെ മൂന്നാം പ്രഭാഷണം തുടങ്ങുന്നതു് യിസ്രായേൽ ജനത്തിന്റെ മിസ്രയീമിൽനിന്നുള്ള വിമോചനം, മരുഭൂമിയിൽക്കൂടിയുള്ള അവരുടെ പ്രയാണം, വഴിയിൽ ശത്രുരാജാക്കന്മാരുമായുണ്ടായ യുദ്ധം ആദിയായ ചരിത്രസംഭവങ്ങൾ ഓർപ്പിച്ചുകൊണ്ടാണ്. അവയിൽ യഹോവയുടെ കൈ ഉണ്ടായിരുന്നു. പ്രസ്തുത അനുഭവങ്ങൾ കണ്ടവർ തന്നെ അവയിൽ വ്യാപരിച്ച യഹോവയുടെ കൈ കണ്ടില്ല. കാരണം, ദൃശ്യമായ ചരിത്രസംഭവങ്ങളിൽ അദൃശ്യമായ ദിവ്യ കരങ്ങൾ ദർശിക്കുന്നതിനു് ആത്മ കൺകൾ വേണം. ആത്മീയ യാഥാത്ഥ്യങ്ങൾ 'തിരിച്ചറിയുന്ന ഹൃദയവും, കാണുന്ന കണ്ണും കേൾക്കുന്ന ചെവിയും' സവിശേഷമായ ദൈവ

ദാനങ്ങളത്രെ. ദൈവാത്മാവിൽ മാത്രമെ മനുഷ്യൻ ദൈവാത്മാവിനെ തിരിച്ചറിയുന്നുള്ളു. യേശുക്രിസ്തുവിൻെറ ഈലോകജീവിതകാലത്തു് അനേകർ യേശുവിൻെറ പ്രവൎത്തനങ്ങരം കണ്ടെങ്കിലും അവർ യേശുവിൽ ദൈവത്തിൻെറ മശിഹായെ ദർശിച്ചില്ല. 'ഇവൻ മറിയയുടെ മകനും യാക്കോബ്, യോസേ, യൂദാ, ശീമോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലയോ?' (മക്കോ 6. 3) എന്നു സ്വദേശികരം ചോദിച്ചു. 'യോഹന്നാൻ സ്നാപകനെന്നു ചിലർ, ഏലിയാവെന്നു ചിലർ, പ്രവാചകന്മാരിൽ ഒരുത്തനെന്നു മററുചിലർ' (മക്കോ 8. 28). എന്നാൽ ഇതെല്ലാം ആത്മകാഴ്ചകൂടാതെയുള്ള അനുമാനങ്ങരം മാത്രം. 'നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തു' എന്നു പത്രോസ് യേശുവിൽ ദൈവപുത്രനെ തിരിച്ചറിയുമ്പോരം യേശു പറയുന്നതു്, 'ജഡരക്തങ്ങളല്ല സ്വൎഗ്ഗസ്ഥനായ എൻെറ പിതാവത്രെ നിനക്കിതു വെളിപ്പെടുത്തിയതു്' (മത്താ 16.16_17) എന്നത്രെ. യേശുക്രിസ്തുവിൽ ദൈവതേജസ്സു കാണാൻ പാടില്ലാത്തവണ്ണം 'ഈ ലോകത്തിൻെറ പ്രഭുക്കന്മാർ'ക്കു തിമിരമായിരുന്നു; 'നമുക്കോ ദൈവം തൻെറ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു' എന്നു പൗലോസും പ്രസ്താവിക്കുന്നു (1 കൊരി 2. 8, 10).

30. 11. ഞാൻ ഇന്ന് നിന്നോടു ആജ്ഞാപിക്കുന്ന ഈ കല്പന നിനക്കു പ്രയാസമുള്ളതല്ല, ദൂരമായുള്ളതുമല്ല.

12. ഞങ്ങരം കേട്ടനുസരിക്കേണ്ടതിന് ആർ സ്വർഗ്ഗത്തിൽ കയറിക്കൊണ്ടുവന്നുതരും എന്നു പറയത്തക്കവണ്ണം അത് സ്വർഗ്ഗത്തിലല്ല.

13. ഞങ്ങരം കേട്ടു അനുസരിക്കേണ്ടതിനു ആർ സമുദ്രം കടന്ന് കൊണ്ടുവന്നുതരും എന്നു പറയത്തക്കവണ്ണം അത് സമുദ്രത്തിനക്കരെയുമല്ല

14. നീ അനുസരിക്കാൻ തക്കവണ്ണം വചനം നിനക്ക് ഏററവും സമീപത്ത്, നിൻെറ വായിലും നിൻെറ ഹൃദയത്തിലുംതന്നെ ഇരിക്കുന്നു.

1. ദൈവപരിജ്ഞാനം ദൈവാത്മാവിൻെറ വ്യാപാരത്താൽ മാത്രം മനുഷ്യനു വന്നുചേരുന്നു എന്ന 29. 1, 3 വാക്യങ്ങളിൽ സ്ഥാപിച്ച തത്ത്വത്തിൻെറ മറുവശമാണിവിടെ ലഭിക്കുന്നതു്. ദൈവത്തിൻെറ ന്യായപ്രമാണം 'സ്വർഗ്ഗത്തിലല്ല' 'സമുദ്രത്തിനക്കരെയുമല്ല', മനുഷ്യൻെറ 'വായിലും ഹൃദയത്തിലും തന്നെ ഇരിക്കുന്നു.' മനുഷ്യനെയും മനുഷ്യസമൂഹത്തെയും ബന്ധിക്കുന്ന ധാർമ്മിക പ്രമാണങ്ങൾ ദൈവം സൃഷ്ടിച്ച മനുഷ്യത്വത്തിൽ അന്തർലീനമാണു്. ആ നിലയ്ക്കു അവ സൃഷ്ടിവ്യവസ്ഥിതിയിലെ ആന്തരീകവും സ്വാഭാവികവുമായ നിയമങ്ങൾ തന്നെയാണെന്നു പ്രസ്താവിക്കാം. സ്രഷ്ടാവായ ദൈവത്തെ മാത്രം ആരാധിച്ചു സേവിക്കണമെന്ന പ്രമാണം, ഇതര മനുഷ്യരുടെ ആളത്തം ആദരിച്ചു അവരെ സേവിക്കണമെന്ന പ്രമാണം, ഇവരണ്ടും മനുഷ്യാത്മാവിലും അന്തഃകരണത്തിലും നിരന്തരം പ്രകാശിക്കുന്ന നിയമങ്ങൾതന്നെയത്രെ. അവ മനുഷ്യർ ലംഘിക്കുന്നതിനാൽ മനുഷ്യ മനസ്സാക്ഷിയിൽ അവ ബാഹ്യനിയമങ്ങളായി മാറി ദൈവകോപവും ന്യായവിധിയുമായി രൂപം പ്രാപിക്കുന്നു. യഥാർത്ഥത്തിൽ മനസ്സാക്ഷിയുടെ ഈ പ്രതിഭാസം നമ്മുടെ ദൈവസൃഷ്ടിതമായ മനുഷ്യസത്തയും അതു പുറംതള്ളുന്ന പാപസ്വഭാവവും തമ്മിൽ മനുഷ്യസ്വാതന്ത്ര്യത്തിൽ ആവിർഭവിക്കുന്ന ആത്മീയ വൈരുദ്ധ്യമാണു് പ്രകടമാക്കുന്നതു്. സന്മാർഗ്ഗപ്രമാണങ്ങൾ പുറത്തുനിന്നു മനുഷ്യരുടെമേൽ ദൈവമോ സമൂഹമോ അടിച്ചേല്പിക്കുന്നതായി പരിഗണിക്കപ്പെടുന്നിടത്തോളം അവ മനുഷ്യർക്കു ചുമക്കാൻ പാടില്ലാത്ത ഭാരംതന്നെയാണു്. ന്യായപ്രമാണം മനുഷ്യർക്കു ബാഹ്യമല്ല ആന്തരീകമാണെന്ന സത്യമത്രെ വേദപുസ്തകം പ്രഖ്യാപിക്കുന്നതു്. എന്നാൽ അതു സത്യമായി ഗ്രഹിക്കുന്നതു് രണ്ടുവിധത്തിലാണു്. അധർമ്മം മനുഷ്യത്വം ശിഥിലമാക്കുമ്പോൾ ശിക്ഷാവിധിയിൽ കൂടെ ധർമ്മം മനുഷ്യത്വത്തിൻെറ അടിസ്ഥാനമാണെന്നു ബോധമുണ്ടാകുന്നു. ധാർമ്മിക വഴിയിൽ മനുഷ്യത്വം അർത്ഥപൂർണ്ണമാകുമ്പോഴും ധർമ്മം

മനുഷ്യത്വത്തിന്റെ അടിത്തറയാണെന്ന അറിവ് സ്നേഹത്തിൽകൂടി അനുഭവയാഥാർത്ഥ്യമായി ഭവിക്കുന്നു. യഹോവയുടെ ന്യായപ്രമാണം തിരസ്കരിച്ച യിസ്രായേൽ ജനത്തിനു വന്നുഭവിച്ച ഭൗതിക ദുരിതങ്ങളും ആത്മീയ നൈരാശ്യവുമാണ് ഇവിടെ ഈ മഹത്തായ സത്യത്തിലേക്കു ചരിത്രനിരീക്ഷകനെ വഴി നടത്തുന്നത്.

2. യേശുക്രിസ്തുവിന്റെ സുവിശേഷവും, അതു കേൾക്കുന്നവർക്ക്, പുറത്തുനിന്നുള്ള ഒരു ബാഹ്യവചനമായി തോന്നാമെങ്കിലും പ്രസ്തുത വചനം സ്വീകരിക്കുന്നവർക്കു യേശുക്രിസ്തു അനുഭവപ്പെടുന്നതു് ജീവിതം മുഴുവൻ സമീപസ്ഥനും ഹൃദയത്തിന്റെ ആത്യന്തിക അഭിലാഷവുമായിരുന്നവനായിട്ടത്രെ. കാരണം, ക്രിസ്തു മുഖാന്തരവും ക്രിസ്തുവിനായിട്ടും മനുഷ്യത്വം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (കൊലൊ. 1). ക്രിസ്തു നമ്മിലേക്കു വരുന്നതു് സ്വന്തത്തിലേക്കു വരികയാണ് (യോഹ. 1). പാപം നിമിത്തമാണ് ക്രിസ്തു അന്യനായി കാണപ്പെടുന്നതു്. യഥാർത്ഥത്തിൽ ക്രിസ്തുയേശു നമ്മുടെ ജീവിതത്തിന്റെ ആദിയും അടിത്തറയും അന്തവും തന്നെ. ഈ സത്യം സ്പഷ്ടമാക്കാനാണ് പൗലോസ് അപ്പസ്തലൻ ഈ ആവർത്തനഭാഗത്തുനിന്നു ഉദ്ധരിക്കുന്നതു്. 'വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു. ''ക്രിസ്തുവിനെ ഇറക്കേണം എന്നു വിചാരിച്ച് ആർ സ്വർഗ്ഗത്തിൽ കയറുമെന്നോ ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽനിന്നു കയറേറണം എന്നു വിചാരിച്ചു ആർ പാതാളത്തിൽ ഇറങ്ങും എന്നോ നിന്റെ ഹൃദയത്തിൽ പറയരുതു്.'' എന്നാൽ അതു എന്തുപറയുന്നു? ''വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു.'' അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസവചനം തന്നെ' (റോമ. 10. 6_8).

30.15. ഇതാ, ഞാൻ ഇന്നു ജീവനും ഗുണവും, മരണവും ദോഷവും നിന്റെ മുമ്പിൽ വെച്ചിരിക്കുന്നു.

19. ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയേയും ഇന്നു സാക്ഷി വെയ്ക്കുന്നു.

20. അതുകൊണ്ടു് ജീവനെ തെരഞ്ഞെടുത്തുകൊൾക. അതല്ലോ നിനക്കു ജീവനും ദീർഘായുസ്സും ആകുന്നു.

രണ്ടു വഴികൾ തമ്മിൽ തെരഞ്ഞെടുക്കാനാണ് ദൈവം യിസ്രായേൽ ജനത്തോടും സകല മനുഷ്യസമൂഹങ്ങളോടും വ്യക്തികളോടും ആവശ്യപ്പെടുന്നതു്. ആത്മീയവും ധാർമ്മികവുമായ ആ തെരഞ്ഞെടുപ്പു അഭിമുഖീകരിക്കുന്നതിലാണ് മനുഷ്യൻ തീരുമാനശക്തിയുള്ള ജീവിയായി ഭവിക്കുന്നതു്. ദൈവം, ദൈവം സൃഷ്ടിച്ച ലോകം, ലോകചരിത്രത്തിൽ ദൈവത്തിന്റെ ആത്യന്തികലക്ഷ്യം, ആ ലക്ഷ്യം മുൻനിർത്തി ദൈവത്തിന്റെ പ്രവൃത്തികൾ, മനുഷ്യജീവിതത്തിന്റെ അടിത്തറയായ ദൈവിക നിയമങ്ങൾ—ഈ യാഥാർത്ഥ്യങ്ങൾ അംഗീകരിച്ച ജീവിതം കെട്ടിപ്പടുത്തുന്നതു് ഒരുവഴി. മററതു്, ഈ യാഥാർത്ഥ്യങ്ങൾ പുറംതള്ളി സ്വന്തം ദൈവങ്ങൾ സൃഷ്ടിച്ചു്, ലോകചരിത്രത്തിൽ സ്വാർത്ഥപരമായ ലക്ഷ്യങ്ങളോ സ്വന്തം നീതിയോ പ്രാപിക്കുന്നതിനു സ്വന്തം മാർഗ്ഗങ്ങൾ വെട്ടിത്തുറക്കുകയാണ്. ഈ രണ്ടാമത്തെ വഴിയിൽ മനുഷ്യൻ അവൻ ത്യജിച്ച യാഥാർത്ഥ്യങ്ങളിൽ മുട്ടിത്തകർന്നുപോകും. മരണം, ദോഷം, ശാപം എന്നീ പദങ്ങൾ ഇതത്രെ സൂചിപ്പിക്കുന്നതു്. അതുകൊണ്ടു് മനുഷ്യസ്വാതന്ത്ര്യം സാക്ഷാത്തായി മനുഷ്യനു 'സമൃദ്ധിയായ ജീവൻ' ഉണ്ടാകുന്നതിനു ആദ്യത്തെ മാർഗ്ഗംതന്നെ തെരഞ്ഞെടുക്കണം. ദൈവസ്നേഹത്തിന്റെയും നീതിയുടെയും മാർഗ്ഗം. അവിടെ ജീവൻ, ഗുണം, അനുഗ്രഹം ഇവ ഉണ്ടു്. മാനവചരിത്രത്തിന്റെ ധാർമ്മിക വ്യാഖ്യാനം യിസ്രായേലിലെ ദൈവശാസ്ത്രജ്ഞൻ ('മോശെ') ഒരു പ്രാവശ്യംകൂടെ ചുരുങ്ങിയ വാചകങ്ങളിൽ ഇവിടെ നൽകിയിരിക്കുകയത്രെ.

# 6. സമാപനം

**ആവ. 31.1_34·12·**

ആവർത്തനപ്പുസ്തകത്തിലെ അവസാനത്തെ നാലു അദ്ധ്യായങ്ങൾക്കു മററു ഭാഗങ്ങളുമായി വലിയ ബന്ധമൊന്നുമില്ല. സ്വാഭാവികമായി സംഖ്യാ 27_ാം അദ്ധ്യായം കഴിഞ്ഞയുടനെ മോശെയുടെ മരണവൃത്താന്തം വരേണ്ടതായിരുന്നു. അതു ഇവിടെയാണു് കൊടുത്തിരിക്കുന്നതു്. ആവർത്തന ചരിത്രത്തിൻെറ ആദ്യപുസ്തകമായിരുന്ന ആവർത്തനപ്പുസ്തകം പഞ്ചഗ്രന്ഥങ്ങളുടെ അവസാന പുസ്തകമാക്കി മാററാനുള്ള പരിശ്രമത്തിലായിരിക്കണം മോശെയുടെ മരണവൃത്താന്തം ഇവിടെയായി ഭവിച്ചതു്. മോശെയുടെ പിൻഗാമിയായ യോശുവായുടെ ദൈവനിയോഗത്തിൻെറ രണ്ടു പാരമ്പര്യങ്ങൾ ഇവിടെത്തന്നെയുണ്ടു് (31. 7_8; 14. 15, 23)· 32_ാം അദ്ധ്യായത്തിലെ 'ഗീതം' പ്രവാസപ്രവാചകന്മാരുടെ കാലത്തു് എഴുതപ്പെട്ടതായിരിക്കണം. 33_ാം അദ്ധ്യായത്തിലെ 'മോശെയുടെ അനുഗ്രഹം' യിസ്രായേലിലെ ഒരു പുരാതന കവിതയാണു്· ഏററം വിശിഷ്ടമായ ആശയങ്ങൾ അടങ്ങുന്ന രണ്ടു വാക്യങ്ങൾ ഇതിലുണ്ടു്.

33.27. പുരാതനനായ ദൈവം നിൻെറ സങ്കേതം,
കീഴെ ശാശ്വത ഭുജങ്ങളുണ്ടു്·
29. യിസ്രായേലേ, നീ ഭാഗ്യവാൻ,
നിനക്കു തുല്യൻ ആർ?
യഹോവയാൽ രക്ഷിക്കപ്പെട്ട ജനമെ!
അവൻ നിൻെറ സഹായത്തിൻ പരിചയും
നിൻെറ മഹിമയുടെ വാളുമാകുന്നു.

പുരാതനനായ ദൈവത്തിൻെറ 'നിത്യഭുജ'ങ്ങളിലുള്ള വിശ്വാസം മനുഷ്യജീവിതത്തിൻെറ ഉറച്ച അടിസ്ഥാനമത്രെ. ദൈവത്തിൻെറ രക്ഷീക പ്രവർത്തനത്തിൽ പങ്കം ഓഹരിയുമുള്ള ദൈവജനം ജനസമൂഹങ്ങളുടെ മദ്ധ്യെ അതുല്യ സ്വഭാവമുള്ളതു്.

8566

# ആശ്രയിച്ച ഗ്രന്ഥങ്ങൾ

Peake's (Revised), Interpreter's എന്നീ ഏക വാല്യ വേദപുസ്തക വ്യാഖ്യാനങ്ങൾ കൂടാതെ താഴെ പേർ പറയുന്ന വ്യാഖ്യാനഗ്രന്ഥങ്ങൾ ഈ പുസ്തകത്തിന്റെ രചനയിൽ സഹായകരമായിരുന്നു.

Cunlife - Jones; H. *Deuteronomy.* SCMPress, London 1951.

Driver. S. R; *Critical and Exegetical Commentary on Deuteronomy.* T&T Clark Edinburgh 1896

Philips, Anthony; *Deuteronomy.* University Press, Cambridge 1973

Von Rad, G; *Deuteronomy* SCM London 1966

PC Library & Research Center

# തീക്ഷ്ണതയുള്ള ദൈവം

ഡോ. എം. എം. തോമസ്

ദൈവശാസ്ത്രദശ്ന ഗ്രന്ഥാവലിയിലെ അഞ്ചാമത്തെ പുസ്തകമാണു് ആവത്തനപ്പുസ്തകത്തെ ആധാരമാക്കിയുള്ള ഈ ദൈവശാസ്ത്രവിചിന്തനം. ആദിയിൽ ദൈവം, സവ്വസൃഷ്ടിക്കും ആദ്യജാതൻ, വിമോചകനായ ദൈവം, ആത്മികശരീരം എന്നിവയാണു് മററു ഗ്രന്ഥങ്ങൾ. ഈ ഗ്രന്ഥത്തിൻെറ ഉദ്ദേശ്യം ഗ്രന്ഥകാരൻ ഇപ്രകാരം വ്യക്തമാക്കുന്നു: "ദൈവവിശ്വാസവും മനുഷ്യസാഹോദര്യവും തമ്മിലുള്ള അവിഭാജ്യബന്ധവും, ലോകചരിത്രത്തിൻെറ ധാർമ്മിക വ്യാഖ്യാനവും ശക്തിയുക്തം പ്രഖ്യാപിക്കുന്ന പഴയനിയമഗ്രന്ഥമാണു് ആവത്തനപ്പുസ്തകം. അതിലെ ആശയങ്ങൾ സംശീകരിച്ചുകൊണ്ടും പുനർനിവ്വചിച്ചുകൊണ്ടുമാണു് യേശുക്രിസ്തുവിൻെറ പുതിയനിയമം നിലകൊള്ളുന്നതു്. അതുകൊണ്ടു് ക്രൈസ്തവസഭയുടെ ആത്മീയ സാമൂഹ്യ ധമ്മങ്ങൾ ഗ്രഹിക്കുന്നതിനു് ഈ ഗ്രന്ഥം സഹായകരമായിരിക്കുമെന്നു് ആശിക്കുന്നു. മതേതരരാഷ്ട്രതത്വം അംഗീകരിക്കുകയും, വിവിധ മതങ്ങളും പ്രത്യയശാസ്ത്രങ്ങളും സഹവത്തിക്കുകയും ചെയ്യുന്ന ആധുനിക ഭാരത ജനാധിപത്യത്തിൽ ആവത്തനനിയമങ്ങളുടെ സാംഗത്യം വ്യക്തമാക്കാൻ ഞാൻ ഉദ്യമിച്ചിട്ടുണ്ടു്."

**THEEKSHNATHAYULLA DAIVAM**

(ZEALOUS GOD)

Malayalam:— Theological Exposition

Dr. M. M. THOMAS

**Price Rs. 5-00**

5 ദൈവശാസ്ത്രദർശനം

# തീക്ഷ്ണതയുള്ള ദൈവം

230

(പ്രവർത്തനപ്പുസ്തകം)

ഡോ. എം. എം. തോമസ്

Indic Digital Archive Foundation
gpura.org